# ഏരൂർ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസനരേഖ







ഒമ്പതാം പദ്ധതി ജനകീയപദ്ധതി

## ഏരൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ

കൺവീനർ

**അഡ്വ: കെ. ഗോപാലപിള്ള**



"ഇൻഡ്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു."
ഗാന്ധിജി

# ഏരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പി.എസ്. സുമൻ (പ്രസിഡന്റ്)



എസ്. രാജേന്ദ്രൻ (വൈസ് പ്രസിഡന്റ്)



എ.ജെ. ദിലീപ്കുമാർ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)



എസ്. ബഷീർ (സെക്രട്ടറി)



ശ്യാമള സുന്ദരേശൻ



എ. സുരേഷ്



എം. ഉസീല



ആർ. സരസ്വതി അമ്മ



റ്റി. അജയൻ



പി.ആർ. ബാലചന്ദ്രൻ



ഡാളിയമ്മ ബാബു



കെ. സുന്ദരേശൻ



സതിവിജയൻ



വി.കെ. സോമശേഖരപിള്ള

## നമ്മുടെ ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലമെന്റംഗം | - | ശ്രീ. കൊടിക്കുന്നിൽ സുരേഷ് |
| നിയമസഭാംഗം | - | പി.എസ്. സുപാൽ |
| ജില്ലാപഞ്ചായത്ത് അംഗം | - | അഡ്വ: കെ. രാജു |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | - | ശ്രീ. കെ. സുകുമാരൻ |
| | | ശ്രീമതി ദേവകി സദാശിവൻ |

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൺവീനർ : അഡ്വ: കെ. ഗോപാലപിള്ള**

വിഷയം — കോർഗ്രൂപ്പ് അംഗങ്ങൾ

**1. കൃഷി, ജലസേചനം**

1. പി.കെ. സുന്ദരേശൻ (കൺവീനർ)
2. രാജുവർഗ്ഗീസ്
3. പി. വിശ്വംഭരൻ
4. ശിവദാസൻ
5. എൻ. നാരായണൻ
6. പ്രമോദ് കുമാർ (കൃഷി ആഫീസർ, ഏരൂർ)

**2. മൃഗസംരക്ഷണം, മത്സ്യബന്ധനം**

1. പി.ആർ. ബാലചന്ദ്രൻ – കൺവീനർ (പഞ്ചായത്ത് മെമ്പർ)
2. ബി. രാജീവ്
3. വനദേവ്
4. ഷാജി
5. വെറ്ററിനറി സർജൻ, ഏരൂർ
6. ഗീത (ഡയറി എക്സ്റ്റൻഷൻ ആഫീസർ, ഏരൂർ)

**3. വിദ്യാഭ്യാസം**

1. എൻ. ശ്രീധരൻ – കൺവീനർ
2. ദേവരാജൻപിള്ള
3. എൻ. രാജൻ
4. പി.എ. തോമസ്
5. കെ. ശിവദാസൻ

**4. കുടിവെള്ളം, പൊതുജനാരോഗ്യം**

1. ജിജികുമാർ – കൺവീനർ
2. ജയമോഹനകുരിക്കൾ
3. മൈതീൻകുട്ടി
4. രത്നമ്മ
5. സതിവിജയൻ (പഞ്ചായത്ത് മെമ്പർ)

**5. വ്യവസായം**

1. തുമ്പോട് രവി
2. നവാസ്, പത്തടി
3. സുശീലൻ (ഡി.ആർ.പി.)
4. എൻ.എസ്. ശശിധരൻപിള്ള
5. റ്റി. അജയൻ (പഞ്ചായത്ത് മെമ്പർ)
6. എ. കരുണാകരൻ

**6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

1. എം. ഗീവർഗ്ഗീസ് – കൺവീനർ
2. രവികുമാർ
3. സി.കെ. പാപ്പി
4. പത്മൻ
5. എൻ.എം. നാസർ
6. കെ. ശുഭാനന്ദൻ
7. ഡോൺ വി. രാജ്

**7. പാർപ്പിടം, സാമൂഹ്യക്ഷേമം**

1. ജി. ബാലകൃഷ്ണനൻ – കൺവീനർ
2. സജി
3. സനൽകുമാർ
4. പി. ജേക്കബ്ബ്
5. മഹേന്ദ്രൻ

**8. സംസ്ക്കാരം**

1. വി.കെ. സോമശേഖരപിള്ള (പഞ്ചായത്ത് മെമ്പർ)
2. പി.ജി. കരുണാകരൻനായർ
3. സതിബാബു
4. എം.എൻ. വിജയകുമാർ
5. എൻ. ശശിധരൻ

**9. വനിതാക്ഷേമം**

1. ഡാളിയമ്മ ബാബു – കൺവീനർ
2. എം. ഉസീല (പഞ്ചായത്ത് മെമ്പർ)
3. എം. വസന്തകുമാരി
4. രാജമ്മ
5. ശോഭാരാജൻ

**10. സഹകരണം**

1. എം. കുഞ്ഞുകുഞ്ഞ് – കൺവീനർ
2. എ.ജെ. ദിലീപ്കുമാർ (പഞ്ചായത്ത് മെമ്പർ)
3. ആർ. കുമാരൻ
4. സരസ്വതിഅമ്മ (പഞ്ചായത്ത് മെമ്പർ)
5. വി. കുട്ടൻപിള്ള (സെക്രട്ടറി, എസ്.സി.ബി., ഏരൂർ)

**11. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം**

1. എസ്. രാജേന്ദ്രൻ – കൺവീനർ (വൈസ് പ്രസിഡന്റ്, ഏരൂർ ഗ്രാമപഞ്ചായത്ത്)
2. എ. ചെല്ലപ്പൻ (എച്ച്.എം.എൽ.പി.എസ്., ഏരൂർ)
3. സുരേഷ് (പഞ്ചായത്ത് മെമ്പർ)
4. ശ്യാമള (പഞ്ചായത്ത് മെമ്പർ)
5. ശൈലേഷ് കുമാർ

**12. വിഭവസമാഹരണം**

1. പി.എസ്. സുമൻ – കൺവീനർ (പ്രസിഡന്റ്, ഏരൂർ ഗ്രാമപഞ്ചായത്ത്)
2. ഗോപാലകൃഷ്ണപിള്ള (വില്ലേജ് ആഫീസർ, ഏരൂർ)
3. കൃത്തിവാസൻ (വില്ലേജ് ആഫീസർ, ആയിരനല്ലൂർ)
4. എം. ബാലകൃഷ്ണപിള്ള
5. കെ.ജി. രാമചന്ദ്രൻനായർ (റിട്ട. എക്സി: എൻജിനീയർ)

# ഇൻഡ്യ




കേരളം
75⁰
76⁰
77⁰
12⁰
11⁰
10⁰
9⁰

# കൊല്ലം ജില്ല



# ഏരൂർപഞ്ചായത്ത്


EDAMON VILLAGE
EDAMON 34
XIII
AYIRA NALLOOR
MANIYAR
OIL PALM
XII
ELAVARANKUZHY
XI VILAKKUPARA
VII
MANALIL PACHA
KETTU PLACHY JN
VILAKUPARA JN
MANALIPACHA JN
VIII
AYLARA
X
PAZHAYEROOR
MAVILA
VI ARCHAL
V NETTAYAM
IV YEROOR WEST
III YEROOR WEST
THINGAL KARIKOM VILLAGE
II PANAYAM
I ALANCHERY
PATHADY
ALAYAMON VILLAGE
CHANNAPETTA
KARAVANTHERY

# ഉള്ളടക്കം


I ആമുഖം

II പഞ്ചായത്ത് പൊതുവിവരണം

III ഏരൂർ പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം

IV ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

V വികസനമേഖലകൾ

1. കൃഷി, ജലസേചനം
2. മൃസംരക്ഷണം, മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം
8. സംസ്ക്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി/പട്ടിക വർഗ്ഗം
12. വിഭവസമാഹരണം



# ആമുഖം

സ്വതന്ത്ര ഭാരതത്തിൽ കഴിഞ്ഞ അരശതാബ്ദകാലത്ത് ജനജീവിതത്തിന്റെ പല മേഖലകളിലും ഒട്ടേറെ പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നുള്ള മഹാത്മജിയുടെ ഉൾക്കാഴ്ചയുടെ സാക്ഷാത്കാരത്തിനായി നമുക്കിനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ജീവിതനിലവാരം ക്രമാനുഗതമായി ഉയർത്തുന്നതിനു പര്യാപ്തമായ പുരോഗതി നമുക്കുണ്ടായില്ല. പ്രപഞ്ചം മാറ്റത്തിനു വിധേയമാണെന്നുള്ള ശാസ്ത്രസത്യത്തിന്റെ സ്വാഭാവിക പരിണാമത്തിനുപരി നമുക്കുണ്ടായ പുരോഗതിക്ക് ആഴവും പരപ്പുമില്ലയെന്നുള്ള തിരിച്ചറിവിലേക്കു നാം ചെന്നെത്തുകയാണ്. പിന്നിട്ട വഴിത്താരയിൽ ആശ്വാസത്തിന്റെ തുരുത്തുകളേക്കാൾ കെടുതികളുടെ മരുഭൂമികളാണ് സൃഷ്ടിയ്ക്കപ്പെട്ടത്.

രാഷ്ട്രശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഭാരതം സ്വപ്നം കണ്ടിരുന്ന അന്നത്തെ സോവിയറ്റ് യൂണിയൻ വിജയകരമായി നടപ്പാക്കിയിരുന്ന പഞ്ചവത്സര പദ്ധതികളുടെ മാതൃകയിൽ സമയബന്ധിതമായ വികസനപദ്ധതികൾ നടപ്പാക്കാനുള്ള നെഹ്റുവിന്റെ ഇച്ഛാശക്തിയിൽ നിന്നുയിർകൊണ്ടതാണ്. 1951 മുതലാരംഭിച്ച നമ്മുടെ പഞ്ചവത്സരപദ്ധതികൾ. എന്നാൽ ഈ പദ്ധതികൾ ലക്ഷ്യം നേടുന്നതിൽ പൂർണ്ണമായി വിജയിച്ചില്ല. എന്തുകൊണ്ടെന്നാൽ പദ്ധതികൾ ഭരണകൂടത്തിന്റെ ഉന്നതങ്ങളിൽ രൂപംകൊണ്ടു. പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും ജനങ്ങളെ വിസ്മരിച്ചു. ഉദ്യോഗസ്ഥന്മാരിലൂടെ അവ നടപ്പാക്കി. യഥാർത്ഥ ഗുണഭോക്താക്കളെ പദ്ധതി പ്രവർത്തനങ്ങളിൽ നിന്നകറ്റിനിർത്തി. അതുകൊണ്ടുതന്നെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന പദ്ധതി ലക്ഷ്യവും നിറവേറ്റപ്പെടാതെ പോയി. അതിന്റെ സ്വാഭാവിക പരിണാമം കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലും നാം കണ്ടു. ലക്ഷ്യം നേടാതിരിക്കുന്നതിലും നടത്തിപ്പിൽ അഴിമതിയുടെ മേല്ക്കോയ്മ അരക്കിട്ടുറപ്പിക്കുന്നതിലുമാണ് പദ്ധതി ചെന്നെത്തിയത്. ബ്യൂറോക്രാറ്റുകളുടെയും കരാറുകാരുടെയും അവിശുദ്ധകൂട്ടുകെട്ടിന്റെ നീരാളിപ്പിടുത്തത്തിനു വഴങ്ങി ഭരണാധികാരികൾ പോലും ജനങ്ങളോടുള്ള കടമ വിസ്മരിച്ചുപോയ അനുഭവവും നമുക്കുണ്ട്. ചുരുക്കത്തിൽ കടലാസിൽ തിളങ്ങിയ പദ്ധതികളെല്ലാം അഴിമതിക്കാരുടെ കീശകളിൽ കുമിഞ്ഞുകൂടിയ നാണയശേഖരത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന തിളക്കമായി മാറി. ഫലമോ ഇൻഡ്യൻ ജനതയുടെ പ്രതിശീർഷകടം വായുവേഗത്തിൽ വളർന്നു.

എട്ടു പഞ്ചവത്സരപദ്ധതികളിലുണ്ടായ അപഭ്രംശം സൃഷ്ടിച്ച കെടുതികൾ പുരോഗമന ജനാധിപത്യശക്തികളെ ഉണർത്തി. തൽഫലമായി അധികാരകുത്തകകളുടെ ആധിപത്യത്തിന്റെ അടിത്തറ ഇളകി. ജനങ്ങളുടെ ശബ്ദത്തിന് അവഗണിക്കാനാവാത്ത പ്രാധാന്യം ദേശീയതലത്തിൽ കൈവന്നു. ഇതിന്റെ ഗുണപരമായ പ്രതിഫലനമാണ് പോരായ്മകളും പരിമിതികളുമുണ്ടെങ്കിലും അധികാരവികേന്ദ്രീകരണമെന്ന സങ്കല്പത്തിന്റെ സാക്ഷാത്കാരമെന്നോണം 73ഉം 74ഉം ഭരണഘടനാഭേദഗതികളിലൂടെ നടപ്പിലായ പുതിയ പഞ്ചായത്തിരാജ് നിയമം.

അധികാര കേന്ദ്രീകരണവും കേന്ദ്രീകൃതാസൂത്രണവും വരുത്തിവച്ച കെടുതികൾ തിരിച്ചറിഞ്ഞ നമ്മുടെ സംസ്ഥാനഭരണകൂടം 9-ാം പദ്ധതിയുടെ ആസൂത്രണവും നിർവഹണവും അതിന്റെ ഗുണഭോക്താക്കളാകേണ്ട ജനങ്ങളുടെ കരുത്തുറ്റ കരങ്ങളിൽ അർപ്പിച്ചിരിക്കുകയാണ്. പദ്ധതിപ്രവർത്തനങ്ങളുടെ ചുമതല ഗ്രാമീണ ജനങ്ങളിലേക്കു വിന്യസിപ്പിച്ചുകൊണ്ട് 9-ാം പദ്ധതിയുടെ മൊത്തം അടങ്കൽ തുകയുടെ 40ശതമാനം പഞ്ചായത്തുതലത്തിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് നമ്മുടെ നാടിന്റെ വികസന ചരിത്രത്തിൽ ഇതിഹാസതുല്യമായ ഒരു വഴിത്തിരിവാണ്. അതുകൊണ്ടുതന്നെ കേരളത്തിലിപ്പോൾ ആരംഭിച്ചിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം വികസനത്തിന്റെ "മാഗ്നാകാർട്ട" എന്ന നിലയിലേക്കു രൂപാന്തരം പ്രാപിച്ചുകഴിഞ്ഞു.

ഗ്രാമപഞ്ചായത്തിൽ ചേർന്ന വിശേഷാൽ ഗ്രാമസഭകളും മുനിസിപ്പാലിറ്റിക

ളിലും കോർപറേഷനുകളിലും കൂടിയ വാർഡുകൺവൻഷനുകളും ഉന്നയിച്ച വികസന നിർദ്ദേശങ്ങളുടെയും ദ്വിതീയ വിവരശേഖരണം, പഠനപര്യടനം, നടപ്പുപദ്ധതികളുടെ അവലോകനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും സമാർജ്ജിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞ് വികസനപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക എന്നതാണ് 9-ാം പദ്ധതിയുടെ ലക്ഷ്യം. ഇന്നുനാം നേരിടുന്ന വികസനപ്രതിസന്ധിക്കു ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ വികേന്ദ്രീകൃതാസൂത്രണത്തിനു കഴിയും. ആഗോളവത്കരണവും വ്യാപകമായ കമ്പോളസംസ്ക്കാരവും പിടിമുറുക്കുന്ന ഈ കാലഘട്ടത്തിൽ ജനജീവിതത്തിന്റെ പല മേഖലകളിലും നാം നടത്തിയ പ്രവർത്തനങ്ങൾ ലോകജനതയ്ക്കുമുമ്പിൽ തിളങ്ങുന്ന മാതൃകയായി ഉയർന്നുനിൽക്കുന്നു. ആരോഗ്യപരിപാലനം, സ്ത്രീവിദ്യാഭ്യാസം തുടങ്ങിയ സേവനരംഗങ്ങളിൽ നാം കൈവരിച്ച പുരോഗതി ഐക്യരാഷ്ട്രസംഘടനയുടെ തന്നെ പ്രശംസ പിടിച്ചുപറ്റാൻ പോന്നവിധം പ്രശംസനീയമാണ്. എന്നാൽ ഉല്പാദനരംഗത്ത് പ്രത്യേകിച്ചു കാർഷിക വ്യാവസായിക മേഖലകളിൽ മുരടിപ്പും സ്തംഭനവുമാണ് കേരളത്തിൽ അനുഭവപ്പെട്ടത്. സേവനരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യണമെങ്കിൽ ഉല്പാദനരംഗത്തെ നിശ്ചലാവസ്ഥയ്ക്കു പരിഹാരം കണ്ടേതീരൂ. ഈ സാഹചര്യത്തിലാണ് ഗ്രാമത്തിന്റെ ഹൃദയത്തിൽ നിന്നുതന്നെ വികസനം ആരംഭിക്കുകയെന്ന വികേന്ദ്രീകൃതാസൂത്രണ രീതി 9-ാം പഞ്ചവത്സരപദ്ധതിമുതൽ ആരംഭിക്കാൻ നമ്മുടെ ഗവൺമെന്റ് തീരുമാനിച്ചത്. ഇതിന്റെ വിജയത്തിനുവേണ്ടി കൈകോർത്തുമുന്നേറാം.

# ഏരൂർ ഗ്രാമപഞ്ചായത്ത്
# പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : ഏരൂർ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | : ഏരൂർ, ആയിരനല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : അഞ്ചൽ |
| താലൂക്ക് | : പത്തനാപുരം |
| ജില്ല | : കൊല്ലം |
| അസംബ്ലി മണ്ഡലം : | : പുനലൂർ |
| ലോക്സഭാമണ്ഡലം | : അടൂർ (സംവരണം) |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | : 44.74 ചതുരശ്ര കിലോമീറ്റർ |
| അതിരുകൾ | വടക്ക്: - കല്ലടയാറ്, തെന്മല പഞ്ചായത്ത്, പുനലൂർ മുനിസിപ്പാലിറ്റി |
| | തെക്ക്:- അലയമൺ പഞ്ചായത്ത് |
| | കിഴക്ക്:- കുളത്തൂപ്പുഴ പഞ്ചായത്ത് |
| | പടിഞ്ഞാറ്:- അഞ്ചൽ, കരവാളൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ (1991-ലെ സെൻസസ്) | - 32723 |
| പുരുഷന്മാർ | - 16147 |
| സ്ത്രീകൾ | - 16576 |
| ജനസാന്ദ്രത | - 732 (ച:കി.മീറ്ററിന്) |
| സാക്ഷരർ | - 91% |
| വാർഡുകൾ | - 13 |

പ്രസിഡന്റിന്റെ പേര് - പി.എസ്. സുമൻ

വൈസ്പ്രസിഡന്റ് - എസ്. രാജേന്ദ്രൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - എ.ജെ. ദിലീപ്കുമാർ

# സാമൂഹിക സാംസ്കാരിക ചരിത്രം

1953-ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് ഏരൂർ പഞ്ചായത്തിന് ജന്മം നല്കിയത്. ഏരൂർ പഞ്ചായത്ത് എന്നു നാമകരണം ചെയ്തുവെങ്കിലും പഞ്ചായത്തിന്റെ ആസ്ഥാനം കുളത്തൂപ്പുഴ ആയിരുന്നു. ഇന്നത്തെ ആര്യങ്കാവ് പഞ്ചായത്തിൽപെട്ട പ്രദേശങ്ങൾ അന്ന് പുളിയറ പഞ്ചായത്തിലായിരുന്നു. കഴുതുരുട്ടി മുതൽ പടിഞ്ഞാറോട്ടുള്ള പ്രദേശങ്ങളെല്ലാം വെഞ്ചർ എസ്റ്റേറ്റ് ഒഴിച്ചുള്ള തോട്ടംമേഖല ഉൾപ്പെടുന്ന ഹിൽക്കര വാർഡും ഇന്നത്തെ തെന്മല പഞ്ചായത്തും കുളത്തൂപ്പുഴ പഞ്ചായത്തും ഏരൂർ പഞ്ചായത്തും ചേർന്നുള്ള മുഴുവൻ പ്രദേശങ്ങളും ഉൾപ്പെട്ടതായിരുന്നു ആദ്യത്തെ ഏരൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ഏരൂർ കെ. രാമചന്ദ്രനായിരുന്നു.

സഹ്യാദ്രിസാനുക്കളെത്തഴുകി പ്രകൃതി കനിഞ്ഞുനല്കിയ ആര്യങ്കാവു പാത കൊണ്ട് തമിഴകത്തിനെ പുണർന്ന് വിശാലമായ നിബിഡവനങ്ങളാൽ പരിസേവിതയായി പ്രൗഢഗാംഭീര്യത്തോടെ തലയെടുത്തുനിന്ന വിസ്തൃതമായ ഭൂപ്രദേശമായിരുന്നു ആദ്യം രൂപംകൊണ്ട ഏരൂർ പഞ്ചായത്ത്. അഷ്ടമുടിക്കായലിനെ പുൽകാൻ വെമ്പലോടെ തീരങ്ങളെയും ചുംബിച്ച് ഒഴുകിയ കല്ലടയാറ് അന്നത്തെ ഏരൂർ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി തിളങ്ങുന്ന അരഞ്ഞാണം പോലെ ഒരു നിർത്ധരി ആയി ഒഴുകിയിരുന്നു.

ഏരൂർ പഞ്ചായത്തിന്റെ കിഴക്കും വടക്കുമുള്ള വിശാലമായ ഭൂപ്രദേശത്തെ ഏരൂർ പഞ്ചായത്തിൽ നിന്നും വകഞ്ഞുമാറ്റി കുളത്തൂപ്പുഴ, തെന്മല എന്നിങ്ങനെ രണ്ടു പുതിയ പഞ്ചായത്തുകൾ സൃഷ്ടിക്കപ്പെട്ടു. അതിനുശേഷം 1969-ലെ പഞ്ചായത്തുവിഭജനഫലമായി തെന്മല പഞ്ചായത്തിനെ വീണ്ടും തെന്മല, ആര്യങ്കാവ് എന്ന് രണ്ട് പഞ്ചായത്തുകളാക്കി വിഭജിച്ചു. അങ്ങനെ വിശാലവും പ്രകൃതി രമണീയവും സഹ്യസാനുക്കളിൽപെട്ട ഫലഭൂയിഷ്ഠവുമായ കിഴക്കും വടക്കുമുള്ള പ്രദേശം മുഴുവൻ പുതിയ മൂന്നു പഞ്ചായത്തുകൾക്കു ജന്മം നൽകാൻ വിട്ടുകൊടുത്തുകൊണ്ട് കല്ലടയാറിന്റെ തെക്കുഭാഗത്തേക്ക് പുതിയ ഏരൂർ പഞ്ചായത്ത് വഴിമാറിക്കൊടുത്തു.

ഏരൂർ ഗ്രാമത്തിന്റെ ചരിത്രം നൂറ്റാണ്ടുകൾക്കുമുമ്പാരംഭിക്കുന്നു. ഏരിന്റെ അതായത് കന്നുജോഡികളുടെ ഊരായതുകൊണ്ടാണ് ഏരൂര് എന്ന് ഈ ഗ്രാമത്തിന് പേരുണ്ടായതെന്ന് ഐതീഹ്യം. കൃഷിയും കന്നുകാലി വളർത്തലുമായിരുന്നു ഇവിടുത്തെ ഗ്രാമീണരുടെ മുഖ്യ തൊഴിൽ എന്ന് ഈ പേരു തന്നെ സൂചന നല്കുന്നു.

പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറേ ചരുവിനെ ചുംബിച്ചുനിൽക്കുന്ന കുളത്തൂപ്പുഴ പഞ്ചായത്തിന്റെ പടിഞ്ഞാറുവശത്താണ് ഏരൂർ പഞ്ചായത്തിന്റെ സ്ഥാനം. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറ് അഞ്ചൽ, കരവാളൂർ എന്നീ പഞ്ചായത്തുകളും വടക്ക് തെന്മല പഞ്ചായത്തും പുനലൂർ മുനിസിപ്പാലിറ്റിയും തെക്ക് അലയമൺ പഞ്ചായത്തും അതിരിട്ടുനിൽക്കുന്നു.

ജനക്ഷേമതല്പരരായിരുന്ന വേണാട്ടരചരും തുടർന്ന് തിരുവിതാംകൂർ രാജാക്കന്മാരും വാണരുളിയ പഴയകാലത്ത് വനനിബിഡവും അവികസിതവുമായ ഈ ഗ്രാമത്തിൽ കാര്യമായ വികസനമൊന്നും നടന്നതായി അറിവില്ല. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ തൊട്ടടുത്തുള്ള തമിഴ്നാടിന്റെ പ്രദേശങ്ങളുമായി ഈ ഗ്രാമത്തിനു വ്യാപാരബന്ധമുണ്ടായിരുന്നു. കിഴക്കേവയൽ, പഴയേരൂർ പാടങ്ങളിൽ വലിയ കന്നുകാലിച്ചന്തകൾ നടന്നിരുന്നു. മകര കൊയ്ത്തുകഴിഞ്ഞ് ഉണങ്ങിക്കിടക്കുന്ന പാടങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് ധാരാളം കന്നുകാലികളെ കൊണ്ടുവന്ന് കച്ചവടം നടത്തിവന്നിരുന്നു. എന്നാൽ അര നൂറ്റാണ്ടുമുമ്പുതന്നെ ഈ കാലിച്ചന്തകൾ നിലച്ചുപോയി.

ഈ ഗ്രാമത്തിലെ ഏറ്റവും പഴക്കം ചെന്ന ആരാധനാലയമാണ് തൃക്കോയിക്കൽ ശ്രീ നരസിംഹസ്വാമി ക്ഷേത്രം. തിരു കോവിൽ കൽ എന്ന മൂന്നുവാക്കുകളുടെ സംയോഗത്തിൽ നിന്നുത്ഭവിച്ചതാണ് തൃക്കോയിക്കൽ എന്ന പദം എന്നാണ് പഴമക്കാരുടെ മതം. സാക്ഷാൽ ശ്രീ പരശുരാമനാണ് ഇവിടെ പ്രതിഷ്ഠ നടത്തിയെതെന്നാണ് വിശ്വസിക്കുന്നത്. മഴു എറിഞ്ഞ് കടലമ്മയുടെ വരദാനമായി ലഭിച്ച കേരളമെന്ന ഭൂപ്രദേശം നടന്നു

കണ്ട ശ്രീ പരശുരാമൻ തൃക്കോയിക്കലിന്റെ പ്രകൃതിഭംഗിയിലാകൃഷ്ടനായി അവിടെ കുന്നിൽചരുവിൽ വയലുകളെ ചുംബിച്ചുനിൽക്കുന്ന സ്ഥാനത്തു നരസിംഹപ്രതിഷ്ഠ നടത്തി എന്നാണു കഥ. ഈ മഹാക്ഷേത്രത്തിനു സമീപം ബ്രാഹ്മണരുടെ ആവാസകേന്ദ്രമായിരുന്നു.

തൃക്കോയിക്കൽ ക്ഷേത്രത്തിന്റെ ഉപക്ഷേത്രങ്ങളായ ഏരൂർ ഗണപതിക്ഷേത്രവും ആയിരവല്ലിക്ഷേത്രവും പാണ്ഡവൻ കുന്നിലെ ദേവീക്ഷേത്രവും സമീപസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നു. ശ്രീ ആയിരവല്ലി ക്ഷേത്രത്തിനു സമീപത്തുള്ള ചാവരുകോണമെന്ന സ്ഥലത്ത് ഉണ്ടായിരുന്ന ചാവരുകാവും ചാവരുപാറയും പട്ടികജാതിക്കാരുടെ മാത്രം ആരാധനാകേന്ദ്രമായിരുന്നു. അവിടുത്തെ പൂജാരിക്ക് ഊരാളി എന്ന സ്ഥാനപ്പേരുണ്ടായിരുന്നതായി പറയപ്പെടുന്നു. ഇന്നും അവിടെ ഊരാളിക്കുടുംബക്കാരുണ്ട്. തൃക്കോയിക്കൽ ക്ഷേത്രത്തിൽ എല്ലാവർഷവും 9 ദിവസത്തെ ഉത്സവം ആഘോഷപൂർവ്വം കൊണ്ടാടിയിരുന്നു. ഉത്സവകാലത്ത് ബ്രാഹ്മണർക്കു സദ്യനടത്തുക പതിവായിരുന്നു. ക്ഷേത്രം വക നെല്ലു സൂക്ഷിച്ചിരുന്നത് അറപ്പുരയിലും ബ്രാഹ്മണർക്ക് ഊട്ട് (സദ്യ) നടത്തിയിരുന്ന സ്ഥലത്തിന് മേലൂട്ട് എന്നും ഇതരജാതിക്കാർക്ക് ഭക്ഷണം നല്കിവന്ന സ്ഥലത്തിന് കീഴൂട്ട് എന്നും ബ്രാഹ്മണർക്കുവേണ്ടി കളമെഴുത്തും പാട്ടും നടത്തിയ സ്ഥാനത്തിന് മേലേപാട്ടുപുര എന്നും കീഴ്ജാതിക്കാർക്കുവേണ്ടി പാട്ടു നടത്തിവന്ന സ്ഥലത്തിന് കീഴേപാട്ടുപുര എന്നും നാമകരണം ചെയ്തിരുന്നു. അന്നു നിലനിന്നിരുന്ന ബ്രാഹ്മണമേധാവിത്വത്തിന്റെ ചരിത്രസ്മാരകങ്ങളായി ഇന്നും ആ പേരുകളുള്ള കുടുംബക്കാർ ഇവിടെയുണ്ട്.

കർഷകരുടെ നാടായ ഏരൂരിൽ കൃഷിയും കൃഷിരീതികളും വിളവെടുപ്പുമൊക്കെയായി ബന്ധപ്പെട്ടാണ് സംസ്ക്കാരം വളർന്നത്. കൃഷിപ്പാട്ടുകളായ ഞാറ്റുപാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട പാട്ടുകൾ ഒക്കെ ജോലിക്കിടയിൽ ആശ്വാസവും ഒപ്പം ഗ്രാമീണ സംസ്ക്കാരവും പ്രദാനം ചെയ്തു. നാടൻ കലകളായ വേലൻതുള്ളൽ, കോലംതുള്ളൽ, പറയൻതുള്ളൽ, ഹരികഥാകാലക്ഷേപം, കമ്പടികളി, കുത്തിയോട്ടം, തിരുവാതിരകളി മുതലായ കലകളും, ഉണർത്തുപാട്ട്, താരാട്ടുപാട്ട്, തിരുവാതിരപ്പാട്ട് മുതലായ നാടൻ പാട്ടുകളും ഈ ഗ്രാമത്തിന്റെ പ്രധാനവിനോദോപാധികളായിരുന്നു. ഈ കലകളെല്ലാം മുൻകാലങ്ങളിൽ ഇവിടുത്തെ ജന്മിമാരുടെ തറവാട്ടങ്കണത്തിൽ അരങ്ങേറിയിരുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിലുണ്ടായ സാംസ്കാരിക നവോത്ഥാനം, ഭൂവുടമാ സമ്പ്രദായത്തിലുണ്ടായ മാറ്റം എന്നിവയുടെ ഫലമായി നാടൻ കലകളെ പ്രമാണിമാരുടെ പ്രാകാരകെട്ടുകൾക്കുള്ളിൽ നിന്നും സാധാരണക്കാരന്റെ പട്ടുമുറ്റത്തേക്കാനയിച്ചു. ഇന്ന് കുത്തിയോട്ടമൊഴിച്ചു മേൽപറഞ്ഞ നാടൻ കലകളിൽ മിക്കവയും ഏതാണ്ട് നാമാവശേഷമായിരിക്കുന്നു.

ഏകദേശം എട്ടൊമ്പത് ദശകങ്ങൾക്കു മുമ്പ് പ്രസിദ്ധ ഭിഷഗ്വരനായി കേരളത്തിൽ അറിയപ്പെട്ടിരുന്ന ഡോക്ടർ സമർവൽ എന്ന സായ്പ് കൊട്ടാരക്കര താലൂക്കിലെ കലയപുരത്ത് ഒരു ആശുപത്രി സ്ഥാപിച്ചു. സമീപപ്രദേശങ്ങളായ കുളക്കട, മൈലം, പട്ടാഴി മുതലായ പ്രദേശങ്ങളിലെ പിന്നോക്കവിഭാഗക്കാരെ മതപരിവർത്തനം ചെയ്തു ക്രിസ്ത്യാനികളാക്കി. ഏരൂർ പഞ്ചായത്തിന്റെ വടക്കുകിഴക്കു ഭാഗത്തുള്ളതും അക്കാലത്തു വനനിബിഡവുമായിരുന്ന ആയിരനല്ലൂർ പ്രദേശത്തു പുനരധിവസിപ്പിച്ചു. അവരുടെ പിൻഗാമികളാണ് ഇന്നും ആയിരനല്ലൂർ നിവാസികളിൽ ഭൂരിപക്ഷവും. അങ്ങനെയാണ് ഹിന്ദുക്കളും മുസ്ലീങ്ങളും മാത്രം താമസിച്ചിരുന്ന ഈ ഗ്രാമത്തിൽ ക്രിസ്തുമതക്കാരുടെ കുടിയേറ്റമുണ്ടായത്.

പഴയകാലത്ത് ഈ ഗ്രാമത്തിലെ ഭൂസ്വത്തുക്കൾ ഭൂരിഭാഗവും ഏതാനും ജന്മികുടുംബങ്ങളുടെ വകയായിരുന്നു. ഏതാണ്ടര നൂറ്റാണ്ടിനുമുമ്പ് ഭൂമിക്കുവേണ്ടിയും മര്യാദപ്പാട്ടം നടപ്പാക്കികിട്ടുന്നതിനുവേണ്ടിയും പുരോഗമനപ്രസ്ഥാനങ്ങളുടെയും കർഷക സംഘത്തിന്റെയും നേതൃത്വത്തിൽ സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ആ സമരങ്ങളുടെയും കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റു സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന കാർഷിക ബന്ധനിയമത്തിന്റെയും ഫലമായി ജന്മിത്വം കടപുഴകിവീണു. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആവിർഭാവവും മുന്നേറ്റവും ഇവിടുത്തെ അടിസ്ഥാനവർഗ്ഗത്തിന്റെ അവകാശ സമ്പാദനപ്രവർത്തനങ്ങൾക്ക് അടിത്തറപാകി. സാംസ്ക്കാരിക വളർച്ചയ്ക്കു ദിശാബോധം കൈവന്നു.

ഈ ഗ്രാമത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയമായ ഏരൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ ഏതാണ്ട് ഒന്നരനൂറ്റാണ്ട് മുമ്പ് പ്രൈമറി സ്ക്കൂളായിട്ടാണ് ആരംഭിച്ചത്. കേരളത്തിലെ ഇതര ഭാഗങ്ങൾ വിദ്യാഭ്യാസപരമായി അന്ധകാരത്തിലാണ്ടുകിടന്ന കാലത്ത് ഇവിടെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടായി എന്നത് ഈ നാടിന്റെ തിളക്കമാർന്ന സാംസ്കാരിക പൈതൃകത്തിനു തെളിവാണ്. ഏരൂർ പഞ്ചായത്തിൽ ഇപ്പോൾ നാലു ഹൈസ്ക്കൂളുൾപ്പെടെ 15 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

ഇൻഡ്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഏരൂർ പഞ്ചായത്തിന്റേതായി ഗണനീയമായ സംഭാവനകളൊന്നും ഉണ്ടായിട്ടുള്ളതായി അറിവില്ല. എന്നാൽ സ്വാതന്ത്ര്യ സമരകാലഘട്ടത്തിന്റെ അന്ത്യദശകങ്ങളിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഇവിടെ ആരംഭിച്ചു. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയെ നിരോധിച്ചിരുന്ന കാലത്ത് സഖാവ് എം.എൻ. ഗോവിന്ദൻ നായർ, കെ.സി. ജോർജ്ജ് മുതലായ കമ്മ്യൂണിസ്റ്റു നേതാക്കന്മാർ ഇവിടെ ഒളിവിൽ താമസിച്ച് പാർട്ടിപ്രവർത്തനം നടത്തിയിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുമുമ്പ് തിരുവിതാംകൂറിൽ ദിവാൻ ഭരണത്തിനെ

തിരായി ശക്തിയായി നടന്ന നിവർത്തന പ്രക്ഷോഭത്തിന്റെ കൈവഴിയെന്നോണം കടയ്ക്കൽ കേന്ദ്രമാക്കി ഫ്രാങ്കോ രാഘവൻ പിള്ളയുടെ നേതൃത്വത്തിൽ ആഞ്ഞടിച്ച സമരകൊടുങ്കാറ്റിന്റെ അലയൊലികൾ കടയ്ക്കലിന്റെ സമീപപ്രദേശമായ ഏരൂരിലും കടന്നുവന്നു. അതോടൊപ്പം കമ്മ്യൂണിസ്റ്റുപാർട്ടിയും ഇവിടെ ഒളിപ്രവർത്തനം ശക്തമാക്കി. നിവർത്തനപ്രക്ഷോഭണത്തിന്റെ തീക്ഷ്ണതയിൽ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ വെട്ടേറ്റ് സ്ഥലം വിട്ടതോടെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തനം മന്ദീഭവിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒളിപ്രവർത്തനം ഇവിടെ കൂടുതൽ കരുത്താർജ്ജിക്കുകയാണുണ്ടായത്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മേലുണ്ടായിരുന്ന നിരോധനം നീക്കിയതോടുകൂടി വർദ്ധിതവീര്യത്തോടെ പുത്തൻ സാമൂഹ്യക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകി. ഇതിന്റെ പ്രതിഫലനം ഏരൂർ ഗ്രാമത്തിലുമുണ്ടായി. ഇവിടെ തോട്ടം മേഖലയിലും കാർഷികമേഖലയിലും തൊഴിലാളികളെ ട്രേഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. അങ്ങനെ ആരംഭിച്ച ട്രേഡ് യൂണിയൻ പ്രസ്ഥാനം ഇവിടുത്തെ തൊഴിലാളികളിൽ അവകാശബോധത്തിന്റെയും കൂട്ടായ വിലപേശലിന്റെയും അഗ്നിസ്ഫുലിംഗം ജ്വലിപ്പിച്ചതോടൊപ്പം ഈ ഗ്രാമത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് വഴിമരുന്നിടുകയും ചെയ്തു. 1960-കളുടെ ആരംഭത്തോടുകൂടി ഇവിടെ പുരോഗമപ്രസ്ഥാനങ്ങൾ അവഗണിക്കാനാവാത്ത വിധം ജനസ്വാധീനം നേടിക്കഴിഞ്ഞിരുന്നു. തുടർന്നുവന്ന കാർഷികബന്ധനിയമവും കർഷപ്രസ്ഥാനങ്ങളുടെ സംഘടിത സമരങ്ങളും ഭൂവുടമാ സമ്പ്രദായത്തിന്റെ അടിക്കു പിടിയും മാറ്റി. വിദ്യാഭ്യാസ മേഖല അതിവേഗം വളർന്നു. ഉപരിവിദ്യാഭ്യാസ സൗകര്യം വർദ്ധിച്ചു. അഭ്യസ്തവിദ്യരുടെ എണ്ണം പെരുകി. അങ്ങനെ ഈ നാടിന്റെ സാംസ്കാരിക ചക്രവാളം വികസിച്ചു. ഒപ്പം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു വെല്ലുവിളിയായുയർന്നു.

ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കുമെതിരായുള്ള പ്രവർത്തനങ്ങളും ഇവിടെ നടന്നു. ക്ഷേത്രപ്രവേശന വിളംബരം അയിത്തോച്ചാടനരംഗത്തു ഐതിഹാസികമായ മാറ്റത്തിനു നാന്ദികുറിച്ചു. അവർണ്ണർക്കും സവർണ്ണരോടൊപ്പം ക്ഷേത്രാരാധനയ്ക്ക് അവകാശമുണ്ടായി. മനുഷ്യരെല്ലാം സമന്മാരാണെന്ന ബോധം വളർന്നു. സവർണ്ണരെ തമ്പുരാൻ എന്ന ഓച്ഛാനിച്ചു സംബോധന ചെയ്യുന്ന രീതി പ്രാകൃതവും തങ്ങളുടെ വ്യക്തിത്വത്തോടുള്ള വെല്ലുവിളിയുമാണെന്നുള്ള ബോധം അവർണ്ണരിൽ വേരോടി. ഭാഷ, വേഷം, ആചാരം തുടങ്ങിയവയിൽ നിലനിന്നിരുന്ന പ്രാകൃതത്വം പ്രായേണ അപ്രത്യക്ഷമായി. ആരോഗ്യപരിപാലനം, പരിസരശുചിത്വം, പെരുമാറ്റരീതി എന്നിവയിലെല്ലാം കാതലായ പുരോഗതിയുണ്ടായി. എങ്കിലും തൊഴിലില്ലായ്മയാണ് ഈ പഞ്ചായത്തു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഉല്പദാന മേഖല നിർജ്ജീവമാണ്. ഗൾഫ് പണമാണ് ഏക ആശ്രയം. എന്നാൽ ആ പണം പ്രത്യുല്പാദനപരമായി വിനിയോഗിക്കപ്പെടുന്നില്ല. ഉല്പാദന മേഖലയിലെ മുരടിപ്പും തൊഴിലില്ലായ്മയും പരിഹരിച്ച് ഐശ്വര്യം കൈവരിക്കുവാൻ ഗ്രാമീണ സംസ്കാരത്തിന്റെ സമ്പന്നമായ പൈതൃകത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് നമുക്കു മുന്നേറാം.

# ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

### ഭൂവിഭവങ്ങൾ

ജീവിതത്തിനാവശ്യമായ സകല വിഭവങ്ങളുടെയും വറ്റാത്ത ഖനിയാണ് പ്രകൃതി. പ്രകൃതിയെന്ന അനന്തവും ആവർത്തനീയവുമായ പ്രതിഭാസത്തിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം ഉൾക്കൊള്ളുന്ന ഭൂമിയും അതിനെ ആവരണം ചെയ്യുന്ന പ്രപഞ്ചവും. ഈ സമ്പത്തുപയോഗിച്ച് ഭൂമിയിൽ നാകവും നരകവും തീർക്കാൻകഴിയുമെന്ന് മനുഷ്യൻ ആവർത്തിച്ച് തെളിയിച്ചിട്ടുണ്ട്. കാടുവെട്ടിത്തെളിച്ച് മരുഭൂമിയാക്കുന്ന മനുഷ്യൻ തന്നെ നദിയിൽ അണക്കെട്ടുണ്ടാക്കി കൃഷി ചെയ്യുന്നു. ജലത്തിന്റെ അനന്തപ്രഭാവം കണ്ടെത്തി അതിന്റെ ഉൾക്കരുത്തിൽ നിന്നും വൈദ്യുതിയെന്ന മഹാശക്തിയെ തന്റെ ആജ്ഞാനുവർത്തിയാക്കി മാറ്റുന്നു. കുരുത്തക്കേടുകാണിച്ചാൽ പ്രകൃതി തിരിച്ചടിക്കുമെന്ന് പലയനുഭവങ്ങളിൽ നിന്നും നമുക്കറിയാം. ഒരു തലമുറയിലെ മനുഷ്യൻ ചെയ്യുന്ന തെറ്റിന്റെ കെടുതികൾ വരുംതലമുറകളെയും ബാധിക്കും. അതുകൊണ്ട് പ്രകൃതിയെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നതാണ് ധർമ്മം.

പ്രകൃതിയുടെ അടിസ്ഥാന വിഭവങ്ങളിൽ മുഖ്യം ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി എന്നിവയാണ്. എന്നാലിവയൊന്നും സൂക്ഷ്മതലത്തിൽ പോലും സന്തുലിതമല്ല. ഓരോ പ്രദേശത്തും ഭൂമിയുടെ സാമാന്യലക്ഷണവും ഗുണമേന്മയും ജലലഭ്യതയും ഒക്കെ വ്യത്യസ്തമാണ്. ഭൂവിനിയോഗസമ്പ്രദായത്തിലും ഈ വൈജാത്യം കാണാം. പരിസ്ഥിതിക്കനുയോജ്യമല്ലാത്ത ഭൂവിനിയോഗരീതികൾ ജലവിഭവങ്ങളുടെ ഗുരുതരമായ നാശത്തിലേക്ക് നയിക്കുന്നു. ഇക്കാരണങ്ങളാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിർത്തിക്കൊണ്ടും പ്രകൃതിസമ്പത്തിന് വിനാശകരമായി മുറിവേല്പിക്കാതെയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുകയേ കരണീയമായിട്ടുള്ളൂ.

നമ്മുടെ പഞ്ചായത്തിലെ പ്രകൃതിവിഭവങ്ങൾ എവിടെ എങ്ങനെ വിതരണം ചെയ്തിരിക്കുന്നു എന്നു നോക്കാം.

### സ്ഥാനം

കൊല്ലം ജില്ലാപഞ്ചായത്തിലെ പതിമൂന്നു ബ്ലോക്കു പഞ്ചായത്തുകളിൽ ഒന്നായ അഞ്ചൽ ബ്ലോക്കിൽ ഉൾപ്പെട്ടതാണ് മലയോരഗ്രാമമായ ഏരൂർ ഗ്രാമപഞ്ചായത്ത്. പുനലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും പതിനാറുകിലോമീറ്റർ തെക്കുകിഴക്കും അഞ്ചൽ പട്ടണത്തിൽ നിന്നും നാലുകിലോമീറ്റർ കിഴക്കുമാറിയുമാണ് ഈ പഞ്ചായത്തിന്റെ ആസ്ഥാനം. പത്തനാപുരം താലൂക്കിൽപെട്ട 22.43 ച:കി.മീ. വിസ്തൃതിയുള്ള ഏരൂർ വില്ലേജും 19.7 ച:കി.മീ. വിസ്തീർണ്ണമുള്ള ആയിരനല്ലൂർ വില്ലേജും ആര്യങ്കാവ് വനത്തിൽപെട്ട **2.61 ച:കി.മീ.** വനഭൂമിയും ഉൾപ്പെടെ ഈ **പഞ്ചായത്തിന്റെ** മൊത്തം വിസ്തൃതി 44.74 ചി.കി.മീ. ആണ്.

ഭൂമിശാസ്ത്രപരമായി ഉത്തര അക്ഷാംശം 8°.53′ മുതൽ 9° വരെയും പൂർവ്വരേഖാംശം 76°.56′ മുതൽ 77 വരെയുമാണ് ഏരൂർ ഗ്രാമപഞ്ചായത്തിന്റെ സ്ഥാനം. തെക്കുവടക്കായി 14 കിലോമീറ്ററും കിഴക്കുപടിഞ്ഞാറായി 7 കിലോമീറ്ററും വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറായി പുനലൂർ മുനിസിപ്പാലിറ്റിയും വടക്ക് തെന്മല പഞ്ചായത്തും കിഴക്ക് കുളത്തൂപ്പുഴ പഞ്ചായത്തും തെക്ക് അലയമൺ പഞ്ചായത്തും പടിഞ്ഞാറ് അഞ്ചൽ കരവാളൂർ പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു.

### നിമ്നോന്നതി

കേരളത്തിന്റെ മലനാടെന്ന ഭൂവിഭാഗത്തിൽപെട്ട ഏരൂർ ഗ്രാമപഞ്ചായത്ത് പശ്ചിമഘട്ടത്തിന്റെ തെക്കുഭാഗത്തുള്ള ആര്യങ്കാവ് മലകളും അതിനോട് ചേർന്നുള്ള കുന്നുകളും ചരിവുകളും താഴ്‌വരകളും ഉൾപ്പെടുന്ന ഭൂപ്രദേശത്തിൽ പെടുന്നു. നിമ്നോന്നതി അനുസരിച്ച് സമുദ്രനിരപ്പിനു മുകളിൽ ഉയരം 40 മീറ്ററിനു താഴെയുള്ള ഭൂപ്രദേശം 40 മീറ്ററിനും 80 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം, 80 മീറ്ററിനും 100 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം 100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം 200നും 300നും ഇടയ്ക്കുള്ള പ്രദേശം 300 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശം 400 മീറ്ററിന്

മുകളിലുള്ള പ്രദേശം എന്നിങ്ങനെ ഏഴായി തരംതിരിക്കാവുന്നതാണ്. 80 മീറ്ററിനു താഴെയുള്ള ഭൂപ്രദേശം വയലുകൾ ഉൾപ്പെടുന്ന താഴ്വാരങ്ങളിലും അതിനു മുകളിൽ 200 മീറ്റർ വരെ ഉയരമുള്ള ഭൂഭാഗം ചരിവുകളായും 200 മീറ്ററിന് മുകളിലുള്ള ഭൂഭാഗം ഉയർന്ന കുന്നിൻപ്രദേശത്തിലും ഉൾപ്പെടുത്താം.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ ഭാഗം തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന ഉച്ചിക്കുന്നാണ്. ഇതിന്റെ ഉയരം സമുദ്രനിരപ്പിൽ നിന്നും 436 മീറ്ററാണ്. (ഭൂപടം 1 കാണുക.)

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നതുപോലെ ഏരൂർ പഞ്ചായത്തിനെയും മലമ്പ്രദേശങ്ങൾ, ഉയർന്ന കുന്നിൻപ്രദേശങ്ങൾ, ചരിവുകൾ, താഴ്വാരങ്ങൾ എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ഓരോ ഭൂവിഭാഗവും അതിന്റെ പ്രത്യേകതകളും താഴെ വിവരിക്കുന്നു.

## മലമ്പ്രദേശങ്ങൾ

ഒരു കാലത്ത് ഈ ഗ്രാമത്തിന്റെ മുക്കാൽഭാഗവും ആര്യങ്കാവ് വനപ്രദേശവും ഏരൂർ വനപ്രദേശവും ആയിരുന്നു. എന്നാൽ 1950-കളിൽ രാജ്യത്തുണ്ടായ ഭക്ഷ്യക്ഷാമത്തിന് പ്രതിവിധിയായി വനപ്രദേശങ്ങൾ കൃഷിക്കുവേണ്ടി വെട്ടിത്തെളിച്ചപ്പോൾ ഏരൂർ പഞ്ചായത്തിലെ വനപ്രദേശങ്ങളും അതിൽപെട്ട ആര്യങ്കാവ് വനപ്രദേശത്തിന്റെ ഭാഗം ഏരൂർ പഞ്ചായത്തിന്റെ വടക്കുഭാഗത്തും ഏരൂർ വനങ്ങൾ ഏരൂരിന്റെ തെക്കുഭാഗത്തുമായിരുന്നു. ഇപ്പോൾ ഏരൂർ പഞ്ചായത്തിലെ വനപ്രദേശത്തിന്റെ വിസ്തൃതി ഗണ്യമായി കുറഞ്ഞു. ഈ വനപ്രദേശങ്ങളിലെ മണ്ണ് കറുത്തമണ്ണാണ്. ഈ വനപ്രദേശങ്ങൾ ഉച്ചിക്കുന്ന്, പൊന്മാൻകുന്ന്, ഉരിയരികുന്ന് മുതലായ കുന്നിൻപ്രദേശങ്ങളിൽ പെടുന്നു. ഈ വനങ്ങളുടെ ചില ഭാഗങ്ങളിൽ ഏണ്ണപ്പനയും യൂക്കാലിയുമാണ് പ്രധാന കൃഷി. എണ്ണപ്പനത്തോട്ടം പാണയം, നീരാട്ടുതടം, വിളക്കുപാറ, ആയിരനല്ലൂർ പ്രദേശങ്ങളിലും യൂക്കാലി ത്തോട്ടം ഈ വനപ്രദേശത്തിന്റെ മറ്റു ഭാഗങ്ങളിലും ഉണ്ട്. 40 ഏക്കറോളം സോഷ്യൽ ഫോറസ്റ്ററി സ്കീമനുസരിച്ചുള്ള തോട്ടങ്ങളാണ്.

## കുന്നിൻപ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും 200 മീറ്ററിനു മുകളിലുള്ള ഈ ഭൂപ്രദേശത്തിന് പൊതുവെ അഞ്ച് ഡിഗ്രിയിൽ താഴെ മാത്രമേ ചരിവുകളുള്ളു. കുന്നിൻപ്രദേശങ്ങൾ തന്നെ ഒറ്റപ്പെട്ട കുന്നുകളെന്നും നീണ്ടുകിടക്കുന്ന കുന്നുകളെന്നും തരംതിരിക്കാവുന്നതാണ്. കുന്നിൻപ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കാണാം. 6.87 ച.കി.മീ. വിസ്തീർണ്ണം വരുന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 15.4% ആണ്.

കുന്നിൻപ്രദേശങ്ങളിൽ പ്രധാനപ്പെട്ടവ മയിലാടുംകുന്ന്, ഉരിയരിക്കുന്ന്, ഉച്ചിക്കുന്ന്, പൊന്മാൻകുന്ന്, അടപ്പുപാറകുന്ന്, വൈദ്യഗിരിക്കുന്ന്, പറങ്കിമാംകുന്ന്, വെള്ളടിക്കുന്ന്, വാർപ്പുകുന്ന്, ജഡ്ജിക്കുന്ന്, നെല്ലിക്കുന്ന്, ഓലിയരുവ് കുന്ന്, തോലൂർ കുന്ന്, പുളിഞ്ചിമല എന്നിവയാണ്. ഈ ഭൂപ്രദേശങ്ങളിൽ പ്രധാനമായും ചെങ്കൽമണ്ണും പാറകളും കാണുന്നു. ഇവിടുത്തെ പ്രധാന കൃഷി റബ്ബർ, പറങ്കിമാവ്, മിശ്രിതവിളകൾ മുതലായവയാണ്.

## ചരിവുകൾ

കുന്നിൻ പ്രദേശങ്ങളെയും താഴ്വരകളെയും ബന്ധിപ്പിക്കുന്ന ഭൂവിഭാഗമാണ് ചരിവുകൾ. ഈ ഭൂവിഭാഗത്തിന്റെ ചരിവ് 5°യിൽ കൂടുതലായിരിക്കും. ചരിവിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ കുത്തനെയുള്ള ചരിവ്, നല്ല ചരിവ്, ഇടത്തരം ചരിവ് എന്നിങ്ങനെ തരംതിരിക്കാം.

കുത്തനെയുള്ള ചരിവ് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 424 ഹെക്ടർ പ്രദേശം വരും. ഈ ചരിവുകളിൽ ചെങ്കൽ മണ്ണും അങ്ങിങ്ങായി പാറകളും കാണുന്നു. ഇവിടുത്തെ പ്രധാന കൃഷി റബ്ബറാണ്. ഈ പ്രദേശങ്ങളിൽ ഉരുൾപൊട്ടലിന് ഏറെ സാദ്ധ്യതയുണ്ട്. ഉച്ചിക്കുന്നിന്റെയും പൊന്മാൻ കുന്നിന്റെയും ചരിവുകളിൽ 1992-ൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. ഇവിടുത്തെ ചരിവ് 25° -ൽ കൂടുതലാണ്. നല്ല ചരിവ് 15° മുതൽ 25° വരെയാണ്. ഈ പഞ്ചായത്തിലെ ചരിവുപ്രദേശങ്ങളിൽ പ്രധാനമായും ചെങ്കൽ മണ്ണും അങ്ങിങ്ങായി പാറകളും കാണുന്നു. മണ്ണൊലിപ്പിനു സാധ്യതയുള്ള മേഖലയാണിത്.

ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 16.8 ച.കി.മീ. മിതമായ ചരിവുപ്രദേശങ്ങളാണ്. ഇവിടുത്തെ ചരിവ് 5° മുതൽ 15° വരെയാണ്. കൂടുതലായി ചെമ്മണ്ണു കാണപ്പെടുന്ന ഈ പ്രദേശത്ത് റബ്ബർ, തെങ്ങ്, മിശ്രിതവിളകൾ എന്നിവ കൃഷി ചെയ്തുവരുന്നു.

## താഴ്വാരങ്ങൾ

വയലുകൾ ഉൾപ്പെട്ട താഴ്ന്ന പ്രദേശങ്ങളെയാണ് താഴ്വാരങ്ങൾ എന്നു പറയുന്നത്.7.8 ച.കി.മീ. വിസ്തൃതിയുള്ള ഈ ഭൂവിഭാഗം വീതിയേറിയും കുറഞ്ഞും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും കാണുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമായതിനാൽ എക്കൽമണ്ണടിഞ്ഞ് ഈ പ്രദേശങ്ങൾ ഫലഭൂയിഷ്ഠമാണ്. ഇവിടെ പ്രധാനമായും നെല്ലുകൃഷി ചെയ്തുവരുന്നു. സാധാരണയായി ഇവിടെ നെല്ല് ഇരുപ്പൂകൃഷിയാണ്. മൂന്നാംവിളയായി ചില ഭാഗങ്ങളിൽ പയറും പച്ചക്കറിയും കൃഷിചെയ്തുവരുന്നു. ചില താഴ്ന്ന പ്രദേശങ്ങൾ നികത്തി തെങ്ങ്, റബ്ബർ മുതലായവയും കൃഷി ചെയ്യുന്നുണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന താഴ്വാരങ്ങൾ നീരാട്ടുതടം, കുരങ്ങോട് ഏല, കിട്ടൻകോണം ഏല, തൃക്കോയിക്കൽ ഏല, മുളവനക്കോണം ഏല, തെക്കെവയൽ ഏല, വടക്കെവയൽ ഏല, ആർച്ചൽ ഏല, അയിലറ ഏല, മണലിൽ ഏല, അണ്ടത്തൂർ ഏല, ചാഴിക്കുളം ഏല, ജന്മിക്കോണം ഏല, തുമ്പോട് ഏല മുതലായ

വയാണ്. താഴ്‌വാരങ്ങൾ ഭൂപടം 2-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഭൂപ്രദേശത്തിന്റെ വിസ്തൃതി പട്ടിക ഒന്നിൽ ചേർത്തിട്ടുണ്ട്.

## മണ്ണ്

പ്രകൃതിദത്തമായി മനുഷ്യനു ലഭിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ട വരദാനങ്ങളിൽ ഒന്നാണ് മണ്ണ്. കാർഷികമായി മണ്ണ് എന്ന പദംകൊണ്ടുദ്ദേശിക്കുന്നത് കൃഷിക്കുപയുക്തമായ മേൽമണ്ണ് എന്നാണ്. ഭൂമിയുടെ ഉപരിതലത്തിൽ 15 സെ.മീ. മുതൽ 30 സെ.മീ. വരെ ഘനത്തിൽ കാണുന്ന ഭാഗമാണ് മേൽമണ്ണ്. ലഭ്യമായ ജലാംശം, ജൈവാംശം, സസ്യമൂലകങ്ങൾ എന്നിവയാണ് മണ്ണിനെ സമ്പുഷ്ടമാക്കുന്ന ഘടകങ്ങൾ. ഈ സമ്പത്തെല്ലാം പരമാവധി സംരക്ഷിച്ചുകൊണ്ടുള്ള കൃഷിയാണ് ശാസ്ത്രീയമായ കൃഷിരീതി. ഉല്പാദനക്ഷമതയുള്ള മേൽമണ്ണും അതിലെ സമ്പത്തും സംരക്ഷിച്ചുനിലനിർത്തുവാൻ ഉള്ളഏകമാർഗ്ഗം മണ്ണ് സംരക്ഷണപദ്ധതി മാത്രമാണ്. മനുഷ്യൻ മണ്ണിനെ ആശ്രയിച്ചു നിലനിൽക്കുന്നു.. ഒരു പരിധി വരെ മണ്ണ് മനുഷ്യനെയും. മണ്ണും ജലവും അതിപ്രധാനമായ രണ്ടുപ്രകൃതിവിഭവങ്ങളാണെന്ന് മുമ്പുസൂചിപ്പിച്ചുവല്ലോ. ആഹാര പദാർത്ഥങ്ങളുടെ ഉല്പാദനത്തിന് ഇവ രണ്ടും വളരെ പ്രധാനവുമാണ്.

ഏരൂർ പഞ്ചായത്തിലെ മണ്ണിനങ്ങളെ പ്രധാനമായി താഴെപറയുംപ്രകാരം തരംതിരിക്കാവുന്നതാണ്.

1. വനമണ്ണ്
2. ചെമ്മണ്ണ് (ലാറ്ററേറ്റ് മണ്ണ്)
3. ചെളിമണ്ണ്
4. മണൽമണ്ണ്

### 1. വനമണ്ണ്

വനമണ്ണ് പ്രധാനമായും വനപ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. നല്ല കനത്തിൽ വിവിധ ദശകളിലായി അഴുകിക്കൊണ്ടിരിക്കുന്ന ജൈവവസ്തുക്കളുടെ ഒരു ആവരണം ഈ മണ്ണിന്റെ പ്രത്യേകതയാണ്. ജൈവവസ്തുക്കളുടെ രാസഘടനയനുസരിച്ച് മണ്ണിന് അമ്ലഗുണം കൂടുകയോ കുറയുകയോ ചെയ്യുന്നു. വർഷങ്ങളായി സസ്യങ്ങളുടെയും മരങ്ങളുടെയും അവശിഷ്ടങ്ങൾ അഴുകിച്ചേർന്നിട്ടുള്ള വനമണ്ണ് സമ്പുഷ്ടമാണ്. ഈ പഞ്ചായത്തിൽ ഏകദേശം 200 ഹെക്ടർ സ്ഥലത്ത് കറുത്ത നിറത്തിലുള്ള വനമണ്ണ് കാണപ്പെടുന്നു.

### ചെമ്മണ്ണ്

കേരളത്തിൽ വ്യാപകമായി കാണപ്പെടുന്ന ചെമ്മണ്ണ് ഏരൂർ പഞ്ചായത്തിൽ ഉയർന്ന കുന്നിൻപുറങ്ങളിലും ചരിവുകളിലും സാധാരണയായി കാണുന്നു. ഇവിടെ ചെമ്മണ്ണ് ചില സ്ഥലങ്ങളിൽ കറുത്ത നിറത്തിലും ചിലയിടത്ത് ചുവന്ന നിറത്തിലും കാണപ്പെടുന്നു. നല്ല വളപ്രയോഗവും ജലസേചനവും ഈ മണ്ണിനെ സാപുഷ്ടമാക്കുന്നു. ഈ മണ്ണിൽ മിക്ക വിളകളും കൃഷിചെയ്യാൻ കഴിയുന്നു. റബ്ബർ, തെങ്ങ്, കശുമാവ് മറ്റു മിശ്രിതവിളകൾ മുതലായവ ഈ മണ്ണിൽ സമൃദ്ധിയായി വിളയുന്നു.

ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പാറകളും കാണുന്നുണ്ട്. പാങ്ങുപ്പാറ, കയ്യാലപ്പാറ, മണലിൽപാറ എന്നിവയാണ് പ്രധാനപ്പെട്ട പാറകൾ.

### ചെളിമണ്ണ്

വനപ്രദേശങ്ങളിൽ നിന്നും ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ നിന്നും മഴവെള്ളം ഒഴുക്കിക്കൊണ്ടുവരുന്ന താഴ്‌വരകളിൽ അടിഞ്ഞുണ്ടാകുന്ന മണ്ണാണ് ചെളിമണ്ണ്.

### മണൽമണ്ണ്

ഈ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ 5% മാത്രം മണൽമണ്ണ് കാണപ്പെടുന്നു. മണൽ കലർന്ന ചെമ്മണ്ണാണിത്. ഈ പഞ്ചായത്തിലെ വടക്കേവയൽ ഏലായിൽ മണൽ മണ്ണ് കാണപ്പെടുന്നു. തെങ്ങ്, നെല്ല് മുതലായവ ഈ മണ്ണിൽ സമൃദ്ധമായി വളരുന്നു.

## ജലപ്രകൃതി

### ജലവിഭവങ്ങൾ

സമസ്ത ജീവജാലങ്ങളുടെയും നിലനില്പിന് ആവശ്യമായ ഘടകമാണ് ജലം. ജലം ജീവനാണ്. പല കൃഷികളിലും ലഭിക്കുന്ന വിളവിന്റെ അളവ് മണ്ണിലടങ്ങിയിരിക്കുന്ന ജലാംശത്തിന്റെ അളവിന് ആനുപാതികമാണെന്ന് പറയാം. വായു കഴിഞ്ഞാൽ പ്രകൃതിവിഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജലം. മണ്ണും ജലവും തമ്മിലുള്ള ബന്ധം മനുഷ്യശരീരത്തിൽ മാംസവും രക്തവും തമ്മിലുള്ള ബന്ധം പോലെയാണ്. ശരീരത്തിൽ രക്തം കുറഞ്ഞാൽ തൊലി ചുളുങ്ങുകയും ശക്തിക്ഷയിക്കുകയും ചെയ്യുന്നതുപോലെ മണ്ണിൽ ജലാംശം കുറഞ്ഞാൽ മണ്ണ് ഉണങ്ങി കുടിവെള്ളക്ഷാമവും ഉല്പാദനക്കുറവുമുണ്ടാകുന്നു.

പട്ടിക 1

| ഭൂരൂപങ്ങൾ | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|
| വനപ്രദേശം | 200 | 4.32 |
| ഉയർന്ന കുന്നിൻപ്രദേശം | 687 | 14.82 |
| കുത്തനെയുള്ള ചരിവ് | 428 | 9.23 |
| നല്ല ചരിവ് | 860 | 18.56 |
| മിതമായ ചരിവ് | 1680 | 36.24 |
| താഴ്‌വാരം | 780 | 16.83 |
| ആകെ | 4635 | |

ഏരൂർ പഞ്ചായത്ത് മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന ഒരു പ്രദേശമാണ്. മഴ ലഭ്യതയിലുണ്ടാകുന്ന വ്യത്യാസം കൃഷി നാശമുണ്ടാക്കുന്നു. ഇവിടെ കാലവർഷമുണ്ടാകുന്നത് ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലയളവിലാണ്. ഈ കാല വർഷമാണ് ഇടവപ്പാതി എന്നറിയപ്പെടുന്നത്. തുലാവർഷം ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ലഭിക്കുന്നത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ മഞ്ഞുകാലവും അതിനുശേഷം മേയ് വരെ വേനൽകാലവുമാണ്.

ഏരൂർ പഞ്ചായത്തിലെ കാലാവസ്ഥാക്രമം കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജനുവരി മാസങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് ആര്യങ്കാവ് ചുരം വഴി പടിഞ്ഞാറോട്ടടിക്കുന്ന വരണ്ട കാറ്റ് ഈ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും എത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്ന അന്തരീക്ഷ ഊഷ്മാവ് ചാർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചില വർഷങ്ങളിൽ വേനൽകാലത്ത് വേനൽമഴ ലഭിക്കുന്നുണ്ട്. മഴ പൊതുവേ കൂടുതൽ ലഭിക്കുന്നത് ജൂൺ, ജൂലായ് മാസങ്ങളിലാണ്. 1990 മുതൽ 96 വരെ ഓരോ മാസവും ലഭിച്ച മഴയുടെ അളവ് പട്ടികയിൽ കൊടുത്തിരിക്കുന്നു. പട്ടിക – 2 കാണുക.

ഈ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി പടിഞ്ഞാറോട്ടൊഴുകുന്ന കല്ലടയാറിലേക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന തോടുകളും തെക്കുപടിഞ്ഞാറുകൂടി പടിഞ്ഞാറോട്ടൊഴുകുന്ന ഇത്തിക്കരയാറിലേക്ക് ഒഴുകിയെത്തുന്ന തോടുകളുമാണ് ഈ പഞ്ചായത്തിലെ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ. തോടുകളെ വേനൽകാലത്തു വറ്റിപ്പോകുന്നവയെന്നും വറ്റിപ്പോകാത്തവയെന്നും രണ്ടായി തിരിക്കാം. വറ്റുന്ന തോടുകളുടെ നീളം 42 കി. മീറ്ററും വറ്റാത്ത തോടുകളുടെ നീളം 31 കി. മീറ്ററുമാണ്. പഞ്ചായത്തിലെ പ്രധാന തോടുകൾ ഭൂപടം 4-ൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക.

## പ്രധാന തോടുകൾ

1. തൃക്കോയിക്കൽ തോട്:- വനപ്രദേശമായ ഉച്ചിക്കുന്നിൽ നിന്നും ഉത്ഭവിച്ച്, നീരാട്ടുതടം വഴിവീണ്ടും വനപ്രദേശം വഴി പടിഞ്ഞാറോട്ടൊഴുകുന്നു. രണ്ടാനക്കുഴിയിൽ നിന്നും ഉത്ഭവിക്കുന്ന കൈത്തോട്, കുരങ്ങോട് ഏലായിൽ കൂടി ഒഴുകി ഏലായുടെ പടിഞ്ഞാറുഭാഗത്ത് എത്തി തൃക്കോയിക്കൽ തോട്ടിൽ ചേരുന്നു. മലയാംകുളത്തുനിന്നും ആരംഭിക്കുന്ന തോട് കാഞ്ഞുവയൽ വഴി മൂലക്കുഴി ചെക്ക്ഡാമിന് താഴ്ഭാഗത്തുവച്ച് തൃക്കോയിക്കൽ തോടുമായി സന്ധിക്കുന്നു. പഴയേരൂരിൽ നിന്നും ഉത്ഭവിക്കുന്ന തോട് പത്തടി ഏലാ വഴി ഒഴുകി പത്തടിമൂലക്കുഴിയിൽ വച്ച് പ്രധാനതോടായ തൃക്കോയിക്കൽ തോട്ടിൽചേരുന്നു. മേലേപാണയം വനത്തിൽ നിന്ന് ഉത്ഭവിക്കുന്ന തോടും മുളവനകോണംഭാഗത്തുനിന്നും വരുന്ന തോടും കണ്ണങ്കര താഴെ ഭാഗത്ത് ഒത്തുചേർന്ന് ഒഴുകി കറ്റിട്ടയിൽ വച്ച് തൃക്കോയിക്കൽ തോടു

പട്ടിക 2

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 40.2 | 0 | 48.7 | 19.7 | 476.62 | 366.4 | 410.4 | 124.8 | 65.4 | 422.3 | 280.4 | 2.2 |
| 1991 | 7.6 | 0 | 116.8 | 115.8 | 94 | 892.7 | 386.4 | 148.6 | 66 | 237.6 | 394.4 | 0 |
| 1992 | 2.2 | 0 | 0 | 45.8 | 379.6 | 614.6 | 465.2 | 242.4 | 319 | 686 | 468.6 | 0 |
| 1993 | 0.9 | 84.6 | 19.8 | 185.6 | 267.6 | 480.8 | 384.4 | 89.6 | 61.4 | 415.3 | 250.3 | 28 |
| 1994 | 0 | 128.8 | 11.2 | 160 | 181 | 501 | 352 | 440.6 | 189.2 | 436.4 | 143.8 | 10 |
| 1995 | 20 | 0 | 136.4 | 216.4 | 292.2 | 284.4 | 435.4 | 253.4 | 260 | 211.6 | 250.2 | 0 |
| 1996 | 16.6 | 38.2 | 159.6 | 66 | 377.2 | 299.2 | 223.4 | 215 | 314.4 | 73 | -- | -- |

മായി സന്ധിക്കുന്നു. തെക്കേവയലിൽ നിന്നും ഉത്ഭവിക്കുന്ന തോട് പണ്ടാര ക്കോണം ഭാഗത്തുവച്ച് പ്രധാന തോടു മായി ചേർന്ന് പടിഞ്ഞാറോട്ടൊഴുകി ഇത്തിക്കരയാറ്റിൽ ചേരുന്നു.

2. അയിലറ തോട്: കിട്ടങ്കോണം തല യ്ക്കൽ നിന്നും ഉത്ഭവിച്ച് പഴയേരൂർ, തുമ്പോട് ഭാഗങ്ങളിൽ കൂടി ഒഴുകി അയി ലറ മൂഴിക്കൽ എത്തുന്നു. മുഴതാങ്ങിൽ നിന്നും ഉത്ഭവിക്കുന്ന തോട് കാവിനു സമീപം വച്ച് വിളക്കുപാറയിൽ നിന്നും ഒഴുകിവരുന്ന നീർച്ചാലുമായി സന്ധിച്ച് അയിലറ ഏലായിൽ കൂടി ഒഴുകി മൂഴിക്കര ഭാഗത്ത് അയിലറ തോടുമായി ഒത്തുചേ രുന്നു. മൂഴിക്കൽ നിന്നും പടിഞ്ഞാറോട്ടൊ ഴുകി ഓലിയരുവി വെള്ളച്ചാട്ടം കടന്ന് ആർച്ചൽ, പുതുമംഗലം എന്നീ സ്ഥലങ്ങ ളിലൂടെ മണിയാർ ഭാഗത്ത് എത്തിച്ചേരു കയും അവിടെ വച്ച് കല്ലടയാറ്റിൽ സന്ധി ക്കുകയും ചെയ്യുന്നു.

3. ചിറ്റാർ തോട്:- കുളത്തൂപ്പുഴ പഞ്ചാ യത്തിലെ വെള്ളിലാചതുപ്പിൽ നിന്നും ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി ഏഴംകുളത്ത് വന്ന് അവിടെ നിന്നും വടക്കോട്ട് എണ്ണ പ്പനതോട്ടത്തിലൂടെ ഒഴുകി RPL 7-ാം ബ്ലോക്കിൽ എത്തുന്നു. ആയിരനല്ലൂർ വന ഭാഗത്തുനിന്ന് ഉത്ഭവിക്കുന്ന തോട് (തെക്കെക്കോണം കനാൽ സെറ്റ്) വട ക്കോട്ടൊഴുകി വനത്തിലൂടെ കടന്ന് RPL-7-ാം ബ്ലോക്ക് വഴി കുറ്റാലംകുഴി, അയ ത്തിൽ കുഴി എന്നിവ കഴിഞ്ഞ് അടുക്കള കോണത്തുവന്ന് മുൻപറഞ്ഞ തോടുമായി യോജിച്ച് ചിറ്റാർ തോടായി കല്ലടയാറ്റിൽ ചേരുന്നു.

ഇത്രയും തോടുകൾ ഈ പഞ്ചായ ത്തിൽ ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം, മണ്ണൊലിപ്പ്, വെള്ളപ്പൊക്ക ഭീഷണി മുത ലായ പരിസ്ഥിതി പ്രശ്നങ്ങൾ ഇവിടെയു ണ്ടാകുന്നു. ഇതിന് പരിഹാരമാർഗ്ഗമാണ് നീർമറി വികസനപദ്ധതി (വാട്ടർ ഷെഡ് മാനേജ്മെന്റ്) ഏതെങ്കിലും ഒരു അരുവി യിലേക്ക് അഥവാ തോട്ടിലേക്ക് അല്ലെ ങ്കിൽ നദിയിലേക്ക് എത്രമാത്രം പ്രദേ ശത്ത് പെയ്തേല്ക്കുന്ന വെള്ളം എത്തി ച്ചേരുമോ അത്രയും പ്രദേശം ഈ ജല വാഹിനിയുടെ നീർമറിപ്രദേശം എന്നുപ റയുന്നു. മണ്ണ്, ജലം, സസ്യജാലങ്ങൾ എന്നീ പ്രകൃതി വിഭവങ്ങൾ ഈ പദ്ധതി മൂലം സംരക്ഷിക്കാം.

## കുളങ്ങളും നീരുറവകളും.

ഭൗമോപരിതലത്തിലെ പ്രധാന ജല സ്രോതസ്സുകളാണ് കുളങ്ങളും നീരുറവ കളും നദികളും. ഇവയുടെ സംരക്ഷണം ഒരു പരിധിവരെ കുടിവെള്ളത്തിനും ജല സേചനത്തിനും അത്യന്താപേക്ഷിതമാണ്. വലിയ കുളങ്ങൾ ഇവിടെയില്ലെങ്കിലും ചെറിയ കുളങ്ങൾ താഴ്വരകളിൽ കാണാം. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർത്തിരിക്കുന്നു.

1. വടക്കെവയൽതലക്കുളം (ഏരൂർ ചിറ)
2. കൊഴയ്ക്കാട്ടേല - തലക്കുളം
3. അണുങ്ങൂർ തലക്കുളം
4. വരിക്കോലിൽ ഏല - തലക്കുളം
5. തൃക്കോയിക്കൽ ക്ഷേത്രക്കുളം
6. മറവൻചിറ ആശ്രമം വക കുളം

ഏരൂർ ഗ്രാമപഞ്ചായത്ത് ഒരു മലയോ രപ്രദേശമായതുകൊണ്ട് ധാരാളം നീരുറ വകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗ ങ്ങളിൽ കാണുന്നു. ഇവയിൽ ഭൂരിഭാഗവും വേനൽകാലത്ത് വറ്റുന്നവയാണ്. നിരന്ത രവും അനിയന്ത്രിതവുമായ വനനശീ കരണം, തല്ഫലമായുണ്ടായിക്കൊണ്ടിരി ക്കുന്ന മണ്ണൊലിപ്പ്, വ്യാപകമായ യൂക്കാലി പ്ലാന്റേഷൻ ഇവയൊക്കെ ജല സ്രോതസ്സുകൾ വറ്റിപ്പോകാൻ കാരണമാ യിട്ടുണ്ട്.

## സർപ്പക്കാവുകൾ

നമ്മുടെ നാട്ടിൽ കാണുന്ന അപൂർവ്വ പ്രകൃതി സമ്പത്താണ് സർപ്പക്കാവുകൾ. ഏരൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന സർപ്പക്കാവുകൾ താഴെക്കൊടുത്തിരിക്കു ന്നവയാണ്.

1. അയിലറ ആയിരവല്ലിക്കാവ്
2. പഴയേരൂർകാവ്
3. മുളവന കോണംകാവ്
4. പണ്ടാരക്കോണം കാവ്
5. നടുവന്നൂർക്കാവ്
6. അമ്മൂമ്മക്കാവ്
7. പുത്തൻവിള കാവ്
8. ഏരൂർ ആയിരവില്ലിക്കാവ്
9. ഏലാമുറ്റം കാവുങ്കൽകാവ്
10. കുഴയ്ക്കാട്ടുകാവ്
11. മാളാകോട്ട് ചാവരുകാവ്
12. വലിയപടിക്കൽ കാവ്

## പരിസ്ഥിതി അവലോകനം

മനുഷ്യൻ നേരിട്ടോ, അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്ന ചുറ്റുപാടുകളാണ് അവന്റെ പരിസ്ഥിതി എന്നു പറയുന്നത്. പരിസ്ഥിതിയിൽ പ്രധാനപ്പെട്ട രണ്ടു ഘട കങ്ങളാണ് ഭൗതിക പരിസ്ഥിതികളും ജൈവിക പരിസ്ഥിതികളും. ഭൗതിക പരി സ്ഥിതികളിൽ ഉൾപ്പെടുന്നതാണ് ജീവനി ല്ലാത്ത വായു, ജലം, മണ്ണ് എന്നിവ. ജൈവിക പരിസ്ഥിതിയിൽ പെട്ടതാണ് സസ്യങ്ങളും ജന്തുക്കളും അടങ്ങിയ ജീവ നുള്ള വസ്തുക്കൾ. ഈ ഭൗതിക വസ്തു ക്കളുടെയും ജൈവിക വസ്തുക്കളുടെയും ശരിയായ പ്രവർത്തനം മൂലം മാത്രമേ മനു ഷ്യനു ജീവിക്കാൻ കഴിയുകയുള്ളു.

മനുഷ്യനു ജീവിക്കാൻ അത്യാവശ്യ മായ ഘടകങ്ങളാണ് വായു, ജലം, ആഹാരം എന്നിവ. ഈ വിഭവങ്ങൾ പ്രകൃ തിയിൽ നിന്നും ലഭിക്കുന്നുവെങ്കിലും ഇവ യുടെ ശരിയും ആസൂത്രിതവുമായ ഉപ യോഗം കൊണ്ടുമാത്രമേ സ്ഥായിയായ വികസനം സാധ്യമാവുകയുള്ളു. ഇവ യുടെ ആസൂത്രിതമല്ലാത്ത ചൂഷണം പരി സ്ഥിതി പ്രശ്നം ഉണ്ടാക്കുകയും വികസ നത്തിന് കോട്ടമുണ്ടാക്കുകയും ചെയ്യുന്നു. ഇന്നു നാം നേരിടുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങളാണ് വായു മലിനീകരണം, ജലമലിനീകരണം, മണ്ണൊലിപ്പ്, വെള്ള പ്പൊക്കം, കുടിവെള്ളക്ഷാമം മുതലായവ.

## വനനശീകരണം

പ്രകൃതിദത്തമായ വനത്തെ നശിപ്പിച്ച് യൂക്കാലിയും മറ്റും കൃഷി ചെയ്യുന്നതിന്റെ ഫലമായി മണ്ണൊലിപ്പ്, വെള്ളപ്പൊക്കം മുതലായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നു.

തോടുകൾ മണ്ണിടിഞ്ഞ് നികന്നതിന്റെ ഫലമായി മഴക്കാലത്ത് വെള്ളം നെല്പാടങ്ങളിൽ കയറി കൃഷി നശിക്കുന്നു. വയലുകൾ നികത്തുന്നതിന്റെ ഫലമായി അടുത്ത നെൽവയലുകൾ കൃഷി ചെയ്യാൻ പറ്റാതാവുകയും കുടിവെള്ള ക്ഷാമമുണ്ടാവുകയും ചെയ്യുന്നു.

## ജനപ്രകൃതി

### മാനുഷിക വിഭവങ്ങൾ

ഭൂവിഭവങ്ങളെക്കാൾ പ്രധാനപ്പെട്ടതാണ് മാനുഷിക വിഭവങ്ങൾ. ഒരു പ്രദേശത്തെ ആസൂത്രിതമായ വിഭവചൂഷണം സ്ഥായിയായ വളർച്ചയ്ക്കു കാരണമാകുന്നു. ഏരൂർ ഗ്രാമപഞ്ചായത്തിൽ 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 32723 ജനങ്ങളുണ്ട്. ഇതിൽ 16147 പുരുഷന്മാരും 16576 സ്ത്രീകളുമാണ്. കേരളത്തിലെ മിക്ക പഞ്ചായത്തുകളെയും പോലെ ഇവിടെയും സ്ത്രീകളാണ് കൂടുതൽ. ഇവിടുത്തെ ജനസാന്ദ്രത ച:കി.മീറ്ററിന് 7?? [illegible]ന്ന് എന്നു കാണുന്നു.

ഏരൂർ പഞ്ചായത്തിൽ 1991-ലെ സെൻസസ് പ്രകാരം 6573 കുടുംബങ്ങളുണ്ട്. ആകെ ജനസംഖ്യ 32723 ആണ്. ഇതിൽ 4585 പേർ പട്ടികജാതിക്കാരാണ്. ഇതിൽ 2297 പേർ പുരുഷന്മാരും 2288 പേർ സ്ത്രീകളുമാണെന്നു കാണുന്നു. ആകെ പട്ടികവർഗ്ഗത്തിൽ പെട്ട 56 പേരുള്ളതിൽ 26 പുരുഷന്മാരും 30 സ്ത്രീകളുമാണ്. സാക്ഷരതയാണ് വികസനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകം. ഇവിടെ 91% പേരും സാക്ഷരരാണ്.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായ കാർഷികരംഗം ആദായകരമല്ലാതെ വന്നിട്ടുള്ളതിനാൽ കർഷകതൊഴിലാളികളിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണം തുടങ്ങിയ പുതിയ തൊഴിൽ മേഖലകളിലേക്ക് നീങ്ങിത്തുടങ്ങിയിരിക്കുന്നു. ഇതും കർഷകർക്കൊരു ഭീഷണിയാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് പഞ്ചായത്തിനെ ശ്വാസം മുട്ടിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. ആയതിനാൽ പുതിയ തൊഴിൽ മേഖലകൾ അടിയന്തിരമായി കണ്ടെത്തേണ്ടിയിരിക്കുന്നു.



# 1

# കൃഷിയും ജലസേചനവും

സഹ്യസാനുക്കളോടുചേർന്ന് അനേകം കുന്നുകളും താഴ്‌വരകളും തോടുകളും ഇടകലർന്നാണ് ഏരൂർ പഞ്ചായത്ത് പ്രദേശം സ്ഥിതിചെയ്യുന്നത്. 44.79 ച.കി. മീറ്ററാണ് ആകെ വിസ്തീർണ്ണം. പ്രധാനമായും ഒരു കാർഷികമേഖലയാണ് ഈ ഭൂപ്രദേശം. തോട്ടവിളകൾക്ക് പ്രാമുഖ്യമുള്ള പ്രദേശമാണ്. റബ്ബർ, എണ്ണപ്പന, എന്നിവയാണ് മുഖ്യ തോട്ടവിളകൾ. തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് തുടങ്ങി ഒട്ടനവധി ദീർഘകാലവിളകളും, നെല്ല്, വാഴ, ഇഞ്ചി, മരച്ചീനി, പച്ചക്കറികൾ, വെറ്റിലക്കൊടി, മുതലായ ഒട്ടുമിക്ക ഹ്രസ്വകാലവിളകളും ഇവിടെ കൃഷിചെയ്യപ്പെടുന്നുണ്ട്. തേക്ക് പരമ്പരാഗതമായി ഉണ്ടായിരുന്നതും, മാഞ്ചിയം അടുത്തുകാലത്ത് പ്രചാരം സിദ്ധിച്ചുവരുന്നതുമായ കൃഷികളാകുന്നു. തോട്ടവിളകളിൽ എണ്ണപ്പന പൂർണ്ണമായും, റബ്ബർതോട്ടങ്ങളിൽ പകുതിയോളവും ഗവണ്മെന്റ് ഉടമസ്ഥതയിൽ ഉള്ളതാണ്. ഭാരതത്തിൽ ആദ്യമായി എണ്ണപ്പന കൃഷിചെയ്തത് ഏരൂർ പഞ്ചായത്തിലെ ഭാരതീപുരത്താണ്. ശ്രീലങ്കയിൽ നിന്നു് പുനരധിവസിപ്പിക്കേണ്ടിവന്ന തമിഴ് വംശജർക്ക് തൊഴിൽ നൽകുവാനായി സ്ഥാപിതമായ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കീഴിലാണ്, പൊതുമേഖലയിൽ പ്രവർത്തിക്കുന്ന റബ്ബർതോട്ടങ്ങൾ സ്ഥിതിചെയ്യുന്നത്.

കൃഷി പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് നടന്നു വരുന്നത്. ജൂൺ മുതൽ ആഗസ്റ്റു വരെ ലഭിക്കുന്ന ഇടവപ്പാതി എന്ന പേരിൽ അറിയപ്പെടുന്ന തെക്കുപടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷം എന്നറിയപ്പെടുന്ന വടക്കുകിഴക്കൻ കാലവർഷവും സാമാന്യ തോതിൽ ലഭിക്കുന്നു. വർഷത്തിൽ ഏകദേശം 250 സെ.മീറ്റർ മഴ ലഭിക്കുന്നു. ഇതു സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ഏറ്റവും ഉയർന്നതും താഴ്ന്നതുമായ താപനിലകൾ ഈ പ്രദേശത്ത്, സംസ്ഥാനശരാശരിയെക്കാൾ മുന്നിലാണ്. സമീപകാലത്തായി കാലാവസ്ഥയിൽ പ്രവചനാതീതമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

1960കൾ വരെ സമൃദ്ധമായ റിസർവ് വനങ്ങൾ നിറഞ്ഞതായിരുന്നു ഈ ഭൂപ്രദേശം. അറുപതുകളുടെ അവസാനത്തോടുകൂടി എണ്ണപ്പന, റബ്ബർ എന്നിവ വച്ചുപിടിപ്പിക്കുന്നതിനായും ഭൂരഹിതരായ ജനങ്ങൾക്ക് പതിച്ചുകൊടുക്കുന്നതിനുവേണ്ടിയും റിസർവ് വനങ്ങളുടെ ഭൂരിഭാഗവും വെട്ടിത്തെളിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വടക്കുകിഴക്കും, തെക്കുഭാഗത്തുമായി വെട്ടിത്തെളിക്കാത്തതായി കുറച്ചു വനങ്ങൾ അവശേഷിക്കുന്നുണ്ട്. ഇത് ആകെ പഞ്ചായത്തു വിസ്തീർണ്ണത്തിന്റെ 10 ശതമാനത്തോളം വരും. പൊതുമേഖലാ റബ്ബർതോട്ടങ്ങൾക്കു പുറമേ സ്വകാര്യമേഖലയിലും വൻകിട റബ്ബർതോട്ടങ്ങൾ പ്രവർത്തിച്ചു വരുന്നു. തൊഴിൽ മേഖലയിലെ പ്രതിസന്ധികൾ മൂലം പല വൻകിടതോട്ടങ്ങളും തുണ്ടു തുണ്ടുകളായി തിരിച്ച് കൈമാറ്റംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

കാർഷികമേഖല ആണെങ്കിലും ബഹുഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരാണ് പഞ്ചായത്തിലുള്ളത്. ഭൂപരിധി സംബന്ധമായ വിവരങ്ങൾ പട്ടിക-1ൽ വിവരിച്ചിരിക്കുന്നു.

മുൻകാലങ്ങളിൽ നെല്ല്, മരച്ചീനി, കരിമ്പ്, കാച്ചിൽ, ചേന, ചേമ്പ്, തുടങ്ങിയ ഭക്ഷ്യപ്രധാനങ്ങളായ വിളകളായി

പട്ടിക - 1
ഭൂപരിധി സംബന്ധിച്ച വിവരങ്ങൾ
(അവലംബം വില്ലേജ് ആഫീസ് രേഖകൾ)

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | അഞ്ചേക്കറിനു മുകളിൽ | 118 |
| 2 | 2 മുതൽ 5 ഏക്കർ വരെ | 590 |
| 3 | 1 മുതൽ 2 ഏക്കർ വരെ | 1770 |
| 4 | 50സെന്റു മുതൽ 1ഏക്കർ വരെ | 2360 |
| 5 | 25സെന്റു മുതൽ 50സെന്റു വരെ | 1480 |
| 6 | 10സെന്റു മുതൽ 25സെന്റു വരെ | 1180 |
| 7 | 1സെന്റു മുതൽ 10സെന്റു വരെ | 1770 |

രുന്നു കാർഷികമേഖലയിൽ ഏറ്റവും പ്രചാരത്തിലുണ്ടായിരുന്നത്. 1975 കാലഘട്ടത്തോടുകൂടി ഈ പ്രവണതയിൽ മാറ്റം വന്നു തുടങ്ങി. കൂടുതൽ ആദായകരമായ റബ്ബർകൃഷി നിലവിൽവന്നതും, ഗൾഫ് പണത്തിന്റെ സ്വാധീനം വർദ്ധിച്ചതോടുകൂടി ജനങ്ങളുടെ ആഹാരസമ്പ്രദായത്തിൽ വന്ന മാറ്റങ്ങളും, ചെറുപ്പക്കാർക്ക് കാർഷികവൃത്തികയേക്കാൾ വെള്ള കോളർ ജോലികളിൽ ആഭിമുഖ്യം വർദ്ധിച്ചതും തുടങ്ങി അനേകം കാരണങ്ങൾ ഈ പ്രവണതയ്ക്കു പിന്നിലുണ്ട്. ഉത്പാദനച്ചെലവിൽ വന്ന വർദ്ധനയും ആനുപാതികമായി വരുമാനത്തിൽ വർദ്ധന ഉണ്ടാകാതിരുന്നതും മറ്റൊരു പ്രധാനകാരണമാണ്. കാർഷികോത്പാദനം, വിതരണം, ഉപഭോഗം ഇവകളെ സംബന്ധിക്കുന്ന ആസൂത്രിതമായ നടപടികളുടെ അഭാവം മറ്റൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. കാർഷികമേഖല ഇപ്പോഴും നാമമാത്രമായി മാത്രമേ യന്ത്രവൽക്കരിക്കപ്പെട്ടിട്ടുള്ളൂ. റബ്ബർബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾമൂലം റബ്ബർകൃഷി ഏറ്റവും ശാസ്ത്രീയമായി മുന്നേറിയിട്ടുണ്ട്. വൃക്ഷവിളകളായ തേക്ക്, മാഞ്ചിയം, എന്നിവയിൽ ആഭിമുഖ്യം വർദ്ധിച്ചുവരുന്ന ഒരു പ്രവണത ഇന്ന് നിലവിലുണ്ട്. മുമ്പ് എള്ളുകൃഷി ചെയ്തിരുന്നുവെങ്കിലും കാലം തെറ്റി മഴപെയ്യുന്നതുമൂലം ഇപ്പോൾ എള്ളുകൃഷി ചെയ്യുന്നില്ല.

## ഭൂവിനിയോഗം:

കൃഷിയോഗ്യമായ 3430 ഹെക്ടർ ഭൂമിയാണ് ആകെ പഞ്ചായത്തിലുള്ളത്. പ്രധാനമായി 19 വിളകൾ കൃഷി ചെയ്തുവരുന്നു. (പട്ടിക - 2 കാണുക)

## റബ്ബർകൃഷി:

1950നു മുമ്പ് മദ്ധ്യതിരുവിതാംകൂറിൽ നിന്നു് എസ്റ്റേറ്റ് ഉടമകൾ വന്നു പ്ലാന്റുചെയ്ത വൻകിട റബ്ബർതോട്ടങ്ങൾ മാത്രമേ ഏരൂർ പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. 1950നു ശേഷം തദ്ദേശവാസികളും റബ്ബർ നട്ടുപിടിപ്പിക്കുവാൻ തുടങ്ങി. 1979-ൽ പുതുകൃഷിക്ക് റബ്ബർബോർഡ് സബ്സിഡി കൊടുക്കുവാൻ തുടങ്ങിയതോടുകൂടി റബ്ബർകൃഷിയിൽ ഒരു വൻകുതിച്ചുചാട്ടം തന്നെ ഉണ്ടായി. ഇന്ന് 1850 ഹെക്ടർ പ്രദേശത്ത് റബ്ബർകൃഷി ഉള്ളതായി കണക്കാക്കുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 53.5% വരും. കൂടാതെ ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷന്റെ ഒരു നല്ലഭാഗം ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലാണ്.

കൃഷിചെയ്യപ്പെടുന്ന പ്രധാന റബ്ബർ ഇനങ്ങൾ R.R.I.I.-105, GT-1, RRIM-600, PB-235 എന്നിവയാണ്. അത്യുൽപാദനശേ

പട്ടിക - 2
ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ
(ആധാരം - കൃഷിഭവൻ രേഖകൾ)

| നമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടർ) | ആകെ കൃഷിഭൂമിയുടെ ശതമാനം |
|---|---|---|---|
| 1 | റബ്ബർ | 1850 | 53.5 |
| 2 | എണ്ണപ്പന | 1992 | കൃഷിഭൂമിയായി പതിച്ചു നൽകിയിട്ടില്ല |
| 3 | തെങ്ങ് | 505 | 14 |
| 4 | കുരുമുളക് | 175 | 5 |
| 5 | നെല്ല് | 199.6 | 5.8 |
| 6 | കമുക് | 30 | 0.87 |
| 7 | കശുമാവ് | 60 | 1.74 |
| 8 | വാഴ | 180 | 5.22 |
| 9 | ഇഞ്ചി | 25 | 0.72 |
| 10 | മരച്ചീനി | 95 | 2.76 |
| 11 | പച്ചക്കറികൾ | 75 | 2.18 |
| 12 | ഔഷധസസ്യങ്ങൾ | 2 | 0.05 |
| 13 | ഉദ്യാനകൃഷി | 4 | 0.11 |
| 14 | *തേക്ക് | 25 | 0.72 |
| 15 | മാഞ്ചിയം | 10 | 0.29 |
| 16 | മിശ്രവിളകൾ | 175 | 5.1 |
| 17 | കൈത | 5 | 0.14 |
| 18 | കൊക്കോ | 5 | 0.14 |
| 19 | മൾബറി | 10 | 0.29 |

***കൃഷിഭൂമിയായി പതിച്ചുകൊടുത്തിട്ടില്ലാത്ത 160ഓളം ഹെക്ടർ വനഭൂമിയിൽ ഗവ: വക തേക്കുകൃഷിയും നിലവിലുണ്ട്.**

ഷിയുള്ള മേൽപ്പറഞ്ഞ ക്ലോണുകളുടെ ആഗമനത്തോടെ, നാടൻ ഇനങ്ങളുടെ കൃഷി മിക്കവാറും ഇല്ലാതെ ആയിരിക്കുന്നു. ഉല്പാദനക്ഷമത സംസ്ഥാനശരാശരിയേക്കാൾ വളരെ മുന്നിലാണ്. ശാസ്ത്രീയ പരിചരണമുറകളും, വളപ്രയോഗവും റബ്ബർകൃഷിരംഗത്ത് പ്രചുര പ്രചാരം സിദ്ധിച്ചുകഴിഞ്ഞു. റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിലുള്ള റബ്ബർ ഉത്പാദകസംഘങ്ങൾ(R.P.S), ഏരൂർ, അയിലറ, വിളക്കുപാറ, ആർച്ചൽ, പത്തടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ ഏറ്റവും നന്നായി പ്രവർത്തിച്ച റബ്ബർ ഉത്പാദകസംഘത്തിനുള്ള ഷീൽഡ് 1995-'96 വർഷത്തിൽ ഏരൂർ ആർ.പി.എസിനാണു ലഭിച്ചത്. സ്വകാര്യമേഖലയിൽ 20 ഓളം റബ്ബർ നഴ്സറികൾ പഞ്ചായത്തിലുണ്ട്. റബ്ബർ ഉത്പാദനത്തിൽ വളരെ മുമ്പിലാണെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല.

## നെൽകൃഷി:

പഞ്ചായത്തിൽ ആകെ 200 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. മൊത്തം കൃഷിഭൂമിയുടെ 5.8%. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള കാലഘട്ടത്തിൽ വൻഭൂവുടമകളുടെ ഉടമസ്ഥതയിലായിരുന്നു പാടശേഖരങ്ങൾ. ഭൂഉടമകളുടെ പക്കൽ നിന്നു് കുടിയാന്മാർ പാട്ടവ്യവസ്ഥയിൽ നിലങ്ങൾ എടുത്ത് കൃഷിചെയ്യുന്ന സമ്പ്രദായമായിരുന്നു അന്നു നിലനിന്നിരുന്നത്. 1957-നുശേഷം ഭൂപരിഷ്കരണം നടപ്പാക്കാൻ ഗവണ്മെന്റ് ശ്രമം ആരംഭിച്ചതുമുതൽ കൃഷിനിലങ്ങൾ തുണ്ടുതുണ്ടായി ചെറുകിടക്കാരുടെ പക്കൽ എത്തിച്ചേരുന്ന ഒരു സാഹചര്യം നിലവിൽ വന്നു.

ചേറാടി, അതിക്കിരാഴി, അറാംവെള്ള, തവളക്കണ്ണൻ, വെളുത്തമുണ്ടകൻ മുതലായവയാണ് മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്ന നാടൻ വിത്തിനങ്ങൾ. അതിൽ ചേറാടി ഒഴികെ ബാക്കി ഇനങ്ങൾ ഒന്നുംതന്നെ ഇന്നു നിലവിലില്ല. ഞവര എന്ന ഔഷധമൂല്യമുള്ള ഒരു വിത്തിനം ജന്മികുടുംബങ്ങൾ കൃഷിചെയ്തിരുന്നു. ഇന്ന് ഭക്ഷ്യ ഉപയോഗത്തിൽ നിന്നും ഒഴിവായി ഔഷധ ആവശ്യങ്ങൾക്കു മാത്രമായി ഞവരവിത്തു കൃഷിചെയ്യപ്പെടുന്നു. ചേറാടി ഒഴികെ ഒരു വിത്തിനവും പതിനഞ്ചു മേനിയിൽ കൂടുതൽ വിളവു തന്നിരുന്നില്ല. 1965-ൽ തൈനാൻ-3 എന്ന അത്യുൽപാദനശേഷിയുള്ള ഒരു വിത്ത് കൃഷിചെയ്യപ്പെട്ടു. മെതിച്ചു നെൽമണികൾ വേർപെടുത്തുവാനുള്ള ബുദ്ധിമുട്ട്, രുചിക്കുറവ്, അമിതമായ പശപ്പ് എന്നീ കാരണങ്ങളാൽ ഒരു പ്രാവശ്യത്തെ കൃഷിയ്ക്കുശേഷം തൈനാൻ പൂർണ്ണമായും വയലുകളിൽ നിന്ന് അപ്രത്യക്ഷമാവുകയാണുണ്ടായത്. അതിനുശേഷം IR-8, കൾച്ചർ-3, സന്തോഷ്, ശബരി, ജയ, ജ്യോതി, PTB-20, H-4, ഭാരതി, രോഹിണി, പവിഴം, തിരുവോണം തുടങ്ങി ഒട്ടനവധി വിത്തിനങ്ങൾ കർഷകർ കൃഷിചെയ്തു. അത്യുൽപാദനശേഷിയുള്ള വിത്തുകളുടെ ഒരു പ്രശ്നമായി കർഷകർക്കു് അനുഭവപ്പെടുന്ന ഒരു പ്രത്യേകത, രണ്ടോ മൂന്നോ തവണ കൃഷികഴിയുമ്പോഴേക്കും വിത്തിന്റെ ആദ്യ സ്വഭാവങ്ങളിൽ വ്യത്യാസം കണ്ടുതുടങ്ങുന്നു എന്നതാണ്. അതിനാൽ പുതിയ പുതിയ വിത്തിനങ്ങൾ പരീക്ഷിക്കുവാൻ കർഷകർ നിർബന്ധിതരാകുന്നു. ഇന്നു വാർഷികോൽപാദനക്ഷമത രണ്ടു പൂവുകളിലായി ഹെക്ടറിൽ 6 ടൺ നെല്ലാണ്.

പൂർണ്ണമായും ജൈവവളങ്ങളെ ആശ്രയിച്ചായിരുന്നു മുൻകാലങ്ങളിൽ നെൽകൃഷി നടന്നിരുന്നത്. രാസവളങ്ങളിൽ സൂപ്പർഫോസ്ഫേറ്റാണ് ആദ്യമായി കർഷകർ പരീക്ഷിച്ചു തുടങ്ങിയത്. 1960കളിൽ വ്യാപകമായ രാസവളപ്രയോഗം ആരംഭിച്ചു. അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങളും ഈ കാലഘട്ടത്തിൽ രംഗത്തെത്തി. അനുബന്ധപ്രശ്നങ്ങളായി അഭൂതപൂർവ്വമായ കീടരോഗശല്യങ്ങൾ നെൽകൃഷിയെ ബാധിക്കുവാൻ ആരംഭിച്ചു. അതിശക്തമായ രാസകീടനാശിനികൾ പ്രയോഗിക്കുവാൻ കർഷകർ നിർബന്ധിതരായി. അശാസ്ത്രീയമായ കീടനാശിനിപ്രയോഗം പലപ്പോഴും പ്രശ്നങ്ങൾ രൂക്ഷമാക്കുവാനേ സഹായിച്ചുള്ളൂ. തത്വദീക്ഷയില്ലാത്ത കീടനാശിനികളുടെ ഉപയോഗം അടുത്ത കാലത്തായി കുറഞ്ഞുവരുന്നതായി കണ്ടുവരുന്നു. രാസവളങ്ങളുടേയും, രാസകീടനാശിനികളുടേയും ഉപയോഗം കുറച്ച് ജീവാണുവളങ്ങളും ജൈവകീടനാശിനികളും കൂടുതലായി ഉപയോഗിക്കുവാൻ കൃഷിവകുപ്പുദ്യോഗസ്ഥർ കർഷകരെ പ്രേരിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. നെൽകൃഷിരംഗം ഗുരുതരമായ പല പ്രശ്നങ്ങളും ഇന്ന് നേരിട്ടുകൊണ്ടിരിക്കുകയാണ്. അവയും പരിഹാര നിർദ്ദേശങ്ങളും അന്യത്ര ചേർത്തിരിക്കുന്നു.

## തെങ്ങ്:

ഈ പഞ്ചായത്തുപ്രദേശത്ത് മുൻകാലങ്ങളിൽ വളരെ സമൃദ്ധമായി കൃഷിചെയ്തിരുന്ന ഒരു വിളയാണ് തെങ്ങ്. തെങ്ങു മാത്രം കൃഷിചെയ്തിരുന്ന തെങ്ങിൻതോപ്പുകൾ മുമ്പുണ്ടായിരുന്നത് വളരെ കുറഞ്ഞിരിക്കുന്നു. 505 ഹെക്ടർ സ്ഥലത്ത് (മൊത്തം വിസ്തീർണ്ണത്തിന്റെ 14%) ഇപ്പോൾ തെങ്ങുകൃഷി നിലവിലുള്ളതായി കണക്കാക്കപ്പെടുന്നു. നാടൻ ഇനങ്ങൾ മാത്രം കൃഷിചെയ്തിരുന്ന മുൻകാലങ്ങളിൽ കാറ്റുവീഴ്ച തുടങ്ങിയ മാരകരോഗങ്ങൾ താരതമ്യേന കുറവായിരുന്നു. ഇന്നു നിലവിലുള്ള തെങ്ങുകളിൽ 50%ത്തിലധികവും രോഗബാധിതമാണ്. സങ്കരയിനം തെങ്ങുകൾക്ക് ഉത്പാദനക്ഷമത കൂടുതൽ ഉണ്ടെങ്കിലും ആയുർദൈർഘ്യം താരതമ്യേന കുറവാണ്. നെൽവയൽ നികത്തിയും വയൽവരമ്പുകൾക്ക് വീതി കൂട്ടിയുമാണ് ഇന്ന് കൂടുതലായി തെങ്ങുകൃഷി നടന്നുവരുന്നത്. ഇത്തരം കൃഷി കൂടുതൽ ആദായകരമായി കണ്ടുവരുന്നു.

1990-ൽ 12 കേരക്ലബുകൾ രജിസ്റ്റർ ചെയ്തെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കാഞ്ഞ സാഹചര്യത്തിൽ അവ പിന്നീട് പിരിച്ചുവിടപ്പെടുകയുണ്ടായി. കൃഷിഭവനോടനുബന്ധിച്ച് 650 അംഗങ്ങളുള്ള കേരവികസനസമിതി 1994 മുതൽ പ്രവർത്തിച്ചുവരുന്നു.

## കുരുമുളക്:

ഒരു തനിവിളയായി കുരുമുളക് കൃഷി ചെയ്യുന്ന തോട്ടങ്ങൾ ഈ പഞ്ചാ

യത്തിൽ നന്നേ കുറവാണ്. പറമ്പുകളിൽ മിശ്രവിളകളുടെ ഭാഗമായാണ് പ്രധാനമായും കുരുമുളക് കൃഷി ചെയ്യപ്പെടുന്നത്. ആകെ 175 ഹെക്ടർ സ്ഥലത്ത് (മൊത്തം കൃഷിഭൂമിയുടെ 5%) കുരുമുളക് കൃഷിചെയ്യപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്ന കരുവിലാഞ്ചി, അമ്പിരിയൻ, മുറിത്തൊത്തൻ, കുതിരവാലി, കുംഭക്കൊടി തുടങ്ങിയ ഇനങ്ങൾ വംശം അറ്റു പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയ ഇനങ്ങളായ കരിമുണ്ട, നാരായക്കൊടി, പന്നിയൂർ-1, വെള്ളാർമുണ്ട എന്നിവയാണ് ഇന്നു കൂടുതലായി കൃഷിചെയ്യപ്പെടുന്നത്. അവയിൽതന്നെ കരിമുണ്ടയാണ് ഏറ്റവും അധികം കർഷകർ കൃഷിചെയ്യുന്ന ഇനം. ഹെക്ടർ പ്രതി ഉത്പാദനം 2 ടൺ എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സാവകാശവാട്ടം, ദ്രുതവാട്ടം എന്നീ മാരകരോഗങ്ങൾ ഈ പ്രദേശത്തെ കുരുമുളക് കൊടികളിലും കണ്ടുവരുന്നു.

**വാഴ:**

180 ഹെക്ടർ സ്ഥലത്ത് വിവിധ വാഴയിനങ്ങൾ കൃഷിചെയ്യപ്പെടുന്നു. മൊത്തം കൃഷിഭൂമിയുടെ 5.5% ആണിത്. മുൻകാലയിനങ്ങൾ പാളയങ്കോടൻ, പൂവൻ, ഏത്തൻ, കണ്ണൻ, പൊന്തൻ, കദളി, കരിങ്കദളി, ചേരത്താളി, ഞാലിപ്പൂവൻ, കുട്ടത്തി, കൂമ്പില്ലാക്കണ്ണൻ, കപ്പവാഴ, ചാമ്പക്കണ്ണൻ, പച്ചച്ചിങ്ങൻ മുതലായവയാണ്. കരിങ്കദളി, കണ്ണൻ തുടങ്ങി ഏതാനും ഇനങ്ങൾ ഒഴികെ മറ്റുള്ളവ ഇന്നും കൃഷിചെയ്യപ്പെടുന്നുണ്ട്. ഏത്തവാഴയാണ് ഇന്ന് ഏറ്റവും കൂടുതൽ കൃഷിചെയ്യപ്പെടുന്നത്. ഏത്തവാഴയിൽ തന്നെ താളിയേത്തൻ, കല്ലേത്തൻ എന്നിങ്ങനെ രണ്ടിനങ്ങൾ സാധാരണയായി കൃഷിചെയ്യപ്പെടുന്നു. നെൽവയലുകൾ നികത്തിയാണ് ഏത്തവാഴ കൂടുതലായി കൃഷിചെയ്യുന്നത്. റബ്ബർതോട്ടങ്ങളിൽ ഒന്നും രണ്ടും വർഷം പ്രായമായ തൈകളുടെ ഇടവിളയായും കൃഷിചെയ്യപ്പെടുന്നുണ്ട്. മണ്ടയടപ്പ്, കൊക്കേൻ എന്നീ രോഗങ്ങൾ ഒരു പരിധി വരെ വാഴകൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**കശുമാവ്:**

1970നു മുമ്പുവരെ വളരെ വിപുലമായി കശുമാവ്കൃഷി ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. വ്യാപകമായ റബ്ബർകൃഷിയുടെ ആവിർഭാവത്തോടുകൂടി കശുമാവ് തോട്ടങ്ങൾ, റബ്ബർതോട്ടങ്ങൾക്ക് വഴിമാറിക്കൊടുത്തു. ഏകദേശം 60 ഹെക്ടർ സ്ഥലത്ത് (കൃഷിഭൂമിയുടെ 1.74%) കശുമാവ്കൃഷി ഉള്ളതായി കണക്കാക്കുന്നു. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കൃഷിയോ പരിചരണമോ ഇന്നും കശുമാവ് കൃഷിയ്ക്ക് കർഷകർ നൽകുന്നില്ല. പുതുതായി കശുമാവ്തോട്ടങ്ങൾ പിടിപ്പിക്കുവാൻ കർഷകർ വിമുഖരാണ്.

**പച്ചക്കറികൾ:**

75 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൾ കൃഷിചെയ്യുന്നു. (കൃഷിഭൂമിയുടെ 2.18%) പാവൽ, പടവലം, പയർവർഗ്ഗങ്ങൾ, വഴുതന, ചീര, വെണ്ട, പച്ചമുളക്, മുരിങ്ങ, നിത്യവഴുതന, കോവൽ തുടങ്ങി ഒട്ടുമിക്ക ഇനങ്ങളും ഈ നാട്ടിൽ കൃഷിചെയ്യുന്നു. എങ്കിലും നാട്ടിൽ ആകെ ആവശ്യമായ പച്ചക്കറികളുടെ ഒരു ചെറിയ അംശം മാത്രമേ ഇന്നും തദ്ദേശീയമായി ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. അനുകൂലമായ സാഹചര്യങ്ങൾ ലഭ്യമാകുന്ന പക്ഷം നമുക്ക് സ്വയംപര്യാപ്തമാകാവുന്നതേയുള്ളൂ. തമിഴ്നാട്ടിൽ നിന്നുള്ള ഉല്പന്നങ്ങളാണ് ഇന്ന് പച്ചക്കറി വിപണി കയ്യടക്കി വച്ചിരിക്കുന്നത്.

**വെറ്റില:**

പഴയകാലം മുതൽ വെറ്റില കൃഷി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിലനിന്നിരുന്നു. ഇപ്പോൾ ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ അവലംബിച്ച് വെറ്റിലകൃഷി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. രോഗബാധ കൂടുതലായി കണ്ടുവരുന്നു. തക്ക പ്രതിവിധികൾ ഒന്നുംതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

**കമുക്:**

30 ഹെക്ടർ സ്ഥലത്ത് (കൃഷിയിടങ്ങളുടെ 0.87%) കമുക്കൃഷി നിലവിലുണ്ട്. മുൻകാലങ്ങളിൽ തോട്ടങ്ങളായി കൃഷിചെയ്തിരുന്നു. എല്ലാ വയലേലകളുടെയും തലയ്ക്കൽ സമൃദ്ധമായ കമുകിൻ തോപ്പുകൾ ഉണ്ടായിരുന്നു. മഹാളിരോഗത്തിന്റെ കടന്നാക്രമണവും റബ്ബർകൃഷി വ്യാപകമായതും അടയ്ക്കാ ഉല്പാദനത്തിൽ ഏകദേശം 90% വരെ കുറവ് വരുത്തിയിട്ടുണ്ട്. മണ്ണൊലിപ്പു തടയാൻ പര്യാപ്തമായ വേരുപടലം ഉള്ളതിനാൽ വാട്ടർ ഷെഡ് ഏരിയാകളിൽ കമുകിൻതൈകൾ വച്ചുപിടിപ്പിക്കാൻ ആരംഭിച്ചിട്ടുണ്ട്. മംഗള തുടങ്ങിയ അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങൾ വന്നതോടെ കമുക്കൃഷിരംഗത്ത് ഒരു പുത്തനുണർവ് ദൃശ്യമായിട്ടുണ്ട്.

**മരച്ചീനി:**

ഒരുകാലത്ത് ഏരൂർ പഞ്ചായത്തുപ്രദേശത്തുള്ള ഏറ്റവും പ്രധാന കരകൃഷി മരച്ചീനിയായിരുന്നു. അരിയൻ, മുളമൂടൻ, നെടുമങ്ങാടൻ, വക്കാരൻ, ചുവന്നകണ്ടൻ, റൊട്ടിവെള്ള, ഏത്തയ്ക്കാചീനി, ചെമ്മരിക്കൊമ്പൻ, കാക്കക്കാലൻ തുടങ്ങി ഒട്ടനവധി ഇനങ്ങൾ കൃഷിചെയ്തിരുന്നു. ഇന്ന് റബ്ബർകൃഷി വ്യാപകമായതോടു കൂടി മരച്ചീനികൃഷി വളരെ കുറഞ്ഞുകൊണ്ടിരിക്കുന്നു. 95 ഹെക്ടറിൽ ഇന്ന് മരച്ചീനികൃഷി ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു (2.76%). നെൽപ്പാടങ്ങൾ തോണ്ടിയും ആദ്യ രണ്ടുവർഷങ്ങളിൽ റബ്ബറിന് ഇടവിളയായും ഇന്ന് മരച്ചീനി കൃഷിചെയ്യപ്പെടുന്നു.

**മറ്റുകിഴങ്ങുവർഗ്ഗങ്ങൾ:**

ചേന, കാച്ചിൽ, മധുരക്കിഴങ്ങ്, ശീമക്കിഴങ്ങ്, ചെറുകിഴങ്ങ് മുതലായ കിഴങ്ങുവർഗ്ഗങ്ങൾ മുൻകാലങ്ങളിൽ കൃഷി ചെയ്യപ്പെട്ടിരുന്നു. ചേന, കാച്ചിൽ, ചേമ്പ് എന്നിവ ഇന്നും സാമാന്യമായ തോതിൽ കൃഷി ചെയ്യപ്പെടുന്നു. ബാക്കിയുള്ളവ മിക്കവാറും നാമാവശേഷമായിരിക്കുന്നു.

**ഔഷധസസ്യങ്ങൾ:**

സമഗ്രമായ ഒരു ഔഷധസസ്യ

കൃഷി ഇനിയും പഞ്ചായത്തുപ്രദേശത്ത് ആരംഭിച്ചിട്ടില്ല. 2 ഹെക്ടർ പ്രദേശത്ത് ഇന്ന് ഔഷധ സസ്യകൃഷി ഉള്ളതായി കണക്കാക്കുന്നു. വിപുലമായ സാധ്യതകൾ ഉള്ള ഒരു കൃഷിയാണിത്. നമ്മുടെ മണ്ണിൽ നന്നായികൃഷി ചെയ്യാവുന്നതായി കച്ചോലം, തിപ്പലി, കോലിഞ്ചി, കൊടുവേലി, ചിറ്റരത്ത, നാഗദന്തി, ശതാവരി, കസ്തൂരിമഞ്ഞൾ, അടപൊതിയൻ, ചിറ്റമൃത്, ആടലോടകം തുടങ്ങിയ ധാരാളം ഇനങ്ങളുണ്ട്.

### ഇഞ്ചി:

ഏകദേശം 25 ഹെക്ടർസ്ഥലത്ത് വർഷംതോറും ഇഞ്ചി കൃഷിചെയ്യപ്പെടുന്നു. മുൻകാലങ്ങളിൽ ഇഞ്ചികൃഷി സാമാന്യം നല്ലനിലയിൽ നടന്നുവന്നിരുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. മിക്കവാറും എല്ലാവീടുകളിലും തന്നെ വളരെ ചെറിയ തോതിലെങ്കിലും ഇഞ്ചികൃഷി വയലുകളിലേക്കു മാറിയിരിക്കുന്നു. വില സ്ഥിരതയില്ലായ്മ പലപ്പോഴും ഇഞ്ചികൃഷിയെ ദോഷകരമായി ബാധിക്കുന്നു. ജൈവവളപ്രയോഗത്തിൽ കുറവു വരികയും രാസവളപ്രയോഗം കൂടുകയും ചെയ്ത സാഹചര്യത്തിൽ രോഗ സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്.

### ഉദ്യാനകൃഷി:

മൊത്തം കൃഷിഭൂമിയുടെ 0.11% ഭാഗത്ത് (ഏകദേശം 4 ഹെക്ടർ) മാത്രമേ ഇന്ന് ഉദ്യാനകൃഷി നടക്കുന്നുള്ളു. വർഷത്തിന്റെ എല്ലാക്കാലത്തും ലഭ്യമാകും എന്ന ഉറപ്പിന്റെ അഭാവത്തിൽ, തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന പൂക്കൾ വാങ്ങി വില്പന നടത്താൻ വ്യാപാരികൾ മടികാണിക്കുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ഉല്പന്നങ്ങളെയാണ് വ്യാപാരികൾ ആശ്രയിക്കുന്നത്. കുറേക്കൂടി സമഗ്രവും ആസൂത്രിതവുമായ വികസനം ഉദ്യാനകൃഷിരംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. വിപുലമായ സാദ്ധ്യതകൾ ഉള്ള ഒരു കൃഷിയാണിത്.

### തേക്ക്:

മുൻകാലങ്ങളിൽ സ്വകാര്യഭൂമികളിൽ വിപുലമായ തേക്കുകൃഷി നടന്നിരുന്നില്ല. മറ്റു വൃക്ഷവിളകളോടൊപ്പം നട്ടുപിടിപ്പിച്ചിരുന്ന തേക്കുകൾ നാട്ടിൽ എല്ലാഭാഗങ്ങളിലും ഉണ്ടായിരുന്നു. 1960കളിൽ റിസർവ് വനങ്ങൾ വെട്ടിത്തെളിച്ച് വനം വകുപ്പിന്റെ ഉടമസ്ഥതയിൽ തേക്കുകൃഷി ആരംഭിച്ചു. ഇന്ന് ഈ പഞ്ചായത്തിൽപ്പെട്ട 160 ഓളം ഹെക്ടർ വനഭൂമിയിൽ തേക്കുകൃഷി നിലവിലുണ്ട്. ഇന്ന് സ്വകാര്യമേഖലയിലും തേക്കുകൃഷി കൂടുതൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. മൊത്തം കൃഷിഭൂമിയുടെ 0.72% സ്ഥലത്ത് (25 ഹെക്ടർ) തേക്കുകൃഷി നിലവിലുണ്ട്. തനിവിളയായും തേക്ക് നട്ടുപിടിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്.

### മാഞ്ചിയം:

കൃഷിരംഗത്ത് ഒരു പുത്തൻപ്രവണതയാണ് മാഞ്ചിയം. ഏകദേശം നാലു വർഷക്കാലം മാത്രമേ ആയിട്ടുള്ളൂ ഈ പഞ്ചായത്തിൽ മാഞ്ചിയംകൃഷി ആരംഭിച്ചിട്ട്. 10 ഓളം ഹെക്ടറിൽ ഇന്ന് മാഞ്ചിയം കൃഷി നിലവിലുണ്ട്. കുരുമുളക്വള്ളികൾ പടർന്നുകയറാൻ പറ്റിയ പ്രതലമുള്ള തടി ആയതിനാൽ ഒരു താങ്ങുവൃക്ഷമായും മാഞ്ചിയം നട്ടുപിടിപ്പിക്കുവാൻ കർഷകർ ആരംഭിച്ചിട്ടുണ്ട്.

### മിശ്രവിളകൾ:

മിശ്രവിളകളെ പ്രധാനമായി രണ്ടായി തരംതിരിക്കാം.

(1) മിശ്രമരങ്ങൾ (2) ആനുകാലിക മിശ്രവിളകൾ.

പണ്ടുകാലത്ത് ഇവ രണ്ടുംചേർന്ന് പഞ്ചായത്തിന്റെ ഭൂരിഭാഗം കൃഷിയിടങ്ങളും കയ്യടക്കിയിരുന്നു. തോട്ടവിളകൾ കൂടുതലായി രംഗത്തു വന്നതോടെ ഈ പ്രവണതയ്ക്ക് മാറ്റം വന്നുതുടങ്ങി. വൃക്ഷവിളകളുടെ കൂട്ടത്തിൽ മാവ്, പ്ലാവ്, വാളംപുളി, കുടംപുളി, ശീമപ്ലാവ്, ആഞ്ഞിലി, ചാമ്പ, പേര, സപ്പോട്ട, ആഞ്ഞിലി തുടങ്ങി ഒട്ടനവധി ഇനങ്ങൾ കൃഷിചെയ്യപ്പെടുന്നു. ആനുകാലിക മിശ്രവിളകളിൽ പയർ, മുതിര, കിഴങ്ങ്വർഗ്ഗങ്ങൾ മുതലായവയും കൃഷിചെയ്യപ്പെടുന്നു. കൃഷിഭൂമിയുടെ 5.1% സ്ഥലത്ത് (175 ഹെക്ടർ) മിശ്രവിളകൾ ഉള്ളതായി കണക്കാക്കുന്നു.

### കൈത:

5 ഹെക്ടർ സ്ഥലത്ത് കൈതകൃഷി നിലവിലുണ്ട്. മുള്ളുള്ളതും മുള്ളില്ലാത്തതുമായി രണ്ടിനങ്ങൾ നിലവിലുണ്ട്. ശാസ്ത്രീയമായ കൃഷിസമ്പ്രദായം കൈതകൃഷിയിൽ വലുതായൊന്നും കടന്നുവന്നിട്ടില്ല.

### കൊക്കോ:

1968–ൽ കൃഷിവകുപ്പ് വിതരണം ചെയ്ത കൊക്കോതൈ നട്ടുപിടിപ്പിച്ചാണ് പഞ്ചായത്തിൽ കൊക്കോകൃഷി ആരംഭിക്കുന്നത്. ആദ്യകാലങ്ങളിൽ താരതമ്യേന നല്ല വില കൊക്കോകായ്കൾക്ക് ലഭിച്ചിരുന്നു. 1975നുശേഷം വളരെ വ്യാപകമായി കൊക്കോകൃഷി ആരംഭിച്ചു. താമസിയാതെ കൊക്കോകായ്കൾക്ക് വിലയിടിവ് ഉണ്ടാവുകയും 1980–ഓടു കൂടി വിപണന സൗകര്യം തീർത്തും ഇല്ലാതാവുകയും ചെയ്തു. ഇന്ന് ഏകദേശം 5 ഹെക്ടർ സ്ഥലത്തു മാത്രമേ കൊക്കോകൃഷി നിലവിലുള്ളു.

### മൾബറി:

1990–ൽ ഖാദിബോർഡിന്റെ പ്രോത്സാഹനത്തോടുകൂടി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ മൾബറികൃഷിയും പട്ടുനൂൽപ്പുഴു വളർത്തലും ആരംഭിച്ചു. DFL (മുട്ട)യുടെ ലഭ്യതയ്ക്കുള്ള ബുദ്ധിമുട്ടും ഉല്പന്നവിപണനത്തിനുള്ള ബുദ്ധിമുട്ടും ആദ്യകാലങ്ങളിൽ അനുഭവപ്പെട്ടിരുന്നു. 1995–ൽ സെറിഫെഡ് രൂപീകൃതമായതോടുകൂടി കർഷകർക്ക് കുറച്ചുകൂടി ലാഭകരമായി മൾബറികൃഷി ചെയ്യുവാനുള്ള സാഹചര്യം നിലവിലുണ്ട്. ഏകദേശം 10 ഹെക്ടറിൽ ഇന്ന് മൾബറികൃഷി നിലവിലുണ്ട്. വളരെയേറെ സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ മൾബറികൃഷിക്കുണ്ട്. ആദ്യകാലങ്ങളിൽ വായ്പ എടുത്ത മൾബറികൃഷിചെയ്ത കർഷകർക്ക് കൃഷി ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴി

യാഞ്ഞ സാഹചര്യത്തിൽ കൃഷി മുടങ്ങിപ്പോകുകയും വായ്പതുക തിരികെ അടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. ജപ്തിഭീഷണിയിലാണ് ടി കർഷകർ ഇന്ന്.

## വളം:

രാസവളങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കാണാം. രജിസ്റ്റർചെയ്തു പ്രവർത്തിച്ചുവരുന്ന 9 സ്വകാര്യവളം വിതരണകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. കൂടാതെ 5 റബ്ബർ ഉത്പാദകസംഘങ്ങളും റബ്ബർകർഷകർക്ക് വളം വിതരണം ചെയ്തുവരുന്നു. ഏരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെവക ഒരു വളംഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്. (പട്ടിക - 3 കാണുക)

ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞു വരുന്നതായി കണ്ടുവരുന്നു. മണ്ണിരക്കമ്പോസ്റ്റുനിർമ്മാണ, ഉപയോഗരംഗങ്ങളിൽ ഈ പഞ്ചായത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ആ രംഗത്ത് സജീവമായി ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. (പട്ടിക - 4 കാണുക)

## കീടനാശിനികൾ:

രാസകീടനാശിനികളുടെ അമിതവും, അശാസ്ത്രീയവുമായ ഉപയോഗമാണ് ഇന്ന് പഞ്ചായത്തിൽ നിലവിലുള്ളത്. കീടശല്യം രൂക്ഷമാകാൻ ഇതും ഒരു കാരണമായി കണക്കാക്കപ്പെടുന്നു. പരമ്പരാഗതമായി ഉപയോഗിക്കപ്പെട്ടുവന്നിരുന്ന കീടനിയന്ത്രണമാർഗ്ഗങ്ങൾ മിക്കവാറും ഇന്ന് വിസ്മരിക്കപ്പെട്ടിരിക്കുന്നു. അവയെപ്പറ്റി പഠനം നടത്തുവാനും പുനരുദ്ധരിക്കുവാനും വേണ്ട നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഏകദേശം 2 ടൺ ഖരകീടനാശിനികളും, 200 ലിറ്റർ ദ്രവകീടനാശിനികളും ഇന്ന് ഈ പ്രദേശത്ത് പ്രതിവർഷം ഉപയോഗിക്കപ്പെടുന്നു. 20 ടൺ ചെമ്പു കലർന്ന കുമിൾനാശിനികളും ഉപയോഗിക്കപ്പെടുന്നുണ്ട്.

## കാർഷികോപകരണങ്ങൾ:

നെൽകൃഷിരംഗത്ത് ഇന്ന് നിലവിലുള്ള യന്ത്രവൽക്കരണം തികച്ചും അപര്യാപ്തമാണ്. യന്ത്രവൽക്കരണത്തോടൊപ്പം അഗ്രോക്ലിനിക്കുകളുടെ പ്രവർത്ത

പട്ടിക - 3
രാസവളങ്ങളുടെ ഉപയോഗം
(ആധാരം - കൃഷിഭവൻ രേഖകൾ)

| വർഷം | നൈട്രജൻ (ടൺ) | ഫോസ്ഫറസ് (ടൺ) | പൊട്ടാസ്യം (ടൺ) | മഗ്നീഷ്യം (ടൺ) |
|---|---|---|---|---|
| 1991 | 90 | 80 | 75 | 5 |
| 1992 | 95 | 77 | 73 | 4 |
| 1993 | 104 | 108 | 86 | 6 |
| 1994 | 114 | 117 | 100 | 7.5 |
| 1995 | 126 | 122 | 120 | 7 |
| 1996 | 134 | 126 | 122 | 7.2 |

പട്ടിക - 4
ജൈവവളങ്ങളുടെ ഉപയോഗം
(അവലംബം - പഠനപര്യടനസംഘം സർവ്വേ)

| വർഷം | ചാണകം (ടൺ) | ചാരം (ടൺ) | പച്ചില (ടൺ) | പിണ്ണാക്ക് എല്ലുപൊടി സ്റ്റെറാമിൽ (ടൺ) | കമ്പോസ്റ്റ് (ടൺ) |
|---|---|---|---|---|---|
| 1991 | 15000 | 200 | 5050 | 35 | 250 |
| 1992 | 13000 | 180 | 5000 | 30 | 240 |
| 1993 | 14000 | 175 | 4800 | 28 | 225 |
| 1994 | 13500 | 170 | 4500 | 35 | 230 |
| 1995 | 12250 | 160 | 4250 | 32 | 215 |
| 1996 | 12000 | 150 | 4020 | 30 | 200 |

പട്ടിക - 5
(അവലംബം - കൃഷിഭവൻ രേഖ, പഠനപര്യടനസംഘം സർവ്വേ)

| ഉപകരണം | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മൈക്രോൺ സ്പ്രേയർ | തെങ്ങുകയറ്റ യന്ത്രം |
|---|---|---|---|---|---|---|---|
| എണ്ണം | 1 | 2 | 65 | 125 | 74 | 4 | 4 |

നവും ഉണ്ടാകേണ്ടിയിരിക്കുന്നു.

## പാടശേഖരസമിതികൾ:

രജിസ്റ്റർ ചെയ്ത 12 പാടശേഖരസമിതികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഏറെക്കുറെ നിർജ്ജീവാവസ്ഥയിലാണ്. കൃഷിഭവന്റെ മേൽനോട്ടത്തിൽ അടിയന്തിരമായി പാടശേഖരസമിതികൾ പുനഃസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. (പട്ടിക-6 കാണുക)

## കൂലിനിരക്ക്:

കാർഷികമേഖലയിൽ കൃഷിയിൽ നിന്നുള്ള വരുമാനവുമായി പൊരുത്തപ്പെടാത്ത കൂലിനിരക്കുകളാണ് ഇന്ന് നിലവിലുള്ളത്. വർഷത്തിൽ രണ്ടു പ്രാവശ്യംവരെ കൂലിനിരക്കുകൾ വർദ്ധിച്ചു വരുന്ന പ്രവണതയാണിന്ന്. കാർഷികോല്പന്നങ്ങളിൽ പലതിനും വിലയിടിഞ്ഞു വരുന്ന പ്രവണതയും നിലവിലുണ്ട്. കാർഷികമേഖലയിലെ കൂലിനിരക്കുകൾ ഏകീകരിക്കുകയും കാർഷികവരുമാനത്തിന് ആനുപാതികമായി നിജപ്പെടുത്തുകയും വേണം.

## കാർഷികവായ്പ:

വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് ആവശ്യമായ കാർഷികവായ്പ ലഭിക്കുവാൻ വേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്. കാർഷികവായ്പകൾ കാർഷികേതരാവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കപ്പെടുന്ന ഒരു അവസ്ഥ ഇന്നു നിലവിലുണ്ട്. അത് കർശനമായി ഒഴിവാക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി ഉണ്ടാകണം.

## നേഴ്സറികൾ:

20-ൽപരം റബ്ബർ നേഴ്സറികൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ ഒരു മിക്സഡ് നേഴ്സറി മാത്രമാണ് ആകെയുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. പഞ്ചായത്ത് പ്രദേശത്തേക്ക് ആകെ വേണ്ടിവരുന്ന തൈകളുടെയും വിത്തുകളുടെയും

പട്ടിക - 6
(അവലംബം - കൃഷിഭവൻ രേഖ)

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|---|
| 1 | തെക്കേവയൽ | 8.5 | നെല്ല് | നെല്ല് | പയർ, പച്ചക്കറി |
| 2 | വടക്കേവയൽ | 11 | നെല്ല് | നെല്ല് | പയർ, മരച്ചീനി |
| 3 | പടിഞ്ഞാറ്റിൻകര | 21.3 | നെല്ല് | നെല്ല് | പയർ, എള്ള് |
| 4 | മലയാംകുളം | 12 | നെല്ല് | നെല്ല് | പയർ |
| 5 | പത്തടി | 13 | നെല്ല് | നെല്ല് | മരച്ചീനി |
| 6 | തുമ്പോട് | 16.3 | നെല്ല് | നെല്ല് | പയർ, പച്ചക്കറി |
| 7 | ഭാരതീപുരം | 14 | നെല്ല് | നെല്ല് | പയർ, പച്ചക്കറി |
| 8 | ആർച്ചൽ | 17.5 | നെല്ല് | നെല്ല് | പയർ |
| 9 | മുഴതാങ്ങ് | 20 | നെല്ല് | നെല്ല് | പയർ, പച്ചക്കറി |
| 10 | ആയിരനെല്ലൂർ | 17.5 | നെല്ല് | നെല്ല് | പയർ, മരച്ചീനി |
| 11 | അയിലറ | 20 | നെല്ല് | നെല്ല് | ——— |
| 12 | പാണയം | 28.5 | നെല്ല് | നെല്ല് | പയർ, പച്ചക്കറി |

മൊത്തം എണ്ണം/അളവ് പഠനവിധേയമാക്കി ആവശ്യമായ തൈകൾ തദ്ദേശീയമായിത്തന്നെ ഉല്പാദിപ്പിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. തൈകളുടെയും വിത്തുകളുടെയും ഗുണനിലവാരം കർശനമായും ഉറപ്പുവരുത്തണം.

### കൃഷിഭവൻ:

1981 വരെ അഞ്ചൽ ഏലാവികസനഓഫീസിന്റെ പ്രവർത്തനപരിധിയിൽ ആയിരുന്നു ഏരൂർ പഞ്ചായത്തും. 1981–ൽ ജൂനിയർ അഗ്രികൾച്ചർ ഓഫീസറുടെ ഓഫീസ് ഏരൂരിൽ പ്രവർത്തനം ആരംഭിച്ചു. 1987 മുതൽ കൃഷിഭവൻ ഏരൂരിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ കൃഷിഓഫീസർ ഉൾപ്പെടെ 5 ജീവനക്കാരാണുള്ളത്. വിസ്തൃതമായ പഞ്ചായത്ത് ആയതിനാൽ കർഷകർക്ക് ആവശ്യമായത്ര സേവനം ലഭ്യമാക്കുവാൻ സ്റ്റാഫുകളുടെ എണ്ണം പര്യാപ്തമല്ല. പഴയ T&V സിസ്റ്റം വീണ്ടും വരേണ്ടതാവശ്യമാണ്.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷിചെയ്തുവരുന്ന ഒരു പഞ്ചായത്താണിത്. (പട്ടിക 7 കാണുക.)

1958, 59 വർഷവും അതിനുശേഷവുമായി നെൽകൃഷിക്കുള്ള ജലസേചനാർത്ഥം പഞ്ചായത്തിലെ വിവിധ തോടുകളിലായി 8 ചീപ്പുകൾ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത അണകളെല്ലാം തന്നെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. (പട്ടിക–8 കാണുക)

സ്പ്രിംഗ്ളർ ഇറിഗേഷൻ സൗകര്യം സ്വന്തമായുള്ള മൂന്നു കർഷകർ മാത്രമേ ഏരൂർ പഞ്ചായത്തിലുള്ളൂ.

ഡ്രിപ്പ് ഇറിഗേഷൻരംഗത്ത് കാര്യമായ പുരോഗതി ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. 1/2 മുതൽ 2 H.P. വരെ ശേഷിയുള്ള പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്ന ഏതാനും കർഷകർ ഈ പഞ്ചായത്തിലുണ്ട്.

### തോടുകൾ, കുളങ്ങൾ:

ഏരൂർ പഞ്ചായത്തുപ്രദേശത്ത് സ്ഥിരം നീരൊഴുക്കുള്ള 31 കി.മീ. തോടു

പട്ടിക - 8 **ചീപ്പുകൾ**

(അവലംബം - മൈനർ ഇറിഗേഷൻ വകുപ്പുരേഖകൾ)

| ക്രമ നമ്പർ | അണയുടെ പേര് | പൂർത്തിയായ വർഷം | ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | പത്തടിക്രോസ്ബാർ | 1959 | 15 |
| 2 | മണ്ണൂവയൽക്രോസ്ബാർ | 1961 | 25 |
| 3 | തോലൂർക്രോസ്ബാർ | 1962 | 16.04 |
| 4 | തെക്കേവയൽക്രോസ്ബാർ | 1962 | 2.21 |
| 5 | നെടുവന്നൂർക്രോസ്ബാർ | 1963 | 2.33 |
| 6 | തൃക്കോയിക്കൽക്രോസ്ബാർ | 1963 | 13.39 |
| 7 | അയിലറഏലാക്രോസ്ബാർ | 1962 | 34.42 |
| 8 | ആയിരനല്ലൂർക്രോസ്ബാർ | 1967 | 19.97 |

പട്ടിക - 7

മഴയുടെ അളവ് (മില്ലിമീറ്ററിൽ)

(അവലംബം - CESS)

| വർഷം | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 40.2 | 0.0 | 48.7 | 19.7 | 476.62 | 366.4 | 410.4 | 124.8 | 65.4 | 422.3 | 280.4 | 2.2 |
| 1991 | 7.6 | 0.0 | 116.8 | 115.8 | 94 | 892.7 | 386.4 | 148.6 | 66 | 237.6 | 394.4 | 0.0 |
| 1992 | 2.2 | 0.0 | 0.0 | 45.8 | 379.6 | 614.6 | 465.2 | 242.4 | 319 | 686 | 468.6 | 0.0 |
| 1993 | 0.0 | 84.6 | 19.8 | 185.6 | 267.6 | 480.8 | 384.4 | 89.6 | 61.4 | 415.3 | 250.3 | 28 |
| 1994 | 0.0 | 128.8 | 11.2 | 160 | 181 | 501 | 352 | 440.6 | 189.2 | 436.4 | 143.8 | 10 |
| 1995 | 20 | 0.0 | 136.4 | 216.4 | 292.2 | 284.4 | 435.4 | 253.4 | 260 | 211.6 | 250.2 | 0 |
| 1996 | 16.6 | 38.2 | 159.6 | 66 | 377.2 | 299.2 | 223.4 | 215 | 314.4 | 73 | — | — |

പട്ടിക - 10

ഇറിഗേഷൻ തോടുകൾ (അവലംബം - മൈനർ ഇറിഗേഷൻ വകുപ്പുരേഖകൾ)

| ക്രമനമ്പർ | തോടിൻെറ പേര് | ആകെ നീളം (മീറ്റർ) | ശരാശരി വീതി (മീറ്റർ) | സംരക്ഷിക്കപ്പെട്ട നീളം (മീറ്റർ) |
|---|---|---|---|---|
| 1 | തൃക്കോയിക്കൽ തോട് | 5100 | 3.5 | 155 |
| 2 | ആയിരനല്ലൂർ തോട് | 1980 | 2.0 | 600 |
| 3 | കോത്തല-തൊണ്ടിയറ തോട് | 2800 | 3.0 | 150 |
| 4 | ഓലിയരുവി തോട് | 1950 | 4.0 | 500 |

കളും വേനൽക്കാലത്ത് വരണ്ടുപോകുന്ന 54 കി.മീ. തോടുകളുമുണ്ട്. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഇടതുകര കനാൽ 10 കി.മീ. നീളത്തിൽ ഏരൂർ പഞ്ചായത്തുപ്രദേശത്തുകൂടി കടന്നുപോകുന്നു. (പട്ടിക-9, 10, 11 കാണുക)

11 ചിറകൾ ഭാഗികമായി പ്രവർത്തനക്ഷമമായി പഞ്ചായത്തിൽ നിലവിലുണ്ട്. അവയെല്ലാംതന്നെ ഏരൂർ വില്ലേജിലാണ്. ആയിരനല്ലൂർ വില്ലേജിൽ ജലസേചനാർത്ഥം ചിറകൾ ഒന്നും തന്നെ നിലവിലില്ല. പഞ്ചായത്തിലൂടെ 31 കിലോമീറ്റർ വറ്റാത്ത തോടുകൾ ഒഴുകുന്നതിൽ 11.83 കിലോമീറ്റർ തോടുകൾ ജലസേചനത്തിനുവേണ്ടി ഉപയുക്തമാണ്. മൈനർ

പട്ടിക - 9

കുളങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | കുളം | വാർഡ് | വില്ലേജ് |
|---|---|---|---|
| 1 | അണുങ്ങൂർ | I | ഏരൂർ |
| 1 | കൊഴയ്ക്കാട് | V | ഏരൂർ |
| 1 | ഏരൂർ | IV | ഏരൂർ |
| 1 | കിട്ടൻകോണം | X | ഏരൂർ |
| 1 | ആശ്രമക്കുളം | X | ഏരൂർ |
| 1 | വരിക്കോലിൽ | III | ഏരൂർ |
| 1 | തൃക്കോയിക്കൽ | II | ഏരൂർ |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | അടങ്കൽതുക രൂപ |
|---|---|---|---|
| 1 | ഏരൂർപഞ്ചായത്തിൽ കറ്റിട്ടഏലാതോടിന്റെ പുനരുദ്ധാരണപണികൾ | —— | 3,98,288.00 |
| 2 | കിട്ടൻകോണംഏലായുടെ പുനരുദ്ധാരണപണികൾ | —— | 2,00,000.00 |
| 3 | അയിലറഏലായുടെ പുനരുദ്ധാരണപണികളും ക്രോസ്ബാറുകളുടെ അറ്റകുറ്റപണികളും | 40 ഹെക്ടർ | 9,50,000.00 |
| 4 | F.D ഏരൂർപഞ്ചായത്തിൽ അയിലറഏലാതോടിന്റെ സംരക്ഷണപണികൾ | —— | 2,00,000.00 |

പട്ടിക - 11

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിടജലസേചനപദ്ധതികൾ

(അവലംബം - മൈനർ ഇറിഗേഷൻ വകുപ്പ് )

ഇറിഗേഷൻ സ്കീമിൽപ്പെട്ട പദ്ധതികൾ പൊതുവേ കർഷകർക്കു വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല എന്ന് ആരോപണമുണ്ട്. അവയുടെ പരാജയ കാരണങ്ങൾ താഴെ വിവരിക്കുന്നു.

1. തോടിന്റെ സൈഡ് സംരക്ഷണ പണികൾ ഇടിഞ്ഞുപോകുന്നതിനുള്ള പ്രധാന കാരണങ്ങൾ, തോടുകളിൽ നിന്നുള്ള വ്യാപകമായ മണൽവാരലും സൈഡിലെ കെട്ടിളക്കിയുള്ള മീൻപിടിത്തവും വെള്ളം

കെട്ടി നിൽക്കുന്ന ഭാഗങ്ങളിൽ സ്ഫോടക വസ്തുക്കൾ പൊട്ടിച്ച് മീൻപിടിക്കുന്നതു മാണ്.

2. ജലസേചനാർത്ഥം നിർമ്മിക്കുന്ന തടയണകളുടെ ഷട്ടറുകൾ സമീപത്തു താമസിക്കുന്ന കർഷകരേയോ, ഏലാവികസനസമിതിയേയോ ഏല്പിക്കുന്നതാണ് പതിവ്. എന്നാൽ കർഷകരോ, ഏലാസമിതിയോ സമയാസമയങ്ങളിൽ ഷട്ടർപലക ഉപയോഗിക്കുന്നതിനോ, സംരക്ഷിക്കുന്നതിനോ വേണ്ടത്ര താല്പര്യം കാണിക്കാറില്ല. പലകകൾ നിക്ഷേപിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ അപ്രത്യക്ഷമാവുന്നതായാണ് കണ്ടുവരുന്നത്.

3. തോടിന്റെ വീതി കുറയുന്നതും, തന്മൂലം ജലനിർഗ്ഗമനശേഷി കുറയുന്നതും വെള്ളപ്പൊക്കക്കെടുതി ഉണ്ടാകുന്നതിനു കാരണമാകുന്നു.

## മണ്ണ് – ജലസംരക്ഷണം:

ഏരൂർ പഞ്ചായത്തിന്റെ വടക്കു കിഴക്കുഭാഗങ്ങളിൽ 1960 കളുടെ മദ്ധ്യകാലത മൂലം കുറഞ്ഞുപോയി. 1970-കളിൽ വെള്ളപ്പൊക്കക്കെടുതികൾ സാധാരണ സംഭവമായിരുന്നു. 1975, 76, 77 കാലഘട്ടങ്ങളിൽ പതിച്ചുകൊടുത്ത വനഭൂമിയിൽ കോണ്ടൂർ കല്ലുകെട്ടുനിരകൾ നിർമ്മിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. പട്ടയംകൊടുത്ത ഭൂമിയിൽ ഭൂരിഭാഗവും റബ്ബർകൃഷി നടക്കുകയും, മിക്കവാറും കോണ്ടൂർ പ്ലാറ്റ്ഫോമുകൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ മണ്ണൊലിപ്പ് ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുണ്ട്.(പട്ടിക-12കാണുക)

പട്ടിക – 12

മണ്ണുസംരക്ഷണം (അവലംബം – കൃഷിഭവൻ രേഖ)

| പദ്ധതിയുടെ പേര് | പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം | അടങ്കൽതുക രൂപ | മൊത്തം ഗുണ ഭോക്താക്കൾ | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട പ്രദേശത്തിന്റെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണ ഭോക്താക്കൾ | ചെലവായ തുക (രൂപ) | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|
| ദേശീയ നീർമറി വികസന പദ്ധതി | 600 ഹെക്ടർ | 9.6 ലക്ഷം | 2200 | 1990 - `91 | 1995 - `96 | 480 ഹെക്ടർ | 1150 | 9.6 ലക്ഷം | ചെക്കുഡാമുകളുടെ നിർമ്മാണം കോണ്ടൂർ വെജിറ്റേറ്റീവ് ഹെഡ്ജസ് മുതലായ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. |

ഘട്ടംവരെ സമൃദ്ധമായ റിസർവ്വനങ്ങളുണ്ടായിരുന്നതായി നേരത്തേ പരാമർശിക്കപ്പെട്ടു[illegible]ല്ലാ. എന്നാൽ എണ്ണപ്പന, റബ്ബർ തോട്ടങ്ങൾ എന്നിവ നട്ടുപിടിപ്പിക്കാനും ഭൂരഹിതരായ ആളുകൾക്ക് പതിച്ചു[illegible]ക്കുവാനുമായി വ്യാപകമായ വന[illegible]രണം 1965 – ഓടുകൂടി നടക്കുകയുണ്ടായി. ഇത് വ്യാപകവും ഗുരുതരമായ മണ്ണൊലിപ്പിലേക്ക് നയിച്ച തോടുകളുടെ ആഴവും

## പ്രശ്നങ്ങൾ:

1. കർഷകതൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ്. കാർഷികേതര തൊഴിലുകളിൽ കൂടുതൽ വേതനം ലഭിക്കുന്നതുകൊണ്ട് ആ രംഗങ്ങളിലേക്ക് കൂടുതൽ തൊഴിലാളികൾ ആകർഷിക്കപ്പെടുന്നു.

2. കൃഷിച്ചെലവിന് ആനുപാതികമായ വില ഇന്ന് ലഭിക്കുന്നില്ല.

3. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.

4. വനവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ കാട്ടുപന്നിയുടെ വിളനശീകരണംമൂലം ഏകദേശം 10 ലക്ഷം രൂപയുടെ വാർഷികവിള നഷ്ടമുണ്ടാക്കുന്നു. (2, 7, 10, 11, 12, 13 വാർഡുകൾ)

5. റബ്ബർതോട്ടങ്ങളുടെ സാമീപ്യം നെൽപ്പാടങ്ങളിലെ വിളവിനെ ദോഷകരമായി ബാധിക്കുന്നു.

6. അമിതവും അശാസ്ത്രീയവുമായ രാസകീടനാശിനികളുടെ ഉപയോഗംമൂലം എതിർ പ്രാണികളുടെ നാശം വിളവിനെ ദോഷകരമായി ബാധിക്കുന്നു.

7. കൃഷിഓഫീസിൽ നിന്നും അഗ്രികൾച്ചർ ഡെമോൺസ്ട്രേറ്റർമാർക്ക് എല്ലാ കൃഷിസ്ഥലങ്ങളും സന്ദർശിക്കുവാൻ സാധിക്കുന്നില്ല.

8. കൃഷിവികസനഓഫീസിൽ ആവശ്യമായ ക്ലറിക്കൽസ്റ്റാഫില്ലാത്തതുമൂലം പ്രവർത്തനം തൃപ്തികരമല്ല.

9. നെല്ലുൽപാദകസമിതി ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നില്ല.

10. കാർഷികവികസനവുമായി ബന്ധപ്പെട്ട ധനസഹായവും ലോണും അനർഹമായ കൈകളിൽ എത്തിച്ചേരുകയും ദുർവിനിയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു.

11. തെങ്ങിൻതൈ, മുതലായ തൈകളും വളവും യഥാസമയം ലഭിക്കാത്തതുമൂലം ഉപയോഗിക്കപ്പെടാതെപോകുന്നു.

12. നമ്മുടെ പഞ്ചായത്ത് റബ്ബർ, നാണ്യവിള മേഖലയായി തരംതിരിക്കപ്പെട്ടിരിക്കുന്നതിനാൽ കേരകൃഷിക്കുള്ള പല ആനുകൂല്യങ്ങളും കർഷകർക്ക് ലഭിക്കുന്നില്ല.

13. കുരുമുളക്കൊടികളുടെ വാട്ടരോഗം.

14. ആദ്യകാലത്ത് മൾബറികൃഷിനടത്തിയ പല കർഷകരും ജപ്തിഭീഷണിയിലാണ്.

15. കാലാവസ്ഥയിൽ പ്രവചനാതീതമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

16. കാർഷികമേഖലയിൽ പല സ്ഥലങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

17. **ഇറിഗേഷൻ തോടുകളിലെ മണൽ വാരൽ, മീൻപിടിക്കാൻവേണ്ടിയുള്ള സ്ഫോടകവസ്തുക്കളുടെ ഉപയോഗം** ഇവ കര ഇടിഞ്ഞുപോകാൻ കാരണമാകുന്നു. സൈഡ്കെട്ട് ഇടിച്ച് മീൻപിടിക്കുന്നു.

18. തടയണകളുടെ ഷട്ടർ പലകകൾ സൂക്ഷിക്കുവാനുള്ള സംവിധാനമില്ല.

19. എല്ലാത്തരം വിളനാശങ്ങൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഇന്ന് ലഭ്യമല്ല.

## പരിഹാരനിർദ്ദേശങ്ങൾ:

(അവലംബം - ഗ്രാമസഭാറിപ്പോർട്ടുകൾ)

1. നെൽകൃഷിരംഗത്ത് വ്യാപകമായ യന്ത്രവൽക്കരണം ഉണ്ടാകണം. ഓരോ പാടശേഖരസമിതിക്കും സ്വന്തമായി സമിതിയുടെ പ്രവർത്തനപരിധിയിൽ വരുന്ന ഭൂവിഭാഗത്തിലെ പണികൾ ചെയ്തു തീർക്കുവാൻ ആവശ്യമായ ട്രാക്ടർ അഥവാ ട്രില്ലർ, കൊയ്ത്ത്-മെതി യന്ത്രങ്ങൾ ലഭ്യമാക്കണം.

2. യാതൊരു അടിസ്ഥാനവുമില്ലാതെ അടിയ്ക്കടി ഉണ്ടാകുന്ന വേതനവർദ്ധന ഒഴിവാക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കണം. നെൽകൃഷിക്ക് വർദ്ധിച്ച സബ്സിഡി ലഭ്യമാക്കണം.

3. കർഷകതൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ കാർഷികമേഖലയിൽതന്നെ തൊഴിൽ ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുക.

4. നെൽവിത്ത്, വളം ഇവ കർഷകർക്ക് സൗജന്യനിരക്കിൽ നൽകുക. നെൽകൃഷി ലാഭകരമാക്കാൻ പര്യാപ്തമായ സബ്സിഡി നൽകുക.

5. വനംവകുപ്പ്, കാട്ടുമൃഗങ്ങൾക്ക് തകർക്കാൻപറ്റാത്ത വേലികൾ നിർമ്മിച്ച് കാട്ടുപന്നികളിൽ നിന്നും വിളകൾ സംരക്ഷിക്കുക.

6. നെൽപ്പാടങ്ങളിൽ നിന്നും കുറഞ്ഞത് 15 അടി അകലത്തിൽ മാത്രം റബ്ബർകൃഷി ചെയ്യുന്നതിന് നിയമനിർമ്മാണം നടത്തി നെൽകൃഷി സംരക്ഷിക്കുക.

7. രാസകീടനാശിനികൾ പരമാവധി കുറച്ച്, ജൈവകീടനാശിനികൾ കൂടുതൽ വിതരണം ചെയ്യുക. പരമ്പരാഗത കീടനിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റി പഠനം നടത്തുക.

8. ആഴ്ചയിൽ ഒരുതവണയെങ്കിലും ഓരോകൃഷിയിടവും സന്ദർശിക്കുവാൻ വേണ്ട എണ്ണം അഗ്രികൾച്ചർ ഡമോൺസ്ട്രേറ്റർമാരെ നിയമിക്കണം. കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ ക്ലറിക്കൽ സ്റ്റാഫുകളെ നിയമിക്കണം.

9. നെല്ല് ഉല്പാദകസമിതികൾ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

10. കാർഷികാവശ്യങ്ങൾക്കു നൽകുന്ന ധനസഹായം, വായ്പ ഇവ അതിനു വേണ്ടി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക.

11. തൈകളും വളവും അനുയോജ്യമായ കാലാവസ്ഥയിൽതന്നെ വിതരണം ചെയ്യണം.

12. ഭാഗികമായി നാണ്യവിളമേഖലയാണെങ്കിലും 505 ഹെക്ടർ പ്രദേശത്ത് തെങ്ങു കൃഷി ഉള്ളതിനാൽ അർഹമായ ഒരു ആനുകൂല്യവും നിഷേധിക്കാതിരിക്കുക.

13. കുരുമുളക്കൊടിയുടെ വാട്ടരോഗം നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കണം. സ്പൈസസ് ബോർഡിന്റെ പ്രവർത്തനം ഇവിടെ വ്യാപകമാവണം.

14. പ്രതികൂലസാഹചര്യങ്ങളിൽ മൾബറി കൃഷിചെയ്തു ജപ്തിഭീഷണി നേരിടുന്ന കർഷകരെ ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കുക.

15. പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

16. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ മണ്ണെണ്ണ, ഡീസൽ പമ്പുസെറ്റുകൾ ജലസേചനാർത്ഥം കർഷകർക്ക് നൽകുവാൻ സഹായം ചെയ്യുക.

17. ഇറിഗേഷൻതോടുകളിൽ മണൽവാരുന്നതും സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് മീൻപിടിക്കുന്നതും, സൈഡ്കെട്ടി

പട്ടിക-13

| ക്രമ നമ്പർ | തോട് | വാർഡ് |
|---|---|---|
| 1 | മണ്ണൂവയൽതോട്, ഏലാമുറ്റംതോട് | I |
| 2 | അടപ്പുപാറ മുതൽ മണ്ണൂവയൽ വരെ | II |
| 3 | ജന്മിക്കോണം മുതൽ മൂലക്കുഴി വരെ | III |
| 4 | വടക്കേവയൽ, കണ്ണമംഗലം, തെക്കേവയൽ | IV |
| 5 | ഓലിയരിക് മുതൽ ആർച്ചൽ വരെ | VI |
| 6 | അണ്ടത്തൂർ | VII |
| 7 | മുഴതാങ്ങു മുതൽ അയിലറ വരെ, അയിലറ മുതൽ ഓലിയരിക് വരെ | VIII |
| 8 | പത്തടി, തോലൂർ ഏലാകളിലെ തോട് | IX |
| 9 | നീരാട്ടുതടം ഏലായിലെ തോടുകൾ | X |
| 10 | പഴയേരൂർ, കിട്ടൻകോണം ഏലാകളിലെ തോടുകൾ | X |
| 11 | തെക്കേകോണം മുതൽ വടക്കനെയം വരെ | XIII |
| 12 | ഈച്ചംകുഴി, ഊരാളിയഴികം തോട് | I |

ളക്കി മീൻ പിടിക്കുന്നതും പാടശേഖര സമിതികൾ ഫലപ്രദമായി തടയുക.

18. തടയണകളുടെ ഷട്ടർ പലകകൾ സൂക്ഷിക്കാനുള്ള ചുമതല പാടശേഖര സമിതി ഏറ്റെടുക്കുക.

19. എല്ലാത്തരം വിളനാശങ്ങൾക്കും ഇൻ ഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുക.

20. പട്ടിക-13 ൽ പറയുന്ന തോടുകൾ വീതി കൂട്ടി, വൃത്തിയാക്കി, സൈഡ് വരമ്പുകൾ ബലപ്പെടുത്തണം.

21. താഴെപ്പറയുന്ന ഏലാകൾക്ക് തലക്കുളം നിർമ്മിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുക.

22. കണ്ണങ്കരതാഴെ തോട്ടിൽ ജലസേചനത്തിനുവേണ്ട തടയണ നിർമ്മിക്കണം.

23. എല്ലാ വീടുകളോടും അനുബന്ധിച്ച് അടുക്കളത്തോട്ടം ഉണ്ടാ ക്കാൻ സഹായം നൽകണം.

24. ട്രാക്ടർ ചെന്നെത്താൻ വഴിയില്ലാത്ത ഏലാകളിലേക്ക് റോഡുവെട്ടണം.

25. ഓലിയരുകിൽ ചിപ്പു നിർമ്മിക്കണം. (വാർഡ് VI)

26. മണ്ണ്, ഇല പരിശോധനാ ലാബ്രട്ടറി ബ്ലോക്കുതലത്തിൽ ഒരെണ്ണം ഉണ്ടാക്കുകയും അതിന്റെ ആസ്ഥാനം ഏരൂർ ആയിരിക്കുകയും വേണം.

27. തുമ്പോട്, അയിലറ ഈ ഏലാകളിൽ

| ക്രമ നമ്പർ | ഏലായുടെ പേര് | വാർഡ് |
|---|---|---|
| 1 | ഏലാമുറ്റം ഏലാ | I |
| 2 | മേലെപാണയം ഏലാ | II |
| 3 | മുളവനക്കോണം ഏലാ | II |
| 4 | തെക്കേവയൽ ഏലാ | II |
| 5 | ഇൻമിക്കോണം ഏലാ | III |
| 6 | കണിയാൻകോണം ഏലാ | V |
| 7 | ഓലിയരിക് ഏലാ | VI |
| 8 | അണ്ടത്തൂർ ഏലാ | VII |
| 9 | ചാഴിക്കുളംഏലാ, വെള്ളൂർക്കോണം ഏലാ | VIII |
| 10 | അയിലറ(കുണ്ടറക്കോണം) ഏലാ | VIII |
| 11 | നടുവന്നൂർ ഏലാ | VIII |
| 12 | പത്തടി ഏലാ | IX |
| 13 | തോലൂർ ഏലാ | IX |
| 14 | കിട്ടൻകോണം ഏലാ | X |
| 15 | തുമ്പോട് ഏലാ | X |
| 16 | കൊച്ചുകുളം ഏലാ | XI |
| 17 | ഇളവറാംകുഴി ഏലാ | XII |
| 18 | ആയിരനല്ലൂർ ഏലാ | XIII |

ഒന്നിൽ സൗകര്യപ്രദമായ സ്ഥാനം കണ്ടുപിടിച്ച്, പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും മരമടി മഹോത്സവങ്ങൾ നടത്തുക.

28. അണുങ്ങൂർചിറയിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ്സെറ്റ് റിപ്പയറിംഗ് നടത്തി പ്രവർത്തനക്ഷമമാക്കുക.

29. പാടശേഖരസമിതികൾക്ക് പൊതുകൃഷിക്കളവും കൃഷിപ്പുരയും ഉണ്ടാക്കേണ്ടതാണ്.

30. 1987-ൽ നടപ്പാക്കിയ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം നെല്ല്ഉല്പാദന വർദ്ധന ലക്ഷ്യമാക്കി ആയിരുന്നു. ഇതു വിജയകരമാക്കുന്നതിന് പാടശേഖരസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

31. നിർദ്ദിഷ്ട തലക്കുളങ്ങൾ പൂർത്തിയാക്കി പാടശേഖരങ്ങളിൽ വ്യാപകമായി മൂന്നാംവിളയായി പച്ചക്കറി കൃഷിചെയ്യണം. ആദ്യം കൃഷി തുടങ്ങുന്ന അവസരത്തിൽ വിത്ത്, വളം, കീടനാശിനികൾ, സാമ്പത്തിക സഹായം എന്നിവ കൃഷിഭവനും പഞ്ചായത്തും സംയുക്തമായി വിതരണം ചെയ്യണം.

32. അടുക്കളത്തോട്ടങ്ങളും നിർദ്ദിഷ്ട രീതിയിൽ വ്യാപകമാക്കുന്ന അവസരത്തിൽ ആദ്യകൃഷിക്കുള്ള വിത്തുകൾ കൃഷിഭവൻ തന്നെവിതരണം ചെയ്യണം. അടുക്കളതോട്ടത്തിനും മൂന്നാം വിളകൃഷിക്കും തുടർന്നു വേണ്ട ഗുണനിലവാരമുള്ള വിത്തുകൾ പാടശേഖര സമിതികൾ സംഭരിച്ച് വിതരണം ചെയ്യേണ്ടതാണ്.

33. കാർഷികോല്പന്നങ്ങളുടെ സംഭരണ, സംസ്കരണ, വിതരണ ചുമതല ത്രിതല പഞ്ചായത്തുകൾ നിർവഹിക്കേണ്ടതാണ്.

34. കൂൺകൃഷി പരിശീലനം നൽകി കൃഷി വ്യാപകമാക്കണം. എണ്ണപ്പന ചകിരിയിൽ കൂൺ വളർത്തുന്ന ഒരു യൂണിറ്റുതന്നെ ഉണ്ടാക്കാവുന്നതാണ്.

35. ഓയിൽപാം ഇന്ത്യാ ലിമറ്റഡ്, R.P.L എന്നീ തോട്ടമേഖലകളിൽ തരിശായി കിടക്കുന്ന ചതുപ്പുകൾ വൈദ്യുതി ലൈനുകളുടെ കീഴിലുള്ള ഭാഗങ്ങൾ എന്നിവിടങ്ങളിൽ പച്ചക്കറികൃഷി നടത്തേണ്ടതാണ്.

36. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഓരോതരം വിളകൾക്ക് ഓരോപ്രായത്തിൽ ചേർ

ക്കേണ്ട രാസവളങ്ങളുടെ അനുപാതവും അളവും വളഡിപ്പോകളിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

37. തോടുകൾ, വരമ്പുകൾ, ഇവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തണം. തോടിന്റേയും, തോട്ടു വരമ്പിന്റേയും അതിർത്തി കർഷകരെ ബോധ്യപ്പെടുത്തുകയും ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുകയും വേണം.

38. തലക്കുളം നിർമ്മാണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ഉപയോഗം, സംരക്ഷണം ഇവയിൽ കർഷകർക്ക് താല്പര്യം വരുവാനും ഇതു സഹായിക്കും.

39. നെൽവിത്തിനങ്ങൾ ഉണക്കി സംഭരിക്കുന്ന ചുമതല പാടശേഖരസമിതികളെ ഏൽപ്പിക്കേണ്ടതാണ്. പുതിയ വിത്തിനങ്ങൾ കൃഷിഭവൻ മുഖേന അപ്പപ്പോൾ കർഷകരിൽ എത്തിക്കണം.

40. കൃഷിയോഗ്യമായ പാടങ്ങൾ കുഴിച്ച് ചെളിയെടുക്കുന്നത് കർശനമായി നിരോധിക്കണം. ആർച്ചൽ, മണ്ണാരത്ത് ഏലായിൽ നിലവിലുള്ള അപകടകരങ്ങളായ കുഴികൾ നികത്തി എടുക്കണം.

41. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ താഴെപ്പറയുന്ന രണ്ടു പദ്ധതികൾ വിശദപഠനം നടത്തി നടപ്പാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

a) K.I.Pയുടെ ഇടതുകരകനാലിൽ മണലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻവഴി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ജലം എത്തിക്കുവാൻ സാധിക്കും.

b) ചോഴിയക്കോട് മീൻമുട്ടിയാറിൽ പേപ്പർമിൽ ചപ്പാത്ത്ഭാഗത്ത് തടയണ നിർമ്മിച്ച് തോടുകൾ വഴി കുളത്തൂപ്പുഴ, ഏരൂർ, അലയമൺ, അഞ്ചൽ പ്രദേശങ്ങളിൽ ജലസേചനം നടത്തുക.

42. ജലമണ്ണുസംരക്ഷണത്തിനായി കോണ്ടൂർ ജൈവബണ്ടുകൾ, കാനക്കുഴികൾ, ഇവ നിർമ്മിക്കണം. തീറ്റപ്പുല്ല്, കറുവ, കൈത തുടങ്ങിയവ ജൈവബണ്ടുകളായി നട്ടുപിടിപ്പിക്കണം.

43. ശീമക്കൊന്നകൃഷി വ്യാപകമാക്കണം. ജൈവവളം, കുരുമുളക് വള്ളിക്ക് താങ്ങുവൃക്ഷം, കാലിത്തീറ്റ, വേലികൾക്ക് ഉത്തമം, തുടങ്ങി അനേകം ഗുണങ്ങളുള്ളതാണ് ശീമക്കൊന്ന.

44. മുള്ളുവേലികൾക്കു പകരം ജൈവവേലികൾ പ്രോത്സാഹിപ്പിക്കുക.

45. സ്പൈസസ് ബോർഡിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഊർജ്ജിതമാക്കണം.

46. ജൈവകീടനാശിനികൾ നിർമ്മിക്കാൻ, ആര്യവേപ്പ്, മരോട്ടി, കൃഷ്ണതുളസി തുടങ്ങിയവ കൂടുതൽ നട്ടുപിടിപ്പിക്കണം.

47. റോഡുകളിൽ തണൽവൃക്ഷങ്ങളായി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം.

48. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് കൃഷിഭവനിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം.

# 2

# മൃഗസംരക്ഷണം



കാർഷികഗ്രാമമായ ഏരൂർ പഞ്ചായത്തിൽ പ്രാഥമിക തൊഴിലായും കൃഷിയോടനുബന്ധിച്ചും പശു, കാള, ആട്, പോത്ത്, എരുമ എന്നീ മൃഗങ്ങളെ പ്രധാനമായും വളർത്തിവരുന്നു. സമൃദ്ധമായ വനവും മേച്ചിൽ സ്ഥലങ്ങളും ഉണ്ടായിരുന്ന നമ്മുടെ പഞ്ചായത്തിൽ കാലിവളർത്തലിന് അനേകവർഷത്തെ പഴക്കമുണ്ടെന്നു കാണാം. ജീവസന്ധാരണത്തിന് ഒരു മാർഗ്ഗമെന്നതു കൂടാതെ മുൻകാലങ്ങളിൽ സഞ്ചാരം, ചരക്കുഗതാഗതം എന്നിവയ്ക്കും കന്നുകാലികളെ ആണ് സാർവ്വത്രികമായി ഉപയോഗിച്ചിരുന്നത്. നമ്മുടെ നാട്ടിൽ നിന്ന് വില്ലുവണ്ടികൾ അപ്രത്യക്ഷമായെങ്കിലും ചുരുക്കമായെങ്കിലും കാളവണ്ടികൾ ഇന്നും അവശേഷിക്കുന്നുണ്ട്.

രണ്ടുദശകങ്ങൾക്കുമുമ്പു വരെ ബഹുഭൂരിപക്ഷവും നാടൻപശുക്കളും അപൂർവ്വമായി മാത്രം സിന്ധിപശുക്കളുമാണുണ്ടായിരുന്നത്. മിക്കവാറും ജന്മികുടുംബങ്ങളിൽ കൂട്ടത്തോടെ കന്നുകാലികളെ വളർത്തുന്ന ഒരു രീതി നിലവിൽ ഉണ്ടായിരുന്നു. പശുക്കുട്ടികളെ ഏറ്റുവളർത്തി ആദ്യത്തെ കറവയും കുട്ടിയേയും സ്വന്തമായി എടുത്തശേഷം രണ്ടാംപ്രസവത്തിനുതൊട്ടുമുമ്പായി ഉടമസ്ഥനു തിരിച്ചേൽപ്പിക്കുന്ന ഒരു സമ്പ്രദായവും നിലനിന്നിരുന്നു. അക്കാലത്ത് പാൽ വിപണനം പരിമിതമായിരുന്നു. മൃഗങ്ങളുടെ ചികിത്സാർത്ഥം 'കാളവൈദ്യന്മാർ' എന്നു നാട്ടിലറിയപ്പെട്ടിരുന്ന നാട്ടുചികിത്സകർ ആണ് ഉണ്ടായിരുന്നത്. ഫലപ്രദമായ പല ചികിത്സാരീതികളും അവർക്ക് അറിയാമായിരുന്നു എന്ന് എടുത്തുപറയേണ്ടതുണ്ട്.

ആടുവളർത്തൽ മുൻകാലങ്ങളിൽ താരതമ്യേന കുറവായിരുന്നു. പള്ളാട്, കോലാട്, വേലിയാട് എന്നിവയുടെ സങ്കരയിനങ്ങളെയാണ് പഴയകാലം മുതൽ നമ്മുടെ പഞ്ചായത്തിൽ വളർത്തിവരുന്നത്. പകൽസമയത്ത് വനങ്ങളിൽ മേയ്ച്ച് രാത്രിയിൽ പുരയിടങ്ങളിൽ കിടയിടുന്ന ആട്ടിൻകൂട്ടങ്ങൾ ഏകദേശം 30 വർഷം മുമ്പുവരെ ഉണ്ടായിരുന്നു. ഔഷധഗുണമുള്ള പാലായിരുന്നു ഇത്തരം ആടുകളുടേത്.

സമീപകാലത്തായി ആടുവളർത്തൽ കർഷകരിൽ വർദ്ധിച്ചുവരുന്നതായി കാണുന്നു. അജമാംസത്തിനു പ്രിയവും വിലയും വർദ്ധിച്ചതും ആടുവളർത്തൽ ആദായകരമായതുമാണ് കാരണം. വേഗത്തിൽ വളരുന്ന 'ജാമ്നാപാരി' എന്ന പുതിയ ഇനം ആടുണ്ടെങ്കിലും നമ്മുടെ നാട്ടിലെ കാലാവസ്ഥ ഈ ജനുസ്സിന്റെ വളർച്ചയ്ക്ക് അത്രത്തോളം അനുയോജ്യമല്ല.

യന്ത്രവൽക്കരണവും നെൽകൃഷിയുടെ കുറവും മൂലം ഉഴവുമാടു വളർത്തലും വണ്ടിക്കാള വളർത്തലും നാമമാത്രമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് എരുമ വളർത്തൽ വളരെ കുറഞ്ഞിട്ടുണ്ട്. നിലം ഉഴുന്നതിനുവേണ്ടി പോത്തുകൾ ഇന്നും വളർത്തപ്പെടുന്നുണ്ട്. എന്നാൽ പോത്തിൻ മാംസത്തിന് ഈ പ്രദേശത്ത് പ്രിയം കുറവാണ്.

ആദ്യകാലത്ത് നാടൻപശുക്കളെ മാത്രമാണ് ആശ്രയിച്ചിരുന്നത്, ഇപ്പോൾ 90% സങ്കരയിനങ്ങളെ വളർത്തുന്നു. പൂർണ്ണമായും അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിലൂടെ മാത്രമേ ഉത്പാദനച്ചെലവും ഉത്പാദനക്ഷമതയും തമ്മിൽ പൊരുത്തപ്പെടാനും പശു വളർത്തൽ ആദായകരമാക്കാനും കഴിയുകയുള്ളൂ. ഒരു പശുവിന്റെ പ്രതിദിന ശരാശരി ഉത്പാദനം ഇസ്രായേൽ എന്ന കൊച്ചുരാജ്യത്തിൽ 40 ലിറ്ററാണെന്നിരിക്കെ കേരളസംസ്ഥാനത്ത് 5.8 ശതമാനവും നമ്മുടെ പഞ്ചായത്തിൽ 5-ൽ താഴെ മാത്രവുമാണ്. 1970കളിൽ കുളത്തൂപ്പുഴയിൽ ഇൻഡോസിസ് പ്രോജക്ട് ആരംഭിച്ചതോടുകൂടി ബ്രൗൺ, സ്വിസ്, ജേഴ്സി മുതലായവയുടെ സങ്കരയിനങ്ങളെ വ്യാപകമായി വളർത്താൻ ആരംഭിക്കുകയും പാലുൽപാദനവും ഉപഭോഗവും ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ഇന്ന് തമിഴ്നാട്ടിൽ നിന്ന് എത്തുന്നതൊഴികെ നമ്മുടെ പഞ്ചായത്തിൽ നാടൻ പശുക്കൾ ഒന്നുംതന്നെയില്ല.

വൈക്കോലിന്റെ ലഭ്യതക്കുറവ്, തീറ്റപ്പുൽ കൃഷിചെയ്യാനുള്ള സ്ഥലപരിമിതി, പാലുൽപാദകനു ലഭിക്കുന്ന കുറഞ്ഞവില, വിസ്തൃതമായ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ചികിത്സാസൗകര്യങ്ങൾ എത്തിക്കാൻ കഴിയാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കാലിത്തീറ്റയുടെ വിലവർദ്ധനവ്, പശുക്കളെ ബാധിക്കുന്ന അകിടുവീക്കം, കുളമ്പുരോഗം, കാലിവസന്ത തുടങ്ങിയരോഗങ്ങൾ വായ്പകളുടെ അപര്യാപ്തത ഇൻഷ്വറൻസിനുവേണ്ടിവരുന്ന ഭീമമായ ചെലവ് എന്നിവയാണ് പശുവളർത്തൽ ലാഭകരമാക്കുന്നതിന് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.

മൃഗസംരക്ഷണവകുപ്പിന്റെ കണക്കുപ്രകാരം ഏരൂർ പഞ്ചായത്തിൽ ആകെ 5667 പശുക്കളും, 148 പോത്തു

കളും, 6071 ആടുകളും, 207 കാളകളും, 7384 നായ്ക്കളും ഉണ്ട്. വാർഡുതിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു. (പട്ടിക - 1 കാണുക)

ത്തിന്റെ പുറത്തേയ്ക്ക് കയറ്റി അയയ്ക്കുന്നു. 8-ാം വാർഡിൽ ഒരു ചെറിയ ക്ഷീരോൽപ്പന്നയൂണിറ്റു മാത്രമേയുള്ളൂ,

ക്ഷീരവികസനയൂണിറ്റ് ക്ഷീരസംഘങ്ങളിലൂടെ പുൽകൃഷി വികസനത്തിനുള്ള വിവിധ പരിപാടികളും സെമി

പട്ടിക - 1

## വളർത്തുമൃഗസംഖ്യ

| വാർഡ് | കാളനാടൻ | | പശുനാടൻ | | പശുസങ്കരം | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | കറവയുള്ളവ | കറവ ഇല്ലാത്തത് | കറവയുള്ളവ | കറവ ഇല്ലാത്തത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | 2 | 24 | 20 | 21 | 219 | 110 | 12 | 270 | 650 |
| II | 2 | 12 | 35 | 20 | 250 | 200 | 8 | 606 | 700 |
| III | 1 | 16 | 32 | 33 | 200 | 172 | 10 | 402 | 515 |
| IV | 2 | 18 | 20 | 25 | 215 | 151 | 6 | 300 | 540 |
| V | 2 | 12 | 20 | 10 | 180 | 60 | 5 | 465 | 320 |
| VI | 1 | 8 | 18 | 10 | 190 | 36 | 8 | 225 | 649 |
| VII | 2 | 16 | 30 | 14 | 300 | 76 | 7 | 510 | 400 |
| VIII | 1 | 12 | 50 | 22 | 400 | 180 | 16 | 915 | 700 |
| IX | 2 | 12 | 18 | 12 | 200 | 36 | 18 | 345 | 670 |
| X | 2 | 16 | 40 | 28 | 450 | 100 | 22 | 513 | 730 |
| XI | 2 | 18 | 60 | 28 | 600 | 110 | 20 | 986 | 640 |
| XII | 1 | 12 | 20 | 13 | 230 | 103 | 8 | 264 | 460 |
| XIII | 1 | 10 | 18 | 12 | 200 | 70 | 8 | 270 | 410 |
| ആകെ | 21 | 186 | 381 | 248 | 3634 | 1404 | 148 | 6071 | 7384 |

**അവലംബം - 1987ലെ സെൻസസ്**

അഞ്ചൽ ബ്ലോക്ക്ക്ഷീരവികസനയൂണിറ്റ് ആഫീസ് ഏരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എക്സറ്റൻഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു എക്സ്റ്റെൻഷൻ സർവ്വീസ് യൂണിറ്റ് ആരംഭിക്കുന്നതു നല്ലതായിരിക്കും. പഞ്ചായത്തിൽ 3 ക്ഷീരസംഘങ്ങൾ രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ ശേഖരിക്കുന്ന പാലിന്റെ 60% പഞ്ചായ

അതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. സംഘങ്ങൾ ഉത്പാദകന് നൽകുന്ന വിലയും വിപണനം നടത്തുന്ന വിലയും തമ്മിൽ കാര്യമായ അന്തരമുണ്ട്. കർഷകരിൽ നിന്ന് ലിറ്ററിന് പരമാവധി 8 രൂപ വിലയ്ക്കു വാങ്ങുന്ന പാൽ ക്ഷീരസംഘങ്ങൾ 12 രൂപയ്ക്കു വിൽക്കുന്നു. ഉത്പാദകനും ഉപഭോക്താവിനും ഇടയ്ക്ക് കൊള്ളലാഭമടിക്കുന്ന ഇടനിലക്കാരനായി ക്ഷീരസംഘങ്ങൾ മാറിയിരിക്കുന്നു.

നാറുകളും ചർച്ചാക്ലാസ്സുകളും കന്നുകാലി പ്രദർശനവും നടത്തിവരുന്നുണ്ട്. കൂടാതെ കർഷകസമ്പർക്കപരിപാടി, മാതൃകാക്ഷീരോല്പാദകയൂണിറ്റ്, മാതൃകാ കാലിത്തൊഴുത്ത്നിർമ്മാണം, ഹരിജനങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതി, ഗിരിജനക്ഷേമപദ്ധതി, ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണം, ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ് പദ്ധതി, കന്നുകാലിവർഗ്ഗോദ്ധാരണ പദ്ധതി എന്നിവയും നടത്തി

വരുന്നു. പഞ്ചായത്തിൽ രണ്ടോ മൂന്നോ ക്ഷീരസംഘങ്ങൾകൂടി രൂപീകരിക്കുന്നതിനുള്ള സാധ്യതയുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള ഒരു മൃഗാശുപത്രി ഏരൂ രിലും സബ്സെന്ററുകളായി ഓരോന്ന് വിളക്കുപാറയിലും ആർച്ചലും പ്രവർത്തിക്കുന്നു. കൃത്രിമബീജ സങ്കലത്തിനായി പരിശീലനം സിദ്ധിച്ച രണ്ടുപേർ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ ഏരൂർ ഗവണ്മെന്റ് ആശുപത്രിയെ മാത്രം ആശ്രയിക്കേണ്ടനിലയാണ്. വിസ്തൃതമായ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ചികിത്സ എത്തിക്കുന്നതിനും പകർച്ചവ്യാധികളെ ഫലപ്രദമായി തടയുന്നതിനും സാധിക്കുന്നില്ല. വളർത്തു മൃഗങ്ങളെ ബാധിച്ചിട്ടുള്ള വിവിധ രോഗങ്ങളെ സംബന്ധിക്കുന്ന പട്ടിക താഴെച്ചേർക്കുന്നു. (പട്ടിക - 2 കാണുക)

മാട്ടിറച്ചി ഇഷ്ടപ്പെടുന്ന ജനങ്ങളുടെ ഭക്ഷണാവശ്യത്തിനായി തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന മൃഗങ്ങളെ ആണ് പ്രധാനമായും ആശ്രയിക്കുന്നത്. അങ്ങനെയുള്ളവയിൽ രോഗം ബാധിച്ചവയും ഉൾപ്പെടാറുണ്ട്. ഏരൂർ പഞ്ചായത്തിൽ 7 മാട്ടിറച്ചി വിൽപ്പനകേന്ദ്രങ്ങളുണ്ട്. മാട്ടിറച്ചിയുടെ ഉപയോഗക്ഷമത പരിശോധിക്കാനുള്ള സംവിധാനമൊന്നും ഇവിടെയില്ല.

പട്ടിക - 2

## രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ദഹനസംബന്ധമായ<br>Digestive disorders | 880 | — | 675 | 6 | 891 |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 295 | 2 | 156 | — | 884 |
| 3 | ഉപാപചയസംബന്ധമായ<br>Metabolic diseases | 56 | — | — | — | — |
| 4 | ത്വക്ക്രോഗങ്ങൾ<br>Skin diseases | 88 | — | 12 | 24 | — |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Defficiancy diseases | 129 | — | 32 | — | 80 |
| 6 | പരാദരോഗങ്ങൾ<br>Parasitic diseases | 899 | — | 152 | — | 10 |
| 7 | പ്രത്യുൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 251 | 2 | 23 | — | — |
| 8 | വന്ധ്യത<br>Infertility | 28 | — | — | — | — |
| 9 | അകിടുവീക്കം<br>Mastitis | 83 | — | — | — | — |
| 10 | മുടന്തൻപനി<br>Ephemeral Fever | 123 | — | — | — | — |
| 11 | പകർച്ചവ്യാധികൾ<br>Contagious diseases | 15 | — | — | — | — |
| ആകെ | | 2847 | 4 | 1052 | 30 | 1865 |

കോഴിവളർത്തൽ സമീപകാലത്തായി കുറഞ്ഞുവരുന്നതായി കാണുന്നു. മുട്ടയ്ക്കും മാംസത്തിനും വേണ്ടി മുമ്പ് മിക്കവാറും എല്ലാ വീടുകളിലും നാടൻ കോഴികളെ വളർത്തിയിരുന്നു. അത്യുൽപാദനശേഷിയുള്ള ആസ്ട്രോവൈറ്റ്, വൈറ്റ്ലഗോൺ എന്നീ ഇനങ്ങളുടെ വരവോടെ കോഴികളുടെ എണ്ണം വർദ്ധിച്ചു. എന്നാൽ കോഴിവസന്തപോലുള്ള പകർച്ചവ്യാധികൾ കോഴിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സമീപകാലത്തായി പ്രചാരം സിദ്ധിച്ചുവരുന്ന അസാമാന്യവലിപ്പമുള്ള ഗിരിരാജാ കോഴികളോട് കർഷകർക്ക് പ്രിയമാണ്. ബ്രോയിലർ കോഴികളുടെ മാംസം കമ്പോളത്തിൽ സുലഭമാണെങ്കിലും നാടൻകോഴിയിറച്ചിയോടാണ് ഈ നാട്ടിലെ ജനങ്ങൾക്ക് പ്രിയം. പഞ്ചായത്തിൽ രണ്ട് പൗൾട്രിഫാം പ്രവർത്തിക്കുന്നുണ്ട്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും പകർച്ചവ്യാധികൾ ഫലപ്രദമായി തടയുകയും ചെയ്തില്ലെങ്കിൽ കോഴിമുട്ടയ്ക്കു വേണ്ടി തമിഴ്നാടിനെ ആശ്രയിക്കുന്ന ഇന്നത്തെ നില തുടരേണ്ടിവരും.

താറാവ് വളർത്തലിന് അനുയോജ്യമായ ജലാശയങ്ങൾ കുറവാണെങ്കിലും മൃഗസംരക്ഷണവകുപ്പിലെ കണക്കുപ്രകാരം 396 താറാവുകളെ പഞ്ചായത്തിൽ വളർത്തുന്നുണ്ട്. മുൻകാലങ്ങളിൽ കൊയ്തൊഴിഞ്ഞ പാടശേഖരങ്ങളിൽ മേയ്ക്കുവാനായി മദ്ധ്യ തിരുവിതാംകൂർഭാഗത്തു നിന്നും എത്തുന്ന താറാക്കൂട്ടങ്ങളാണ് ഉണ്ടായിരുന്നത്. ഇന്ന് കമ്പോളത്തിൽ സുലഭമായ താറാമുട്ട, മുമ്പ് താറാക്കൂട്ടങ്ങൾ വരുമ്പോൾ മാത്രമേ ഗ്രാമവാസികൾക്ക് ലഭ്യമായിരുന്നുള്ളൂ.

ടർക്കികോഴികളെയും, ഗിനികോഴികളെയും അപൂർവ്വമായി ചില ഭവനങ്ങളിൽ വളർത്തുന്നുണ്ട്. കാടക്കോഴികളെ വളർത്തി ഔഷധമൂല്യമുള്ള മുട്ട ഉത്പാദിപ്പിക്കാനും ചുരുക്കം ചിലർ താല്പര്യം കാണിക്കുന്നുണ്ട്.

മൃഗസംരക്ഷണവകുപ്പിന്റെ കണക്കുപ്രകാരം ഈ പഞ്ചായത്തിൽ 925 പൂവൻകോഴികളും 13251 പിടക്കോഴികളും 396 താറാവുകളും ഉണ്ട്. വാർഡുതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു. (പട്ടിക-3 കാണുക)

പട്ടിവളർത്തൽ എല്ലാക്കാലത്തും സാധാരണമായിരുന്നു. നാടൻപട്ടികളെയും ചെങ്കോട്ട പട്ടികളെയുമാണ് മുൻകാലങ്ങളിൽ വളർത്തിയിരുന്നത്. വീടുകാവൽ, വിളസംരക്ഷണം എന്നിവയ്ക്കു പുറമെ നായാട്ടിനു പോകുന്നതിനു വേണ്ടിയും പട്ടികളെ ഉപയോഗിച്ചിരുന്നു. ഇന്ന് നായ് വളർത്തൽ വീടുകാവലിനും ആഡംബരത്തിനും ഓമനിക്കാനും മാത്രമായിരിക്കുന്നു. പുതിയ ഇനങ്ങളായ പോമറേനിയൻ, അൾസേഷ്യൻ, ഡോബർമാൻ, ലാബ്രഡോർ എന്നിവ ഓമനിച്ചു വളർത്തപ്പെടുന്നു. തെരുവുനായ്ക്കളുടെയും പേവിഷബാധയേൽക്കുന്ന ഗ്രാമവാസികളുടെയും എണ്ണം അപകടകരമായി വർദ്ധിച്ചിട്ടുണ്ട്.

### പ്രധാനപ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ 2, 10, 11, 12, 13 എന്നീ വാർഡുകളിൽ വനപ്രദേശത്തേയും തോട്ടങ്ങളേയും ആശ്രയിച്ച് പരിമിതമായ മേച്ചിൽ പുറങ്ങളൊഴിച്ചാൽ മറ്റു ഭാഗങ്ങളിൽ പച്ചപ്പുല്ലിനും വയ്ക്കോലിനും ഗുരുതരമായ ദൗർലഭ്യം അനുഭവപ്പെടുന്നു.
2. കാലിത്തീറ്റയുടെ വൻവിലവർദ്ധനമൂലം കറവപ്പശുക്കളെ പരിപാലിക്കുന്നതിനും

പട്ടിക - 3

**വളർത്തുപക്ഷിസംഖ്യ**

| വാർഡ് | പൂവൻകോഴി | പിടക്കോഴി | താറാവ് | |
|---|---|---|---|---|
| | | മുട്ടയിടുന്നത് | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 |
| 1 | 57 | 651 | 5 | 20 |
| 2 | 50 | 1150 | 8 | 32 |
| 3 | 96 | 1340 | 7 | 28 |
| 4 | 90 | 1008 | 0 | 0 |
| 5 | 55 | 730 | 5 | 20 |
| 6 | 51 | 711 | 6 | 25 |
| 7 | 70 | 953 | 5 | 25 |
| 8 | 113 | 1570 | 8 | 35 |
| 9 | 88 | 1235 | 9 | 36 |
| 10 | 87 | 1221 | 8 | 37 |
| 11 | 109 | 1532 | 5 | 20 |
| 12 | 48 | 678 | 5 | 25 |
| 13 | 11 | 472 | 5 | 20 |
| ആകെ | 925 | 13251 | 76 | 320 |

പശുക്കുട്ടികളെ നല്ലരീതിയിൽ വളർത്തിയെടുത്ത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയാതെ വരുന്നു.

3. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം പഞ്ചായത്തിന്റെ എല്ലാഭാഗത്തും എത്തിക്കാൻ കഴിയാത്തതിനാൽ അത്യുല്പാദനശേഷിയുള്ള പശുക്കളെ ഉത്പാദിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു.

4. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അകിടുവീക്കം, കുളമ്പുരോഗം, കാലിവസന്ത എന്നീരോഗങ്ങൾ കൂടുതൽ അപകടകാരികളാകുന്നു.

5. ക്ഷീരോത്പാദകന് സംഘങ്ങളിൽ നിന്നും പഞ്ചായത്തിലെ മറ്റ് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പാൽവില വളരെ കുറവായതിനാൽ പശുവളർത്തൽ നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

6. വായ്പകളുടെ അപര്യാപ്തതയും, കിട്ടുന്ന വായ്പയുടെ ദുർവിനിയോഗവും ഇൻഷ്വറൻസിനു വേണ്ടിവരുന്ന അമിത ചെലവും പ്രതികൂലമായി ബാധിക്കുന്നു.

7. തമിഴ്നാട്ടിൽ നിന്നെത്തുന്ന കാലികളെ ആരോഗ്യപരിശോധന കൂടാതെ കശാപ്പു ചെയ്ത് വിൽക്കുന്നത് ഉപഭോക്താവിന്റെ ആരോഗ്യത്തിന് ഭീഷണിയാണ്.

8. നല്ലയിനം ആട്ടിൽകുട്ടികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും പച്ചിലയുടെ ദൗർലഭ്യവും ആടുവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു.

9. പ്രതിരോധശേഷി കൂടുതലുള്ള നാടൻ കോഴികൾ അപ്രത്യക്ഷമാകുന്നതും കോഴിവസന്തപോലുള്ള പകർച്ചവ്യാധികൾ അനിയന്ത്രിതമായും അടിക്കടിയും ഉണ്ടാകുന്നത് കോഴി വളർത്തലിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നു.

10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കൾ വർദ്ധിക്കുന്നതുമൂലം പേവിഷബാധ പഞ്ചായത്തിൽ അപകടകരമാകുന്നു.

11. ക്ഷീരവികസനയൂണിറ്റ് മുഖേനയുള്ള പദ്ധതികളെക്കുറിച്ചും പ്രതിരോധകുത്തിവയ്പുകളെക്കുറിച്ചും പൊതുജനങ്ങൾക്കുള്ള അജ്ഞത മൃഗസംരക്ഷണത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1. തീറ്റപ്പുൽ കൃഷി വികസിപ്പിക്കുന്നതിനു വേണ്ടി ഒരു തീവ്രയജ്ഞപരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കുന്നതോടൊപ്പം പഞ്ചായത്തിലെ തരിശുഭൂമികളിൽ പുൽകൃഷി ആരംഭിക്കണം. എണ്ണപ്പനതോട്ടത്തിലെ തരിശായി കിടക്കുന്ന ചതുപ്പുനിലങ്ങൾ പുൽകൃഷിക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യത ആരായണം.

2. തദ്ദേശ്യമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് (തവിട്, ചക്കക്കുരു, മരച്ചീനി മുതലായവ) ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം.

3. ബീജസങ്കലനത്തിന് പഞ്ചായത്തിൽ മൃഗാശുപത്രിക്കു പുറമേ 5 കേന്ദ്രങ്ങൾ കൂടി ഉണ്ടാകണം. സഞ്ചരിക്കുന്ന ബീജദാനയൂണിറ്റ് അഭികാമ്യമാണ്.

4. 9 മാസത്തിൽ താഴെ പ്രായമുള്ള അഞ്ചോ പത്തോ കന്നുകുട്ടികൾ ഉൾപ്പെടുന്ന ചെറിയ കന്നുകുട്ടി വളർത്തൽ കേന്ദ്രങ്ങൾ കർഷകർക്ക് ധനസഹായം നൽകിയും അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ വിതരണം ചെയ്തും നടപ്പിലാക്കണം. പരിപാലനത്തിലൂടെ ഉത്പാദനശേഷി സംരക്ഷിക്കാൻ പ്രയോജനപ്രദമാകും.

5. അകിടുവീക്കം, കാലിവസന്ത, കുളമ്പുരോഗം മുതലായ രോഗങ്ങൾക്കെതിരേയുള്ള ചികിത്സാനടപടികൾ ഫലപ്രദവും വ്യാപകവും ആക്കണം.

6. ഏരൂർ ഗവ: മൃഗാശുപത്രിയിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമായ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുകയും വേണം.

7. ചികിത്സാസൗകര്യങ്ങൾ വ്യാപകമായി ലഭ്യമാക്കുന്നതിനുവേണ്ടി എല്ലാവാർഡിലും ഓരോ മാസത്തിലേയും ഒരു നിശ്ചിത ദിവസം മൃഗഡോക്ടർ വന്ന് ചികിത്സ നൽകുകയും നിർദ്ദേശിക്കുകയും വേണം.

8. പഞ്ചായത്തിൽ നിന്നും പുറത്തേയ്ക്കുപോകുന്ന പാൽ ശേഖരിച്ച് പാലുല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും സംഘങ്ങൾ മുഖേന ഉത്പാദകർക്ക് ന്യായമായ വില ലഭ്യമാക്കുകയും ചെയ്യണം.

9. പശുക്കളുടെ ഗർഭകാലയളവിന്റെ 7-ാം മാസം മുതൽ 10-ാം മാസം വരെയുള്ള മൂന്നുമാസ കാലയളവിൽ ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്താൽ ഉത്പാദനശേഷി നിലനിർത്താൻ കഴിയും.

10. തൊഴുത്ത് നിർമ്മിച്ച് രണ്ട് പശുക്കളെ വാങ്ങി വളർത്തുന്ന ഡയറിയൂണിറ്റുകൾ ബാങ്ക്ലോൺ ലഭ്യമാക്കിയും സബ്സിഡി നൽകിയും വ്യാപകമായി നടപ്പാക്കണം.

11. പശുക്കൾക്ക് ഉണ്ടാകുന്ന മിക്കരോഗങ്ങൾക്കും കാരണമായ തൊഴുത്തിന്റെ അപര്യാപ്തത പരിഹരിക്കണം.

12. ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിള ഇൻഷ്വറൻസ് പോലെ കാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് നടപ്പാക്കുക.

13. കന്നുകുട്ടികൾക്ക് രണ്ട് വർഷകാലയളവിലേക്ക് 50% സബ്സിഡിയോടുകൂടി കാലിത്തീറ്റ നൽകുന്ന പദ്ധതി അവയെ അത്യുൽപാദനശേഷിയുള്ളവയായി വളർത്തുന്നതിന് ഉപകരിക്കും.

14. അഞ്ചൽ ബ്ലോക്കിലെ മുഴുവൻ ക്ഷീരസംഘങ്ങളുടേയും സഹകരണത്തോടെ ഒരു മിനി ഡയറിപ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ഈ പ്രദേശത്തെ പാലിന്റെ സംസ്കരണം സാധ്യമാക്കി വിപണനം നടത്തുകയും കർഷകർക്ക് പാൽ വില വർദ്ധിപ്പിച്ചു കൊടുക്കുന്നതിനും സാധിക്കും.

15. കന്നുകാലികളെ കശാപ്പുചെയ്യുന്നതിനു മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് പഞ്ചായത്തിൽ നിന്നും വാങ്ങിയിരിക്കണം.

16. പുറമ്പോക്കു ഭൂമികളിൽ അക്കേഷ്യാ, വാക തുടങ്ങിയ പാഴ്മരങ്ങൾക്കു പകരം മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചാൽ ആടുവളർത്തലിനുള്ള പച്ചിലയും ലഭ്യമാക്കാം.

17 മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കർഷകർക്ക് കാളക്കുട്ടി പരിപാലനത്തിനാവശ്യമായ സഹായങ്ങൾ നൽകുകയും ആട്ടിൻകുട്ടികളെ വിതരണം ചെയ്യുകയും വേണം. പന്നിവളർത്തലും മുയൽ

വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

18. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മാംസ സംസ്കരണത്തിന് ആധുനിക അറവുശാലകൾ തുടങ്ങുകയും വിതരണത്തിനുവേണ്ടി സ്റ്റാളുകൾ ആരംഭിക്കുകയും ചെയ്യണം.

19. ഏരൂർ പഞ്ചായത്തിൽ ഒരു ഹാച്ചറി സ്ഥാപിച്ച് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. കോഴി വസന്തക്കെതിരായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

20. വളർത്തുമൃഗങ്ങൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെയ്പ് നിർബന്ധമാക്കണം.

21. വളർത്തുനായ്ക്കൾക്ക് ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കുകയും തെരുവുനായ്ക്കളെ മുഴുവൻ നശിപ്പിക്കുകയും വേണം.

22. മൃഗസംരക്ഷണവും കാലിവളർത്തലും തൊഴിലായും ഉപതൊഴിലായും സ്വീകരിക്കുന്നതിന് അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

# മത്സ്യബന്ധനം

കൊച്ചരുവികളും കുളങ്ങളും മാത്രം ജലസ്രോതസ്സുകളായുള്ള ഏരൂർ പഞ്ചായത്തിൽ മത്സ്യബന്ധനത്തിനുള്ള സാധ്യതകൾ പരിമിതമാണ്. പുറത്തു നിന്നും കൊണ്ടുവരുന്ന കടൽ മത്സ്യമാണ് ഉപയോഗിക്കപ്പെടുന്നത്.

പാടശേഖരങ്ങളിലുള്ള കുളങ്ങളിലും നിലവിലുള്ള ചിറകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന പദ്ധതിയിലൂടെ മാത്രമേ ചെറിയ അളവിലെങ്കിലും സ്വാശ്രയത്വം കൈവരിക്കാൻ കഴിയുകയുള്ളൂ. മത്സ്യകർഷകർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടിയിരിക്കുന്നു. കുളംവെട്ടി ശുദ്ധജല മത്സ്യം വളർത്തുന്ന രണ്ട് യൂണിറ്റുകൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ.

മത്സ്യവിപണനം തൊഴിലാക്കിയ അറുപതോളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. മത്സ്യവിപണനത്തിനുള്ള പൊതുസംവിധാനങ്ങൾ ഇല്ലാത്തതിനാൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് വിപണനം ചെയ്താൽ ഉപഭോക്താക്കൾക്ക് കുറഞ്ഞവിലയ്ക്ക് മത്സ്യം നൽകാൻ സാധിക്കും. അരുവികളിൽ നിന്നും കുളങ്ങളിൽ നിന്നും ചൂണ്ടയിട്ടും വല ഉപയോഗിച്ചും ശേഖരിക്കുന്ന മത്സ്യം വിപണനത്തിന് എത്താറില്ല.

**പ്രശ്നങ്ങൾ:**

1. മത്സ്യകൃഷിക്ക് ആവശ്യാനുസരണം ജലസ്രോതസ്സുകൾ ലഭ്യമല്ല.
2. ശാസ്ത്രീയമായ മത്സ്യകൃഷിക്കുള്ള പരിശീലനം ലഭ്യമല്ല.
3. മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.
4. വിപണനത്തിനുള്ള സൗകര്യങ്ങളില്ല.
5. വിപണന തൊഴിലാളികൾക്ക് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

**നിർദ്ദേശങ്ങൾ:**

1. നിലവിലുള്ള ജലസ്രോതസ്സുകൾ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക.
2. പാടശേഖരങ്ങളിൽ നിർമ്മിക്കുന്ന തലക്കുളങ്ങളിൽ ഊർജ്ജിത മത്സ്യകൃഷി നടപ്പാക്കുക.
3. ശാസ്ത്രീയമായി മത്സ്യകൃഷി ചെയ്യുന്നതിനുള്ള പരിശീലനം നൽകുക.
4. മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കുക.
5. വിപണന തൊഴിലാളികൾക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തണം.
6. മത്സ്യവിപണനത്തിന് ഒരു സഹകരണ സംഘം ആരംഭിക്കുക.

3



# വിദ്യാഭ്യാസം

ഒന്നരനൂറ്റാണ്ടു മുമ്പ്മുതൽ തന്നെ വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകിയിരുന്ന പ്രദേശമാണ് ഏരൂർ. അതിനാൽ ജാതിമതവിദ്വേഷങ്ങളോ സംഘട്ടനങ്ങളോ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. 150വർഷം പഴക്കമുള്ള ഏരൂർ പ്രൈമറി സ്കൂളും 70വർഷം പഴക്കമുള്ള ആർച്ചൽ പ്രൈമറിസ്കൂളും 55വർഷം പഴക്കമുള്ള അയിലറ, പഴേരൂർ പ്രൈമറിസ്കൂളുകളും 50 വർഷം പഴക്കമുള്ള നെട്ടയം പ്രൈമറി സ്കൂളും 40വർഷം പഴക്കമുള്ള പാണയം വെൽഫയർ പ്രൈമറിസ്കൂളും ഈ നാടിന്റെ വിദ്യാസമ്പന്നതയുടെ പഴക്കം സൂചിപ്പിക്കുന്നു.

ഏരൂർ സ്കൂൾ തുടങ്ങിയതും, അയിലറസ്കൂളിനാവശ്യമായ സ്ഥലം സാഭാവനചെയ്തതും ഏരൂർ അറപ്പുര കുടംബക്കാരായിരുന്നു. ആർച്ചൽ സ്കൂൾ തുടങ്ങിയത്. ശ്രീമാൻ ചാഴിക്കുളം ഗോവിന്ദ പ്പിള്ള യായിരുന്നു. ആസ്കൂളും സർക്കാരിന് സൗജന്യമായിവിട്ടുകൊടുത്തു. പഴേരൂർ സ്കൂൾ തുടങ്ങിയത് മറവൻ ചിറ ആശ്രമത്തിലായിരുന്നു. സ്കൂളിനാവശ്യമായ സ്ഥലം സഭാവനചെയ്തത് ഇൻസ്പെക്ടർ ശ്രീ പരമേശ്വരൻ പിള്ളയായിരുന്നു. നെട്ടയംസ്കൂൾ തുടങ്ങിയത് S.N.D.P യുടെ നേതൃത്വത്തിലാണ്. ഇതിനാവശ്യമായ സ്ഥലം സംഭാവനചെയ്തത് ഏരൂർ പുത്തൻപുരയിൽ ശ്രീമാൻ കൃഷ്ണൻ ആയിരുന്നു. സ്കൂളിനുവേണ്ടിപ്രവർത്തിച്ചത് ശ്രീമാൻ കരുണാകരൻ മുതലാളിയായിരുന്നു. പാണയം വെൽഫയർ സ്കൂളിന് വേണ്ടിമുന്നിട്ട് നിന്ന് പ്രവർത്തിച്ചത് ശ്രീമാൻ പാണയംഗോപാലപിള്ള, ശ്രീമാൻ ദിവാകരൻസാർ എന്നിവരായിരുന്നു. അയിലറ സ്കൂളിനുവേണ്ടി ശ്രീമാൻ V.ആന്റണി ശാസ്ത്രിനടുക്കുന്നിൽ ഗംഗാധരൻപിള്ള എന്നിവർ മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. നെട്ടയംസ്കൂൾ തുടങ്ങുന്നതിനു മുന്നോടിയായി മറ്റൊരുവിശേഷസംഭവമുണ്ടായി. ലോകപ്രശസ്ത സാമൂഹികപരിഷ്കർത്താവും സന്യാസിവര്യനും അധ:സ്ഥിതവർഗ്ഗത്തിന്റെ വഴികാട്ടിയുമായിരുന്ന ശ്രീനാരായണഗുരുദേവൻ നെട്ടയത്തുവന്നു താമസിച്ചിരുന്നു. ആ ദിവ്യസന്ദർശനത്തിന്റെ കനകപ്രഭചൊരിഞ്ഞ് ഈ പ്രദേശമാകെ സാമൂഹികമാറ്റത്തിന്റെ പ്രകമ്പനഭൂമിയായി മാറി. അതിനുശേഷമുണ്ടായ പുരോഗമന പ്രസ്ഥാനങ്ങളുടെ രംഗപ്രവേശനം ഈ പ്രദേശമാകെ ഒരു സാമൂഹികമാറ്റത്തിന് ആരംഭംകുറിച്ചു.

വിദ്യാലയസ്ഥാപനത്തിന് മുന്നിട്ടിറങ്ങിയ ഈ പ്രദേശത്തെ ആദ്യകാല വിദ്യാലയസ്ഥാപാകർ വ്യക്തിതാൽപര്യത്തിന് മുൻതൂക്കംനൽകിയില്ല എന്നത് എടുത്തുപറയേണ്ടുന്നകാര്യമാണ്. അവരാരും വിദ്യാഭ്യാസകച്ചവടക്കാരായിരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ആദ്യകാലത്തുതന്നെ ഇത്രയേറെ സർക്കാർസ്കുളുകൾ ഉണ്ടാകാൻ കാരണമതാണ്.

1949-50 സ്കൂൾവർഷം ഏരൂർ പ്രൈമറി സ്കൂൾ അപ്പർപ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. ശ്രീമാൻ അറപ്പുര ഗോപാലപിള്ള അവർകൾ ആയിരുന്നു അതിനായി പ്രവർത്തിച്ചത്. സ്കൂൾ ആവശ്യത്തിനുള്ള എല്ലാഉപകരണങ്ങളും അദ്ദേഹം സൗജന്യമായി നൽകി.

ഈ പ്രദേശത്തെ ആദ്യത്തെ ബിരുദധാരി യശ:ശരീരനായ ശ്രീമാൻ P.ഗോപാലൻസാറായിരുന്നു. ഈ പ്രദേശത്തെ വിദ്യാഭ്യാസവളർച്ചയ്ക്ക് അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ വിലയേറിയതാണ്.

## ഹൈസ്കൂളുകൾ

1957-58 സ്കൂൾവർഷം ഏരൂർ ഗവ:യു.പി.എസ് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഏരൂർപഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ ഇതാണ്. യശ:ശരീരനായ ജോസഫ് മുണ്ടശ്ശേരി മാസ്റ്റർ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഈ സ്കൂൾ അനുവദിച്ചത്. വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനുവും നൽകുക എന്നലക്ഷ്യത്തോട് മൾട്ടി പർപ്പസ് ബേസിക് ട്രേയിനിംഗ് സ്കൂൾ ആയിട്ടാണ് ആരംഭിച്ചത്. നെയ്ത്ത്, തടിപ്പണി, ക്രാഫ്റ്റ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിരന്നു. 6ഏക്കർ ഭൂമി അക്വയർ ചെയ്യുകുയും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയും 40000രൂപയുടെ പഠനോപകരണങ്ങൾ നൽകുകയും ചെയ്തു. ഇത്രയുമായപ്പോൾ വിധിവൈരീത്യത്താൽ ഗവൺമെന്റ് മാറുകയും തുടങ്ങിവെച്ച

പദ്ധതികൾ നിറുത്തലാക്കുകയും ചെയ്തു. അതോടെ ഈ സ്കൂളിന്റ പുരോഗതി തകിടംമറിക്കപ്പെട്ടു. പിന്നീട് പരാജയത്തിന്റെ ഒരു പടയോട്ടമായിരുന്നു. 1962-63ൽ പ്രൈമറിവിഭാഗം ഹൈസ്കൂളിൽനിന്ന് വേർതിരിച്ചു. 1981-82ൽ P.T.A യുടെ നേതൃത്വത്തിൽ ഒരു കെട്ടിടം 100'X '20യിൽ നിർമ്മിച്ചു. ഗൾഫ് മലയാളികൾ, നാട്ടുകാർ, രക്ഷാകർത്താക്കൾ എന്നിവരുടെ സംഭാവന സ്വീകരിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചത്. അന്ന് പഞ്ചായത്ത് ഭരണസമിതി 75000രൂപ ഈ കെട്ടിടത്തിന്റെ നിർമ്മിതിക്ക് നൽകുകയും ചെയ്തു. അന്നത്തെ സർക്കാർ വ്യവസ്ഥയനുസരിച്ച് 120' X '20 യിൽ ഒരു മൂന്നു നിലകെട്ടിടമുണ്ടാക്കാനും ചുറ്റുമതിൽ നിർമ്മിക്കാനും 38ലക്ഷം രൂപ അനുവദിച്ചു. ഒരു സ്പോർട്സ് സ്കൂളും കോച്ചിംഗ് സെന്ററും സ്റ്റേഡിയവും നിർമ്മിക്കാനുമായി 2ലക്ഷം രൂപയും അനുവദിച്ചു. അന്ന് ഈ സ്കൂളിലെ ഹെഡ്മാസ്റ്ററുടെ താൽപര്യമില്ലായ്മയാൽ ഈ വികസനപദ്ധതികൾ ഒന്നും നടക്കാതായി. 1982-83 മുതൽ 3വർഷക്കാലം അക്ഷരാർത്ഥത്തിൽ ഈ സ്കൂളിന്റെ നാശകാലമായിരുന്നു. ഭാഗ്യദോഷങ്ങളുടെ വേലിയേറ്റത്തിൽപെട്ടുപോയ ഈ "മുത്തശ്ശി" വിദ്യാലയത്തെ രക്ഷിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഈ സ്കൂളിന്റ പഠനനിലവാരം ഉയർത്തുന്നതിനും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച ശ്രീമതി. ഇന്ദിരാദേവി, ശ്രീമാൻ. D.ജോൺ, ശ്രീമാൻ.N. ചന്ദ്രശേഖരപിള്ള എന്നീ മുൻ പ്രഥമാദ്ധ്യാപകരെ നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്.

നെട്ടയം ഹൈസ്കൂളിന് കെട്ടിടങ്ങളുടെ കുറവുണ്ട്. മതിയായ കളിസ്ഥലമോ ചുറ്റുമതിലോ ഇല്ല. മണ്ണൊലിപ്പു മൂലം ഉള്ളഗ്രൗണ്ട് നശിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്യാപകരിൽ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുള്ളവരാണ്. കായികവിദ്യാഭ്യാസ സൗകര്യം പരിമിതമാണ്. പ്രൈമറി വിഭാഗം ഹൈസ്കുളിൽ നിന്ന് വേർപെടുത്താത്തതിനാൽ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

വിപരീത ഭൗതിക സാഹചര്യങ്ങളാണ് ഉള്ളതെങ്കിലും പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ S.S.L.C വിജയശതമാനം ഏറ്റവും കൂടുതൽ ഈ സ്കൂളിലാണ് അദ്ധ്യാപകർ അഭിനന്ദനാർഹരാണ്. മാതൃസംഗമവും P.T.A യും സജീവമാണ്. സ്കൂൾ സൊസൈറ്റിയുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടതാണ്.

വിളക്കുപാറ മാതാഹയർസെക്കന്ററി സ്കൂൾ പഞ്ചായത്തിലെ ഏക സ്വകാര്യ ഹൈസ്കൂളാണ്. ഇവിടെയുള്ള 40 അദ്ധ്യാപകരിൽ പഞ്ചായത്തിനുള്ളിൽ താമസിക്കുന്നവർ 2പേർ മാത്രമാണ്. അദ്ധ്യാപകരുടെ ആത്മാർത്ഥമായ പ്രവർത്തനം ഈ സ്കൂളിൽ നടക്കുന്നു. പഞ്ചായത്തിലെ ഏകതൊഴിൽ പരിശീലനകേന്ദ്രംകൂടിയാണിത്. സ്കൂൾ ഹെഡ്മാസ്റ്ററുടെ പ്രവർത്തനം മാതൃകാപരമാണ്. കൂടുതൽ കാര്യങ്ങൾ അദ്ദേഹത്തിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. സ്കൂളിന് മതിയായ കളിസ്ഥലമില്ല എന്നത് പ്രധാനന്യൂനതയാണ്. ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ എന്നീവിഷയങ്ങൾ തൊഴിൽപരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂളിലെ അച്ചടക്കവും ശുചിത്വവും മാതൃകാപരമാണ്. പഠനനിലവാരം മെച്ചമാക്കേണ്ടതാണ്.

ആയിലറ ഗവ: ഹൈസ്കൂളിന് ഇല്ലായ്മയുടെ കഥമാത്രമേ പറയാനുള്ളു. 1981ൽ ഏരൂർ പഞ്ചായത്തിന്റെ ചുമതലയിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ 11അംഗസ്പോൺസറിംഗ് കമ്മിറ്റി സ്കൂൾനിർമ്മാണത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ചു. 3ഏക്കർ സ്ഥലം വിലക്കുവാങ്ങി 60' X '20യിൽ ഒരു കെട്ടിടം നിർമ്മിച്ചു. ഈ സ്കൂളിൽ ക്ലാസ്സുകൾനടത്താൻ സ്ഥലപരിമിതി ഒരു പ്രധാന ഘടകമാണ്. കഴിഞ്ഞവർഷം ഒരു കെട്ടിടം അനുവദിച്ചിരുന്നു. ജോലി ഏറ്റെടുക്കാൻ ആളില്ലാതെവന്നതിനാൽ അത് നഷ്ടമായി. ഇവിടെ P.T.A സജീവമാണ്. എല്ലാവിപരീത ഭൗതികസാഹചര്യങ്ങളെയും അതിജീവിച്ച് കഴിഞ്ഞ S.S.L.C പരീക്ഷയിൽ 58% വിജയം കൈവരിക്കാൻ ഈ സ്കൂളിന് കഴിഞ്ഞു. ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ കൂടുതൽ നേട്ടംകൈവരിക്കാൻ കഴിയുന്ന ഒരു സ്കൂളാണ് ഇത്. ചുറ്റുമതിൽ, കളിസ്ഥലം, അദ്ധ്യാപകർക്കും കുട്ടികൾക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനാവശ്യമായ സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകർ എല്ലാവരും അർപ്പണബോധത്തോടെ പ്രവർത്തിയെടുക്കുന്നു.

ഈ പഞ്ചായത്തിലെ അപ്പർ പ്രൈമറിവിഭാഗം മാത്രമുള്ള ഏകസ്കൂളാണ് അയിലറ യു.പി.എസ്സ്. 1957ൽ സ്ഥാപിച്ച ഈ സ്കൂൾ സ്വകാര്യമേഖലയിലെ ആദ്യത്തെ സ്കൂളാണ്. ഭൗതികസാഹചര്യങ്ങൾ വളരെ പരിമിതമാണ്. അദ്ധ്യപകരിൽ ഭൂരിഭാഗവും ഈ പഞ്ചായത്തിനുപുറത്തുനിന്ന് വരുന്നു. പഠനനിലവാരം തൃപ്തികരമല്ല. നിലവാരം ഭേദമാക്കേണ്ടതുണ്ട്.

## പ്രൈമറി വിഭാഗം

ഏരൂർപഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ സ്കൂളാണ് ഏരൂർ എൽ.പി.എസ്. സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂളാണ് ഇത്. എൽ.പി.എസ് വക ഒരു കെട്ടിടം ഹൈസ്കൂളിന്റെ അധീനതയിലാണ്. ആ കെട്ടിടം എൽ.പി.എസിന് വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. പഠനോപകരണങ്ങൾ മതിയായ തോതിലില്ല. കുട്ടികൾക്ക് കുടിവെള്ളം ലഭിക്കാനാവശ്യമായ പമ്പുസെറ്റ് സ്ഥാപിക്കണം. മാതൃസംഗമം P.T.A ഇവ സജീവമാണ്.

അരനൂറ്റാണ്ടിൽ കൂടുതൽ പഴക്കമുള്ള പഴേരൂർ എൽ.പി.എസ് അപകടഭീഷണിയിലാണ്. സ്കൂളിന്റെ അറ്റകുറ്റപണികൾ നടന്നിട്ട് കാലം കുറേയായി. സ്കൂൾകെട്ടിടത്തിന്റെ മേൽക്കൂര പൂർണ്ണമായും ഒടി

ഞ്ഞുതകർന്നിരിക്കുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഏതുനിമിഷവും അപകടമുണ്ടാകാവുന്ന അവസ്ഥയാണ്. അടിയന്തിരശ്രദ്ധയുണ്ടാകണം. പഠനനിലവാരം തൃപ്തികരമല്ല. ഒഴിവുള്ള അദ്ധ്യാപകതസ്തിക പരിഹരിക്കപ്പെടേണ്ടതാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പമ്പുസെറ്റ് സ്ഥാപിക്കണം. മാതൃസംഗമം P.T.A ഇവ സജീവമാണ് നിർമ്മാണപ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമുണ്ട്.

അൻപത്തഞ്ച് വർഷം പഴക്കമുള്ള അയിലറ എൽ.പി.എസ് പാഠ്യേതരപ്രവർത്തനങ്ങളിലും ബോധനനിലവാരത്തിലും ഇപ്പോൾ പിന്നിലാണ്. ഈ പഞ്ചായത്തിൽ ഏറ്റവും നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു സ്കൂളാണ് ഇത്. പഠനോപകരണങ്ങൾ, സ്കൂൾ ഉപകരണങ്ങൾ മുതലായവ അവശ്യത്തിനുണ്ട്. സ്ഥലപരിമിതി ഈ സ്കൂളിന്റെ ഏറ്റവും വലിയ ന്യൂനതയാണ്. കളിസ്ഥലം തീരെയില്ല. ഈ കുറവുകൾ പരിഹരിക്കപ്പെടേണ്ടതാണ്. കുടിവെള്ളത്തിനായി പമ്പസെറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ബന്ധപ്പെട്ടവിദ്യാലയാധികാരികൾ ശ്രദ്ധവെച്ചാൽ ഈ പഞ്ചായത്തിലെ ഒന്നാംനിരയിൽ എത്താൻ കഴിയുന്ന ഒരു സ്കൂളാണ് ഇത്. മാതൃസംഗമം P.T.A എന്നിവസജീവമാണ്.

പാണയം വെൽഫയർ സ്ക്കൂൾ 40 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചു. പഞ്ചായത്തിലെ പിന്നോക്ക സ്ക്കൂളുകളിലൊന്നായിരുന്ന ഇവിടുത്തെ പഠനനിലവാരം മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങളും പുരോഗതിയിലാണ്. സ്ക്കൂളിനു ചുറ്റുമതിലുണ്ടാകേണ്ടതത്യാവശ്യമാണ്. പി.റ്റി.എ, മാതൃസംഗമം ഇവ സജീവമാണ്.

പഞ്ചായത്തിലെ രണ്ടാമതുണ്ടായ സ്കൂളാണ് അർച്ചൽ എൽ.പി.എസ് പഠനനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. പഠനോപകരണങ്ങൾ ആവശ്യത്തിനില്ല. കുടിവെള്ളമെത്തിക്കാൻ പമ്പുസെറ്റ് സ്ഥാപിക്കണം. മാതൃസംഗമം P.T.A ഇവ സജീവമാണ്.

ഭാഷാന്യൂനപക്ഷ വിഭാഗത്തിൽത്തിൽപെട്ടതാണ് കേളൻകാവ് തമിഴ്മീഡിയം എൽ.പി.എസ് റിഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ മക്കളാണ് ഇവിടെ പഠിക്കുന്നത്. ഈ പഞ്ചായത്തിലെ ഏറ്റവും ചെറിയ സ്കൂളാണ് ഇത്. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.P.T.A., മാതൃസംഗമം ഇവ പ്രവർത്തിക്കുന്നു.

സ്വാകര്യമേഖലയിൽ ഈ പഞ്ചായത്തിൽ നാലു പ്രൈമറിസ്കൂളുകളുണ്ട്. വിളക്കുപാറ എൽ.പി.എസ് പത്തിട P.P.T.M എൽ.പി.എസ് മണലിൽ എൽ.പി.എസ് ആയിരനല്ലൂർ എൽ.പി.എസ് എന്നിവയാണ് അവ.

വിദ്യാഭ്യാസചട്ടപ്രകാരം സ്കൂൾ മാനേജർ ഉണ്ടാക്കേണ്ട ഭൗതികസാഹചര്യങ്ങൾ ഒന്നുംതന്നെയില്ലാത്ത സ്കൂളുകളാണ് പത്തടി PPTM എൽ.പി.എസ് വിളക്കുപാറ എൽ.പി.എസ് എന്നിവ. വിദ്യാർത്ഥികൾക്കാവശ്യമായ കളിസ്ഥലം കുടിവെള്ളത്തിനുള്ള സൗകര്യം, പ്രാഥമികാവശ്യത്തിനുള്ള മൂത്രപ്പുര , കക്കൂസ് തുടങ്ങിയവ ഒന്നും ഈ സ്കൂളുകൾക്കില്ല. അതിൽവിളക്കുപാറ എൽ.പി.എസിന്റെ നില വളരെ പരിതാപകരമാണ്. നേരിൽ കണ്ടേ ഈ സ്കൂളിന്റെ ശോച്യാവസ്ഥമനസ്സിലാകൂ. പിഞ്ചുകുട്ടികൾക്ക് നിന്നുതിരിയാൻപോലും മുറ്റമില്ല. സ്കൂൾകെട്ടിടത്തിന്റെ നിർമ്മിതി തന്നെ ബഹുവിശേഷമാണ്. പഠനോപകരണങ്ങൾ കുറവുണ്ട്. വിദ്യാർത്ഥികളുടെ പഠനനിലവാരം വളരെ താഴെയാണ്. സ്കൂൾ മാനേജർമാരുടെ നിർവികാരതയാണ് പോരായ്മകൾക്ക് കാരണം. സ്കൂൾനടത്തിപ്പ് ലാഭമുണ്ടാക്കാനുള്ള മാർഗ്ഗമായി മാത്രം മാനേജരൻമാർ കാണുന്നു. പ്രശ്നപരിഹാരത്തിന് അടിയന്തിര നടപടികൾ ഉണ്ടാകണം. ഈ രണ്ടുസ്കൂളുകളിലും P.T.Aയും മാതൃസംഗമവും വെറും കടലാസ് സംഘങ്ങളാണ്.

മണലിൽ എൽ.പി.എസ് ഒരുമാതൃകാ എൽ.പി.എസായികണക്കാക്കാം. ഭൗതികസാഹചര്യങ്ങൾ മതിയാകുവോളമുണ്ട്. P.T.A മാതൃസംഗമം എന്നിവ സജീവമാണ്.

നമ്മുടെ പഞ്ചായത്തിന്റെ വടക്കുകിഴക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന സ്കൂളാണ് ആയിരനല്ലൂർ എൽ.പി.എസ് ആയിരനല്ലൂർ പ്രദേശം തന്നെ നമ്മുടെ പഞ്ചായത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന വികസനമൊന്നും കടന്നുചെന്നിട്ടില്ലാത്ത ഒരു പ്രദേശമാണ്. സ്കൂളിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

മണലിൽ, ആയിരനല്ലൂർ എന്നീ സ്കൂളുകളിൽ നിന്ന് സമീപത്തുള്ള യു.പി.എസിൽ പോകാൻ 4കിലോമീറ്ററോളം ദൂരമുണ്ട്. അതിനാൽ ഈ സ്കൂളുകൾ അപ്പർപ്രൈമറി സ്കൂളുകളായി ഉയർത്തുകയോ പുതിയസ്കൂളുകൾ അനുവദിക്കുകയോചെയ്ത് ഈ പ്രദേശങ്ങളിലെ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

## സ്കൂൾ സൊസൈറ്റികൾ

സ്കൂൾ സഹകരകണ സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടതായുണ്ട് വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ സ്റ്റേഷനറി സാധനങ്ങൾ എന്നിവ മിക്കസ്കൂൾ സൊസൈറ്റികളിൽനിന്നും ലഭിക്കാറില്ല. സ്കൂൾസൊസൈറ്റി പ്രവർത്തനം അഴിമതിരഹിതമാക്കാൻ, P.T.A പ്രതിനിധി, പഞ്ചായത്ത് മെമ്പർ എന്നിവരെകൂടി ഉൾപ്പെടുത്തി ഭരണസമിതി പുന: സംഘടിപ്പിക്കാനാവശ്യമായ നിയമഭേദഗതി വരുത്തണം. പാഠപുസ്തകങ്ങളിൽ വില അച്ചടിക്കണം. പാഠപുസ്തകവിതരണത്തിലെ അപാകതകൾ പരിഹരിക്കണം.

## ലാബട്ടറികളും ലൈബ്രറികളും

ഏരൂർ ഹൈസ്കൂളിൽ ശവക്കല്ലറ പോലെ അടഞ്ഞുകിടക്കുന്ന സ്കൂൾ ലാബർട്ടറി തുറർന്നുപ്രവർത്തിക്കാൻ ശക്തമായ നടപടിയുണ്ടാകണം. മറ്റ് ഹൈസ്കൂളിലെ ലൈബ്രറികളുടെ തുറന്നു പ്രവർത്തിക്കാൻ ശക്തമായ നട

## പട്ടിക 1 A

| നമ്പർ | സ്ക്കൂൾ | മാനേജുമെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | **ആകെ** |
| 1 | ഗവ: എൽ.പി.എസ്. ഏരൂർ | ഗവ: | 155 | 144 | 299 | 2 | 6 | **8** |
| 2 | ഗവ: എച്ച്.എസ്. ഏരൂർ (യു.പി. സഹിതം) | ഗവ: | 605 | 583 | 1188 | 16 | 30 | **46** |
| 3 | ഡബ്ല്യു.എൽ.പി.എസ്. പാണയം | ഗവ: | 58 | 60 | 118 | 1 | 3 | **4** |
| 4 | പി.പി.റ്റി.എം. എൽ.പി.എസ്. പത്തടി | എയ്ഡഡ് | 148 | 116 | 264 | 1 | 8 | **9** |
| 5 | എം.ജി.എൽ.പി.എസ്. മണലിൽ | എയ്ഡഡ് | 155 | 143 | 298 | 1 | 9 | **10** |
| 6 | ഗവ: എൽ.പി.എസ്. അയിലറ | ഗവ: | 159 | 128 | 287 | 3 | 7 | **10** |
| 7 | ഗവ: എൽ.പി.എസ്. പഴയേരൂർ | ഗവ. | 56 | 75 | 131 | 1 | 3 | **4** |
| 8 | ഗവ: എൽ.പി.എസ്. ആർച്ചൽ | ഗവ: | 79 | 93 | 172 | 1 | 4 | 5 |
| 9 | എൽ.പി.എസ്. വിളക്കുപാറ | എയ്ഡഡ് | 119 | 124 | 243 | 2 | 7 | 9 |
| 10 | എൽ.പി.എസ്. ആയിരനല്ലൂർ | എയ്ഡഡ് | 71 | 69 | 140 | 1 | 4 | 5 |
| 11 | ഗവ: തമിഴ് എൽ.പി.എസ്. കേളങ്കാവ് | ഗവ: | 34 | 46 | 80 | 3 | 1 | 4 |
| 12 | ഗവ: എൽ.പി.എസ്. നെട്ടയം (എൽ.പി., യു.പി.) | ഗവ: | 432 | 412 | 844 | 13 | 20 | 33 |
| 13 | വി.എച്ച്.എസ്.സി. എച്ച്.എസ്. ഇളവറാംകുഴി | എയ്ഡഡ് | 370 | 334 | 704 | 8 | 20 | 28 |
| 14 | യു.പി.എസ്. അയിലറ | എയ്ഡഡ് | 201 | 200 | 401 | 3 | 15 | 18 |
| 15 | ഗവ: എച്ച്.എസ്. അയിലറ | ഗവ: | 175 | 159 | 334 | 6 | 12 | 18 |
| | ആകെ | | 2817 | 2686 | 5503 | 62 | 149 | 217 |

പടിയുണ്ടാകണം. മറ്റ് ഹൈസ്കൂളുകളിലെ ലാബറട്ടറികളും ശരിയായി പ്രവർത്തിക്കാനാവശ്യമായ സാഹചര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ലൈബ്രറികൾ ഒരു സ്കൂളിലും ശരിയായി പ്രവർത്തിക്കുന്നില്ല. അവയുടെ പ്രവർത്തനങ്ങളും കുറ്റമറ്റതാക്കണം.

## സ്കൂൾ കോംപ്ലക്സുകൾ.

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ സർക്കാർ നിയമിച്ച പലവിദ്യാഭ്യാസ കമ്മീഷനുകളും വിദ്യാഭ്യാസരംഗം പുനുരുദ്ധരിക്കാൻ ഒട്ടേറെനിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. 1966 ൽ സമർപ്പിച്ച കോത്തരികമ്മീഷൻ റിപ്പോർട്ട് വിദ്യാഭ്യാസരംഗത്തെ ഗുണപരത വർദ്ധിപ്പിക്കാൻ സ്കൂൾകോപ്ലക്സുകളാണ് ശുപാർശചെയ്തത്. വിദ്യാഭ്യാസവകുപ്പിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരങ്ങൾ വികേന്ദ്രീകരിക്കുക വിദ്യാലയങ്ങൾ ചേർന്ന് ഗ്രൂപ്പുകളായി പ്രവർത്തിക്കുക. സ്കൂളുകൾ തമ്മിലുള്ള അകൽച്ച അവസാനിപ്പിക്കുക എന്നിവ ഈ ശുപാർശയുടെ മേൻമകളാണ്.

ഈ നിർദ്ദേശങ്ങൾ അനുസരിച്ച് സ്കൂൾകോപ്ലക്സുകൾ ആരംഭിച്ചെങ്കിലും കടുത്ത ഉദ്യോഗസ്ഥനിയന്ത്രണം മൂലവും പ്രാദേശികഭരണകൂടങ്ങളുടെ പരിമിതികൾ മൂലവും ജനകീയതയുടെ അഭാവം കൊണ്ടും ഫലപ്രദമാകാതെപോയി.

ത്രിതല പഞ്ചായത്ത് സംവിധാനം നമ്മുടെ നാട്ടിൽ നടപ്പിലായ സാഹചര്യത്തിൽ സ്കൂൾകോപ്ലക്സ് വീണ്ടും പ്രവർത്തിച്ചുതുടങ്ങാനുള്ള വഴിതെളിഞ്ഞിരിക്കുന്നു. അടുത്തസ്കൂൾവർഷം അവ പുനരാരംഭിക്കണം.

## അദ്ധ്യാപകപുനർ പരിശീലനം

വിദ്യാർത്ഥികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലേക്ക് അദ്ധ്യാപകരുടെ ബോധനത്തിലുള്ള ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പുനർപരിശീലനംഉപകരിക്കുന്നു. എന്നാൽ ഇന്ന് നടക്കുന്ന ഇൻസർവ്വീസ് കോഴ്സുകൾ ലക്ഷ്യത്തിലെത്തുന്നില്ല. ലോകബാങ്കിൽനിന്നും കേന്ദ്രസർക്കാരിൽ നിന്നുമൊക്കെ ലഭിക്കുന്ന കോടിക്കണക്കിനു രൂപ ദുർവിനിയോഗം ചെയ്യപ്പെടുന്നു. ഈ രംഗത്ത് കെടുകാര്യസ്ഥതയും ധൂർത്തും മാത്രമേ നടക്കുന്നുള്ളൂ വെന്ന് അടുത്തകാലത്തായി പുറത്തുവന്നുകൊണ്ടിരിക്കുന്ന പത്രവാർത്തകളിൽ നിന്നു മനസ്സിലാക്കാം. പ്രവർത്തിദിവസങ്ങളിൽ നടത്തപ്പെടുന്ന ഇത്തരം കോഴ്സുകൾക്ക് അദ്ധ്യാപകർ പോകുന്നതിനാൽ വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നു. അതിനാൽ പുനർപരിശീലനം മദ്ധ്യവേനൽ അവധിക്കാലത്ത് മാത്രം നടത്തുകയും അദ്ധ്യാപകർക്ക് മതിയായ അലവൻസ് നൽകുകയും വേണം. എങ്കിൽമാത്രമേ പുനർപരിശീലനം കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യംനേടാൻ കഴിയുകയുള്ളൂ.

## മൂല്യനിർണ്ണയം-

മൂല്യനിർണ്ണയത്തിന് S.S.L.C പരീക്ഷയുടെ വിജയശതമാനം മാത്രം പരിഗണിച്ചാൽ മതിയാവുകയില്ല. ജയിക്കാനാവശ്യമായ മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് 40 മാർക്ക് ദാനം നൽകി ശതമാനം പെരുപ്പിച്ചുകാണിക്കുന്ന വികൃതമായ മുഖംമിനുക്കലാണ് മോഡറേഷൻ എന്ന ചെപ്പടി വിദ്യ. ഈ മാജിക്ഷോ അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതു മൂലം ഒരു വലിയ ദോഷംകൂടി സംഭവിക്കുന്നു. ചില തൊഴിലുകൾക്ക് S.S.L.C വിജയം മാത്രമാണ് യോഗ്യതാമാനദണ്ഡം. ശരിയായി അർഹതയില്ലാതെ വിജയം നേടിയ മോഡറേഷൻ വിജയികൾ ഇത്തരം തൊഴിൽമേഖലയിൽ കടന്നുകൂടുന്നു.

അതിലേറെ അപകടകരമാണ് ആൾപ്രമോഷൻ എന്ന ഇന്ദ്രജാലപ്രകടനം. ഭൗതികസാഹചര്യങ്ങൾ എത്രയുണ്ടെങ്കിലും അദ്ധ്യാപകർ എത്രപ്രഗൽഭരാണെങ്കിലും സ്കൂളിൽ ഒന്നാംക്ലാസ്സിൽ വന്നുചേരുന്ന കുട്ടികൾ ഒന്നാംക്ലാസിൽനിന്ന് രണ്ടാംക്ലാസിലേക്കുപോകുമ്പോൾ 10%എങ്കിലും യോഗ്യരല്ലാത്തവർ കാണും. ഇത്തരക്കാരെ ഒരു വർഷംകൂടി ഒന്നാംക്ലാസിൽ പഠിക്കാൻ അനുവദിക്കണം. എങ്കിലേ കുട്ടികൾ പൂർണ്ണമായും അടിസ്ഥാനം ഉറപ്പിച്ച് മുന്നോട്ട്പോകൂ.

പട്ടിക 2. എസ്.എസ്.എൽ.സി. വിജയശതമാനം

| സ്ക്കൂൾ | 91–92 | 92–93 | 93–94 | 94–95 | 95–96 | Average |
|---|---|---|---|---|---|---|
| ജി.എച്ച്.എസ്സ്, ഏരൂർ | 40% | 38% | 35% | 33% | 37% | 34% |
| ജി.എച്ച്.എസ്., നെട്ടയം | 58% | 59% | 62% | 53% | 69% | 60% |
| ജി.എച്ച്.എസ്. അയിലറ | 43% | 48% | 57% | 53% | 58% | 51.8% |
| വി.എച്ച്.എസ്സ്.എസ്സ്., വിളക്കുപാറ | 63% | 45% | 64% | 46% | 57% | 55% |

അവലംബം : വിവരശേഖരണ റിപ്പോർട്ട്

പട്ടിക - 3

| ക്ലാസ്സുകൾ | 30% ത്തിനു താഴെ മാർക്കു ലഭിച്ചവർ | 30%ത്തിനും 40%ത്തിനും ഇടയിൽ മാർക്കുലഭിച്ചവർ | 40% മുതൽ 50% വരെ നേടിയവർ | 50% മുതൽ 60% വരെ നേടിയവർ | 60%ത്തിനു മുകളിൽ മാർക്കുലഭിച്ചവർ |
|---|---|---|---|---|---|
| III | 137 | 123 | 135 | 85 | 61 |
| IV | 118 | 126 | 133 | 95 | 64 |
| V | 135 | 165 | 115 | 61 | 40 |
| VI | 126 | 159 | 135 | 79 | 53 |
| VII | 135 | 210 | 120 | 73 | 46 |
| VIII | 143 | 130 | 118 | 97 | 75 |
| IX | 148 | 122 | 130 | 88 | 59 |
| X | 125 | 104 | 136 | 63 | 50 |

അവലംബം : വിവരശേഖരണ റിപ്പോർട്ട്

വിദ്യാഭ്യാസവകുപ്പിന്റെ നയവൈകല്യങ്ങളിൽനിന്ന് ജനശ്രദ്ധതിരിച്ചുവിടാനുള്ള ഇന്ദ്രജാലപ്രകടനമായ ആൾ പ്രമോഷൻ നിറുത്തിയെങ്കിലേ അർഹരായ കുട്ടികൾക്ക് ക്ലാസ്കയറ്റം ലഭിക്കൂ.

ഈ പഞ്ചായത്തിലെ 15 വിദ്യാലയങ്ങളിലെ കാൽ പാദപരീക്ഷകളിൽനിന്ന് ശേഖരിച്ച് മാർക്കടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിൽ അനുഭവപ്പെട്ട സത്യം നിരാശാജനകമാണ്. (പട്ടിക III കാണുക) മൂന്നുസ്റ്റേജിലുള്ള ക്ലാസ്സുകളാണ് വിലയിരുത്തലിന് പരിഗണിച്ചത്. നാലാംക്ലാസ്സിൽ 30%ത്തിനു താഴെമാർക്ക് ലഭിച്ചവർ 22%വും 60%ത്തിന് മുകളിൽ മാർക്ക് ലഭിച്ചവർ 12%വും ഏഴാം ക്ലാസ്സിൽ 30%ത്തിന് താഴെ 23%വും 60%ത്തിനു മുകളിൽ 8%വും പത്താംക്ലാസ്സിൽ 30%ത്തിനു താഴെ 26%വും 60%ത്തിനു മുകളിൽ 10% വും ആണ്.(പട്ടിക II,III ഇവകാണുക)

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഈ മൂല്യശോഷണത്തിനു പ്രധാനകാരണം. മാറിമാറി വരുന്ന പാഠ്യപദ്ധതി ശരിയായ രൂപത്തിൽ ഉൾക്കൊണ്ട് ബോധനം നടത്താൻ പ്രാപ്തരാക്കപ്പെടാത്ത അദ്ധ്യാപകർ മറ്റൊരു ഘടകമാണ്. പാഠ്യപദ്ധതിയുടെ അന്ത:സത്ത ശരിയായി ഉൾക്കൊള്ളാൻ വിദ്യാർത്ഥി സമൂഹത്തെ പ്രാപ്തരാക്കണം. ഓരോവിഷയത്തിനും പ്രാഗൽഭ്യമുള്ള അദ്ധ്യാപകരുടെ കുറവ് നികത്തപ്പെടേണ്ടതാണ്.

അനവസരത്തിലുള്ള അദ്ധ്യാപക സ്ഥലം മാറ്റംമൂലം വിദ്യാർത്ഥികളുടെ പഠനം, കലാകായികരംഗങ്ങൾ എല്ലാം തകിടം മറിക്കപ്പെടുന്നു. വിദ്യാർത്ഥി നിസ്സഹായനായി നോക്കിനിൽക്കേണ്ടിവരുന്നു. കാലക്രമത്തിൽ അവൻ വിദ്യാഭ്യാസത്തെ വെറുക്കുന്നു. തന്റെ അയൽവീട്ടിലെ കുട്ടികൾ നല്ലവാഹനത്തിൽകയറികൊട്ടാരസദൃശസുഖസൗകര്യമുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നു. അവൻ നടന്നലഞ്ഞ് സർക്കാർ സ്കൂളിലെത്തുമ്പോൾ പ്രതീക്ഷിച്ചതൊന്നും ലഭിക്കുന്നില്ല. പഠിപ്പിക്കാനാവശ്യമായ അദ്ധ്യാപകരില്ലാത്ത മതിയായ പഠനസൗകര്യങ്ങളില്ലാത്ത, പഠനോപകരണങ്ങളില്ലാത്ത, സ്കൂൾ ഉപകരണങ്ങളില്ലാത്ത, തുറക്കുന്ന ലാബർട്ടറികളില്ലാത്ത, അർഹമായ കായികകലാ വിദ്യാഭ്യാസ സൗകര്യമില്ലാത്ത, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പോലും സൗകര്യങ്ങളില്ലാത്ത സർക്കാർസ്കൂളുകൾ വിദ്യാർത്ഥികളുടെ രോഷപ്രകടനത്തിന്റെ കേളീരംഗമാകുന്നു. വിദ്യാഭ്യാസത്തെ അവൻ വെറുക്കുന്നു. അവന്റെ ആശ്രയം അപക്വമതികളായ സുഹൃത്തുക്കളും ലഹരിവസ്തുക്കളുമാകുന്നു. ഇതോടെ അവൻ ഒരുപരിപൂർണ്ണ ക്രിമിനലായിമാറുന്നു. ഈ ഭീകരാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കേണ്ടത് സമൂഹത്തിന്റെ ആരോഗ്യപരമായ വളർച്ചയ്ക്ക് ആവശ്യമാണ്. വിദ്യാഭ്യാസ വിദഗ്ദ്ധരും, അദ്ധ്യാപകശ്രേഷ്ടൻമാരും ശരിയായ രാഷ്ട്രീയപരിജ്ഞാനമുള്ള പൊതുപ്രവർത്തകരും നിയമജ്ഞന്മാരും മന:ശാസ്ത്രജ്ഞൻമാരും ജനപ്രതിനിധികളും കൂട്ടായി ചിന്തിച്ച് പരിഹാരം നേടേണ്ടകാര്യമാണ് ഇത്.

പട്ടിക 4
പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | ആകെ |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 21 | 15 | 36 | 63 | 53 | 116 |
| | | | | ആകെ | 152 |

അവലംബം - വിവരശേഖരണ റിപ്പോർട്ട്

ഒന്നാംസ്റ്റാന്റേർഡിൽ പ്രവേശിക്കുന്ന പെൺകുട്ടികൾ പത്താം സ്റ്റാൻഡേർഡിൽ എത്തുമ്പോൾ 4.57% കുറയുന്നു. 5,6,7എന്നീ സ്റ്റാന്റേർഡുകളിൽ മാത്രം 2.5% കുറയുന്നു. പട്ടകജാതിവിദ്യാർത്ഥികളുടെ കുടുംബസാഹചര്യങ്ങളും മറ്റു ചിലസമുദായങ്ങളിലെ ബാല്യവിവാഹവും കുട്ടികളെ തൊഴിലിനുവിടുന്നതും ഇതിന് കാരണമായുണ്ട്. ഇവപരിഹരിക്കാൻ ഇത്തരം കുട്ടികളുടെ രക്ഷകർത്താക്കളെ ബോധവൽക്കരിക്കേണ്ടതാവശ്യമാണ്. പട്ടിക 4 കാണുക.

പട്ടിക 5 ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെഎണ്ണം. % | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം. | ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 211 | 132 | 62.55% | 5503 | 3453 | 62.74% |

അവലംബം - വിവരശേഖരണറിപ്പോർട്ട്.

പട്ടിക VI
അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത.

| ഇല്ലാത്തത് | ഉള്ളത് | ലൈബ്രറി |
|---|---|---|
| 5 | 10 | പ്രവർത്തിക്കാത്തത് |
| 1 | 3 | ലാബ് |
| - | 1 | പ്രവർത്തിക്കാത്തത് |
| 11ഉപയോഗ ശൂന്യം | 4 | പഠനോപകരണങ്ങൾ |
| 8 | 7 | റേഡിയോ |
| 8 | 7 | ടേപ്പ്റിക്കോർഡർ |
| ഇല്ല | ഇല്ല | ടെലിവിഷൻ |
| ഇല്ല | ഇല്ല | സിനിമാ പ്രൊജക്ടർ |
| ഇല്ല | ഇല്ല | സ്ലൈഡ് പ്രൊജക്ടർ |
| - | 77 | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ |
| - | രണ്ടുസ്കൂളുകളിൽ സജീവമല്ല | മാതൃസംഘം സജീവമാണ് |
| - | രണ്ടുസ്കൂളുകളിൽ പ്രവർത്തനമില്ല | ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ |

അവലംബം : വിവര ശേഖരണ റിപ്പോർട്ട്

## വാർഷിക പരിശോധന

സ്കൂളുകളിൽ വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും സന്ദർശിക്കുകയും വാർഷികപരിശോധന പരിശോധന നടത്തുകയും ചെയ്യുക എന്നതാണ് സ്ക്കൂൾപരിശോധനാ രീതി. പരിശോധനയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കാറേയില്ല. വാർഷികപരിശോധന വർഷങ്ങളായി നടത്താത്ത സ്കൂളുകളുമുണ്ട്. മേലുദ്യോഗസ്ഥൻമാരുടെ നിരുത്തരവാദിത്വമനോഭാവം മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസആഫീസുകളിൽ അഡ്മിനിസ്ട്രേഷന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുള്ളപ്പോൾ അക്കാദമിക് വിഭാഗം ജില്ലാ ഉപജില്ലാ ആഫീസന്മാർ കൂടുതൽ ശ്രദ്ധിക്കണം. സ്കൂൾ പരിശോധനകളുടെ എണ്ണം. കൂട്ടേണ്ടത് അത്യാവശ്യമാണ്. ത്രിതല പഞ്ചായതത്ത് നിലവിൽവന്നതിനാൽ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് മെമ്പർ എന്നിവർ നിരന്തരം സ്കൂളുകളിലെത്തി പഠനനിലവാരം

ബോധ്യപ്പെടേണ്ടതാണ്. വിദ്യാഭ്യാസ രംഗം കൂടുതൽ ജനകീയവൽക്കരിക്കാൻ അത് ആവശ്യമാണ്.

### സ്കൗട്ട്, എൻ.സി.സി

ആരോഗ്യമുള്ളതലമുറയെ വളർത്തിയെടുക്കാൻ സ്കൗട്ട്, എൻ.സി.സി എന്നിവ എല്ലാസ്കൂളുകളിലും ആരംഭിക്കണം. എൻ.സി.സി പഠിപ്പിക്കുന്നത് പരിശീലനം ലഭിച്ച അദ്ധ്യാപകരല്ല. അതിനാൽ നമ്മുടെ കരസേനയിൽ നിന്നു തന്നെ അദ്ധ്യാപകരെ നിയോഗിച്ച് എൻ.സി.സി പരിശീലനം നടത്തുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കണം. അതോടൊപ്പം പരിശീ ലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പോഷകഗുണമുള്ള ഭക്ഷണം നൽകുകയും വേണം.

S.S.L.Cവിജയശതമാനം കഴിഞ്ഞ 5വർഷങ്ങളിലെ വിവരങ്ങൾ പരിശോധിച്ചാൽ ഒന്നാംസ്ഥാനം നെട്ടയം ഗവ:ഹൈസ്കൂളിനാണ്. ശരാശരി 60.2%ഭൗതികസാഹചര്യങ്ങൾ പ്രതികൂലമായിട്ടുപോലും അയിലറ ഹൈസ്കൂളിൽ 58% വിജയംനേടുന്നു. ഏറ്റവും കുറവ് ഏരൂർ ഹൈസ്കൂളിലാണ്. 36.6% (പട്ടിക 2 കാണുക.)

ഇത് ഒരു ഭൂഷണമാണോ എന്ന് ഈ സ്കൂളിലെ അദ്ധ്യാപകരും ബന്ധപ്പെട്ട ഹെഡ്മാസ്റ്ററും ചിന്തിക്കണം. തുടർച്ചയായും വിജയശതമാനം കുറഞ്ഞിട്ടും രക്ഷകർത്തൃസമിതി ഈ ദു:ഖസത്യം കാണുന്നില്ല എന്നത് ഖേദകരമാണ്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ള ഈ സ്കൂളിലെ നിലവാരതകർച്ച മാറ്റിയെടുത്തേ മതിയാകൂ.

### അദ്ധ്യാപകസംഘടനകൾ

വിദ്യാലയങ്ങളിലെ നിലവാരതകർച്ചയ്ക്ക് അദ്ധ്യാപകർ ഒരു പ്രധാനകാരണമാണ്. അടിക്കടിമാറികൊണ്ടിരിക്കുന്ന പാഠ്യപദ്ധതികൾ ഉൾക്കൊള്ളാൻ ഭൂരിപക്ഷം അദ്ധ്യാപകരേയും പ്രാപ്തരാക്കപ്പെടുന്നില്ല. ബോധനനിലവാരം ഉയർത്തുന്നതിൽ സദാജാഗരൂകരായിരിക്കേണ്ട അദ്ധ്യാപകരിൽ ഒരു നല്ലവിഭാഗം അലസരും സ്വന്തംകാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവരുമായി മാറികൊണ്ടിരിക്കുന്നു. ഒരു ചെറിയവിഭാഗം ആത്മാർത്ഥതയുള്ളവരായി ഇല്ലന്നല്ല വിവരിക്കുന്നത്. സമൂഹത്തിൽ അദ്ധ്യാപകനുള്ള മാന്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം ഉത്തരവാദിത്വത്തിൽനിന്ന് അദ്ധ്യാപകൻ ഒളിച്ചോടാൻ തുടങ്ങിയതാണ് ഇതിന് കാരണം. കൃത്യസമയത്ത് സ്കൂളിൽ എത്തുന്ന അദ്ധ്യാപകർ കുറുഞ്ഞുകൊണ്ടിരിക്കുന്നു. പ്രഥമാധ്യാപകരുടെ അനാസ്ഥയാണ് ഇതിന് കാരണം.

വേതനവർദ്ധനവിനും മറ്റുമായി പോരാടുന്ന അദ്ധ്യാപകർ സ്വന്തം കടമകൾ വിസ്മരിക്കുന്നതാണ് മൂല്യശോഷണത്തിനു പ്രധാനകാരണം. സ്വന്തം കുട്ടികളുടെ കാര്യത്തിൽ എടുക്കുന്ന താല്പര്യം അപരന്റെ കുട്ടികളുടെ കാര്യത്തിലും എടുക്കണം. അർപ്പണബോധത്തോട് പ്രവർത്തിക്കുന്ന അദ്ധ്യാപകരെ ആദരിക്കുകയും വേണം.

### സ്കൂൾ ക്ലബ്ബുകൾ

വവിധ വിഷയങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്ലബ്ബുകൾ സജീവമാക്കണം. സ്ഥലപരിമിതിയുണ്ടെങ്കിലും ഉള്ളസ്ഥലത്ത് ഫലവൃക്ഷങ്ങളും ചെടികളും നട്ടുപിടിപ്പിച്ച് സ്കൂൾ പരിസരം ആകർഷകമാക്കണം. ഓരോസ്കൂളുകളിലും വൃക്ഷമിത്രസംഘങ്ങൾ രൂപീകരിച്ച് പാതവക്കിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചാൽ നമ്മുടെ പഞ്ചായത്ത് ഒരു ഗ്രീൻപഞ്ചായത്തായി മാറ്റിയെടുക്കാം. പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധഈവിഷയത്തിലേക്ക് തിരിയേണ്ടതാണ്.

### ഉച്ചക്കഞ്ഞിവിതരണം.

ഉച്ചക്കഞ്ഞിവിതരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. ഈ പദ്ധതി പൂർണ്ണമായും P.T.Aയുടെ ചുമതലയിൽ വിട്ടുകൊടുക്കണം. പ്രൈമറിക്ലാസുകളിൽ പഠിക്കുന്ന ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്ക് പോഷകാഹാരം സൗജന്യമായി നൽകണം.

### സ്ലേറ്റ്, പെൻസിൽ ഇവയുടെ വിതരണം.

ഒന്നാംക്ലാസിൽ എത്തുന്ന കുട്ടികൾക്ക് സ്ലേറ്റ്,പെൻസിൽ എന്നിവയുടെ വിതരണം പ്രയോജനപ്രദമല്ല. ആ പദ്ധതി നിറുത്തേണ്ടതാണ്.

### ഭൗതികസാഹചര്യപരിഗണന

ഈ പഞ്ചായത്തിലെ ഒന്നും മൂന്നും വാർഡുകളിൽ ഒരു പ്രൈമറിസ്കൂൾ പോലുമില്ല.

ഇത് നമ്മടെ വിദ്യാഭ്യാസപാരമ്പര്യത്തിന് ഒരു കളങ്കമാണ്. പഞ്ചായത്തിൽ ആകെ 15സ്കൂളുകളാണ് ഉള്ളത്. ഇതിൽ 3ഗവ: ഹൈസ്കൂളുകളും 6 ഗവ:ലോവർ പ്രൈമറിസ്കൂളുകളും ഒരു സ്വകാര്യവൊക്കേഷണൽ ഹയർസെക്കന്ററിസ്കൂളും ഒരു സ്വാകാര്യഅപ്പർ പ്രൈമറിസ്കൂളും 4സ്വകാര്യലോവർ പ്രൈമറിസ്കൂളും ഉൾപ്പെടുന്നു(പട്ടിക1 കാണുക) ഈ സ്കൂളുകളിലെല്ലാംകൂടി 5593കുട്ടികൾ പഠിക്കുന്നു. എൽ.പി.വിഭാഗത്തിൽ 2243കുട്ടുകളും യു.പി.വിഭാഗത്തിൽ 1629കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 1631 വിദ്യാർത്ഥികളും വൊക്കേഷനൽ ഹയർസെക്കന്ററി വിഭാഗത്തിൽ 90കുട്ടികളുമുള്ളതായി കാണുന്നു.(പട്ടിക 10 കാണുക)ഇതിൽ പട്ടികജാതിക്കാർ 1043പേരുണ്ട്. ഇത് ഏകദേശം 19%വരും(പട്ടിക9കാണുക)കഴിഞ്ഞ സ്കൂൾവർഷം 36പട്ടകജാതികുട്ടികളും 116മറ്റുള്ളകുട്ടികളും പഠനം നിറുത്തി. (പട്ടിക10കാണുക)132 ഗവ: സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ 211 അദ്ധ്യാപകർ ആകെയുള്ളതായി കാണുന്നു. (പട്ടിക 6 Aകാണുക)പൊതുവേ സ്കൂളുകളിലെ പഠനനിലവാരം തൃപ്തികരമല്ല.

വർഷങ്ങളായി അറ്റകുറ്റപണിനടത്താത്ത അവസ്ഥയാണ് സ്കൂൾകെട്ടിടങ്ങൾക്ക് മതിയായകെട്ടിടങ്ങൾ മിക്കസ്കൂളുകളിലുമില്ല. പഴേരൂർ ഗവ: L.P.S അപക

## പട്ടിക 1. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ക്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രായ്ക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | HSS / HS | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ-എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ-എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ-എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്തു വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്ക്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസ്സുകൾ മാത്രം നടത്തുന്നവ | സ്ക്കൂൾ - കോളേജ് ക്ലാസ്സുകൾ നടത്തുന്നവ | |
| I | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | |
| II | | | | | | | | | | | 1 | | | | | | | 1 | | | | | | | | | | | |
| III | | | | | | | | | | | | | | | | | | | | | | | | | | | | | |
| IV | 1 | | | | | 1 | | | | | 1 | | | | | | | 2 | | | | | | | | 1 | | 2 | |
| V | 1 | | | | | 1 | | | | | 1 | | | | | | | | | | | | | | | | | | |
| VI | | | | | | | | | | | 1 | | | | | | | | | | | | | | | | | | |
| VII | | | | | | | | | | | | 1 | | | | | | 1 | | | | | | | | | | | |
| VIII | 1 | | | | | | 1 | | | | 1 | | | | | | | | | | | | | | | 1 | | | |
| IX | | | | | | | | | | | | 1 | | | | | | | | | | | | | | | | | |
| X | | | | | | | | | | | 1 | | | | | | | 1 | | | | | | | | | | | |
| XI | | | | | | | | | | | | 1 | | | | | | 1 | | | | | | | | | | | |
| XII | | 1 | | | | | 1 | | | | | | | | | | | 1 | | | 1 | | | | | | | | |
| XIII | | | | | | | | | | | 1 | 1 | | | | | | | | | | | | | | | | | |
| ആകെ | 3 | 1 | | | 4 | 2 | 2 | | | 4 | 7 | 4 | | | 11 | | | 7 | 7 | | 1 | 1 | | | | 2 | | 2 | |

കുറിപ്പ്:
ഏരൂർ ഗവ: ഹൈസ്ക്കൂൾ യു.പി. ഉൾപ്പെടെ എച്ച്.എസ്. - വാർഡ് 4
നെട്ടയം ഗവ: ഹൈസ്ക്കൂൾ എൽ.പി. യു.പി. ഉൾപ്പെടെ എച്ച്.എസ്. - വാർഡ് 5
വിളക്കുപാറ ഹൈസ്ക്കൂൾ യു.പി. ഉൾപ്പെടെ എച്ച്.എസ്. - വാർഡ് 12

പട്ടിക 7 കുട്ടികളുടെ സ്ഥിതിവിവരകണക്ക്

| LPS - I to IV | | | UPS - V to VII | | | HS - VIII to IX | | | VHSS | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1143 | 1100 | 2243 | 854 | 775 | 1629 | 820 | 811 | 1631 | 45 | 45 | 90 | |
| | | | | | | | | | | | | 5593 |

അവലംബം - ദ്വിതീയ വിവര ശേഖരണ റിപ്പോർട്ട്

പട്ടിക 8 എൽ.പി., യു.പി. വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LPS - I to IV | | | UPS - V to VII | | | HS - VIII to IX | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 5503 | 1143 | 1100 | 49.04 | 854 | 775 | 47.58 | 820 | 811 | 49.72 |
| | | | | | | | | ആകെ | 48.81 |

അവലംബം - വിവര ശേഖരണ റിപ്പോർട്ട്

പട്ടിക 9 പട്ടികജാതി/പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ കണക്ക്

| LPS - I to IV | | | UPS - V to VII | | | HS - VIII to IX | | |
|---|---|---|---|---|---|---|---|---|
| ആൺ | SC/ST | % | ആൺ | SC/ST | % | ആൺ | SC/ST | % |
| 2243 | 430 | 19.17 | 1629 | 321 | 19.7 | 16.31 | 292 | 17.9 |

അവലംബം - വിവര ശേഖരണ റിപ്പോർട്ട്

പട്ടിക 10 സാങ്കേതിക വിദ്യാലയത്തെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | കോഴ്സുകൾ | കുട്ടികൾ | | | അദ്ധ്യാപകരുടെ വിവരം | സാങ്കേതിക ജീവനക്കാർ | മിനിസ്റ്റീരിയൽ ജീവനക്കാർ |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | | | |
| 1 | എം.ആർ.ടി.വി. ഇലക്ട്രോണിക്സ് | 25 | 23 | 48 | വി.എൽ. എഞ്ചിനിയേഴ്സ് - 2<br>പി.ജി. ലക്ചേഴ്സ് - 4 | ലബോറട്ടറി അസി: 2<br>ഇൻസ്ട്രക്ടർ - 2 | ക്ലർക്ക് - 1 |
| 2 | എം.ആർ.ഡി.എ. ഇലക്ട്രിക്കൽ | 20 | 22 | 42 | | | |
| | ആകെ | 45 | 45 | 90 | ആകെ - 6 | 4 | 1 |

അവലംബം - വിവര ശേഖരണ റിപ്പോർട്ട്

## പട്ടിക VI A
## ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥിക | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഗവ: എൽ.പി.എസ്. പാണയം | 118 | 4 | 1 | ഇല്ല | കിണർ ഉണ്ട് | ഉണ്ട് |
| 2 | ഗവ: എൽ.പി.എസ്. ഏരൂർ | 299 | 8 | 1 | ഇല്ല | കിണർ | ഉണ്ട് |
| 3 | ഗവ: എച്ച്.എസ്. ഏരൂർ | 1188 | 46 | 3 | ഇല്ല | പമ്പ്, കിണർ | ഉണ്ട് |
| 4 | ഗവ: എച്ച്.എസ്., നെട്ടയം | 844 | 33 | 2 | 1 | പമ്പ്, കിണർ | ഉണ്ട് |
| 5 | ഗവ: എച്ച്.എസ്., ആർച്ചൽ | 172 | 5 | 1 | ഉപയോഗ യോഗ്യമല്ല | കിണർ | ഇല്ല |
| 6 | എം.ജി.എൽ.പി.എസ്. മണലിൽ | 298 | 10 | ഉണ്ട് | ഉണ്ട് | പമ്പ്, കിണർ | ഉണ്ട് |
| 7 | ഗവ: എൽ.പി.എസ്. അയിലറ | 287 | 10 | 2 | 2 | കിണർ | ഉണ്ട് |
| 8 | ഗവ: എച്ച്.എസ്. അയിലറ | 334 | 10 | 2 | 1 | കിണർ | ഉണ്ട് |
| 9 | യു.പി.എസ്. അയിലറ | 401 | 18 | 2 | ഇല്ല | കിണർ | ഇല്ല |
| 10 | പി.പി.റ്റി.എം. എൽ.പി.എസ്. പത്തടി | 264 | 9 | 2 | 1 | കിണർ | ഇല്ല |
| 11 | ഗവ: എൽ.പി.എസ്. പഴയേരൂർ | 131 | 4 | 1 | ഇല്ല | കിണർ | ഉണ്ട് |
| 12 | എൽ.പി.എസ്. വിളക്കുപാറ | 243 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | മാതാ വി.എച്ച്.എസ്. വിളക്കുപാറ | 704 | 28 | 2 | ഇല്ല | കിണർ | ഉണ്ട് |
| 14 | എൽ.പി.എസ്. ആയിരനല്ലൂർ | 136 | 5 | ഇല്ല | ഇല്ല | കിണർ | ഉണ്ട് |
| 15 | ഗവ: തമിഴ് എൽ.പി.എസ്. കേളൻകാവ് | 80 | 4 | ഇല്ല | ഇല്ല | കിണർ | ഇല്ല |

അവലംബം - വിവര ശേഖരണ റിപ്പോർട്ട്

ടനിലയിലാണ്. ഏതുസമയത്തും നിലം പൊത്താവുന്ന അവസ്ഥയിലാണ് ഇതിന്റെ സ്ഥിതി. മതിയായ പഠനോപകരണങ്ങൾ ഒരു സ്കൂളിലുമില്ല. ലാബർട്ടറി ലൈബ്രറി എന്നിവ ഒരു സ്കൂളിലും സജീവമായി പ്രവർത്തിക്കുന്നില്ല.

### അദ്ധ്യാപക രക്ഷകർതൃസംഘടനയും മാതൃസംഗമവും

വളരെയേറെ നല്ലലക്ഷ്യങ്ങളോടാണ് ഈ രണ്ടുസംഘങ്ങളും തുടങ്ങിയിട്ടുള്ളത്. എന്നാൽ ചിലസ്കൂളുകളിൽ ഇവ രണ്ടും കടലാസ്സ് സംഘടനകളായി മാത്രം പ്രവർത്തിക്കുന്നു. പത്തടി P.P.T.M, L.P.S, പഴയേരൂർ ഗവ: L.P.S വിളക്കുപാറ L.P.S എന്നിവിടങ്ങളിൽ ഈ രണ്ടുസംഘടനകളും സജീവമല്ല. അയിലറ ഗവ: ഹൈസ്കൂളിലെ P.T.A യുടെ പ്രവർത്തനം മാതൃകാപരമാണ്.

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, പാഠ്യേതരപ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും രക്ഷകർത്താക്കൾക്ക് സ്കൂളുമായുള്ള ബന്ധം സുദൃഢമാക്കുന്നതിന് ഈ സംഘടനകൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. P.T.A യുടെ നിയമാവലി ഭേദഗതിചെയ്ത്പഞ്ചായത്ത് മെമ്പർ, റിട്ടയർ ചെയ്തസ്ഥലവാസികളായ അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി വിപുലീകരിക്കണം.

### ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ

പത്തടി, വിളക്കുപാറ എന്നിവിടങ്ങളിലായി 2ഇംഗ്ലീഷ്മീഡിയം നേഴ്സറിസ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 150വിദ്യാർത്ഥികൾ രണ്ടുസ്കൂളിലും കൂടി പ്രവർത്തിക്കുന്നു. കാലത്തിന്റെ പൊതുമാറ്റത്തിന്റെ ഫലമായി വിദ്യാഭ്യാസവും രണ്ടുതട്ടിലായിരിക്കുകയാണല്ലോ?

വിദ്യാഭ്യാസം വിലയ്ക്കുവാങ്ങുവാൻ പറ്റുന്ന വസ്തുവായി അധ:പതിച്ചുകൊണ്ടിരിക്കുന്നു. കൂടുതൽ വിലകൊടുത്താൽ നല്ലവിദ്യാഭ്യാസം ലഭിക്കുമെന്ന ധാരണ സമൂഹത്തിൽ വളർന്നുവരുന്നു. വരേണ്യവർഗ്ഗത്തിന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും അധ:സ്ഥിതവർഗ്ഗത്തിന് പൊതുവിദ്യാഭ്യാസവും എന്ന അവസ്ഥമാറിയേ തീരൂ. ഗ്രാമപ്രദേശങ്ങളിൽ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ കുട്ടിയെ പഠിപ്പിക്കുന്നത് രക്ഷകർത്താവിന്റെ അന്തസിന്റെ പ്രശ്നമായി മാറിയിരിക്കുന്നു. ശരിയായപരിശീലനം ലഭിക്കാത്ത അദ്ധ്യാപകർ പഠിപ്പിക്കുന്ന ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവസാനം ഇംഗ്ലീഷുമില്ല മലയാളവുമില്ല എന്ന അവസ്ഥവരും. ഇതിനെതിരെ ബോധവൽക്കരണം അത്യാവശ്യമാണ്. അതൊടൊപ്പം പൊതുവിദ്യാലയങ്ങളിലെ ബോധനനിലവാരം കുറ്റമറ്റതാക്കുകയും വേണം. സ്വന്തം കുട്ടിയെ അണിയിച്ചൊരുക്കി ഇംഗ്ലീഷ്മീഡിയം സ്കൂളിൽ വിട്ടിട്ട് പൊതുവിദ്യാലയങ്ങളിൽ ജോലിക്ക് പോകുന്ന ഒരു ന്യൂനപക്ഷം അദ്ധ്യാപകരുണ്ട്. തിരുത്തപ്പെടേണ്ട ഒരു പ്രവണതയാണ് ഇത്. ഇക്കൂട്ടർക്കെതിരെ സമൂഹം പ്രതികരിക്കേണ്ട കാലം വൈകിയിരിക്കുന്നു.

### ശിശുവിദ്യാഭ്യാസം

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 32723ആണ്. പഞ്ചായത്തുവക ഒറ്റബാലവാടി പോലുമില്ല. ഇത് ഒരു പോരായ്മയാണ്. എല്ലാവാർഡുകളിലും ശിശുവിദ്യാഭ്യാസത്തിനാവശ്യമായ ബാലവാടികൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ എല്ലാ പ്രൈമറിസ്കൂളുകളിലും പ്രീപ്രൈമറിവിഭാഗം അടുത്ത സ്കൂൾ വർഷം തന്നെ തുടങ്ങണം.

### കായികവിദ്യാഭ്യാസം

ലോകകായികരംഗങ്ങളിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥാനം ശോചനീയമാണെന്ന് വ്യക്തമാണല്ലോ? ഈ അവസ്ഥ മാറണമെങ്കിൽ പ്രൈമറിതലംമുതലേ കുട്ടികൾക്ക് കായികപരിശീലനം കൊടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മടെ പഞ്ചായത്തിൽ ഏരൂർ ഹൈസ്കൂളിനൊഴിച്ച് മറ്റൊരുസ്കൂളിനും മതിയായ കളിസ്ഥലമില്ല. നെട്ടയം അയിലറ എന്നീ സ്ഥലങ്ങളിൽ ഹൈസ്കൂളുകൾക്ക് കളിസ്ഥലങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കുകയും പ്രൈമറിസ്കൂളുകൾക്കാവശ്യമായ സ്ഥലം അക്വയർചെയ്യുകയും വേണം. ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരെ കായികപരിശീലനത്തിന് നിയോഗിക്കണം.

### സമാന്തര വിദ്യാഭ്യാസം

സമാന്തരവിദ്യാഭ്യാസരംഗത്തെ പാരലൽകോളേജുകളും ട്യൂഷൻസെന്ററുകളും സ്കൂൾവിദ്യാഭ്യാസത്തെ വളരെയധികം സഹായിക്കുന്നു. അഭ്യസ്തവിദ്യാരായ ഒരു കൂട്ടംയുവതീയുവാക്കളുടെ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനമേഖലയാണ് ഇവകൾ. വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന നാമമാത്രമായ ഫീസ് മാത്രമാണ് ഇവിടുത്തെ അദ്ധ്യാപരുടെ വരുമാനമാർഗ്ഗം. ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നത്ര സാമ്പത്തികസഹായം നല്കണം. അദ്ധ്യാപകരുടെ പരീക്ഷായോഗ്യത പരിശോധിക്കേണ്ടതാണ്.

### അനൗപചാരികവിദ്യാഭ്യാസം

കേരളത്തിലെ സാക്ഷരതാപദ്ധതി വമ്പിച്ച വിജയമായിരുന്നു. ഒന്നാംഘട്ടംകഴിഞ്ഞപ്പോൾ നമ്മുടെ പഞ്ചായത്തിലെ നിരക്ഷരരുടെ എണ്ണം നാമമാത്രമായിരുന്നു. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ സാക്ഷരതാപദ്ധതിയുടെ രണ്ടാംഘട്ടം തുടങ്ങികഴിഞ്ഞിട്ടില്ല. അതിനാൽ ആദ്യഘട്ടത്തിൽ ആവേശത്തോട് സാക്ഷരരായവർ നിരക്ഷരരായികൊണ്ടിരിക്കുന്നു. തുടർവിദ്യാഭ്യാസ പദ്ധതി അടിയന്തിരമായി ആരംഭിക്കണം. നവസാക്ഷരർക്ക് തൊഴിൽ ചെയ്യാനാവശ്യമായ മൂലധനം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

### നിർദ്ദേശങ്ങൾ

1. വാർഡ് I,III, XII എന്നിവിടങ്ങളിൽ ഏറ്റവും പെട്ടന്ന് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുക.

2. ഏരൂർ, നെട്ടയം, അയിലറ എന്നീ ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗവും പ്ലസ്ടു കോഴ്സും ആരംഭിക്കുക.

3. മണലിൽ, ആയിരനല്ലൂർ, പഴേരൂർ എന്നീ പ്രൈമറിസ്കൂളുകളിൽ അപ്പർപ്രൈമറി വിഭാഗം ആരംഭിക്കുക.

4. നിലവിലുള്ള എല്ലാ പ്രൈമറിസ്കൂളുകളിലും പ്രീപ്രൈമറി സ്കൂൾ തുടങ്ങുക.

5. ഏരൂർ ഒരുടെക്നിക്കൽ സ്കൂൾ ആരംഭിക്കുക.

6. ഏരൂർ ഹൈസ്കൂളിൽ സ്പോർട്സ് കോച്ചിംഗ് കേന്ദ്രം തുടങ്ങുക.

7. സ്കൂൾ സൊസൈറ്റിയുടെ നിയമം ഭേദഗതിചെയ്ത് പഞ്ചായത്ത് മെമ്പർ P.T.A പ്രതിനിധികൾ എന്നിവരെ ചേർത്ത് സൊസൈറ്റി ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ച് പ്രവർത്തനം കുറ്റമറ്റമാക്കുക.

8. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ റബ്ബർടെക്നോളജി, ലൈവ്സ്റ്റോക്ക്, ലാബോറട്ടറി ടെക്നീഷ്യൻ പാരാമെഡിക്കൽ കോഴ്സുകൾ എന്നിവ തുടങ്ങുക.

9. വനിതകൾക്കായി ഒരുതയ്യൽ സ്കൂൾ ആരംഭിക്കുക.

10. മന്ദബുദ്ധികളായ കുട്ടികൾകളെ പഠിപ്പിക്കാൻ ഒരു സ്കൂൾ തുടങ്ങുക.

11. പഞ്ചായത്തിലെ എല്ലാവാർഡുകളിലും അങ്കണവാടികൾ ആരംഭിക്കുക.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരുവിദ്യാഭ്യാസ ഉപദേശസമിതി രൂപീകരിക്കുക.

13. ഫലപ്രദമായ രീതിയിൽ സ്കൂൾ കോംപ്ലക്സ് പുനർജ്ജീവിപ്പിക്കുക.

14. അദ്ധ്യാപകപരിശീലനം, ഒഴിവുനികത്തൽ എന്നിവ മദ്ധ്യവേനൽ അവധിക്കാലത്ത് തന്നെ നടത്തുക.

15. സ്കൂളുകളിൽ കുടിവെള്ളം, കളിസ്ഥലം ചുറ്റുമതിൽ എന്നിവ അടിയന്തിരമായി ലഭ്യമാക്കുക.

16. എല്ലാസ്കൂളുകളിലും സഹകരണ സ്റ്റോർ ആരംഭിക്കുക.

17. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് പഠനാവശ്യത്തിനുള്ള എല്ലാ സാമഗ്രികളും സൗജന്യമായി നൽകുക.

18. ഇൻകംടാക്സ് കൊടുക്കുന്ന രക്ഷിതാക്കളുടെ കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുക.

19. ഓരോസ്കൂളിലും യൂണിഫോറം നിർബന്ധിതമാക്കുക.

20. കായികമത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിവകളിൽ സമ്മാനാർഹരാകുന്ന കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകുക.



# 4

# കുടിവെള്ളം

റെ

# പൊതുജനാരോഗ്യം

## കുടിവെള്ളം

ശുദ്ധമായ ജലവും, ശുദ്ധമായവായുവും, വൃത്തിയുള്ള പാർപ്പിടവും ശുചിത്വമുള്ള പരിസരവും, ശുചിത്വമുള്ള വീടും ഉണ്ടെങ്കിൽ ഒരു ജനതയെ സംബന്ധിച്ചിടത്തോളം ആരോഗ്യകാര്യത്തിൽ വളരെയധികം സ്വാധീനംചെലുത്തുന്ന ഒന്നാണ്. കുടിവെള്ളത്തിനായി ഏരൂർ പഞ്ചായത്തിലെ ജനങ്ങൾ 99% വും കിണറുകളെയാണ് ആശ്രയിക്കുന്നത്. 45%കിണറുകളിലും ജലം ഇല്ലാത്തഅവസ്ഥയിലാണ്. പഞ്ചായത്തിന്റെ വലിപ്പത്തിന്റെ 42%വും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. ഈ സ്ഥിതിയൊക്കെ ആണെങ്കിൽപോലും ഈപഞ്ചായത്തിൽ വാട്ടർ അതോററ്റിയുടെ കാര്യശേഷിയുള്ള ഒരു പദ്ധതിപോലും ഇല്ലായെന്നുള്ളതാണ് സത്യം. ഒരു വർഷത്തിൽ ഏകദേശം പകുതികാലയളവിൽ ഈ പഞ്ചായത്തിൽ അതിരൂക്ഷമായ വേനൽ അനുഭവപ്പെടുമ്പോൾ കിണറുകൾ വറ്റുകയും ജനങ്ങൾക്ക് വെള്ളം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. അനിയന്ത്രിതമായി നിലം നികത്തലും നിരന്തരമായുള്ള വനനശീകരണവും ഈ പഞ്ചായത്തിൽ ജലദൗർലഭ്യത്തിന്റെ കാരണമായി ജനം കണക്കാക്കുന്നു.

ഏരൂർ പഞ്ചായത്തിൽ 1995-96വർഷത്തിൽ 126 പേർക്ക് ജലജന്യരോഗങ്ങൾ പിടിപെടുകയുണ്ടായി. 2മുതൽ3വരെ കിലോമീറ്റർ ദൂരത്തിൽപോയി കുടിവെള്ളം കൊണ്ടുവരേണ്ട സാഹചര്യം ഈ പഞ്ചായത്തിലുണ്ട്. ഏരൂർ പഞ്ചായത്തിലെ പലവാർഡുകളിലും വാട്ടർടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പലതും പ്രവർത്തനക്ഷമമല്ല.

### കുടിവെള്ളപ്രശ്ന പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

**വാർഡ് പ്രശ്നമേഖല നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ**

1 ആലഞ്ചേരി,ഏലാമുറ്റംകിഴക്കുംകര, തൊണ്ടിയറ, മുതലാറ്റ്, അണുങ്ങൂർ.

*ആലഞ്ചേരിജംഗ്ഷൻ K.W.Aയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുക. K.I.Pയുടെ ശാഖ ഒന്നാംവാർഡ്. സ്ഥിതിചെയ്യുന്ന പ്രദേശത്തുകൂടി കടത്തിവിടുക. മറ്റ് സ്ഥലങ്ങളിൽ കുഴൽകിണറുകളും പൊതുകിണറുകളും സ്ഥാപിക്കുക.*

2 ലക്ഷംവീടുകോളനി, മൈലാടുംകുന്ന്, തൃക്കോയിക്കൽ, പാണയംമേലേപാണയം,കറ്റിട്ട, വേലൻകുഴി,തെക്കേവയൽ, വെള്ളടികുന്ന്, വേലന്റഴികം.

ശുദ്ധജലസ്രോതസ്സ്-
പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | | |
| 10 | 7 | | | 11 | |

ഈ പ്രദേശങ്ങളിൽ കുഴൽകിണറുകളും പൊതുകിണറുകളും സ്ഥാപിക്കുക. പാണയം ജംഗ്ഷനിൽ വാട്ടർടാങ്ക് സ്ഥാപിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുക

3 മൈയിലാടുംകുന്ന്, ആലുംമുക്ക് കാഞ്ഞുവയൽ, ലക്ഷംവീട്.

വാരിക്കോലിൽ ഏലായിൽ ഉള്ളചിറവൃത്തിയാക്കി മിനിവാട്ടർ സ്കീം സ്ഥാപിക്കുക. ലക്ഷംവീട്കോളനിയിൽ ഉള്ള കുഴൽകിണറുകൾ നന്നാക്കണം, കിണറുകൾഇല്ലാത്ത എല്ലാവീട്ടുകാർക്കും കിണർനിർമ്മിക്കാൻ സാമ്പത്തികസഹായം നല്കണം.

4 ഏരൂർ H.S, L.P.S, നടുക്കുന്നുംപുറം, പണയിൽ ജംഗ്ഷൻ, മുരുംക്കുംകോട്, വിവേകാനന്ദക്ലബ്ബ് ജംഗ്ഷൻ, ഏരൂർ H.Sന്റെ തെക്കുവശത്തുള്ള ഉയർന്ന പ്രദേശം.

ഏരൂർ H.S,L.P.S എന്നിവിടങ്ങളിലെ കിണറുകൾ വൃത്തിയാക്കുക. കുഴൽകിണറുകൾ പൊതുകിണറുകൾ സ്ഥാപിക്കുക.കൊല്ലം കോണത്തുവയലിന്റെ തലയ്ക്കലെ പൊതുകുളം വൃത്തിയാക്കി പൈപ്പുലൈൻ സ്ഥാപിക്കുക.

5 നെട്ടയം, ബ്ളാപ്പാട്ടു ജംഗ്ഷൻ, തെക്കേ നെട്ടയം, വാരിക്കോൽ, ലക്ഷംവീട്, പൊന്നുംകോട്, നെട്ടയം H.Sന് വടക്കുവശം.

ഈ പ്രേദേശങ്ങളിൽ പൊതുകിണറുകളും കുഴൽകിണറുകളും സ്ഥാപിക്കുക. 150കുടുംബങ്ങൾക്ക് കിണർകുഴിക്കുന്നതിന് സാമ്പത്തികസഹായം നൽകുക. നൂറോളംകുടുംബങ്ങൾക്ക് ഉള്ളകിണറിന്റെ ആഴം കൂട്ടുന്നതിനുള്ള നടപടിസ്വീകരിക്കുക.

6 ആർച്ചൽ,ഇലുവംകുന്ന്, മണിലിപ്പച്ച, വേളാംകുന്ന്, ഭരതന്നൂർകുന്ന്, ഓലിയരുക്, പുള്ളിപ്പച്ച, മണലിൽ ബീ.ബീഎസ്റ്റേറ്റ് കുന്ന്, S.N.D.P ജംഗ്ഷൻ, പറങ്കിമാംമുകൾ, നിരപ്പിൽ ജംഗ്ഷൻ

ഈ പ്രദേശങ്ങളിൽ കുഴൽകിണറുകളും പൊതുകിണറുകളും സ്ഥാപിക്കുക. K.I.Pയുടെ ഒരു ശാഖകനാൽ ഈവാർഡിൽകൂടി കടത്തിവിടുക, ഒരു വാട്ടർടാങ്ക് സ്ഥപിച്ച് പൈപ്പുലൈൻ സ്ഥാപിക്കുക.

7 അണ്ടത്തൂർ, ഭരതന്നൂർ ജംഗ്ഷൻ, കിണറ്റുവക്ക്, വെള്ളച്ചാൽ, എരണ്ണൂർക്കരിയം, ചാഴിക്കുളംനിരപ്പ്, ഊരാളിയഴികത്ത്.

അണ്ടത്തൂർ ഭാഗത്ത് ഉള്ള കുളത്തിൽ നിന്നും ജലംടാങ്ക് കെട്ടി അതിൽ സംഭരിച്ച് പൈപ്പുലൈൻ വഴി എല്ലാഭാഗത്തും എത്തിക്കുക. വിവിധസ്ഥലങ്ങളിൽ പൊതുകിണറുകളും, കുഴൽകിണറുകളും സ്ഥാപിക്കുക. 100ലധികം വരുന്ന കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണർവെട്ടുന്നതിനും കിണറുകൾ ഉള്ളകുടുംബങ്ങൾക്ക് അവ ആഴംകൂട്ടുന്നതിനും സാമ്പത്തികസഹായം നൽകുക.

8 അയിലറ, ഏരണ്ണൂർക്കരികം ചന്തക്ക് സമീപം, എരണ്ണൂർക്കരിക്കം 300 മീറ്റർ തെക്കമാറിയും

8ാംവാർഡിൽ ഇരളിക്കലിൽ ഒരു പൊതു മിനിവാട്ടർ സപ്ലേസ്കീം നടപ്പാക്കുക. കുഴൽകിണറുകൾ സ്ഥാപിക്കുക.

9 തോലൂർ, വൈദ്യഗിരി, തുമ്പോട്, പുത്തൻ പുരയ്ക്കൽ.

ഈ പ്രേദേശങ്ങളിൽ ഓരോ കുഴൽ കിണർസ്ഥാപിക്കുക.

10 പഴയെരൂർ, തുമ്പോട്ജംഗ്ഷൻ, ഭാരതീപുരം, ലക്ഷംവീട് കിട്ടംകോണം.

പഴയെരൂർ, തുമ്പോട്, ലക്ഷംവീട് ഭാരതീപുരം എന്നീ പ്രദേശങ്ങളിൽ ഓരോ കുഴൽകിണറുകൾ സ്ഥാപിക്കുക. തുമ്പോട് ഒരു പൊതുകിണർ, കിട്ടംകോണത്ത് പവർവാട്ടർ ടാങ്ക് സ്ഥാപിക്കുക. I.R.D.Pലിസ്റ്റിൽ പേർ ഇല്ലാത്തവർക്കും ഉള്ളവരുമായ എല്ലാ പട്ടികജാതിക്കാർക്കും സ്വന്തമായി കിണർ കുഴിക്കുന്നതിന് സാമ്പത്തികസഹായം നല്കുക.

11 ദർപ്പണ, ചാഴിക്കുളംനിരപ്പ്, ഈച്ചംകുഴി, ആഴാന്തിപ്പാറ, മുഴതാങ്ങ്, കെട്ടുപ്ലാച്ചി, രണ്ടാംചാൽ, വേലംകുഴി.

ഈ പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നതിന് ഭൂഗർഭ ജലസ്രോതസ്സുള്ള ദർഭണയിൽ 5 സെന്റ്സ്ഥലം വാങ്ങി വാട്ടർടാങ്ക് സ്ഥപിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുക. (ഓവർ ഹെഡ് ടാങ്ക്) കുഴൽകിറുകൾ സ്ഥാപിക്കുക.

12 കയ്യാലപ്പാറ, ഇളവറാം കുഴി ടി.വി ക്യാംസ്കിന് സമീപം. പാങ്ങുപാറത്തടം, R.R.L.4 7 ബ്ലോക്കുകൾ, കിണറ്റുമുക്ക്, മണലിൽ കിഴക്കേകര (കനാൽഭാഗം) ഈച്ചംകുഴി.

ഇളവറാകുഴി, കയ്യാലപ്പാറ, പാങ്ങുപ്പാറത്തടം, ടി.വികിയോസ്കിനു സമീപം എന്നിവിടങ്ങളിൽ പൊതുകിണർ കുഴിക്കുക. R.P.L 4,7 ബ്ലോക്കിലെ കിണറുകൾ ശുദ്ധീകരിക്കുന്നതിനും വെള്ളം ഇല്ലാത്ത കിണറുകൾ കുഴിക്കുന്നതിനും നടപടികൾ സ്വീകരിക്കുക. കേടായികിടക്കുന്ന രണ്ട് കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക കയ്യാലപ്പാറയിൽ ഒരു കുളം കുഴിക്കുകയും വാട്ടർ ടാങ്ക് സ്ഥാപിക്കുകയും ചെയ്യുക. കിണർ ഇല്ലാത്ത ജനങ്ങൾക്ക് കിണർകുഴിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

13 ആയിരനല്ലൂർ L.P.S, ചെങ്കുളം, R.R.L.3,8 ബ്ലോക്കുകൾ, ആയിരനല്ലൂർ മറ്റ് ഭാഗങ്ങൾ, വടക്കനയ്യം.

ഈ പ്രദേശത്ത് കുഴൽകിണറുകൾ സ്ഥാപിക്കുക. വടക്കനയ്യം, ചെങ്കുളം എന്നിവിടങ്ങളിൽ പൊതുകിണറുകൾ, ആയിരനല്ലൂർ L.P.Sനു സമീപം വാട്ടർടാങ്ക് സ്ഥാപിക്കുക. ആവശ്യമായ ജലം ആയിരനല്ലൂർ ആറ്റിൽനിന്നും ശേഖരിക്കാം. ടാങ്കിൽനിന്നും മറ്റ് സ്ഥാപിക്കുക. ആവശ്യമായ ജലം ആയിരനല്ലൂർ ആറ്റിൽനിന്നും ശേഖരിക്കാം. ടാങ്കിൽനിന്നും മറ്റ് സ്ഥലത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുക.

കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും വിശദീകരിച്ച്

**1–ാം വാർഡ്–**

ആലഞ്ചേരി, ഏലാമുറ്റംകിഴക്കേക്കര, തൊണ്ടിയറ, മുതലാറ്റ്, അണുങ്ങൂർ തുടങ്ങിയ സ്ഥലങ്ങൾ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ആലഞ്ചേരി ജംഗ്ഷനിൽ ശുദ്ധജല ടാപ്പുകൾ സ്ഥാപിക്കുക. ഇതിലേക്കാവശ്യമായ ജലം അണുങ്ങൂർ ചിറവൃത്തിയാക്കി അതിൽനിന്നും ശേഖരിക്കുക. ശുദ്ധജലവിതരണത്തിനും കൃഷിക്കും വേണ്ടികല്ലട പദ്ധതിയുടെ ഒരു ശാഖാ കനാൽ ഈ പ്രദേശം വഴി കടത്തിവിടുക. തൊണ്ടിയറിയിൽ ഒരു പൊതു കിണർ സ്ഥാപിക്കുക.

**2–ാംവാർഡ്**

പാണയം, ലക്ഷംവീട്കോളനി, മൈലാടും കുന്ന്, തൃക്കോയിക്കൽ, മേലേപ്പാണയം, കറ്റിട്ട, വേലൻകുഴി, മണ്ണുവയൽ, വെള്ളടികുന്ന് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പാണയം ജംഗ്ഷനിൽ ഒരു വാട്ടർടാങ്ക് സ്ഥാപിക്കുക. അതിലേക്കാവശ്യമായജലം, ഭൂഗർഭജലം ലഭിക്കുന്ന സ്ഥലം സർവ്വേനടത്തി അവിടെ വലിയ കുളംകുഴിച്ച് അതിൽനിന്ന് ശേഖരിക്കുക. അല്ലായെങ്കിൽ തൃക്കോയിക്കൽ തോട്ടിൽ അണകെട്ടി അവിടെനിന്നും ശേഖരിക്കുക.

**3–ാം വാർഡ്**

ഏരൂർ, ആലുംമൂട് ജംഗ്ഷൻ,ലക്ഷം വീട് കോളനി എന്നീസ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വരിക്കോലിൽ ഏലായിൽ ഉള്ള ചിറ വൃത്തിയാക്കി അതിൽനിന്നും മിനിവാട്ടർ സ്കീം പദ്ധതി വഴി പൈപ്പ് ലൈൻ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കാം. കൂടാതെ ആലുംമൂട്, ലക്ഷംവീട് കോളനി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

**4–ാം വാർഡ്–**

ഏരൂർ H.S ജംഗ്ഷൻ തെക്കുവശത്തുള്ള ഉയർന്നപ്രദേശം, നടുക്കുന്നും പുറം, പണയിൽ ജംഗ്ഷൻ, മുരുക്കുംകോട്, എന്നീസ്ഥലങ്ങൾ വലിയതോതിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ഏരൂർ ചിറ, കൊല്ലോണത്തുള്ള വയലിന്റെ തലയ്ക്കൽ ഉണ്ടായിരുന്ന പൊതുകുളം, ഇവ രണ്ടും വൃത്തായാക്കി പൈപ്പ് ലൈൻസ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാൻ കഴിയും. അറപ്പുര വീടിനു തെക്കുവശത്തുള്ള പന്തളത്തു ജംഗ്ഷനിലും ന്യൂ യൂണിവേഴ്സലിനും, വിവേകാനന്ദ ജംഗ്ഷൻ, വില്ലേജ് ആഫീസ് ജംഗ്ഷൻ, നടുക്കുന്നം പുറം, S.N.D.P മന്ദിരം ജംഗ്ഷന് സമീപവും കുഴൽകിണർസ്ഥാപിക്കുക.

**5–ാം വാർഡ്–**

നെട്ടയം ബ്ലാപ്പാട്ട് ജംഗ്ഷൻ, വരിക്കോലിൽ ലക്ഷംവീട്, തെക്കേനെട്ടയം എന്നിവിടങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. ഈ വാർഡിലെ കുഴയ്ക്കാട് ചിറ വൃത്തിയാക്കിഅതിൽ നിന്നും ജലം H.S ജംഗ്ഷനിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് അതിൽ സംഭരിക്കുകയും അതിൽ നിന്ന് മേൽപറഞ്ഞ സ്ഥലങ്ങളിലേക്ക് ജലം എത്തിക്കാൻ കഴിയും.

**6–ാം വാർഡ്–**

ആർച്ചൽ, മണലിപ്പച്ച, ഇലവുംകുന്ന്, വേളാംകുന്ന്, ഭരതന്നൂർ മുക്ക്, ഓലിയരുക്, പുള്ളിപ്പച്ച, S.N.D.P ജംഗ്ഷൻ, പറങ്കിമാംമുകൾ, നിരപ്പിൽ ജംഗ്ഷൻ, മണലിപ്പച്ച ചന്തയ്ക്ക് സമീപം ഹരിജനങ്ങൾ സ്ഥാപിക്കുന്ന സ്ഥലം ഇവിടെയെല്ലാം ജലക്ഷാമം ഉണ്ടാകുന്നു. മണലിപ്പച്ച ചന്തയ്ക്ക് സമീപം വലിയകുളമോ, കിണറോകുഴിച്ച് അതിൽ നിന്നും ജലം ഒരുവാട്ടർ ടാങ്കിൽ സ്ഥാപിച്ച് അതിൽ സംഭരിക്കുകയും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പൈപ്പ് ലൈൻവഴി ജലം എത്തിക്കുകയും ചെയ്താൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും ഹരിജനങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഒരു പൊതുകിണർ കുഴിക്കുകയും ചെയ്യുക.

**വാർഡ് 7**

മണലിൽ, കിണറ്റുമുക്ക്, വെള്ളച്ചാൽ, എരണൂർ കരിക്കകം, ചാഴികുളം നിരപ്പ്, ഊരാളിയഴികം എന്നീ സ്ഥലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. അണ്ടത്തൂർ ഭാഗത്ത് ഒരു വലിയകുളം നിർമ്മിച്ചിട്ടുണ്ട്. അവിടെ ഒരു വാട്ടർടാങ്കും പമ്പ് സെറ്റും സ്ഥാപിച്ചാൽ ശുദ്ധജലവിതരണം ചെയ്യാൻ കഴിയും.

**8–ാം വാർഡ്–**

അയിലറ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് ഒരു പൊതുമിനിവാട്ടർ സപ്ലേ സ്കീം നടപ്പാക്കുക, കുഴൽകിണറുകൾ സ്ഥാപിക്കുക. (അയിലറ,എരന്നൂർ കരിക്കകം ചന്തയ്ക്ക് സമീപം, ഇരണൂർകരിക്കം)

**9–ാം വാർഡ്**

പത്തടി, തോലൂർ, വൈദ്യഗിരി, തുമ്പോട്, പുത്തൻ പരയ്ക്കൽ എന്നീസ്ഥലങ്ങൾ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതാണ്. തോലൂർ ഭാഗത്ത് ഒരു കുളം കുഴിച്ച് അവിടെനിന്നും ശുദ്ധജലം പൈപ്പ്ലൈൻവഴി മറ്റ് പ്രദേശങ്ങളിൽ എത്തക്കുക. പത്തടിയിൽ ഒരു കുഴൽകിണർ സ്ഥാപിക്കുക.

**10–ാം വാർഡ്–**

ഈ വാർഡിൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഭാരതീപുരം, പഴയേരൂർ, തുമ്പോട്, കിട്ടംകോണം, ലക്ഷംവീട് കോളനി എന്നീ സ്ഥലങ്ങൾ. ഇതിനുപരിഹാരം കാണുന്നതിന് ഈ വാർഡിലെ ഏറ്റവും ഉയർന്ന സ്ഥലമായ കിട്ടംകോണത്ത് പവ്വർവാട്ടർ ടാങ്ക് സ്ഥാപിക്കുകയും അതിലേക്ക് അവശ്യമായ ജലം കിട്ടംകോണം തലയ്ക്കൽ ഒരു ചിറകുഴിച്ച് അതിൽനിന്നും വെള്ളം ടാങ്കിൽ ശേഖരിക്കുകയോ അല്ലെങ്കിൽ കുളത്തുപ്പുഴ ആറ്റിൽനിന്നും പൈപ്പ് ലൈൻവഴി വെള്ളം മേൽപറഞ്ഞടാങ്കിൽ എത്തിക്കുകയോ ചെയ്ത് ഒരുബൃഹത്ത് പദ്ധതിക്ക് രൂപംനൽകുക. അങ്ങനെ ഈ പ്രദേശത്തെ ജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. കൂടാതെ മേൽവിവി

രിച്ച സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. ഇവിടുള്ള പൊതുകിണറുകളുടെ ആഴം കൂട്ടുകയും ചെയ്യണം.

### 11-ാം വാർഡ്

ചാഴികുളം നിരപ്പ്, ഈച്ചംകുഴി, ആഴാന്തപ്പാറ, വേലങ്കുഴി,മുഴതാങ്ങ്, കെട്ടുപ്ലാച്ചി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുന്നിടമാണ്. ഇത് പരിഹരിക്കുന്നതിന് ദർഭണയിൽ അഞ്ച് സെന്റ് സ്ഥലം വാങ്ങി ഒരു വലിയ കുളം കുഴിച്ച് ഓവർഹെഡ് ടാങ്ക് സ്ഥാപിക്കുക.

### 12-ാം വാർഡ്-

വിളക്കുപാറ, ഇളവറാംകുഴി, ഈച്ചംകുഴി, കിണറ്റുമുക്ക്, മണലിൽ കിഴക്കേക്കര, പാങ്ങുപാറത്തടം, എന്നിസ്ഥലങ്ങൾ വളരെയുയർന്നതും പാറകൾ കൊണ്ട് നിറഞ്ഞതുമാണ്. ആയതിനാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

കയ്യാലപ്പാറയിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുക. അതിലേക്കാവശ്യമായ ജലം മണലിൽ കിഴക്കേക്കരയുടെ ഭാഗത്തുകൂടി കല്ലടപദ്ധതിയുടെ കനാൽ പോകുന്നുണ്ട് അവിടെനിന്നും ജലം ഈടാങ്കിൽ ശേഖരിച്ച് മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ എത്തിക്കാൻ കഴിയും.

### 13-ാം വാർഡ്-

ആയിരനല്ലൂർ, ചെങ്കുളം, വടക്കനയ്യം എന്നിവിടങ്ങളിൽ വളരെ രൂക്ഷമായ തരത്തിൽ ജലക്ഷാമം ഉണ്ടാകുന്നു. ആയിരനല്ലൂർ LPS സമീപം ഒരു ടാങ്ക് സ്ഥാപിച്ച് ആയിരിനല്ലൂർ ആറ്റിൽനിന്നും ജലം ഈ ടാങ്കിൽ എത്തിച്ച് പ്രദേശങ്ങളിൽ വിതരണം ചെയ്യുക. കൂടാതെ പൊതുകിണറുകളും കുഴൽകിണറുകളും സ്ഥാപിക്കുക.

### ചെറുകിട ശുദ്ധജലപദ്ധതികൾ

ഒന്നാം വാർഡിലെ അണ്ടങ്ങൂർ ചിറ, മൂന്നാവാർഡിലെ വറിക്കോലിൽ ഏലായിലെ ചിറ, നാലാംവാർഡിലെ ഏരൂർ ചിറ, കൊല്ലോണത്ത് തലയ്ക്കലെ കുളം, അഞ്ചാംവാർഡിലെ കുഴയ്ക്കാട് ചിറ എന്നിവവൃത്തിയാക്കിയെടുത്താൽ ജലക്ഷാമം പരിഹരിക്കാൻ ഒരു അളവുവരെ ഈ ചെറുകിടപദ്ധതികൾ കൊണ്ട് കഴിയും. അതുപോലെ പഞ്ചായത്തിലെ വിവിധവാർഡുകളിൽ ഉള്ള തോടുകൾ വൃത്തിയാക്കി ബണ്ടുകൾ കെട്ടിയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

പ്രവർത്തിയിൽ കൊണ്ടുവരാൻ കഴിയുന്ന കാര്യങ്ങൾ

പ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കിണറുകൾ നന്നാക്കി എടുക്കുക. മഴക്കാലത്ത് വെള്ളം ശേഖരിക്കാൻ ഉയർന്നപ്രദേശങ്ങളിൽ കുഴികളും ചാലുകളും ഉണ്ടാക്കുക. വെള്ളം ഉപയോഗശൂന്യമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരണം നടത്തുക. പൊതുകിണറുകളും മറ്റും നശിപ്പിക്കാതിരിക്കാൻ ശ്രമിക്കുക.

## ആരോഗ്യം

1970 വരെ ഏരൂർ പഞ്ചായത്തിൽ ജനങ്ങൾക്ക് ആരോഗ്യരംഗത്ത് ലഭിച്ചിരുന്നത് കുറച്ച് നാട്ടുവൈദ്യൻമാരുടെ സേവനം മാത്രമാണ്. ആധുനികരീതിയിലുള്ള ചികിത്സകൾ ഒന്നുംതന്നെയില്ലായിരുന്നു. അശാസ്ത്രീയവും അന്ധവിശ്വാസകരമായ കുറേചികിത്സാരീതികൾ ഉണ്ടായിരുന്നു. (നേർച്ചകൾ, വഴിപാട്, ജപിച്ചുകെട്ടൽ) എന്നാൽ ശാസ്ത്രം പുരോഗമിച്ചതോടുകൂടി തന്നെ ആരോഗ്യരംഗത്തെ അശാസ്ത്രീയതകൾ 85%മാറുകയും ആധുനികചികിത്സാരീതികൾവരുകയും ചെയ്തു. കാലഘട്ടം ഇത്രയൊക്കെ പുരോഗമിച്ചിട്ടും വിദ്യാഭ്യാസമുള്ളവരിൽ ചിലർ ഇപ്പോഴും പ്രാകൃതചികിത്സാരീതികൾ തുടരുന്നു. 1971-ൽ ആണ്. ഏരൂർ പഞ്ചായത്തിൽ പഴയേരൂർ വാർഡിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചത്. ഈ ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം നൽകിയത് ഭാരതീപുരം മുകളുവിളവീട്ടിൽ ശ്രീമതി ദേവയാനിയാണ്. ഈ ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ഏക ആധുനികആരോഗ്യപരിപാലന കേന്ദ്രം. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഇപ്പോൾ ഉള്ള സൗകര്യം പ്രയോജനപ്പെടുത്തി സേവനം കുറേക്കൂടി കാര്യക്ഷമമാക്കുക. ഇപ്പോൾ പഞ്ചായത്തിന്റെ വിവിധവാർഡുകളായി ആറ് (6)സബ്സെന്ററുകളും ഒരു ആയുർവേദ ഡിസ്പൻസറിയും സർക്കാർ ഉടമസ്ഥയിൽ ഉള്ള ഓയിൽപാം ഇൻഡ്യ എന്ന വ്യവസായ സ്ഥാപനത്തിലെ ഒരാശുപത്രിയും ഉൾപ്പെടെ 9 ആരോഗ്യപരിപാലനകേന്ദ്രവും സ്വകാര്യമേഖലയിൽ 3 ചെറുക്ലിനിക്കുകളും ഒരു പാരമ്പര്യവൈദ്യശാലയും ഉണ്ട്. ഇത്രയും സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആരോഗ്യപരിപാലനം വളരെ ശോചനീയമാണ്. ഈ പഞ്ചായത്തിൽ — കുടുംബങ്ങളുണ്ട്. 1991 ലെ കണക്കനുസരിച്ച് 32723 ജനങ്ങൾ ഉണ്ട്. 1995-96ലെ കണക്കനുസരിച്ച് 126ജലജന്യരോഗങ്ങളും, 118വായുജന്യരോഗങ്ങളും, 18 പ്രാണിജന്യരോഗങ്ങളും, 1147 പേർക്ക് ത്വക്ക് രോഗങ്ങളും 819പേർക്ക് വാതരോഗവും 345പേർക്ക് പകർച്ചവ്യാധികളും 1654 പേർക്ക് മറ്റ് രോഗങ്ങളും ഉണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 16ഉം മരണനിരക്ക് താരതമ്യേന കുറവാണ്. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ആശുപത്രികൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല. ഇതിനായി 4മുതൽ 13കിലോമീറ്റർ ദൂരേപോകണം. വിദഗ്ദ്ധ ചികിത്സക്കായി 67കിലോമീറ്റർ ദൂരെപോകണം. ഇതിനെല്ലാം പരിഹാരം കാണുകയാണെങ്കിൽ ആരോഗ്യ പൂർണ്ണമായ ഒരു ജനതയെ കെട്ടപ്പടുക്കുവാൻ നമുക്ക് കഴിയും.

## സ്ഥാപനങ്ങളും സേവനങ്ങളും

ഏരൂർ പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രം 1

ആയുർവേദ ആശുപത്രി 1

സബ്സെന്ററുകൾ 6

ഓയിൽ പാം ആശുപത്രി 1

ഇവിടെയെല്ലാം കൂടി 32 ജീവനക്കാ

പട്ടിക. 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ.

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം. |
|---|---|---|---|---|
| 1 | ഏരൂർ പ്രാഥമിക ആരോഗ്യകേന്ദ്രം ഭാരതീപുരം | X | 1971 | 8 |
| 2 | ആയുർവേദ ഡിസ്പൻസറി, ആലഞ്ചേരി | I | 1957 | 4 |
| 3 | പി.എച്ച്.സി. സബ്സെന്റർ, ഏരൂർ | III | 1960 | 2 |
| 4 | പി.എച്ച്.സി. സബ്സെന്റർ, പത്തടി | !X | 1994 | 2 |
| 5 | പി.എച്ച്.സി. സബ്സെന്റർ, ആലഞ്ചേരി | I |  | 2 |
| 6 | പി.എച്ച്.സി. സബ്സെന്റർ, അയിലറ | III |  | 2 |
| 7 | പി.എച്ച്.സി. സബ്സെന്റർ, ആർച്ചൽ | VI | 1994 | 2 |
| 8 | പി.എച്ച്.സി. സബ്സെന്റർ, ആയിരനെല്ലൂർ | XIII | 1990 | 2 |
| 9 | ഓയിൽപാം ആശുപത്രി | X | 1977 | 8 |

രാണ് ഉള്ളത്.

ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയങ്ങളിലും ഡോക്ടർമാരുടേയും മറ്റ് ആരോഗ്യപ്രവർത്തകരുടേയും സേവനം സാധാരണക്കാരായ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ആരോഗ്യസംരക്ഷണകാര്യത്തിൽ മരുന്നുകളെക്കാൾ പ്രാധാന്യമുള്ള ഒന്നാണ് ബോധവൽക്കരണം. അത് ഈ പഞ്ചായത്തിൽ നല്ലരീതിയിൽ നടക്കുന്നില്ല. അതിനുവേണ്ടിനിയോഗിക്കുന്ന ജീവനക്കാർ ഗുരുതരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ വരുത്തുന്നത്. ഇത്തരം വീഴ്ചകൾ നമ്മുടെ ആരോഗ്യരംഗത്തെ സാരമായി ബാധിക്കുന്നു. നിലവിലുള്ള ആശുപത്രിയിൽ ഡോക്ടർമാരുടെ എണ്ണം കൂടുകയും ജീവക്കാരായവരുടെ കുറവുകൾ നികത്തുകയും മരുന്നുകൾ എത്തിക്കുകയും വേണം സബ്സെന്ററുകൾക്ക് തനതായി ഡോക്ടറെ നിയമിക്കുക. കുടുംബാസൂത്രണപദ്ധതികൾ ഊർജ്ജിതമാക്കി ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുകൾക്കും വൈദ്യസഹായവും പോഷകാഹാരവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## കക്കൂസ്

കുടിവെള്ളം കഴിഞ്ഞാൽ പൊതുജന ആരോഗ്യത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. ശുചിത്വത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ടവ പരിസരശുചിത്വം ആണ്. അതിന് ജനങ്ങൾക്ക് ആവശ്യം വേണ്ടത് കക്കൂസ് ആണ്. ഈ പഞ്ചായത്തിൽ ഏകദേശം 60% വീടുകൾക്കും കക്കൂസുകൾ ഇല്ലായെന്നുള്ളതാണ്. ഇതുമൂലം ജനങ്ങൾ തുറസ്സായ സ്ഥലത്തും മറ്റുമാണ് മലമൂത്ര വിസർജ്ജനം നടത്തുന്നത്. അതുകാരണം പലതരത്തിലുള്ള രോഗങ്ങളും പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. പൊതുകക്കൂസുകൾ ഒന്നുംതന്നെ ഏരൂർപഞ്ചായത്തിന്റെ ഒരു പ്രദേശത്തും ഇല്ലായെന്നുള്ളതാണ് വസ്തുത. സാധാരണക്കാരായ കർഷകരാണ് ഈ പഞ്ചായത്തിൽ അധികവും അവർക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുവാനുള്ള സമ്പത്ത് ഇല്ല.

കക്കൂസ് നിർമ്മാണത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അത് താഴെ വിവിരിക്കുന്നു.

## പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

### വാർഡ് –1

ആലഞ്ചേരിയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക. കക്കൂസ് ഇല്ലാത്ത കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് കക്കൂസ് നിർമ്മാക്കുവാനുള്ള സഹായം നൽകുക.

### വാർഡ് –2

പാണയത്തെ ലക്ഷംവീട്ടുകാർക്ക് കക്കൂസ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുക. കക്കൂസ് ഇല്ലാത്ത ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

### വാർഡ് –3

ഏരൂർ കാഞ്ഞുവയൽ ലക്ഷംവീട്ടുകാർക്ക് പൊതുകക്കൂസ് 4 എണ്ണം സ്ഥാപിക്കുക.

### വാർഡ് –4

സ്വന്തമായി കക്കൂസ് ഇല്ലാത്ത ഈ വാർഡിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക.

### വാർഡ്–5

നെട്ടയത്തിന്റെ വിവിധപ്രദേശങ്ങളിൽ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. വരിക്കോൽ ലക്ഷംവീട്ടുകാർക്ക് പൊതുകക്കൂസ് സ്ഥാപിക്കുക.

### വാർഡ് –7

മണലിൽ I.H.D.P കോളനി, മണലിൽ എന്നീ പ്രദേശങ്ങളിൽ കക്കൂസ് ഇല്ലാത്ത 200കുടുംബങ്ങൾക്ക് കക്കൂസ് സ്ഥാപിക്കുവാനുള്ള നടപടിഉണ്ടാകണം.

### വാർഡ് –8

പത്തടി, തോലൂർ പ്രദേശങ്ങളിൽ കക്കൂസ് ഇല്ലാത്ത 150കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാനുള്ള നടപിടി ഉണ്ടാകണം.

### വാർഡ് –9

ഭാരതീപുരം, തുമ്പോട്, പഴയേരൂർ ഹരിജനങ്ങള് താമസിക്കുന്ന കിട്ടം കോണം എന്നിവിടങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള നടപടിയുണ്ടാകണം. ലക്ഷംവീടുകോളനിയിൽ പൊതുകക്കൂസോ കുടുംബങ്ങൾക്ക് ഓരോകക്കൂസോ നിർമ്മിക്കുക. ഭാരതീപുരത്ത് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

### വാർഡ് –11

വിളക്കുപാറയിലെ നിർദ്ധരായ 300കുടുംബങ്ങൾക്ക് കക്കൂസ് സ്ഥാപിച്ചു നൽകുക. വിളക്കുപാറ ജംഗ്ഷനിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

### വാർഡ് –12

ഇളവറാംകുഴി I.H.D.P കോളനിയിലെ കക്കൂസ് ഇല്ലാത്ത 200കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകുക.

### വാർഡ് –13

ആയിരനല്ലൂരിലും പരിസരപ്രദേശങ്ങളിലും കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുക.

## പരിസരശുചിത്വം

വ്യാവസായികമായി വളരെ പിന്നിൽനിൽക്കുന്ന പഞ്ചായത്താണ് ഏരൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ എല്ലാ സ്ഥലങ്ങളിലും ശുചിത്വക്കുറവു മൂലംപല ആരോഗ്യപ്രശ്നങ്ങളും നിലനിൽക്കുന്നു. ഇത് ജനജീവിതത്തെ പലരീതിയിലും ബാധിക്കുന്നു.

## പ്രശ്നങ്ങൾ

1 ഒന്നാംവാർഡിലെ ആലഞ്ചേരി, ആറാംവാർഡിലെ ഭരതന്നൂർ മുക്ക്, ഏഴാം വാർഡിലെ മണലിൽ, ഒമ്പതാംവാർഡിലെ പത്തടിഇലവു മൂട്, പതിനൊന്നാം വാർഡിലെ ഈച്ചംകുഴി, 12-ാംവാർഡിലെ ഇളവറാം കുഴി എന്നീ സ്ഥലങ്ങളിലെ ചന്തകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

2 പഞ്ചായത്തിലെ പലവാർഡുകളിലും മാംസക്കച്ചവടത്തിനു വേണ്ടി പൊതുനിരത്തിൽ കന്നുകാലികളെ അറക്കുന്നു.

3 റോഡുകളുടെ ഇരുവശങ്ങളിലും മലിനജലംതങ്ങിനിൽക്കുന്നതുമൂലം മാലിന്യജന്യരോഗങ്ങൾ ഉണ്ടാകുന്നു.

4 രണ്ടാംവാർഡിലെ പുളിച്ചിഎസ്റ്റേറ്റ് പഞ്ചായത്തിലെ 4,5,6,7 എന്നീ വാർഡുകളിലെ വിവിധസ്ഥലങ്ങളിലുള്ള റബ്ബർ ഷീറ്റ് അടിക്കുന്ന മിഷിയന്റെ പരിസരങ്ങളിൽനിന്നും ഒഴുകുന്ന മലിനജലം ജനങ്ങൾക്കും കൃഷിക്കും ദോഷകരമായി ബാധിക്കുന്നു.

5 12-ാം വാർഡിലെ പാറപൊട്ടിക്കുന്ന കുഴികളിൽ കെട്ടികിടക്കുന്ന ജലത്തിൽ നിന്നും കൊതുകുകളും പെരുകുന്നു.

6 ഹോട്ടലുകളുടേയും വീടുകളുടെയും പരിസരങ്ങളിൽനിന്നും ഒഴുകിവരുന്ന ജലത്തിൽനിന്നും കൊതുകുകളും പെരുകുന്നു.

7 സ്കൂളിലേയും മറ്റുമുള്ള സ്ഥലങ്ങളിലേയും മൂത്രപ്പുരകളിൽനിന്നും ഒഴുകിവരുന്ന മലിനജലം പൊതുനിരത്തിലേക്ക് വരുന്നതും ജനങ്ങൾക്ക് ദോഷകരമായി തീരുന്നു.

8 ഈ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും പട്ടികൾ അലഞ്ഞുനടക്കുന്നതുമൂലം പേപ്പട്ടിവിഷബാധ ഉണ്ടാകുന്നു. ഇത് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും പേ പിടിപെടുന്നതിനും കാരണമാകുന്നു.

9 കടകളിലും, ഹോട്ടലുകളിൽ നിന്നും ചപ്പുചവറുകൾ പൊതുനിരത്തിലേക്ക് ഇടുന്നതുമൂലം പലതരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1 പഞ്ചായത്തുവക മാർക്കറ്റ് സ്ഥാപിച്ച് പ്രശ്നമേഖലയിലെ ചന്തകൾ മാർക്കറ്റിലേക്ക് മാറ്റുക. ചന്ത പിരിഞ്ഞുകഴിഞ്ഞാൽ ചന്തവൃത്തിയാക്കുക.

2 പഞ്ചായത്തൽ മാടുകളെ അറക്കുന്നതിന് ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാവിധേയമായ മൃഗങ്ങളെ മാത്രം അറക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

3 റോഡുകളുടെ ഇരുവശങ്ങളിലും മലിനജലം തങ്ങിനിൽക്കാതിരിക്കാൻ ഇരുവശങ്ങളിലും കാര്യക്ഷമമായ ഓടകൾനിർമ്മിക്കുക. എന്നാൽ ഈ ഓടകൾ മണ്ണുംമറ്റുംവീണ് നികന്നുപോകാതിരിക്കാൻ ശ്രമിക്കുക.

4 റബ്ബർ ഷീറ്റ് അടിക്കുന്നമിഷ്യന്റെ പരിസരങ്ങളിൽനിന്ന് ഒഴുകിവരുന്ന മലിനജലം അപ്പാതുസ്ഥലങ്ങളിൽ വലിയകുഴികൾ കുഴിച്ച് അതിൽ ശേഖരിക്കുകയും, കൊതുകുനിവാരണം നടത്തുകയും ചെയ്യുക.

5 പാറപൊട്ടിക്കുന്ന കുഴികളിൽ ജലം കെട്ടികിടക്കുന്നിടത്ത് കൊതുക് നിവാരം നടത്തുക.

6 ഹോട്ടലുകളിലേയും വീടുകളിലേയും പരിസരങ്ങളിൽനിന്നുള്ള മലിനജലവും ചപ്പുചവറുകളും കമ്പോസ്റ്റാക്കി അടുക്കളത്തോട്ടത്തിലെ വളമാക്കുക. വീടുകളിൽ D.D.T തളിച്ച് കൊതുക് നിവാരണം നടത്തുക. കിണറുകളിൽ ക്ലോറിനേഷൻ നടത്തുക.

7 സ്കൂളിലും, മറ്റ് പൊതുസ്ഥലങ്ങളിലും നല്ലരീതിയിലുള്ള മൂത്രപ്പുര സ്ഥാപിക്കുക. മൂത്രപ്പുരയുടെ ആവശ്യകതയെകുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുക. ജലം കെട്ടികിടക്കാതിരിക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കണം.

8 പഞ്ചായത്തിലെ എല്ലാസ്ഥലത്തും അലഞ്ഞുനടക്കുന്ന പട്ടികളെ കാലാകാലങ്ങളിൽ നശിപ്പിക്കുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിക്കുക. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

9 ചപ്പുചവറുകൾ നിക്ഷേപിക്കാൻ പഞ്ചായത്തിലെ എല്ലാ ജംഗ്ഷനിലും ബാരലുകൾ സ്ഥാപിക്കുക.

### യോഗ പരിശീലനകേന്ദ്രം

ജനങ്ങളുടെ മാനസികവും കായികവും ആയ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് യോഗപരിശീലനകേന്ദ്രം സ്ഥാപിക്കുക.

### പൊതു ശ്മശാനം

പഞ്ചായത്തിലെ 1,3,4,8,10,11 വാർഡുകളിൽ പൊതുശ്മശാനം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

### ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സക്കായി എത്തുന്ന വ്യക്തികളുടെ ആരോഗ്യം മുൻകാലരോഗവിവരങ്ങൾ എന്നിവയ്ക്കായി ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക. ഇതു മൂലം വ്യക്തികളുടെ രോഗം എളുപ്പം ഭേദമാക്കാൻ കഴിയും. മാത്രവുമല്ല കാർഡിൽ രക്ത ഗ്രൂപ്പ് മുതലായ കാര്യങ്ങൾ രേഖപ്പെടുത്താൻ കഴിയും. കേരളത്തിനുപുറത്ത് ജോലിനോക്കി തിരികെവരുന്ന ഈ പഞ്ചായത്തിലെ ആൾക്കാരുടെ രക്തം നിർബന്ധമായും പരിശോധിച്ച് മാരകമായ അസുഖങ്ങൾഇല്ലെന്ന് ഉറപ്പുവരുത്തണം. ഇതിനെകുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തണം. പലചരക്കുകടകളിലും മുറുക്കാൻകടകളിലും നിരോധിക്കപ്പെട്ടത് ഉൾപ്പെടെ ഡ്രഗ്സ് ലൈസൻസ് ഇല്ലാതത്തും കാലാവധിതീർന്നതുമായ പലമരുന്നുകളും വിൽക്കുന്നു. ഇതുമൂലം ജനങ്ങൾക്ക് പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇതിനെതിരായി കർശന നടപടികൾഉണ്ടാകണം. ഗുണമേൻമ ആധികാരികമായി ഉറപ്പുവരുത്താത്ത സോപ്പ്, പൗഡർ,ഷാംപൂ, ക്രീമുകൾ മുതലായ പലഉല്പന്നങ്ങളും വിപണിയിൽവിറ്റിഴിക്കുന്നുണ്ട്. ഇവയുടെ വിപണനം കർശനമായി തടയണം. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വിപത്തായ എയ്ഡ്സിനെകുറിച്ച് ബോധവൽക്കരണം നടത്തണം.

### പാരമ്പര്യ വൈദ്യമേഖല

തലമുറകളായി പകർന്നു കിട്ടുന്ന അറിവിന്റെ കലവറയാണ് പാരമ്പര്യ വൈദ്യം. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഒരു കുടുംബംമാത്രമാണ് ഈരംഗത്തുള്ളത്. അവരും ഇപ്പോൾ അലോപ്പതി ചികിത്സയാണ് നടത്തുന്നത്. അതിനുകാരണവും ഉണ്ട്. ആയുർവേദരംഗത്ത് ഇന്നുനേരുടുന്ന ഔഷധസസ്യങ്ങളുടെ കുറവാണ് ജനങ്ങൾക്ക് ആയുർവേദചികിത്സയിലുള്ള താത്പര്യക്കുറവ്. അനാവശയമായ വനനശീകരണം ഇതെല്ലാം ആയുർവ്വേദരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന് പരിഹാരം കാണാൻ പാരമ്പര്യവൈദ്യം ഈ പഞ്ചായത്തിൽ പുഷ്ടിപ്പെടുത്താൻ പഞ്ചായത്തിലെ തരിശ്ശായികിടക്കുന്ന സ്ഥലത്തും സ്കൂൾകോമ്പൗണ്ടുകളിലും ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിച്ച് ഔഷധ സൊസൈറ്റിക്ക് രൂപംനൽകണം.

ഏരൂർ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മദ്യപാനം, പുകവലി, പുകിയില കൂട്ടിയുള്ള മുറുക്കൽ എന്നിവആഘോഷങ്ങളിലും വിവാഹങ്ങളിലും പൂർണ്ണമായി ഒഴിവാക്കുക. ഇതുമൂലം ഉണ്ടാകുന്ന വിപത്തിനെ കുറിച്ച് ബോധവൽക്കരണം നടത്തുക. രക്തദാനത്തെക്കുറിച്ചും നേത്രദാനത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുക. അങ്ങനെ തയ്യാറായിവരുന്നവരുടെ ലിസ്റ്റ് പഞ്ചായത്തിൽ ശേഖരിച്ച് രക്ത,നേത്ര ജില്ലാബാങ്കുകളുമായി യോജിച്ച് പ്രവർത്തിക്കുക. ഇതെല്ലാം ജനങ്ങളുടെ ആരോഗ്യമാനപരമായ കാര്യങ്ങൾക്ക് വളരെ പ്രാധാന്യംഉണ്ട്.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെയും സന്നദ്ധപ്രവർത്തകരേയും കൂട്ടിയോജിപ്പിച്ച് ആരോഗ്യമുള്ള ഗ്രാമം ശുചിത്വമുള്ള ഗ്രാമം കെട്ടിപ്പടുക്കുവാൻ കഴിയും.

## പ്രശ്നമേഖലയും പരിഹാര മാർഗ്ഗവും

### വാർഡ് 1

ഈ വാർഡിലുള്ള ആയുർവേദ ഡിസ്പൻസറിയുടെ അവസ്ഥ ശോചനീയമാണ്. അത് പരിഹരിക്കുന്നതിനായി 20കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുക. കെട്ടിടം വിപുലപ്പെടുത്തുക, ആശുപത്രിയും പരിസരവം വൃത്തിയായി സൂക്ഷിക്കുക.

ഈ വാർഡിൽ തന്നെയുള്ള P.H.C സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, സ്ഥിരമായി ഡോക്ടറുടെയും മറ്റ് ജീവനക്കാരുടെയും സേവനം ഉറപ്പാക്കുക, ആവശ്യാനുസരണമുള്ള മരുന്നുകൾ സ്റ്റോക്ക്ചെയ്യുക. ജനങ്ങളെ ബോധവൽക്കരണം നടത്തുക. ഇവിടെ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

### വാർഡ് –2

പഞ്ചായത്ത് പ്രവർത്തനശേഷിയുള്ള ഹോമിയോ ആശുപത്രിസ്ഥാപിക്കുക.

### വാർഡ് –3

ഏരൂർ ഉള്ള P.H.Cയുടെ സബ്സെന്ററിന്റെ പ്രവർത്തനം മെച്ചമാക്കുക. സ്ഥിര

### പട്ടിക 2 പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തിരിച്ച് സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെകുറിച്ചുള്ള വിലയിരുത്തൽ |
|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | | |
| I | ആയുർവ്വേദ ഡിസ്പൻസറി,P.H.C സബ്സെന്റർ | അലോപ്പതി ക്ലിനിക്ക് 1 | ഏരൂർ പഞ്ചായത്തിൽ കാണപ്പെടുന്ന രോഗങ്ങൾ– പനി, വാതസംബന്ധമായ രോഗങ്ങൾ,വിരരോഗങ്ങൾ, പ്രഷർ,ഷുഗർ, വയറിളക്കം, അനീമിയ, ചൊറി, ദന്തരോഗം, ചെവിപഴുപ്പ്, ചിക്കൻ പോക്സ്, അലർജി, മഞ്ഞപ്പിത്തം തുടങ്ങിയവ. പനി, വാതരോഗം, വിരരോഗം, വയറിളക്കം, അനീമിയ, ചൊറി, ദന്തരോഗം. | ആയുർവ്വേദ ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണ്. മരുന്നുകൾ ഇല്ല. കിടത്തിചികിത്സിക്കാനുള്ള സംവിധാനമില്ല. P.H.C സബ് സെന്റർ വാടക കെട്ടിടത്തിലാണ്. സ്ഥിരമായി ഡോക്ടറില്ല. ആവശ്യംവേണ്ടമരുന്നുകളില്ല. |
| II | ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല | സ്വകാര്യമേഖലയിലും ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | പ്രതിരോധകുത്തിവെപ്പുകൾ നടക്കാറുണ്ട് ആരോഗ്യക്ലാസ്സുകൾ നടക്കാറില്ല. |
| III | P.H.C.യുടെ ഒരു സബ്സെന്റർ ഉണ്ട്. | ആയുർവ്വേദ ക്ലിനിക്ക് ഉണ്ട്. | | സബ്സെന്ററിൽ സ്ഥിരമായി ഡോക്ടറില്ല. ആവശ്യംവേണ്ടുന്ന മരുന്നുകൾ ഇല്ല. പ്രതിരോധകുത്തിവെപ്പുകൾ നടക്കാറുണ്ട്. |
| IV | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | കുട്ടികൾക്കുള്ള കുത്തിവെയ്പ്പുകൾ നടത്താറുണ്ട്. ബോധവൽക്കരണപരിപാടികൾ നടത്താറില്ല. |
| V | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | പ്രതിരോധകുത്തിവെയ്പ് നടത്താറുണ്ട്. |
| VI | P.H.Cയുടെ സബ്സെന്റർ ഉണ്ട്. | അലോപ്പതി ക്ലിനിക്ക് ഉണ്ട് | | പ്രതിരോധകുത്തിവെയ്പ്പുകൾ നടത്താറുണ്ട്. സ്ഥിരമായി ഡോക്ടറില്ല. കൃത്യമായി സ്റ്റാഫുകൾ വരാറില്ല. |
| VII | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്. |
| VIII | P.H.C സബ്ബ്സെന്റർ ഉണ്ട്. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | സെന്ററിൽ സ്ഥിരമായി ഡോക്ടർ ഇല്ല. പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്, ആവശ്യംവേണ്ടുന്ന മരുന്നുകൾ ഇല്ല. കൃത്യമായി ഉള്ള ജീവനക്കാർ വരാറില്ല. |
| IX | P.H.C സബ്ബ്സെന്റർ ഉണ്ട്. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. | | പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്, സ്ഥിരിമായി ഡോക്ടർ ഇല്ല. സെന്ററിലെ ജീവനക്കാർ കൃത്യമായി വരാറില്ല. |
| X | പ്രാഥമികആരോഗ്യ കേന്ദ്രം ഉണ്ട്. ഓയിൽപാം ആശുപത്രിയും ഉണ്ട്. | ആരോഗ്യസ്ഥാപനം ഇല്ല. | | ഡോക്ടർ ഉണ്ട്. മറ്റ് ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നു. കിടത്തിചികിത്സിക്കാൻ സൗകര്യംഇല്ല. ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടുന്ന പ്രാഥമികചികിത്സ നല്കുന്നുണ്ട്. പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്. ബോധവൽക്കരണക്ലാസ്സുകൾ നടത്താറില്ല. അത്യാവശ്യംവേണ്ടുന്ന ഉപകരണങ്ങൾ ഇല്ല. |
| XI | ആരോഗ്യകേന്ദ്രം ഇല്ല. | ഒരു ക്ലിനിക്ക് ഉണ്ട് | | പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്. ബോധവൽക്കരണക്ലാസ്സുകൾ നടത്താറില്ല. |
| XII | ആരോഗ്യകേന്ദ്രം ഇല്ല. | ആരോഗ്യ സ്ഥാപനം ഇല്ല. | | പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്. |
| XIII | P.H.C സബ്സെന്റർ ഉണ്ട്. | ആരോഗ്യസ്ഥാപനം ഇല്ല. | | സ്ഥിരമായി ഡോക്ടർ സെന്ററിൽ ഇല്ല. ജീവനക്കാർ കൃത്യമായി വരാറില്ല. പ്രതിരോധകുത്തിവെയ്പുകൾ നടത്താറുണ്ട്. ബോധവൽക്കരണം നടത്താറില്ല. |

മായിട്ട് ഡോക്ടറുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടേയും സേവനം ഉറപ്പാക്കുക, ആവശ്യം വേണ്ടുന്ന മരുന്നുകൾ സ്റ്റോക്കുചെയ്യുക. സെന്ററിന് ആവശ്യമായ ഫർണീച്ചറുകൾ വാങ്ങുക.

### വാർഡ്–4

ഈ വാർഡിൽ കുട്ടികളുടെയും സ്ത്രീകളുടേയും ശ്യമായി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സബ്സെന്റർ സ്ഥാപിക്കുക. ഇവിടെ ഒരു വിഷചികിത്സാകേന്ദ്രം സ്ഥാപിക്കുക.

### വാർഡ് –5

ഈ വാർഡിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനം പോലുമില്ല. ജനങ്ങൾ 2മുതൽ4വരെ കിലോമീറ്റർ സഞ്ചരിച്ചാണ് ചികിത്സതേടി പോകുന്നത്. അതുകൊണ്ട് ഈ വാർഡിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സബ് സെന്റർ സ്ഥാപിക്കുക.

### വാർഡ് 6

മണലിപ്പച്ച ഉള്ള P.H.C യുടെ സബ്സെന്റർ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തുക. ഈ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

### വാർഡ് 7

ആയിരനല്ലൂർ വില്ലേജിന്റെ കേന്ദ്രഭാഗമായ മണലിൽ വാർഡിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കുക. ഈ വാർഡിലെ ജനങ്ങൾചികിത്സക്കായി 4മുതൽ7വരെ കിലോമീറ്റർ ദൂരെവരെ പോകേണ്ടിയിരിക്കുന്നു. ഈ വാർഡിൽ കൂടുതലും നിർദ്ധനരായ ജനങ്ങൾക്ക് ആണ് ഉള്ളത്.

### വാർഡ് 9

പത്തടിയിൽ ഉള്ള P.H.C യുടെ സബ്സെന്റർ P.H.Cആയി ഉയർത്തുക.

### വാർഡ് 10

ഏരൂർ പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യകേന്ദ്രമാണ് ഭാരതീപുരത്ത് സ്ഥിതിചെയ്യുന്നത്. ഇതിന്റെ നില വളരെ ശോചനീയമാണ്. ആശുപത്രികോമ്പൗണ്ട് അളന്ന് തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക, ഏറ്റവും കുറഞ്ഞത് 20കിടക്കകളുള്ള ഒരു പുതിയ കെട്ടിടം നിർമ്മിക്കുക, രോഗികളെ കിടത്തിചികിത്സിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുകയും ആധുനികസജ്ജീകരണങ്ങളോടുകൂടിയ ഒരു പ്രസവവാർഡ് സ്ഥാപിക്കുക. ആശുപത്രിയോട് ചേർന്ന് മോർച്ചറി സ്ഥാപിക്കുക. ഇപ്പോൾ ഇവിടെ ഒരു ഡോക്ടറാണുള്ളത്. ഒരാളുടെ സേവനം മാത്രംപോരാ അതുകൊണ്ട് ഡോക്ടർമാരുടെ എണ്ണംകൂട്ടുക. രോഗികൾക്ക് ഡോകടർമാരുടെ സേവനം രാത്രി കാലങ്ങളിൽ ലഭിക്കുന്നതിനുവേണ്ടി ഡോക്ടർമാർക്കും സ്റ്റാഫുകൾക്കും താമസിക്കാൻ കോർട്ടേഴ്സ് സ്ഥാപിക്കുക. ആശുപത്രിക്കാവശ്യമായ ഫർണീച്ചറുകൾ നിർമ്മിക്കുക. സ്വന്തമായി വാഹനം വാങ്ങുക. ടെലിഫോൺ സംവിധനം ഏർപ്പെടുത്തുക. ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള ഭീമമായ കറണ്ട്ചാർജ്ജ് കുടിശ്ശിക തീർക്കുക. കിണറിന് ആഴംകൂട്ടുക. പമ്പസെറ്റ് സ്ഥാപിക്കുക, ആവശ്യത്തിന് O.Pടിക്കറ്റ് ലഭ്യമാക്കുക. എന്നീകാര്യങ്ങളിൽ അധികാരികളുടെ ശ്രദ്ധ അടിയന്തിരമായി ഉണ്ടാകണം.

ഓയിൽപാംതോട്ടത്തിലെ പനങ്കുലയിൽ നിന്നും ഉണ്ടാകുന്ന പൂമ്പൊടിയിൽനിന്നും ഈ പ്രദേശത്തെ ജനങ്ങൾക്ക് വ്യാപകമായി ആസ്മ, അലർജി മുതലായ ശ്വാസകോശരോഗങ്ങൾ പടർന്നുപിടിക്കുന്നു. ഈ രോഗം ഭേദമാക്കുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രത്തോടുചേർന്ന് ഒരു അലർജി ക്ലിനിക്ക് സ്ഥാപിക്കുക.

### വാർഡ് 11

വിളക്കുപാറകേന്ദ്രീകരിച്ച് ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുകയും ഓയിൽപാം തോട്ടത്തിന്റെ പരിസരപ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് അലർജിമുതലായ രോഗങ്ങൾ വ്യാപകമായി വിളക്കുപാറ പ്രദേശത്ത് കണ്ടുവരുന്നു. ആയതിനാൽ ഇവിടെ ഒരു അലർജിക്ലിനിക്ക് സ്ഥാപിക്കുക. മാതൃശിശു സംരക്ഷണകേന്ദ്രം സ്ഥാപിക്കുക.

### വാർഡ് 12

ഈ വാർഡിൽ ഏറ്റവും കൂടുതൽ ജനങ്ങൾ കർഷകരും ഹരിജനങ്ങളുമാണ്. അവർക്ക് ദൂരെസ്ഥലങ്ങളിൽ പോയിചികിത്സിക്കാൻ ഉള്ള സൗകര്യം ഇല്ലാത്തവരാണ്. ആയതിനാൽ ഇവിടെ ഒരു ആരോഗ്യപരിപാലനകേന്ദ്രം സ്ഥാപിക്കുക.

### വാർഡ് 13

ഏരൂർ പഞ്ചായത്തിന്റെ വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്നു. വികസനം എത്തിനോക്കാത്ത സ്ഥലമാണ് ആയിരനല്ലൂർ. ഇവിടെ സ്ഥിതിചെയ്യുന്ന സബ്സെന്ററിന്റെ നിലവാരം ഉയർത്തുക. എല്ലാദിവസവും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുക. സെന്ററിന് ആവശ്യമുള്ള ഫർണീച്ചറുകൾ അടിയന്തിരമായി എത്തിക്കുക. മറ്റ് ആരോഗ്യപ്രവർത്തകർ കൃത്യമായി സെന്ററിൽ എത്തുവാനുള്ള നടപടികൾ സ്വീകരിക്കുക. ബോധവൽകരണം നടത്തണം.



# 5

# വ്യവസായം

പ്രാഥമികമായി ഒരു കാർഷിക മേഖലയാണ് ഏരൂർ പഞ്ചായത്ത്. വൻ വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടെ നിലനിന്നിരുന്നില്ല. പരമ്പരാഗതമായി നിലനിന്നിരുന്ന ഏതാനും കുടിൽവ്യവസായങ്ങൾ ഉണ്ടായിരുന്നു. പഞ്ചായത്തിനകത്തും സമീപപ്രദേശങ്ങളിലുമായി സമൃദ്ധമായ വനങ്ങൾ ധാരളമുണ്ടായിരുന്നതിനാൽ വനവിഭവങ്ങളായ ഈറ, ചൂരൽ, കുട്ട നിർമ്മാണത്തിനുവേണ്ട ചിലതരം വള്ളികൾ ഇവ ഉപയോഗിച്ച് കുട്ട, വട്ടി, മുറം, കസേര, പനമ്പ് മുതലായവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളായിരുന്നു അധികവും. കളിമണ്ണ് ഉപയോഗിച്ച് പാത്രങ്ങൾ നിർമ്മിക്കുന്ന ഏതാനും കുടുംബങ്ങൾ ഉണ്ടായിരുന്നു. കാർഷികോപകരണങ്ങളും ആയുധങ്ങളും നിർമ്മിക്കുന്ന ഏതാനും കുടുംബങ്ങളും ഓട്ടുപാത്രങ്ങളായ വാർപ്പ്, ഉരുളി, വിളക്കുകൾ മറ്റുമുണ്ടാക്കുന്നതുമായ ഒരു കുടുംബവും ഉണ്ടായിരുന്നു. തടി ഉപയോഗിച്ച്, ഫർണിച്ചറുകൾ, കാർഷികോപകരണങ്ങൾ, കൊത്തുപണികൾ തുടങ്ങിയവ ചെയ്തിരുന്ന ഏതാനും കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇവയൊഴികെ പരമ്പരാഗതമായി എടുത്തുപറയത്തക്ക വ്യവസായങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തുപ്രദേശത്ത് നിലനിന്നിരുന്നില്ല. മേൽപ്പറഞ്ഞവയിൽതന്നെ മൺപാത്രങ്ങൾ നിർമ്മിക്കുന്ന കുടിൽവ്യവസായം പൂർണ്ണമായും നിലച്ചുപോയിരിക്കുന്നു. ലോഹപ്പാത്രങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഒരു സംസ്കാരം നാട്ടിൽ നിലവിൽ വന്നതാണ് കാരണം. ചൂരൽ ഉപയോഗിച്ച് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായം പഞ്ചായത്തിലെ അയിലറപ്രദേശത്താണ് ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത്. കുട്ടനിർമ്മാണത്തിനായി ചൂരൽ കൂടാതെ കമുകിന്റെ വർഗ്ഗത്തിൽപ്പെട്ട കാനക്കമ്പ് എന്ന കാട്ടുചെടിയും ഉപയോഗിച്ചിരുന്നു. വന നശീകരണത്തെ തുടർന്ന് ചൂരൽ ലഭ്യമല്ലാതായ സാഹചര്യത്തിൽ ചൂരൽവ്യവസായം മിക്കവാറും നിലച്ചുപോയിരിക്കുന്നു. ഇന്ന് മറ്റ് പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചൂരൽ ഉപയോഗിച്ച് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 40 ഓളംപേർ തൊഴിൽചെയ്യുന്നുണ്ട്. സംഘമായി രജിസ്റ്റർ ചെയ്തിട്ടില്ല. 1972-ൽ രജിസ്റ്റർചെയ്ത ഏരൂർ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് എന്ന പേരിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിച്ചിരുന്നുവെങ്കിലും 1976-ൽ ചൂരൽ വെട്ടുന്നത് ഗവണ്മെന്റ് നിരോധിച്ചതിനെത്തുടർന്ന് അത് നിലച്ചുപോവുകയുണ്ടായി. ഈറ, അനുബന്ധ ഉത്പന്നങ്ങൾ നിർമ്മിച്ചിരുന്ന പ്രദേശങ്ങൾ ഏരൂർ തോലൂർ, നെട്ടയം, എന്നിവയായിരുന്നു. വനനശീകരണത്തെ തുടർന്ന് ഈറ വിലയ്ക്കുവാങ്ങിയാണ് ഈ തൊഴിൽ തുടർന്നുകൊണ്ടുപോകുന്നത്. ക്ഷയോന്മുഖമാണെങ്കിലും ഇന്നും തുടർന്നുപോകുന്നു. തഴപ്പായ് നിർമ്മാണം ചെറിയതോതിൽ നിലനിന്നിരുന്നുവെങ്കിലും ഇന്ന് തീർത്തും നിലച്ചുപോയിരിക്കുന്നു.

## ആധുനികം:

ആധുനികം എന്നു പറയാവുന്ന തരത്തിൽ കണക്കാക്കാവുന്ന 21തരം ചെറുകിടവ്യവസായങ്ങൾ ഏരൂർ പഞ്ചായത്തിൽ ഉണ്ട്. അവയിൽ ആകെ 722 തൊഴിലാളികൾ പണിയെടുക്കുന്നു. 88 വ്യത്യസ്തസ്ഥാപനങ്ങളിലായാണ് ഇത്. ഇതിൽ നിന്നും വളരെ ചെറിയ യൂണിറ്റുകൾ അല്ലാതെ ഇടത്തരം എന്നോ വൻകിടയെന്നോ വിശേഷിപ്പിക്കാവുന്ന ഒരു യൂണിറ്റുപോലും ഏരൂർപഞ്ചായത്തിൽ ഇല്ലായെന്നുകാണാം. ഏരൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്. (പട്ടിക-1 കാണുക)

പട്ടികയിൽ കാണിച്ചിരിക്കുന്ന 88 യൂണിറ്റുകളിൽ 4 എണ്ണം സഹകരണമേഖലയിൽ വനിതകൾ നടത്തുന്ന സ്ഥാപനങ്ങളും ഖാദിബോർഡിന്റെ കീഴിൽ 2 സ്ഥാപനവും ബാക്കിയെല്ലാംതന്നെ സ്വകാര്യമേഖലയിൽ ഉള്ളവയാണ്. ഭാരതീപുരത്തുള്ള ഓയിൽപാം ഇന്ത്യാ ലിമിറ്റഡ് എന്ന പ്ലാന്റേഷൻ സ്ഥാപനത്തോടനുബന്ധിച്ചു പ്രവർത്തിച്ചുവരുന്ന പാംഓയിൽ എക്സ്ട്രാക്ഷൻ യൂണിറ്റ് മാത്രമാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്നത്. പ്രാരംഭ പ്രവർത്തനങ്ങൾ 1976-ൽ തുടങ്ങിയെങ്കിലും 1986-ലാണ് ആദ്യയൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. രണ്ടാമത്തെ യൂണിറ്റ് 1992-ൽ പ്രവർത്തനം തുടങ്ങി. ആകെ 60 തൊഴിലാളികളും 33 ഓഫീസ് സ്റ്റാഫും പ്രവർത്തിക്കുന്നു. ഏരൂർപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ വ്യവസായസംരംഭവും ഇതുതന്നെയാണ്. പുതുതായി വ്യവസായസംരംഭങ്ങൾ വർദ്ധിച്ചുവരുന്ന ഒരു പ്രവണത ഈ പഞ്ചായത്തിൽ ഇല്ല. നേരത്തെ തുടങ്ങിവച്ച ഏതാനും യൂണിറ്റുകൾ പൂർണ്ണമായും നിലച്ചുപോവുകയും ചെയ്തിട്ടുണ്ട്. (ഉദാ: സോപ്പുനിർമ്മാണം, മെഴുകുതിരി നിർ

പട്ടിക. 1

(അവലംബം - പഞ്ചായത്ത് ആഫീസ്)

| നമ്പർ | വിഭാഗം | സ്ഥാപനത്തിന്റെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1 | തടിമില്ല് | 6 | 20 | — | 20 |
| 2 | ധാന്യമില്ല് | 22 | 22 | — | 22 |
| 3 | ഫർണിച്ചർമാർട്ട് | 10 | 35 | — | 35 |
| 4 | ബുക്ക്ബയന്റിംഗ് | 1 | 2 | 3 | 5 |
| 5 | പാറക്വാറി | 5 | 250 | 80 | 330 |
| 6 | റബ്ബർബാന്റ് (വനി:സ:സംഘം) | 1 | — | 5 | 5 |
| 7 | നൂൽനൂൽപ്പ് (ഖാദിബോർഡ്) | 1 | 5 | 25 | 30 |
| 8 | സോഡാഫാക്ടറി (സ്വകാര്യം) | 6 | 6 | — | 6 |
| 9 | കോർക്ക്നിർമ്മാണം (സ്വകാര്യം) | 1 | 2 | 3 | 5 |
| 10 | റബ്ബർനഴ്സറി (സ്വകാര്യം) | 20 | 75 | 25 | 100 |
| 11 | ഇഷ്ടികനിർമ്മാണം (സ്വകാര്യം) | 3 | 35 | 40 | 75 |
| 12 | സോപ്പ്ഫാക്ടറി (ഖാദിബോർഡ്) | 1 | 8 | 2 | 10 |
| 13 | അച്ചാർ (വനിത സ:സംഘം) | 1 | — | 10 | 10 |
| 14 | അച്ചടി (സ്വകാര്യം) | 1 | 2 | 2 | 4 |
| 15 | റെഡിമെയ്ഡ് ഗാർമെന്റ്സ് (വനി:സഹ:സംഘം) | 1 | — | 10 | 10 |
| 16 | ക്രഷർ മെറ്റൽയൂണിറ്റ് (സ്വകാര്യം) | 2 | 10 | 10 | 20 |
| 17 | കൊപ്രാസംഭരണയൂണിറ്റ് (സ്വകാര്യം) | 2 | 5 | 5 | 10 |
| 18 | മെഴുകുതിരി (വനിത സഹകരണസംഘം) | 1 | — | 10 | 10 |
| 19 | ചന്ദനത്തിരി | 1 | — | 5 | 5 |
| 20 | തീപ്പെട്ടി | 1 | — | 5 | 5 |
| 21 | ചെരുപ്പുനിർമ്മാണം | 1 | — | 5 | 5 |
| | ആകെ | 88 | 477 | 245 | 722 |

മ്മാണം, ചന്ദനത്തിരി നിർമ്മാണം) തദ്ദേശീയമായി ലഭ്യമല്ലാത്ത അസംസ്കൃത പദാർത്ഥങ്ങളെ ആശ്രയിച്ചുതുടങ്ങിയ യൂണിറ്റുകളാണ് കൂടുതലും മുടങ്ങിപ്പോയിട്ടുള്ളത്. എന്നാൽ തദ്ദേശീയമായി ലഭ്യമായ അസംസ്കൃതപദാർത്ഥങ്ങളുപയോഗിച്ച് നടന്നുവരുന്ന സ്ഥാപനങ്ങൾ കുഴപ്പമില്ലാതെ നടന്നുപോകുന്നു. (ഉദാ: തടിമില്ല്) വിപണനരംഗം പരാമർശിക്കുമ്പോൾ, തദ്ദേശീയമായോ സമീപപട്ടണങ്ങളിലോ വിറ്റഴിക്കാൻ കഴിയുന്ന ഉത്പന്നങ്ങൾ മാത്രമേ ഇവിടെ നിർമ്മിക്കപ്പെടുന്നുള്ളൂ. അതിനാൽ വിപണനരംഗത്ത് ബുദ്ധിമുട്ടുകൾ ഇന്ന് അനുഭവപ്പെടുന്നില്ല.

ചെറുകിടവ്യവസായരംഗത്ത്

പ്രവർത്തിക്കുന്ന 4 വനിതാസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ മെഴുകുതിരി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ നിലച്ചു പോയ മട്ടിലാണ്. ബാക്കി 3 എണ്ണങ്ങൾ (അച്ചാർ, റബ്ബർബാൻഡ്, റെഡിമെയ്ഡ് ഗാർമെന്റ്സ്) തൃപ്തികരമായി നടന്നുവരുന്നു. വ്യവസായ എസ്റ്റേറ്റുകളൊന്നും തന്നെ പഞ്ചായത്തിലില്ല.

ഒരു കാർഷികമേഖല എന്ന നിലയിൽ അനുബന്ധവ്യവസായങ്ങൾക്കുള്ള സാധ്യതകൾ ധാരാളം ഉണ്ടെങ്കിലും കാര്യമായി ഒന്നുംതന്നെ ഇന്ന് നിലവിലില്ല. (എണ്ണപ്പന ഒഴികെ) റബ്ബർതടി, റബ്ബർകുരു, റബ്ബർ ലാറ്റക്സ്, റബ്ബർഷീറ്റ്, ഒട്ടുപാൽ, നാളികേരം, അടയ്ക്ക, തടി, ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ മണ്ണ്, ഫലവർഗ്ഗങ്ങൾ, കൈതച്ചക്ക, പപ്പായ പറങ്കിമാംപഴം, എണ്ണയെടുത്തുകഴിഞ്ഞ ശേഷമുള്ള എണ്ണപ്പന ക്കായുടെ ചകിരി തുടങ്ങിയ പദാർത്ഥങ്ങൾ ഇവിടെ ധാരാളമായി ലഭ്യമായതും വ്യവസായാവശ്യങ്ങൾക്കു വേണ്ടത്ര ഉപയോഗിക്കപ്പെടാതെ പോകുന്നതുമായ അസംസ്കൃതപദാർത്ഥങ്ങളത്രേ.

സംരംഭകരുടെ പ്രശ്നങ്ങൾ പരാമർശിക്കുമ്പോൾ സൗകര്യപ്രദമായ സ്ഥലസൗകര്യങ്ങളുടെ കുറവ് ഒരു ഗുരുതരമായ പ്രശ്നമായി അനുഭവപ്പെടുന്നില്ല. എങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭൂമിക്കുണ്ടായിട്ടുള്ള അമിതമായ വിലവർദ്ധന എല്ലാ പ്രദേശങ്ങളിലുമുള്ള ഒരു പൊതുപ്രശ്നമായി അവശേഷിക്കുന്നു. മൂലധനവായ്പാ സ്കീമുകൾ നിരവധി ധനകാര്യസ്ഥാപനങ്ങൾക്ക് ഉണ്ടെങ്കിൽപ്പോലും നടപടിക്രമങ്ങളുടെ നൂലാമാലകൾ പലപ്പോഴും സംരംഭകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ലൈസൻസ് കിട്ടുവാനുള ബുദ്ധിമുട്ടും ഒരു പ്രശ്നം തന്നെയാണ്. നടപടിക്രമങ്ങളുടെ നൂലാമാലകൾ മൂലമുള്ള കാലതാമസമാണ് ഒരു പ്രശ്നം. മലനീകരണ പ്രശ്നങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തുപ്രദേശത്ത് ഇല്ലായെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. മലിനീകരണസാധ്യതയുള്ള വ്യവസായങ്ങൾ ഒന്നും തന്നെ നിലവിലില്ല എന്നതാണ് കാരണം.

വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് പറയാതെവയ്യ. പവ്വർകട്ട് ഏറ്റവുംകൂടുതൽ ബാധിക്കാറുള്ളത് വ്യാവസായരംഗത്തെ ആണല്ലോ. പവ്വർകട്ട് നിലനിൽക്കുന്ന സമയങ്ങളിൽ പുതിയ വ്യവസായ കണക്ഷനുകൾ നൽകാറില്ല. സമീപപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വൈദ്യുതികണക്ഷൻ അപേക്ഷകൾ കെട്ടിക്കിടക്കുന്ന ഒരു സെക്ഷനാഫീസാണ് അഞ്ചലിലുള്ളത്. വിദഗ്ദ്ധതൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട് ഈ പ്രദേശത്ത് അനുഭവപ്പെടുന്നുണ്ട്. സാങ്കേതികപരിജ്ഞാനം സിദ്ധിച്ച ആളുകൾ വളരെക്കുറവാണ്. സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും ഇല്ലായെന്നുള്ളതു തന്നെ പ്രധാനകാരണം.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ അസംഘടിതരായിരുന്നു. കൂടുതൽപേരും സ്വന്തമായി സ്വഭവനങ്ങളോടനുബന്ധിച്ച് സ്വന്തമായി തൊഴിൽചെയ്ത് ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. എന്നാൽ തദ്ദേശീയ മായി അസംസ്കൃതവസ്തുക്കൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതിനാലും സ്വന്തം നിലയിൽ വിതരണം നടത്തേണ്ടതിനാലും ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ടി തൊഴിലാളികളെ ചേർത്ത് സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ സംഘടിപ്പിക്കുകയാണെങ്കിൽ ഒരു പരിധി വരെ ആ പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ കഴിയും.

## സാധ്യതകൾ:

നേരത്തെ പ്രസ്താവിച്ചിട്ടുള്ളതു പോലെ ചുറ്റുവട്ടം വനങ്ങൾ ഉള്ളതും തോട്ടവിളകൾക്ക് പ്രാമുഖ്യം ഉള്ളതമായ ഒരു ഭൂപ്രദേശമായതിനാൽ അനുബന്ധവ്യവസായങ്ങൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്. മൊത്തം കൃഷിഭൂമിയുടെ 53% ശാസ്ത്രീയമായ റബ്ബർകൃഷി ചെയ്യുന്ന പ്രദേശമാണിത്. ഉത്പാദനം സംസ്ഥാന ശരാശരിയേക്കാൾ വളരെ മുന്നിലാണ്. കൂടാതെ ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള വിശാലമായ തോട്ടങ്ങളുമുണ്ട്. റബ്ബർലാറ്റക്സ് ഉപയോഗിക്കുന്നതും റബ്ബർഷീറ്റുപയോഗിക്കുന്നതുമായ രണ്ടു വൻകിടവ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ അനുകൂല സാഹചര്യങ്ങളുണ്ട്. റബ്ബർതടി സംസ്കരിച്ച് വളരെ ആകർഷകങ്ങളായ ഫർണീച്ചറുകൾ ഉണ്ടാക്കുന്ന സാങ്കേതികവിദ്യ ഇന്ന് വികസിച്ചിട്ടുണ്ട്. എങ്കിലും റബ്ബർതടി സംസ്കരണ യൂണിറ്റുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. വളരെ ലാഭകരമായി നടത്താവുന്ന ഒരു വ്യവസായമാണിത്. ഒട്ടുപാൽ ഉപയോഗിച്ച് ക്രംബ് റബ്ബർ ഉണ്ടാക്കാൻ ഒരു യൂണിറ്റ് ആരംഭിച്ചാൽ തൊഴിൽ അവസരങ്ങൾ കൂടുന്നതോടൊപ്പം ഒട്ടുപാലിന് മികച്ചവില ലഭിക്കുകയും ചെയ്യും. റബ്ബർകുരു ധാരാളമായി ലഭിക്കുന്നതിനാൽ കുരു ആട്ടി എണ്ണ ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റും അനുബന്ധമായി വാഷിംഗ്സോപ്പ് നിർമ്മാണ യൂണിറ്റും ആരംഭിക്കാവുന്നതാണ്. ചെറുകിടമേഖലയിൽ നിർമ്മിക്കാവുന്ന നാനാതരം ഉത്പന്നങ്ങളിലും റബ്ബർ അടിസ്ഥാനമായുണ്ട്. ഉദ: റബ്ബർബാൻഡ്, ബലൂണുകൾ, വിവിധതരം ബുഷുകൾ, വാഷറുകൾ തുടങ്ങിയവ.

ഭാരതത്തിലെ ഏറ്റവും വലിയ എണ്ണപ്പന പ്ലാന്റേഷൻ ഈ പഞ്ചായത്തിലാണെങ്കിലും, തൊണ്ടിൽ നിന്ന് ശുദ്ധീകരിക്കാത്ത എണ്ണ ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റുമാത്രമാണ് അനുബന്ധ വ്യവസായമായുള്ളത്. ഇവിടെ ഉത്പാദിപ്പിക്കുന്ന പനയെണ്ണ ശുദ്ധീകരിച്ച് ഭക്ഷ്യയോഗ്യമാക്കാവുന്ന ഒരു റിഫൈനറിയും പനയെണ്ണ ഉപയോഗിച്ച് സോപ്പുനിർമ്മിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കാവുന്നതാണ്. എണ്ണപ്പനക്കായുടെ ചകിരി ഉപയോഗിച്ച് മെത്തകൾ നിർമ്മിക്കുവാൻ കഴിയുമോ എന്നു പരിശോധിക്കാവുന്നതാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക നിർമ്മിക്കുവാൻ യോഗ്യമായ നല്ലയിനം മണ്ണ് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ലഭ്യമാണ്. റബ്ബർ തുടങ്ങിയ തടികൾ വിറകിനായി ലഭ്യവുമാണ്. ഗുണമേൻമയുള്ള ഇഷ്ടികകൾ നിർമ്മിക്കുവാനുള്ള ഒന്നിലധികം യൂണിറ്റുകൾ ആരംഭിക്കാവുന്ന

താണ്. ഇഷ്ടിക നിർമ്മിക്കുവാനായി മണ്ണെടുക്കുമ്പോൾ കൃഷിയോഗ്യ ഭൂമികൾ നഷ്ടപ്പെടാതിരിക്കുവാൻ കർശന പരിശോധന ഏർപ്പെടുത്തേണ്ടതാണ്.

ഡയറി ഉത്പന്നങ്ങളായ ഐസ്ക്രീം, സിപ്പ്-അപ്പ്, ചോക്ലേറ്റുകൾ, തുടങ്ങിയവ നിർമ്മിക്കുവാനുള്ള ഒന്നോ ഒന്നിലധികമോ യൂണിറ്റുകൾ ആരംഭിക്കുവാനാവശ്യമായ അസംസ്കൃ പദാർത്ഥങ്ങളും പ്രദേശികമായിത്തന്നെ ലഭ്യമാണ്.

കൊപ്രാസംസ്കരണം അനുബന്ധമായി ഒരു എക്സ്പെല്ലർമില്ല് തുടങ്ങുവാൻ അനുയോജ്യമായ എല്ലാസാഹചര്യങ്ങളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

റബ്ബർ, ചകിരി ഇവ ഉപയോഗിച്ച് മെത്തകൾ, കുഷ്യനുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാധ്യതകളുമുണ്ട്. പ്രദേശികമായി ധാരാളം ലഭ്യമായ അടയ്ക്ക സംഭരിച്ച് സംസ്കരിക്കാനുള്ള ഒരു യൂണിറ്റും ആരംഭിക്കാവുന്നതാണ്.

വൻകിടവ്യവസായങ്ങൾ ഒന്നും

**ഈ പഞ്ചായത്തി[illegible]ഭിക്കാവുന്ന വ്യവസായ യൂണിറ്റുകൾ**

പട്ടിക. 2

| നമ്പർ | വ്യവസായം | കാറ്റഗറി |
|---|---|---|
| 1 | സിമന്റ് | വൻകിട |
| 2 | ലാറ്റക്സ് സെൻട്രിഫ്യൂജിംഗ് | വൻകിട |
| 3 | ടയർ | വൻകിട |
| 4 | ഭക്ഷ്യയോഗ്യമായ പാമോയിൽ ഉത്പാദനം | വൻകിട |
| 5 | റബ്ബർതടിസംസ്കരണം, റബ്ബർതടി ഉപയോഗിച്ച് ഉത്പന്നങ്ങൾനിർമ്മാണം | വൻകിട |
| 6 | റബ്ബർകുരുവിൽനിന്നും എണ്ണ എക്സ്ട്രാക്ഷൻ | ചെറുകിട |
| 7 | റബ്ബർ ചെരുപ്പ് | ചെറുകിട |
| 8 | റബ്ബർബാൻഡ്, ബലൂൺ | ചെറുകിട |
| 9 | റബ്ബർ - ചകിരി മെത്ത | ചെറുകിട |
| 10 | സോപ്പുനിർമ്മാണം | ചെറുകിട |
| 11 | മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി | ചെറുകിട |
| 12 | ഇഷ്ടികനിർമ്മാണം | ചെറുകിട |
| 13 | ഡയറിഉത്പന്നങ്ങൾ | ചെറുകിട |
| 14 | കൊപ്രാസംഭരണം, എക്സ്പെല്ലർ മില്ല് | ചെറുകിട |
| 15 | അടയ്ക്കാസംഭരണം | ചെറുകിട |
| 16 | റെഡിമെയ്ഡ് ഗാർമെന്റ്സ് | ചെറുകിട |
| 17 | ഡയറിഫാം യൂണിറ്റുകൾ | ചെറുകിട |
| 18 | പൗൾട്രിഫാം യൂണിറ്റുകൾ | ചെറുകിട |
| 19 | പന്നിവളർത്തൽ കേന്ദ്രം | ചെറുകിട |

തന്നെ ഇല്ലാത്ത പ്രദേശമെന്ന നിലയിൽ പൊതുമേഖലയിൽ ഒരു സിമന്റ് ഫാക്ടറി തുടങ്ങുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്. ജലലഭ്യതയ്ക്കായി ആറിന്റെ സാമീപ്യം, സമീപത്തുകൂടി കടന്നു പോകുന്ന റയിൽവേ ലൈൻ തുടങ്ങിയ സൗകര്യങ്ങളുണ്ട്. കൂടാതെ തെന്മലയിൽ ഉത്പാദിപ്പിക്കപ്പെടുന്നതായ വൈദ്യുതി, ഓലിയരുവിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നിന്നുള്ള വൈദ്യുതി, ഇവയും ഇത്തരം ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് അനുകൂലഘടകങ്ങളാണ്. തടി, ചിരട്ട മുതലായവ ഉപയോഗിച്ചുള്ള കരകൗശല ഉത്പ്പന്നങ്ങൾ പ്ലാസ്റ്റിക് ഉത്പന്നങ്ങളായ ബാഗുകൾ, ചെരിപ്പുകൾ, കൗതുകവസ്തുക്കൾ മുതലായവ നിർമ്മിക്കുന്ന വനിതാ യൂണിറ്റുകൾ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയും.

ഖാദിമേഖലയിൽ ഇന്ന് നിലവിൽ രണ്ട് സ്ഥാപനങ്ങളെ ഉള്ളു. ഒന്ന് നെട്ടയത്തു പ്രവർത്തിക്കുന്നതും മുപ്പതു തൊഴിലാളികൾ പണിയെടക്കുന്നതുമായ ഒരു നൂൽനൂൽപ്പ്ശാലയാണ്. നല്ലനിലയിൽ പ്രവർത്തിക്കുന്നു എന്ന് എടുത്തു പറയാൻ ഒക്കുകയില്ല ഇതിനെപ്പറ്റി. വർഷത്തിൽ ആറുമാസം മാത്രമേ ഈ സ്ഥാപനം പ്രവർത്തിക്കുന്നുള്ളു. ആവശ്യമായ അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കിയാൽ ആണ്ടിൽ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുകയും വസ്ത്രനിർമ്മാണം കൂടി ഉൾപ്പെടുത്തി വികസിപ്പിച്ച് ഏകദേശം 200 പേർക്ക് തൊഴിൽ നൽകാൻ കഴിയും. ഖാദിമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടാമത്തെ സ്ഥാപനം വിളക്കുപാറയിലുള്ള സോപ്പുനിർമ്മാണയൂണിറ്റാണ്. 10 തൊഴിലാളികൾ പണിയെടുക്കുന്ന പ്രസ്തുത സംരംഭം സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ഖാദിമേഖലയിൽ തന്നെ തേനീച്ചവളർത്തലിന് വിപുലമായ സാധ്യതകളുള്ള പ്രദേശമാണ് ഈ പഞ്ചായത്ത്. തേനീച്ചവളർത്തൽ, തേൻസംഭരണം ഇവയുടെ 500-ൽ കുറയാത്ത ചെറുകിട യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

വനിതാസഹകരണസംഘങ്ങളും കൂടുതലായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. റബ്ബർ ഉത്പന്നങ്ങളായ റബ്ബർബാൻഡ്, ബലൂൺ മുതലായവയും അച്ചാറുകൾ, സ്ക്വാഷ്, ജാം, ജ്യൂസ് മുതലായവയും മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി തുടങ്ങി മേൽപ്പറഞ്ഞ വനിതാസഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ നിർമ്മിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. വൈദ്യുതി, ഗതാഗതം എന്നിവയ്ക്കു നേരിടുന്ന പ്രശ്നങ്ങൾ, റയിൽവേ സൗകര്യങ്ങളുടെ അഭാവം.
2. വ്യവസായ സംരംഭകർക്ക് മതിയായ ട്രെയിനിംഗ് ലഭിക്കുവാനുള്ള സൗകര്യം ഇല്ലായ്മ.
3. വായ്പ ലഭിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ.
4. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളും, കൈത്തൊഴിലുകളും.
5. സ്ഥലപരിമിതികൾ.
6. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച ആളുകളുടെ അഭാവം.
7. മൂലധനനിക്ഷേപത്തിന് പ്രാപ്തിയുള്ള ആളുകൾക്ക് മുമ്പോട്ടുവരാനുള്ള വിമുഖത.

## പ്രായോഗിക നിർദ്ദേശങ്ങൾ:

1. വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക. വ്യവസായമേഖലയില പവർക്കട്ട് കഴിവതും ഒഴിവാക്കുക.
2. വ്യവസായ സംരംഭകർക്ക് പരിശീലനം നൽകാനുള്ള ഒരു ട്രെയിനിംഗ് സെന്റർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.
3. വായ്പാനടപടിക്രമങ്ങൾ ലഘൂകരിക്കുക.
4. അസംഘടിതമായി കിടക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ സഹകരണമേഖലയിൽ സംഘടിപ്പിക്കുക.
5. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
6. ഹൈസ്കൂളിൽ സാങ്കേതികകോഴ്സുകൾ വ്യാപകമാക്കുക. മറ്റ് സാങ്കേതിക വിദ്യാഭാസസ്ഥാപനങ്ങൾ കൂടുതലായി ആരംഭിക്കുക.
7. മൂലധനനിക്ഷേപത്തിന് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽചെയ്യുന്നവരെ പ്രേരിപ്പിക്കുക. തദ്ദേശീയമായി മുതൽ മുടക്കുവാൻ സന്നദ്ധരായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

പുനരുദ്ധരിക്കേണ്ട വ്യവസായങ്ങൾ

1. ചൂരൽ വ്യവസായം.
2. ഈറ്റ ഉത്പന്നനിർമ്മാണം.
3. കളിമണ്ണ്പാത്രനിർമ്മാണം.
4. നൂൽനൂൽപ്പ് വ്യവസായം.
5. ഓട്ടുപാത്രനിർമ്മാണം.



# 6
# ഗതാഗതം ഊർജ്ജം മാർക്കറ്റ്



## ഗതാഗതം

ഏരൂർ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള രണ്ട് റോഡുകൾ അഞ്ചൽ- കുളത്തൂപ്പുഴ റോഡും ഏരൂർ ഇടമൺ റോഡുമാണ്. ഈ രണ്ടു റോഡുകളുടെയും പഴക്കത്തെപറ്റി വ്യക്തമായ രേഖകൾ ഒന്നും തന്നെ ലഭ്യമല്ല. നൂറുവർഷത്തിൽ കൂടുതൽ പഴക്കമുള്ളതായി അനുമാനിക്കുന്നു. ഇന്നും പഞ്ചായത്തിലെ ഏറ്റവും പ്രാധാന്യമുള്ള രണ്ട് റോഡുകൾ ഇവ രണ്ടു മത്രേ. ആലംഞ്ചേരി ചണ്ണപ്പേട്ട റോഡ് താരതമ്യേന പഴക്കവും പ്രാധാന്യവുമുള്ളതാണെങ്കിലും ഈ പഞ്ചായത്തിൽകൂടി 500 മീറ്റർ നീളത്തിൽ മാത്രമേ കടന്നുപോകുന്നുള്ളു. 1968-ൽ ആണ് ആദ്യമായി ഒരു റോഡ് ടാർ ചെയ്യുന്നത്. (അഞ്ചൽ കുളത്തൂപ്പുഴ റോഡ്) ഏരൂർ പഞ്ചായത്തിൽ ആകെ 38.5 കി. മീ. നീളത്തിൽ P.W.D. റോഡുകളുണ്ട്. അതിൽ വിളക്കുപാറ മുതൽ ആയിരനല്ലൂർ വരെയുള്ള ഒരു കിലോമീറ്റർ ഭാഗം ഒഴികെ ബാക്കി എല്ലാം ടാർ ചെയ്യപ്പെട്ടവയാണ്.

പി.ഡബ്ല്യൂ.ഡി. റോഡുകൾ താഴെപറയുന്നവയാണ്.

പട്ടിക 1

| ക്രമ നമ്പർ | റോഡിന്റെ പേര് | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം |
|---|---|---|
| 1 | അഞ്ചൽ - കുളത്തൂപ്പുഴ റോഡ് | 8 |
| 2 | ആലഞ്ചേരി - ചണ്ണപ്പേട്ട റോഡ് | 0.5 |
| 3 | ഏരൂർ - ഇടമൺ റോഡ് | 14 |
| 4 | കൊച്ചുകുരുവിക്കോണം - ഭാരതിപുരം റോഡ് | 10 |
| 5 | മാവിള - വിളക്കുപാറ റോഡ് | 6 |

പഞ്ചായത്ത് വക 233 റോഡുകൾ ഉണ്ട്. അവയിൽ 8.5 കി. മീ. നീളത്തിലായി 5 റോഡുകൾ ടാർ ചെയ്തവയാണ്. പഞ്ചായത്ത് വക ടാർ റോഡുകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

പഞ്ചായത്ത് റോഡുകളിൽ 3 മീറ്റർ വീതിയുള്ള 19.2 കി.മീ., 3.5 മീറ്റർ വീതിയുള്ള 11.25 കി.മീ., 4 മീറ്റർ വീതിയുള്ള 51 കി.മി., 4.5 മീറ്റർ വീതിയുള്ള 3 കി. മീ., 5 മീറ്റർ വീതിയുള്ള 39.5 കി.മീ., 6 മീറ്റർ വീതിയുള്ള 17 കി.മീ. 7 മീറ്റർ വീതിയുള്ള 2.8 കി.മീ., 8 മീറ്റർ വീതിയുള്ള 24 കി.മീ. എന്നിങ്ങനെ ആകെ 167.75 കിലോമീറ്റർ റോഡുകളുണ്ട്.

പഞ്ചായത്ത് റോഡുകളുടെ നീളം വാർഡു തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

## ബസ് സർവ്വീസ്

ഏകദേശം 75 വർഷം മുമ്പാണ് ഈ പ്രദേശത്ത് കൂടി ആദ്യമായി ബസ് സർവീസ് ആരംഭിച്ചത്. (അഞ്ചൽ - കുളത്തൂപ്പുഴ റോഡ്) K.S.R.T.C. ബസുകൾ 40,

പട്ടിക 2 (അവലംബം - പഞ്ചായത്ത് ആഫീസ് രേഖ)

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) |
|---|---|---|
| 1 | ഏരൂർ - പാണയം | 1300 |
| 2 | കെട്ടുപ്ലാച്ചി - ഇളവറാംകുഴി | 1500 |
| 3 | കോണത്ത് ജംഗ്ഷൻ - ആർച്ചൽ | 1700 |
| 4 | മണലിപ്പച്ച - ഈച്ചംകുഴി | 3500 |
| 5 | പത്തടി - തുമ്പോട് | 250 |

62 പ്രൈവറ്റ് ബസ് സർവ്വീസുകൾ എന്നിങ്ങനെ 102 ബസ് സർവ്വീസുകൾ പഞ്ചായത്തിലെ 7 റോഡുകളിലൂടെ കടന്നുപോകുന്നു.

### ബസ് സർവ്വീസ് നടത്തുന്ന റോഡുകൾ

ഏരൂർ – ഇടമൺ റോഡ്
അഞ്ചൽ – കുളത്തൂപ്പുഴ റോഡ്
കുരുവിക്കോണം – ഭാരതിപുരം റോഡ്
മാവിള – വിളക്കുപാറ റോഡ്
ഈച്ചംകുഴി – മണലിപ്പച്ച റോഡ്
വിളക്കുപാറ – മണിയാർ റോഡ്
ആലംഞ്ചേരി – ചണ്ണപ്പേട്ട റോഡ്

ആകെ 43.5 കി. മീറ്റർ റോഡുകളിലൂടെ ബസ് ഗതാഗതസൗകര്യവുമുണ്ട്. 5 മീറ്റർ മുതൽ 8 മീറ്റർ വരെ വീതിയുള്ള 84 കിലോമീറ്റർ ടാർ ചെയ്യാത്ത റോഡുകൾ പഞ്ചായത്തിലുണ്ടെങ്കിലും അത്തരം റോഡുകളിൽ 1 കിലോമീറ്റർ ദൂരം മാത്രമാണ് ബസ് സർവ്വീസ് നടത്തുന്നത്. പഞ്ചായത്തിൽ ബസ് സ്റ്റാന്റുകൾ ഒന്നും തന്നെയില്ല.

മറ്റുവാഹനങ്ങൾ:- 60 ജീപ്പുകൾ, 28 കാറുകൾ, 25 ഓട്ടോറിക്ഷകൾ. ഇത്രയും വാഹനങ്ങൾ ഈ പഞ്ചായത്ത് കേന്ദ്രീകരിച്ച് ചരക്കുഗതാഗതം, യാത്ര എന്നിവയ്ക്കായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അംഗീകൃത ടാക്സി, ജീപ്പ്, ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. നേരത്തെ വിവരിച്ച അത്രയും ബസ് സർവ്വീസുകൾ ഉണ്ട് എങ്കിലും പഞ്ചായത്തിലെ യാത്രപ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇവ പര്യാപ്തമല്ല. ജീപ്പുകൾ, വാനുകൾ ഇവയുടെ സമാന്തര സർവ്വീസുകൾ സാർവ്വത്രികമാണ്. യാതൊരു നിയന്ത്രണവുമില്ലാതെ ഓവർലോഡുകയറ്റി അതിവേഗത്തിൽ പായുന്ന സമാന്തരസർവ്വീസുകൾ പലപ്പോഴും അപകടങ്ങൾ വരുത്തിവയ്ക്കുന്നു. പഞ്ചായത്തിനുള്ളിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ലോറി, ട്രക്ക് മുതലായവ ഒന്നും തന്നെയില്ല.

### റയിൽവേ

റെയിൽ ഗതാഗതസൗകര്യങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്ത് നിലവിലില്ല. കൊല്ലം മദ്രാസ് മീറ്റർഗേജ് റയിൽപാത സമീപപഞ്ചായത്തായ തെന്മലയിൽ കൂടി കടന്നുപോകുന്നു. നിർദ്ദിഷ്ട പുനലൂർ-തിരുവനന്തപുരം റെയിൽവേ ലൈൻ സർവ്വേ നടത്തുമ്പോൾ അത് ഏരൂർ പഞ്ചായത്തിലൂടെ ആയിരിക്കണമെന്ന ഒരു ശക്തമായ ആവശ്യം നിലവിലുണ്ട്. ഇളവറാംകുഴിയിൽ ഒരു സിമന്റ് ഫാക്ടറിക്കു നിർദ്ദേശം നിലവിലുള്ളതാണ്. അതിവിശാലമായ റബ്ബർ പ്ലാന്റേഷനുകളും എണ്ണപ്പനത്തോട്ടവും ഉള്ള

പട്ടിക 3 (അവലംബം പഞ്ചായത്ത് ഓഫീസ് രേഖ
പഞ്ചായത്ത് റോഡുകളുടെ നീളം (മീറ്റർ)

| വാർഡ് | വീതി (മീറ്റർ) | | | | | | | | റോഡുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | 3 | 3.5 | 4 | 4.5 | 5 | 6 | 7 | 8 | |
| 1 | 2550 | 2800 | 4600 | - | 1000 | 3600 | - | 2600 | 20 |
| 2 | 1300 | 1550 | 2600 | - | 1200 | 450 | - | 3700 | 16 |
| 3 | 2000 | 1500 | 600 | 2000 | 1700 | - | - | - | 12 |
| 4 | 1200 | 3600 | 6600 | - | 1600 | 200 | 1000 | - | 26 |
| 5 | 2200 | 400 | 7350 | 1000 | 800 | 800 | - | 800 | 22 |
| 6 | 1000 | 450 | 4300 | - | 5700 | 500 | - | 4400 | 23 |
| 7 | - | 950 | 7300 | - | 6500 | 2000 | - | 3500 | 21 |
| 8 | 2450 | - | 7250 | - | 2000 | 2900 | - | 4500 | 25 |
| 9 | 4200 | - | 1800 | - | 4600 | - | - | 2000 | 13 |
| 10 | 500 | - | 3350 | - | 5400 | 1500 | - | - | 16 |
| 11 | 1300 | - | 2650 | - | 3600 | 3600 | - | 1000 | 18 |
| 12 | - | - | 1900 | - | 6750 | 1450 | 1800 | 1500 | 21 |
| 13 | 500 | - | 700 | - | 450 | - | - | - | 4 |

ഈ പ്രദേശത്ത് അനുബന്ധവ്യവസായങ്ങൾ ഒന്നും തന്നെയില്ലാത്തതിന്റെ ഒരു പ്രധാനകാരണം റെയിൽവേസൗകര്യത്തിന്റെ അഭാവമാണ്.

### റോഡ് ഗതാഗതരംഗങ്ങളിലെ പ്രശ്നങ്ങൾ

പഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖല ആണെങ്കിലും കാർഷിക പ്രവർത്തനങ്ങൾ കൂടുതലായി നടക്കുന്ന ഉൾപ്രദേശങ്ങളിൽ ഗതാഗതസൗകര്യങ്ങൾ പരിമിതമാണ്. കാർഷികോല്പന്നങ്ങൾ കമ്പോളങ്ങളിൽ എത്തിക്കുന്നതിനും വളം മുതലായ കാർഷികോപാധികൾ കൃഷിയിടങ്ങളിൽ എത്തിക്കാൻ റോഡുഗതാഗതം കൂടിയേതീരു. തൊഴിലാളി ദൗർലഭ്യം അനുഭവപ്പെടുന്ന ഈ കാലത്ത് ട്രാക്ടർ മുതലായവ പാടശേഖരങ്ങളിൽ എത്തിക്കുവാനും റോഡുകൾ അനിവാര്യമാണ്. ഉൾനാടൻ പ്രദേശങ്ങളിൽ കൂടുതൽ റോഡുഗതാഗതസൗകര്യം കൂടിയേ തീരു.

ടാർ റോഡുകളേക്കാൾ വളരെക്കൂടുതൽ ചെമ്മൺ റോഡുകളും മെറ്റൽ റോഡുകളും ആയതിനാൽ കാലാകാലങ്ങളിൽ ചെയ്യേണ്ട അറ്റകുറ്റപണികൾ മുടങ്ങുന്നത് ഗതാഗതത്തേയും മഴക്കാലങ്ങളിൽ കാൽനടയെപ്പോലും ബുദ്ധിമുട്ടിലാക്കുന്നു. ഓടകൾ കൃത്യമായി തെളിക്കുകയും വശങ്ങളിൽ താമസിക്കുന്ന വീടുകളിലേക്ക് വാഹനം കയറുവാനായി ഓടകൾ നികത്തുന്ന പ്രവണത അവസാനിപ്പിക്കുകയും വേണം. തടി, കെട്ടിട നിർമ്മാണ സാമഗ്രികൾ ഇവ ഗതാഗതത്തിനു തടസ്സമുണ്ടാക്കുന്നതരത്തിൽ റോഡുമദ്ധ്യത്തിൽ സ്റ്റോക്ക് ചെയ്യുന്ന പ്രവണത വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. കൊയ്ത്തുകാലത്ത് വൈക്കോൽ ഉണക്കാൻ റോഡുകൾ ഉപയോഗിക്കുന്നത് അപകടം ക്ഷണിച്ചുവരുത്തുന്നു. ഗട്ടറുകൾ കാണാൻ സാധിക്കാതെ ഇരുചക്രവാഹനക്കാർക്ക് പലപ്പോഴും അപകടമുണ്ടാകാറുണ്ട്. വർഷകാലത്ത് സൈഡുറോഡുകളിൽ നിന്നും മെയിൻറോഡിലേക്ക് മണ്ണും മണലും ചവറും ഒലിച്ചിറങ്ങിക്കൊണ്ടിരിക്കുന്നത് ഈ പഞ്ചായത്തിൽ പല ഭാഗങ്ങളെയും അപകടകെണികളാക്കാറുണ്ട്.

വിസ്തൃതവും ജനനിബിഡവുമായ ഈ പഞ്ചായത്തിൽ നിലവിലുള്ള ബസ് ഗതാഗതസൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. K.S.R.T.C. സർവ്വീസുകൾ പലതും മുടങ്ങിയിരിക്കുകയാണ്. നിലവിൽ സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ കൂടുതൽ ബസ് അനുവദിക്കുകയും പുതിയ റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിയമവിരുദ്ധമായി നടത്തുന്ന സമാന്തരസർവ്വീസുകൾ പോലും യാത്രപ്രശ്നം പരിഹരിക്കുവാൻ പര്യപ്തമല്ല.

ടെലിഫോൺ കേബിളുകൾ സ്ഥാപിക്കുവാനായി വർഷത്തിൽ രണ്ടുംമൂന്നും തവണ റോഡുകളുടെ പാർശ്വങ്ങളിൽ കുഴിയെടുക്കുന്നത് സാധാരണമായിരിക്കുന്നു. സമയത്തിന് കുഴികൾ മൂടാതെയിരിക്കുക, മൂടിക്കഴിഞ്ഞാലും മണ്ണ് റോഡ്മദ്ധ്യത്തിൽ അവശേഷിപ്പിക്കുക, ഇവ യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുകയും അപകടസാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പലപ്പോഴും റോഡുകുറുകേ മുറിച്ച ശേഷം പൂർണ്ണമായി മൂടാതെ കുഴി അവശേഷിപ്പിക്കുന്നതും ടെലികോം വകുപ്പിന്റെ പതിവുനടപടിയാണ്.

ഈ പഞ്ചായത്തിൽ ഗതാഗതരംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ആയിരനല്ലൂർ. പുറംലോകത്തുനിന്നും തീർത്തും ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ്. ബസ് ഗതാഗതസൗകര്യം ഇല്ലെന്നുമാത്രമല്ല, മറ്റ് വാഹനങ്ങൾക്ക് കടന്നുപോകാൻ പോലും ബുദ്ധിമുട്ടുള്ള റോഡാണ് ഈ വാർഡിലുള്ളത്. കല്ലടയാറിന് കുറുകേ ഒരു പാലം വേണമെന്ന ആവശ്യത്തിന് വർഷങ്ങളോളം പഴക്കമുണ്ട്. വാർഡിലൂടെ ആകെയുള്ളത് 1.65 കി. മീറ്റർ പഞ്ചായത്ത് റോഡുകൾ മാത്രമാണുള്ളത്. ആയിരനല്ലൂർ കടത്ത് പലപ്പോഴും മുടങ്ങിപ്പോകുന്നു. അധികൃതശ്രദ്ധ അടിയന്തിരമായി കേന്ദ്രീകരിക്കപ്പെടേണ്ട ഒരു വാർഡാണ് ആയിരനല്ലൂർ.

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

#### വാർഡ് 1

1. മുതലാറ്റ് നിന്നും മുതലാറ്റ് കുന്നിൻപുറത്തേക്ക്.

2. S.N.D.P. ജംഗ്ഷൻ റോഡിൽ നിന്നും ഏലാമുറ്റത്തേക്ക്

3. കാവുങ്കൽ ക്ഷേത്രം മുതൽ തൊണ്ടിയറ വരെ.

#### വാർഡ് 2

4. പുഞ്ചിരി മുക്ക് മുതൽ - വേൻകുഴി - കുറ്റിട്ട റോഡ് വരെ

5. തെക്കേവയൽ - ഏരൂർ ഹൈസ്ക്കൂൾ

6. മണ്ണുവയൽ - പുളിഞ്ചി റബ്ബർ എസ്റ്റേറ്റ്

7 തൃക്കോയിക്കൽ - വേലൻകുഴി

8. ദേവഗിരി എസ്റ്റേറ്റ് - എണ്ണപ്പന

9. പാണയം ജംഗ്ഷൻ - കോളനി റോഡ് (ബന്ധിക്കൽ)

8. കറ്റിട്ട - പാണയം - മാവേലിക്കര റോഡ് (ബന്ധിക്കൽ)

#### വാർഡ് 3

9. കാഞ്ഞിവയൽ - മുരുകൻ കോവിൽ

10. മുക്കട - മുരുകൻ കോവിൽ

11. കാഞ്ഞിവയൽ - രണ്ടേക്കർ മുക്ക്

12. കരിമ്പിൻകോണം - ജന്മിക്കോണം

#### വാർഡ് 4

13. കരിമ്പിൻകോണം - കോണത്തു മുക്ക്

14. മുട്ടുക്കോണം - നടുക്കുന്നുംപുറം

15. കളീലഴികത്തുവാതുക്കൽ - കരിമ്പിൻകോണം

16. നടുക്കുന്നുംപുറം - മുരുക്കൻകോട്

17. നടക്കുന്നുംപുറം - നെട്ടയം

**വാർഡ് 5**

18. പള്ളിക്കൂടം കുന്നിൽ നിന്നും പുന്നമറ്റം വഴി ആർച്ചൽ നെടിയറ റോഡിൽ ചേരുന്ന റോഡും കലുങ്കും

19. നെടിയറ - പുലിപ്പാറ റോഡിൽ കലുങ്ക് കെട്ടിനിർമ്മാണം

**വാർഡ് 6**

20 പറങ്കിമാംമുകൾ - ഓലിയരിക് മുക്ക്

21. മാളാകോട് - താറാകുന്നുവഴി കല്ലുമ്പുറം

22. മന്ദിരംമുക്ക് - വയൽ വഴി - ഓലിയരുക് റോഡ്

23. ഓലിയരുക് - പുള്ളിപ്പച്ച റോഡ്

24. നിരപ്പിൽകുന്ന് - രണ്ടേക്കർ - പള്ളിക്കൂടം കുന്ന്

25. വേളാംകുന്ന് - കരിച്ചാക്കോട് - മന്ദിരംമുക്ക്

26. മണലിപ്പച്ച അക്കുടേറ്റ് റോഡിൽ നിന്നും തെക്കതിൽ - വലിയതോട്

27. നിരപ്പിൽ ജംഗ്ഷൻ - തെനൂർ റോഡ്

**വാർഡ് 7**

28. ടെലിഫോൺ എക്സ്ചേഞ്ച് - മണലിൽ സ്ക്കൂൾ റോഡ്

**വാർഡ് 8**

29. ഇരുളിക്കൽ - ഓലിയരുക് റോഡ്

30. മരോട്ടിത്തടം - പാട്ടാഴികുന്നുംപുറം റോഡ്

31. തുമ്പോട് - കുമാരഗിരി - ഹൈസ്ക്കൂൾ ജംഗ്ഷൻ റോഡ്

32. ഇരുളിക്കൽ - തേപ്പുപാറ - എർന്നൂർകരിക്കം

33. ഹൈസ്ക്കൂളിനും വടക്കുവശത്ത് നിന്നും കിഴക്കോട്ടുള്ള പഞ്ചായത്ത് റോഡ്

**വാർഡ് 9**

34 ഇലവുമുക്കിൽ നിന്നും തോലൂർവഴി - പത്തടി കിഴക്കേ മുക്കിലേക്കുള്ള റോഡ്

പത്തടി - നടുപറമ്പിൽ - തുമ്പോട്

**വാർഡ് 10**

35. ഭാരതിപുരത്ത് നിന്നും കിട്ടൻ കോണത്തേക്കുള്ള റോഡ്

**വാർഡ് 11**

36. മുഴതാങ്ങ് - ഒരർണ ഹരിജൻ കോളനി റോഡ്

**വാർഡ് 12**

ഇല്ല

**വാർഡ് 13**

37. ആയിരനല്ലൂർ - ഒഴുകുപാറ മേഖലയിലേക്കുള്ള ഒരു റോഡ് നിർമ്മിക്കണം.

38. വലിയകലുങ്ക് - വടക്കനേയം - ചെങ്കുളം റോഡ്

## അറ്റകുറ്റപണികൾ നടത്തേണ്ട റോഡുകൾ

**വാർഡ് 1**

1. മുതലാറ്റ് - പണ്ടാരകോണം റോഡ്
2. മൂർത്തിക്കാവ് - താന്നിവിള
3. ഗുരുമന്ദിരം - പണ്ടാരക്കോണം
4. ആലംഞ്ചേരി - നെട്ടയം
5. ആലഞ്ചേരി - മുതലാറ്റ്
6. ആലഞ്ചേരി - തൊങ്ങിയറ
7. ആലഞ്ചേരി - പാണയം
8. മുതലാറ്റ് - പുഞ്ചക്കോണം

**വാർഡ് 2**

9. ഏരൂരിൽ നിന്നും പാണയം വഴി കുറവന്തേരി റോഡ്

10. പാണയം സ്ക്കൂൾ ജംഗ്ഷൻ - കാരംകുളം - പുഞ്ചക്കോണം

11. ഏരൂർ - മയിലാടുംകുന്ന

12. ഏരൂർ മാർക്കറ്റ് - ലക്ഷംവീട് കോളനി

13. പുഞ്ചിരിമുക്ക് - കാഞ്ഞിവയൽ

14. പുഞ്ചിരിമുക്ക് - ലക്ഷംവീട് (ഓട)

15. തൃക്കോയിക്കൽ ക്ഷേത്രം - വെട്ടിക്കോണം

16. കറ്റിട്ട - മണ്ണുവയൽ

17. പാണയം കോളനി - കണ്ണങ്കര ജംഗ്ഷൻ

18. പാണയം വലിയവീട്ടുവാതുക്കൽ

**വാർഡ് 3**

19. കാഞ്ഞിക്കവയൽ - താന്നീമൂട്

20. മണ്ടക്കാട്ട് - നടക്കര വാതുക്കൽ

21. മുരുകൻകോവിൽ റോഡ്

22. കരിമ്പിൻകോണം - ചാവരുകോണം

23. ലക്ഷംവീടിന്റെ മദ്ധ്യഭാഗത്ത് കൂടിയുള്ള റോഡ് - ഓട

24. മലയംകുളം - അഞ്ചൽ കുളത്തൂപ്പുഴ റോഡ്

25. A.K. റോഡ് - അടപ്പുപാറതോട്

26. കാഞ്ഞിവയൽ - മുരുകൻകോവിൽ

27. കാഞ്ഞിവയൽ - ഹരിജൻകോളനി

**വാർഡ് 4**

28. ഹൈസ്ക്കൂൾ - എം.എൽ.എ. ജംഗ്ഷൻ - മുരിക്കിൻകോട്

29. വായനശാല ജംഗ്ഷൻ - നടുക്കുന്നുംപുറം പെരിങ്ങറ ഏല

30. ഹൈസ്ക്കൂൾ ജംഗ്ഷൻ - ചില്ലിംഗ് പ്ലാന്റ് ജംഗ്ഷൻ ഓട കെട്ടി വൃത്തിയാക്കുക

31. പോലീസ് സ്റ്റേഷൻ - തെക്കേവയൽ

32. പോലീസ് സ്റ്റേഷൻ - ചറവരുകോണം

33. ചില്ലിംഗ്പ്ലാന്റ് - വടക്കേവയൽ - സ്ലാബ് പണിയണം

34. കരിമ്പിൻകോണം - നെട്ടയം

## വാർഡ് 5

35. കവടിയാർകുന്ന് റോഡ്

36. ഖാദിബോർഡ് റോഡ്

37. തെക്കേനെട്ടയം - ഈയംകുന്നിൽ - കഴുമ്പന്നൂർ

38. ചീനിവിളക്കോണം - കണിയാംകോണം ഏല

39. നെട്ടയം - ആലഞ്ചേരി

## വാർഡ് 6

40. ആർച്ചൽ - നെട്ടയം

41. S.N.D.P. ജംഗ്ഷൻ - രാജരത്നം

42. മണലിപ്പച്ച - ബി.ബി.തോട്ടം - മണലിൽ

43. മണലിപ്പച്ച- മണലിൽ L.P.S. ഭരതന്നൂർ മുക്ക്

44. വേളാങ്കുന്ന് - ബി.ബി. തോട്ടം

45. ഭരതന്നൂർ മുക്ക് - ഇലവുംകുന്ന് ഹരിജൻകോളനി മണലിപ്പച്ച

46. കുണ്ടറക്കട ജംഗ്ഷൻ - പാലാട്ടുകോണം

47. നിരപ്പിൽ ജംഗ്ഷൻ - ആർച്ചൽ L.P.S.

48. മണലിപ്പച്ച അക്യുടേറ്റ് റോഡിൽ കിഴക്കതിൽ വാതുക്കൽ നിന്നും വലിയ തോടുവരെയുള്ള റോഡ്

49. നാലേക്കർ - മാളാങ്കോട്

50. ഭരതന്നൂർ - ഓലിയരുകിൽ

## വാർഡ് 7

51. ഏരന്നൂർ കരിക്കം - പള്ളിമുക്ക് - ഓലിയരുക്

52. മണലിൽ സ്ക്കൂൾ - അണ്ടത്തൂർ ഭഗവതിക്ഷേത്രം

53. ഊരാളിയഴികം - വില്ലേജ് ഓഫീസ്

54. പാലമുക്ക് - ആണ്ടത്തൂർ - ഭരതന്നൂർ മുക്ക്

55. മുസ്ലീംപള്ളി - ഈച്ചൻകുഴി റോഡിൽ രണ്ട് കലുങ്ക്

56. മുസ്ലീംപള്ളി - വെള്ളച്ചാൽ റോഡ്

57. പാലമുക്ക് - ചാഴിക്കുളം നിരപ്പ്

58. ക്ഷേത്രവഞ്ചി - വാർപ്പുകുന്ന് ക്ഷേത്രം - വെള്ളച്ചാൽ

59. മുസ്ലീംപള്ളി - M.L.A. റോഡ്

60. ഏരന്നൂർ കരിയ്ക്കം - ഇരുളിയ്ക്കൽ ഓലിയരുകിൽ

61. വെള്ളച്ചാൽ - അങ്ങത്തൂർ

62. പറങ്കിമാംമുകൾ - ഓലിയരുകിൽ

## വാർഡ് 8

63 അയിലറ - തോല്വൂർ പത്തടിറോഡ്

64. രാജരത്നം - നടുവന്നൂർ

65. ഹൈസ്ക്കൂൾ ജംഗ്ഷൻ - കുണ്ടറ തലയ്ക്കൽ തോട്ടംമുക്ക് റോഡ്

66. L.P.S. ജംഗ്ഷൻ - ബാലവാടി - M.L.A. റോഡ്

67. കലുങ്ക് ജംഗ്ഷൻ - ഇരുളിയ്ക്കൽ

68. വേലങ്കുഴി ജംഗ്ഷൻ - കല്ലറമുകൾ

69. അയിലറ മിച്ചഭൂമി - ലക്ഷംവീട്

70. ആഴാന്തിവയൽ - കോ-ഓപ്പറേറ്റീവ് ഏരന്നൂർ കരിക്കം

71. ഗുരുമന്ദിരം - എരന്നൂർകരിക്കം റോഡ്

72. ആയിരവല്ലി ക്ഷേത്രം - ഇരുളിയ്ക്കൽ

## വാർഡ് 9

71. ഏലവുംമൂട് - അയിലറ

72. പത്തടി-തുമ്പോട്

73. പത്തടി-വൈദ്യഗിരി എസ്റ്റേറ്റ്

## വാർഡ് 10

74. തുമ്പോട് - കുരങ്ങോട്ട്

75. ഭാരതിപുരം - ചാവരുകോണം ഹരിജൻകോളനി

76. പാലം - തലയ്ക്കൽ

77. തുമ്പോട് - അടവിക്കോണം

78. വിളക്കുപാറ - കൊച്ചുകുളം

## വാർഡ് 11

79. കമ്പകതടം - ഈച്ചൻകുഴി

80. ദർപ്പപണ - മീനില്ലാചാല് - ഈച്ചൻകുഴി

81. വിളക്കുപാറ - ദർപ്പപ്പണ

82. ചാഴികുളം നിരപ്പ് - പ്ലാങ്കുന്ന് ഒന്നാംബ്ലോക്ക്

83. ദർപ്പപ്പണ - നെല്ലിക്കുന്ന്

84. ചാഴിക്കുളം - മുഴതാങ്ങ്

85. ഈച്ചൻകുഴി - മാതാഹൈസ്ക്കൂൾ

86. കെട്ടുപ്ലാച്ചി - ഈച്ചൻകുഴി

87. ചാഴിക്കുളം - ആഴാന്തിപ്പാറ

88. വിളക്കുപാറ - കൊച്ചുകുളം

89. വേലൻകുഴി - ആഴാന്തിപ്പാറ

90. വേലൻകുഴി - മുഴതാങ്ങ്

91. മുഴതാങ്ങ് - വാഴവിളക്കോണം

92. മുഴതാങ്ങ് - കിഴക്കെക്കോണം

## വാർഡ് 12

93. കെട്ടുപ്ലാച്ചി - ഇളവറാംകുഴി - കിണറ്റ്മുക്ക്

94. ഇളവറാംകുഴി - R.P.L. 7-ാം ബ്ലോക്ക്

95. പാങ്ങുംപാറതടം - അക്കൂഡക്ട് മണലിൽ

96. ഈച്ചൻകുഴി - ഇളവറാംകുഴി

97. ഇളവറാംകുഴി - H.S.ഈച്ചൻകുഴി

## വാർഡ് 13

98. പ്രധാന റോഡിൽ ഫോറസ്റ്റ് മേഖലയിൽ അവസാനിക്കുന്ന റോഡ്

99. വിളക്കുപാറ - ആയിരനല്ലൂർ റോഡ്

## ബസ് സർവ്വീസുകൾ നടത്തേണ്ട റോഡുകൾ

1. ആലഞ്ചേരി മണ്ണുവയൽ വഴി പാണയംട

2. ആലഞ്ചേരി - മുതലാറ്റ് വഴി പുഞ്ചക്കോണം

3. ആലഞ്ചേരി - നെട്ടയം - മണലിൽ

4. ഏരൂർ - പാണയം - മേലേപ്പാണയം വഴി കുറവന്തേരി - ചണ്ണപ്പേട്ട

5. കൊട്ടാരക്കര നിന്നും ഏരൂർ - പാണയം ബസ്

6. അഞ്ചൽ - നെട്ടയം വഴി മണലിപ്പച്ച

7. പുനലൂർ - മാവിള വഴി വിളക്കുപാറ ബസ്, പുനലൂർ മാവിള വഴി ഈച്ചംകുഴി നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കുക.

8. പുനലൂർ നിന്നും - മണിയാർ, കേളൻകാവ്, വിളക്കുപാറ, മണലി- മാവിള വഴി അഞ്ചൽ പുനലൂർ സർക്കുലർ ബസ് നടത്തുക.

9. വിളക്കുപാറ - മണലിൽ - ആർച്ചൽ - നെട്ടയം വഴി ഏരൂർ റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കണം.

10. പുനലൂർ നിന്നും മാവിള വഴി വിളക്കുപാറ സ്ഥിരം സർവ്വീസ് നടത്തുക.

11. ജില്ലാ ആസ്ഥാനവുമായി ബന്ധപ്പെടുവാൻ വിളക്കുപാറ-മണലിൽ- മാവിള വഴി കൊല്ലത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

12. വിളക്കുപാറ-മണലി-മാവിള വഴി തിരുവനന്തപുരം ബസ് സർവ്വീസ്

13. ഭാരതിപുരം - തുമ്പോട് വഴി പത്തടിയിലേക്ക് ബസ് സർവ്വീസ്

14. പുനലൂർ മണിയാർ വഴി - വിളക്കുപാറ - ഏരൂർ - അഞ്ചൽ വഴി പുനലൂർ സർക്കുലർ സർവ്വീസും പുനരാരംഭിക്കണം.

15. കുളത്തൂപ്പുഴയിൽ നിന്നും ഏരൂർ-അഞ്ചൽ വഴി തിരുവനന്തപുരത്തേക്ക് ഒരു പാസ്റ്റ്പാസഞ്ചർ സർവ്വീസ് തുടങ്ങണം.

16. കുളത്തൂപ്പുഴ - ഭാരതിപുരം തുമ്പോട് വഴി അയിലറ - അഞ്ചൽ

17. അഞ്ചൽ - വിളക്കുപാറ റൂട്ടിൽ ഓടുന്ന ബസ്സുകൾ ഇളവറാംകുഴി വരെ - ആയിനല്ലൂർ വരെയും നീട്ടണം.

18. കുളത്തൂപ്പുഴയിൽ നിന്നും R.P.L. അഭയഗിരി കോളനിയിലേക്കുള്ള ബസ്, ആയിരനല്ലൂർ R.P.L. വരെ നീട്ടുക.

19. ഏരൂർ - ആലംഞ്ചേരി പ്രദേശത്തെ യാത്രാബുദ്ധിമുട്ട് പരിഹരിക്കാൻ വിവിധ മേഖലകളിൽ നിന്നും അഞ്ചൽ വന്ന്പോകുന്ന ബസ് സർവ്വീസുകൾ രാവിലെയും വൈകിട്ടും ഏരൂർ വരെ സർവ്വീസ് നീട്ടണം.

20. വിളക്കുപാറ-ഈച്ചംകുഴി-എരന്നൂർ - അയിലറ - അഞ്ചൽ

21. കായംകുളത്ത് നിന്നും വൈകിട്ട് 6.30 ന് കുളത്തൂപ്പുഴയ്ക്ക് സർവ്വീസ് നടത്തിയിരുന്ന സർവ്വീസ് പുനരാരംഭിക്കണം.

## ഊർജ്ജം

വികസനരംഗത്തേക്ക് നമ്മുടെ പഞ്ചായത്ത് കടന്നുവന്നത് വൈകി ആയതിനാൽ ആധുനിക ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗത്തിലും നാം എത്തിച്ചേർന്നതും വൈകിയാണ്. പരമ്പരാഗതമായി ഇവിടെ ഉപയോഗിച്ചുവന്നിരുന്ന ഊർജ്ജസ്രോതസ്സുകളെ പ്രധാനമായും മാനുഷികയജ്ഞം, മൃഗജന്യം, വിറ്, എണ്ണകൾ എന്നിങ്ങനെ തിരിക്കാം.

ഇന്ന് യന്ത്രങ്ങൾ ചെയ്തുതീർക്കുന്ന ഒട്ടുമിക്ക പ്രവർത്തനങ്ങളും മുൻകാലങ്ങളിൽ മനുഷ്യരും മൃഗങ്ങളുമാണ് ചെയ്തുവന്നിരുന്നത്. (ഉദാ: നെല്ലുകുത്ത്, വെള്ളം കോര്, നീലം ഉഴുന്നത്.) താപോർജ്ജം ആവശ്യമായ എല്ലാ മേഖലകളിലും വിറക്, എണ്ണകൾ എന്നിവയാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. ഇന്നും ഭാഗികമായി മാത്രമേ മറ്റുതരം ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കപ്പെടുന്നുള്ളു. ഊർജ്ജം ഉപയോഗിക്കപ്പെടുന്ന മേഖലകൾ ഓരോന്നായി തിരിച്ച് അവലോകനം ചെയ്യാം.

## പാചകം

പാചകാവശ്യത്തിന് മുൻകാലങ്ങളിൽ വിറക് മാത്രമാണ് ഉപയോഗിച്ചിരുന്നത്. സമൃദ്ധമായ വനമേഖല ഉണ്ടായിരുന്നതിനാൽ വിറകിന് പ്രത്യേകിച്ച് ക്ഷാമമില്ലായിരുന്നു. വനത്തിൽ നിന്നും വിറക് ശേഖരിച്ച് അഞ്ചൽ തുടങ്ങിയ ചെറുപട്ടണങ്ങളിൽ കൊണ്ടുപോയി വിറ്റ് ഉപജീവനം കഴിച്ചിരുന്ന അനേകം കുടുംബങ്ങൾ ഉണ്ടായിരുന്നു. 1960- കളുടെ മദ്ധ്യകാലത്തോടുകൂടി പഞ്ചായത്തിലെ ഭൂരിഭാഗം വനങ്ങളും വെട്ടിനശിപ്പിക്കപ്പെട്ടതോടുകൂടി വിറക് രംഗത്ത് താത്കാലികമായ ഒരു കുറവുവന്നു. എങ്കിലും വെട്ടിത്തെളിച്ച പ്രദേശങ്ങളിൽ റബ്ബർ, എണ്ണപ്പന എന്നിവ കൃഷി ചെയ്യപ്പെട്ടതോടുകൂടി വിറകിന് ബുദ്ധിമുട്ടില്ലാത്ത ഒരവസ്ഥ വീണ്ടും വന്നുചേർന്നു. ഇന്നും പാചകാവശ്യത്തിന്റെ 90%വും വിറകാണ് നിറവേറ്റുന്നത്. 5% LPG ഗ്യാസിനെ ആശ്രയിച്ചു നടക്കുന്നു. ബാക്കി 5% മണ്ണെണ്ണ, അറക്കപ്പൊടി, വൈദ്യുതി എന്നിവ നിറവേറ്റുന്നു.

ഇന്നു പ്രധാനമായും ഉപയോഗിക്കപ്പെടുന്ന വിറകുകൾ.

1. തെങ്ങിൽ നിന്നുള്ള ഉല്പന്നങ്ങൾ (ഓല, ചൂട്ട്, മടൽ, തൊണ്ട്, ചിരട്ട, കൊതുമ്പ്)

2. റബ്ബറിൽ നിന്നുള്ള ഉല്പന്നങ്ങൾ (തടി, റബ്ബർതോട്)

3. പാഴ്വൃക്ഷങ്ങൾ

4. എണ്ണപ്പന മടലുകൾ

സൗജന്യങ്ങളായി കരിയില, കരി എന്നിവയും പാചകാവശ്യത്തിനുള്ള ഇന്ധനങ്ങളായി ഉപയോഗിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ കുറച്ചുഭാഗങ്ങളിൽ വന പ്രദേശങ്ങൾ ഇന്നും നിലനിൽക്കുന്നതിനാൽ വിറകിനുവേണ്ടി വനത്തേ ആശ്രയിക്കുന്ന കുറേ കുടുംബങ്ങൾ പ്രസ്തുത പ്രദേശങ്ങളിലുണ്ട്.

## വെളിച്ചം.

മുൻകാലങ്ങളിൽ ഏതാണ്ടുസമ്പൂർണ്ണമായും മണ്ണെണ്ണയേയും സസ്യജന്യ എണ്ണ

കളേയുമാണ് ആശ്രയിക്കുന്നത്. മണ്ണെണ്ണ വിളക്കുകൾ, തൂക്കുവിളക്കുകൾ, നിലവിളക്കുകൾ, റാന്തലുകൾ, ഗ്യാസ് ലൈറ്റുകൾ തുടങ്ങി വിവിധയിനം വിളക്കുകൾ പ്രചാരത്തിലുണ്ടായിരുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ വൈദ്യുത വിളക്കുകൾ കത്തിക്കുന്ന 4483 വീടുകൾ നിലവിലുണ്ട്. മൊത്തം കുടുംബങ്ങളുടെ 45% ആണിത്. ഇതിൽ നിന്നും ഭൂരിപക്ഷം വീടുകളും ഇന്നും മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങളെയാണ് വെളിച്ചത്തിനുവേണ്ടി ആശ്രയിക്കുന്നത് എന്നുമനസ്സിലാക്കാം. വൈദ്യുതിവിളക്കുകളുടെ കൂട്ടത്തിൽ ഇന്നും ബഹുഭൂരിപക്ഷവും ഉപയോഗിക്കുന്നത് ഇൻകാന്റസന്റ് ബൾബുകളെയാണ്. (സാധാരണ ഫിലമെന്റ് ബൾബുകൾ) ട്യൂബ് ലൈറ്റുകളും ധാരാളമായി ഉപയോഗിക്കപ്പെടുന്നു. ഊർജ്ജക്ഷമത കൂടിയ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പ്, ഇല്ക്ട്രോണിക് ചോക്ക് എന്നിവ പരിമിതമായി മാത്രമേ പ്രചാരത്തിലുള്ളു. സോളാർ ലാമ്പുകൾ വളരെ വിരളമായി മാത്രം ഉപയോഗിക്കുന്നു.

### കാർഷികരംഗം:

കാർഷികമേഖലയിലെ ഊർജ്ജസ്രോതസ്സായി മുൻകാലങ്ങളിൽ മനുഷ്യയജ്ഞം, കന്നുകാലികളുടെ അദ്ധ്വാനം ഇവയാണ് പ്രയോജനപ്പെടുത്തിയിരുന്നത്. നിലം ഉഴുകൽ, നടീൽ, കൊയ്ത്ത്, മെതി തുടങ്ങി നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളിൽ കന്നുകാലികളുടെയും മനുഷ്യരുടെയും പ്രയത്നം മാത്രമായിരുന്നു ഉപയോഗപ്പെടുത്തിയിരുന്നത്. ഇന്നും ഈ രംഗങ്ങളിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല എന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. മൊത്തം പാടശേഖരങ്ങളിൽ പകുതിയിൽ താഴെ ഇന്നു ട്രാക്ടർ അഥവ ട്രില്ലർ ഉപയോഗിച്ചാണ് ഉഴുകുന്നത്. ഇവയിൽ ഉപയോഗിക്കപ്പെടുന്ന ഇന്ധനം ദ്രവഹൈഡ്രോകാർബണുകളാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. നെൽകൃഷിയിൽ കൊയ്ത്ത്, മെതി രംഗങ്ങളിലും മറ്റ് കാർഷിക രംഗങ്ങളിലും യന്ത്രവത്കരണം ഉണ്ടായിട്ടില്ലാത്തതിനാൽ ഊർജ്ജസ്രോതസ്സുകളായി മനുഷ്യാദ്ധ്വാനം തന്നെ ഉപയോഗിക്കപ്പെടുന്നു. എന്നാൽ റബ്ബർതോട്ടങ്ങളിൽ കുമിൾ നാശിനി തളിക്കുവാൻ ഉപയോഗിക്കുന്ന മൈക്രോൺ സ്പ്രേയർ ഇതിനൊരപവാദമാണ്. പെട്രോളിൽ പ്രവർത്തിക്കുന്നതാണ് പ്രസ്തുതയന്ത്രം.

### ഗതാഗതം

വാഹനഗതാഗതസൗകര്യം നമ്മുടെ പഞ്ചായത്തിൽ ആയിട്ട് ഏകദേശം നൂറു വർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളു. അതിനുമുമ്പ് ഗതാഗതം പൂർണ്ണമായും കാൽനടയായും കാളവണ്ടി, വില്ലുവണ്ടി മുതലായവയിലായിരുന്നു. സൈക്കിളിൽ യാത്ര മനുഷ്യോർജ്ജത്തെ ആശ്രയിച്ചും. വില്ലുവണ്ടി, കാളവണ്ടി ഇവ കാളകളുടെ ഊർജ്ജത്തെ ആശ്രയിച്ചും ആണല്ലോ പ്രവർത്തിക്കുന്നത്. ഇന്ന് ഗതാഗതം ഏറെക്കുറെ സമ്പൂർണ്ണമായും ഫോസിൽ ഫ്യൂവലിനെ ആശ്രയിച്ചു നടക്കുന്നു.

### വ്യവസായങ്ങൾ യന്ത്രപ്രവർത്തനങ്ങൾ

ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാത്തരം വ്യവസായങ്ങളും യന്ത്രങ്ങളും വൈദ്യുതിഊർജ്ജമാണ് ഉപയോഗിക്കുന്നത്. മനുഷ്യർ കൈ കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളും വ്യാപകമാണ്. ഉദാഹരണം സ്പ്രേയറുകൾ, റബ്ബർ റോളറുകൾ മുതലായവ. കല്ക്കരി, മണ്ണെണ്ണ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. പരമ്പരാഗതമായി നടന്നുവരുന്ന കൊല്ലപ്പണി, മനുഷ്യപ്രയത്നം, കരി എന്നീ ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നു.

### വൈദ്യുതി:

ഏരൂർ പഞ്ചായത്തിലെ ആകെ വീടുകളുടെ 45% വൈദ്യുതീകരിക്കപ്പെട്ടവയാണെന്നു നേരത്തേ പ്രസ്താവിച്ചുവല്ലോ. ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1957-ൽ ആണ്. ഇന്ന് 4483 ഗാർഹികകണക്ഷനുകളും 154 വ്യാപാരകണക്ഷനുകളും 20 വ്യാവസായിക കണക്ഷനുകളും 11 കാർഷിക കണക്ഷനുകളും നിലവിലുണ്ട്. 268 അപേക്ഷകൾ കണക്ഷനുവേണ്ടി ബന്ധപ്പെട്ട ഇലക്ട്രിസിറ്റി ആഫീസുകളിൽ നിലവിലുണ്ട്. പഞ്ചായത്തിൽ ആകെ 20 ട്രാൻസ്ഫോമറുകൾ വൈദ്യുതി വിതരണത്തിനുവേണ്ടി സ്ഥാപിച്ചിട്ടുണ്ട്. സന്ധ്യാസമയം മുതൽ രാത്രി 9 മണി വരെയുള്ള സമയങ്ങളിൽ വോൾട്ടേജ്ക്ഷാമം പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും നിലവിലുണ്ട്. കാർഷികമേഖല ആയതിനാൽ മിക്കവാറും സ്ഥലങ്ങളിൽ വൈദ്യുതിവിതരണ ലൈനുകൾ വൃക്ഷങ്ങളിൽ മുട്ടിയാണ് കടന്നുപോകുന്നത്. ഇത് വൈദ്യുതപ്രസരണനഷ്ടത്തിനും ഇടയ്ക്കിടെയുള്ള വൈദ്യുതി മുടക്കിനും കാരണമാകാറുണ്ട്. പഞ്ചായത്തിൽ വൈദ്യുതിയുടെ ദുരുപയോഗങ്ങൾ വളരെ കുറവാണ്. പട്ടണപ്രദേശങ്ങൾ ഇല്ലാത്തതിനാൽ ദീപാലങ്കാരം, പരസ്യബോർഡുകൾ മുതലായവയ്ക്കായി വൈദ്യുതി ദുരുപയോഗപ്പെടുത്തുന്നില്ല. മകരമാസം മുതൽ മേടമാസം വരെയുള്ള കാലയളവിൽ ക്ഷേത്രങ്ങളിൽ ഉത്സവം നടക്കുന്ന കാലഘട്ടമായതിനാൽ ഉത്സവങ്ങൾ, പള്ളിപ്പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങൾ, വിവാഹങ്ങൾ എന്നിവ സംബന്ധമായി കുറച്ചുവൈദ്യുതിയുടെ അമിതോപയോഗം നടക്കാറുണ്ട്. എങ്കിലും കുറേ ഉത്സവങ്ങളിൽ ഡീസൽ, അഥവാ മണ്ണെണ്ണയിൽ പ്രവർത്തിക്കുന്ന വൈദ്യുതി ജനറേറ്ററുകളാണ് ഉപയോഗിക്കാറ്. ഉത്സവങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഉയർന്ന ശേഷിയുള്ള സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമർ ഉപയോഗിക്കാറുണ്ട്. അത് നാട്ടിലെ വൈദ്യുതി വോൾട്ടേജിനെ പ്രതികൂലമായി ബാധിക്കാറുണ്ട്. ടെലിവിഷൻ ഉപയോഗിക്കുന്ന മിക്ക വീടുകളിലും 300 വാട്ട്സ് ശേഷിയുള്ള ചെറിയ സ്റ്റെപ്പ് അപ്പ് സ്റ്റെബിലയിസറുകൾ ഉപയോഗിക്കാറുണ്ട്. മിക്കപ്പോഴും അവയിലെ കണക്ടഡ് ലോഡ് 75 വാട്ട്സിൽ താഴെ മാത്രമായി

| | |
|---|---|
| 1. നിവിലുള്ള ഉപഭോക്താക്കൾ | ACL PLR TNLA Total<br>1. ഗാർഹികം – 4215 + 221 + 47 + 4483<br>2. വ്യാപാരം – 152+ 1 + 1 154<br>3. വ്യവാസായികം – 20<br>4. കാർഷികം – 11 |
| 2. കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം<br>അവസാനം നല്കിയ കണക്ഷന്റെ അപേക്ഷ തീയതി | ഓർഡിനറി – 201 OTP - 18, OVEC - 49<br>20–11–96 |
| 3. സ്ടീറ്റ് ലൈറ്റുകളുടെ എണ്ണം | 1. ബൾബ് 40 W - 282, 60W - 21, 100W - 1<br>2. മെർക്കുറി വെപ്പർ 124 W-3, 250 W - 9, 80 W - 12 |
| 4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | 2 എണ്ണം.<br>1. നടുക്കുന്നുംപുറം ഹരിജൻകോളനി<br>2.നെടുവണ്ണൂർ പട്ടികജാതി കോളനി |
| 5. തൻ വർഷത്തെ കണക്ഷൻ | Ordinary - 149<br>O.T.P. - 21<br>O.V.E.C. - 44 |
| 6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ | 1. കണ്ണംകോട് 11. ആലഞ്ചേരി<br>2. കുഴയ്ക്കാട്ടുചിറ 12. അഗസ്ത്യകോട്<br>3. നടുക്കുന്നുംപുറം 13. പാണയം<br>4. ഏരൂർ 14. പഴയേരൂർ<br>5. അയിലറ 15. ഭാരതിപുരം<br>6. പത്തടി 16. മറവൻചിറ<br>7. ആർച്ചൽ 17. വിളക്കുപാറ<br>8. മണലിൽ 18. ഓയിൽപാം<br>9. വെള്ളച്ചാൽ 19. കൊച്ചുകുളം<br>10. അണ്ടത്തൂർ 20. ആയിരനല്ലൂർ |
| 7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | നാലായിരത്തി അഞ്ഞൂറ്റിരണ്ട് രൂപ |

രിക്കും. ഇത് നാട്ടിലെ പൊതുവോൾട്ടേജിനെ കാര്യമായി സ്വാധീനിക്കാറില്ല. പക്ഷേ നേരത്തെ സൂചിപ്പിച്ച വൃക്ഷങ്ങൾ മൂലമുള്ള പ്രസരണനഷ്ടം ഗണ്യമത്രേ. വൈദ്യുതി കണക്ഷൻ സംബന്ധമായി ഏരൂർ പഞ്ചായത്തിലെ സ്ഥിതിവിവര കണക്കുകൾ മുകളിൽ ചേർക്കുന്നു.

### ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യത

ഏറ്റവും അധികമായി ഉപയോഗിക്കപ്പെടുന്ന ഊർജ്ജസ്രോതസ്സ് വിറകാണെന്ന് നേരത്തെ പറഞ്ഞുവല്ലോ. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നതായി കാണുന്നു. വനനശീകരണവും കാറ്റുവീഴ്ച മൂലവും അനേകം തെങ്ങുകൾ വെട്ടിമാറ്റിയതും വൃക്ഷങ്ങൾ വീടുവയ്ക്കാനും മറ്റുമായി മുറിച്ചുതീർക്കുന്നതും ഇതിനുകാരണമാണ്. വിലയ്ക്ക് വാങ്ങി വിറക് ഉപയോഗിച്ചിരുന്ന വീടുകൾ നന്നേ കുറവാണ്. പ്രാദേശികമായി ശേഖരി

ക്കുന്ന വിറകുകൾ വിറ്റഴിക്കുന്ന ഗ്രാമീണർ ഇന്നും ധാരാളമുണ്ട്. ചായക്കടകൾ, ഹോട്ടലുകൾ എന്നിവ പൂർണ്ണമായും വിറക് വിലയ്ക്കുവാങ്ങുന്നു. വിറകുവിൽപന കേന്ദ്രങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിനുള്ളിൽ ഇല്ല. മിക്ക വീടുകൾക്കും വേണ്ടുന്ന വിറക് സ്വന്തമായി പുരയിടങ്ങളിൽ നിന്നോ തോട്ടങ്ങളിൽ നിന്നോ ശേഖരിക്കുന്നു.

### മണ്ണെണ്ണ:

മണ്ണെണ്ണ റേഷൻ കടകളിലൂടെ മാത്രം ലഭിക്കുന്നു. പലപ്പോഴും കടുത്ത ക്ഷാമം അനുഭവപ്പെടുന്നു. 55% ജനങ്ങൾ വിളക്കു കത്തിക്കുവാൻ മണ്ണെണ്ണയെ മാത്രം ആശ്രയിക്കുന്നു. പാചകാവശ്യത്തിനായി റേഷൻകടകളിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണ തികയാറില്ല.

### L.P.G. ഗ്യാസ്

സമീപപട്ടണമായ അഞ്ചൽ മാത്രമേ പാചകവാതക ഏജൻസി പ്രവർത്തിക്കുന്നുള്ളൂ. പ്രസ്തുത സ്ഥലങ്ങളിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് 3 മുതൽ 15 കിലോമീറ്റർ വരെ ദൂരമുണ്ട്. 5 കിലോമീറ്റർ ദൂരപരിധിയ്ക്കുള്ളിൽ മാത്രമേ ഗ്യാസ് കണക്ഷൻ കൊടുക്കുകയുള്ളൂ എന്ന് ഏജൻസി നടത്തിപ്പുകാർ നിബന്ധന വച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം ഭാഗങ്ങളിലും ഗ്യാസ്കണക്ഷൻ എത്തിയിട്ടില്ല.

### ബയോഗ്യാസ്

പത്തിൽ താഴെ വീടുകൾ മാത്രമേ ബയോഗ്യാസ് ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നുള്ളൂ. കന്നുകാലി വളർത്തൽ സമാന്യം ഉള്ള മേഖലയാണെങ്കിലും ബയോഗ്യാസ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിൽ അധികാരികൾ വേണ്ടത്ര നടപടികൾ സ്വീകരിക്കുകയോ കർഷകർ താത്പര്യം കാണിക്കുകയോ ചെയ്യുന്നില്ല.

### വൈദ്യുതി

വൈദ്യുതി എത്തിച്ചേരാത്ത ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. വോൾട്ടേജ് ക്ഷാമം ഗുരുതരമാണ്. അപേക്ഷ നല്കിയാൽ കണക്ഷനുവേണ്ടി വർഷങ്ങളോളം കാത്തിരിക്കേണ്ടിവരും. പണം രൊക്കമായി കെട്ടിവയ്ക്കുന്ന O.Y.E.C. സ്കീമിൽ പോലും കണക്ഷനു വേണ്ടി ഒരു വർഷത്തോളം കാത്തിരിക്കേണ്ടിവരുന്നു.

### പ്രശ്നങ്ങൾ

1. വിറകിന് അനുഭവപ്പെടുന്ന ക്ഷാമം.
2. മണ്ണെണ്ണ ക്ഷാമം
3. അഞ്ചൽ നിന്നും പാചകവാതക കണക്ഷൻ കിട്ടുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. ഗുരുതരമായ വോൾട്ടേജ് ക്ഷാമം
5. വൈദ്യുത കണക്ഷന് വേണ്ടി വരുന്ന കാലതാമസം.

### പരിഹാരനിർദ്ദേശങ്ങൾ

1. മുറിച്ചുമാറ്റുന്ന മരങ്ങൾക്കുപകരമായി കൂടുതൽ വൃക്ഷങ്ങൾ വച്ച്പിടുപ്പിക്കുക.
2. പഞ്ചായത്തിൽ ഒരു L.P.G. ഏജൻസി അനുവദിക്കുക.
3. മണ്ണെണ്ണ ക്ഷാമം പരിഹരിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.
4. പ്രസരണനഷ്ടം കുറയ്ക്കുവാനായി വൈദ്യുതിലൈനുകൾ മരങ്ങളിൽ മുട്ടുന്നില്ലായെന്ന് ഉറപ്പുവരുത്തുക.
5. വൈദ്യുതി കണക്ഷനിലെ കാലതാമസം ഒഴിവാക്കുക.
6. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുക.
7. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കാറ്റാടിയന്ത്രങ്ങൾ പ്രവർത്തിപ്പിച്ച് വൈദ്യുതോല്പാദനം നടത്താവുന്നതാണോ എന്ന് പഠനം നടത്തുക.
8. ഓലിയരുവി എന്ന സ്ഥലത്ത് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് ആരംഭിക്കുക.
9. ചാണകം കൂടാതെ റബ്ബർ ഷീറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന അവശിഷ്ട ജലം ഉപയോഗിച്ചും ബയോഗ്യാസ് ഉണ്ടാക്കാമെന്നും തെളിയിച്ചിട്ടുണ്ട്. സാധ്യതകളേപറ്റി വിശദപഠനം നടത്തി നടപ്പാക്കണം.

### വൈദ്യുതി പുതുതായി എത്തേണ്ട സ്ഥലങ്ങൾ:

**വാർഡ് 1**

മുതലാറ്റ് കന്നുംപുറം, ഏലാമുറ്റം

**വാർഡ് 2**

പാണയം ലക്ഷംവീട്, പാണയം ഹരിജൻ കോളനി, പുഞ്ചിരിമുക്ക്, കാഞ്ഞിവയൽ, പാണയം I.H.D.P. കോളനി, തെക്കേവയൽ കോളനി

**വാർഡ് 3**

കരിമ്പിൻ കോണം, തടത്തിവിള കോളനി, രാജരത്നം, വരിക്കോൽ

**വാർഡ് 5**

മുരുക്കുംകോട്, മാളാകോട്, പള്ളിക്കുടംകുന്ന്, പുന്നമറ്റം, പൊന്നങ്കോട്, ലക്ഷം വീട് കോളനി (വരിക്കോൽ)

**വാർഡ് 6**

പുള്ളിവച്ച ഹരിജൻകോളനി

**വാർഡ് 7**

പാങ്ങൂപാറ, ഊരാളിയഴികം, ഏരണൂർകരിക്കം, ഓലിയരുക്, പാലമുക്ക്, ഭരതന്നൂർ, കിണറ്റുമുക്ക്, മുസ്ലീംപള്ളി

**വാർഡ് 8**

അയിലറ, ഭാരതിപുരം, M.L.A. റോഡ്, ഗുരുമന്ദിരം, ഏരണൂർകരിക്കം, രാജരത്നം, നടുവന്നൂർ, പഞ്ചായത്ത് റോഡ്

**വാർഡ് 9**

എലവുംമൂട്, അയിലറ, പത്തടി അക്കരഭാഗം

**വാർഡ് 10**

പഴയേരൂർ, നീരാട്ടുതടം, മറവൻചിറ, ചാവരുകോണം, ഭാരതിപുരം, കിട്ടം കോണം, ഭാരതിപുരം-ലക്ഷംവീട്, കൊച്ചുകുളം, തുമ്പോട്, പഴയേരൂർ

**വാർഡ് 11**

കമ്പകത്തടം, ഈച്ചൻകുഴി, ദർഭപ്പണ, ചാഴിക്കുളം, ചാഴിക്കുളം, അംഗനവാടി, ദർഭപ്പണ, ഈച്ചൻകുഴി, ചാഴിക്കുളം നിരപ്പ്, പ്ലാങ്കുന്ന്.

**വാർഡ് 12**

ഇളവറാംകുഴിയിലെ സൗജന്യവീടുകൾ വൈദ്യുതീകരിക്കുക.

**വാർഡ് 13**

ചെങ്കുളം മേഖല വാർഡിലെ സൗജന്യവീടുകൾ വൈദ്യുതീകരിക്കുക.

ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ് 5- നടക്കുന്നുംപുറം

വാർഡ് 2 - പാണയം

വാർഡ് 12 - ഇളവറാംകുഴി

വാർഡ് 13 - എട്ടാംബ്ലോക്ക്, ആയിരനല്ലൂർ ജംഗ്ഷൻ

വാർഡ് 3 - കാഞ്ഞിവയൽ

വാർഡ് 1 - മുതലാറ്റ്

## സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

**വാർഡ് 1**

മുതലാറ്റ്, തൊണ്ടിയറ, ഏലാമുറ്റം, അണുങ്ങൂർ

**വാർഡ് 2**

ഏരൂർ - പാണയം റോഡിൽ പുഞ്ചിമുക്ക് മുതൽ പാണയം വരെ.

കറ്റിട്ട - ഏരൂർ എച്ച്.എസ്. റോഡ്, പുഞ്ചിരിമുക്ക് - തെക്കേവയൽ

**വാർഡ് 3**

ഏരൂർ - മയിലാട്ടംകുന്ന്, കാഞ്ഞിവയൽ-താന്നിമൂട് റോഡ്

മണ്ടയ്ക്കാട് വരിക്കോലിൽ റോഡ്, ആലുംമൂട്ടിൽ - മലയാംകുളം

**വാർഡ് 5**

ആലഞ്ചേരി നെട്ടയം റോഡ്, നെട്ടയം തൊണ്ടിയറ റോഡ്

**വാർഡ് 6**

S.N.D.P. ജംഗ്ഷൻ - രാജരത്നം റോഡ്, പറങ്കിമാംമുകൾ, ഓലിയരുക് റോഡ്, ആർച്ചൽ - നെട്ടയം റോഡ്, വട്ടകൈത - താറാംകുന്ന്, ഓലിയരുക് - മാളാകോട്, മണലിപ്പച്ച-ഇലവുംകുന്ന്

**വാർഡ് 8**

അയിലറ - ഭാരതിപുരം M.L.A. റോഡ്, ഗുരുമന്ദിരം - എരങ്ങൂർക്കരികം റോഡ്

**വാർഡ് 9**

ഇലവുംമൂട് - അയിലററോഡ്, പത്തടി - പഴയേരൂർ റോഡ്, പത്തടി - തുമ്പോട് റോഡ്.

**വാർഡ് 10**

പഴയേരൂർ-നീരാട്ടുതടം, ഭാരതിപുരം - കിട്ടംകോണം, തുമ്പോട് - പഴയേരൂർ, ഭാരതിപുരം അംഗനവാടി റോഡ് -

**വാർഡ് 11**

കമ്പകത്തടം - ഈച്ചംകുഴി, ദർഭപ്പണ - ചാഴികുളം, ചാഴികുളം - അംഗനവാടി, ദർഭപ്പണം - ഈച്ചൻകുഴി, ചാഴികുളംനിരപ്പ് - പ്ലാങ്കുന്ന്.

**വാർഡ് 13**

ആയിരനല്ലൂർ - തെക്കോക്കോണം. വടക്കനേയ്യം.

## മാർക്കറ്റ്

കാർഷികപ്രദേശമാണല്ലോ ഏരൂർ പഞ്ചായത്ത്. ഇവിടുത്തെ പ്രധാന ഉല്പന്നങ്ങൾ നെല്ല്, റബ്ബർ, കുരുമുളക്, ഇഞ്ചി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗക്കായ്കൾ മുതലായവയാണ്. ഉത്പന്നങ്ങളുടെ വിപണനത്തിന് ഇപ്പോൾ ലഭ്യമായിട്ടുള്ള ചന്തകൾ ആലഞ്ചേരി, ഏരൂർ, പത്തടി, ഈച്ചൻകുഴി, ഭാരതിപുരം, അയിലറ, വിളക്കുപാറ, ആർച്ചൽ എന്നിവ മാത്രമാണ്. ഇതിൽ ഏരൂർ മാർക്കറ്റ് മാത്രമാണ് പഞ്ചായത്ത് നേരിട്ടുനടത്തുന്നത്. മറ്റുള്ളവകൾ സ്വകാര്യ ചന്തകളാണ്.

നിത്യോപയോഗസാധനങ്ങൾ വാങ്ങുന്നിതിലേക്ക് ആവശ്യമായ കടകമ്പോളങ്ങൾ ആലഞ്ചേരി, ഏരൂർ പത്തടി, ഭാരതിപുരം, അയിലറ, വിളക്കുപാറ, ഇളവറാംകുഴി, ഈച്ചൻകുഴി, ആർച്ചൽ, നെട്ടയം എന്നിവിടങ്ങളിലുള്ള പരിമിത സ്വകാര്യ കടകൾ മാത്രമാണ് ഇന്നുള്ളത്. ഓരോ വാർഡിലും പഞ്ചായത്തിന്റെ ചുമതലയിൽ മാർക്കറ്റുകളും സംഭരണവിതരണ കേന്ദ്രങ്ങളും ആരംഭിക്കണം.

ഏരൂർ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മാംസാഹാരപ്രിയരാണ്. ഇപ്പോൾ 6 മാട്ടിറച്ചി സ്റ്റാളുകൾ പഞ്ചായത്തു ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ട്. (പട്ടിക കാണുക) ഈ സ്റ്റാളുകൾ ലേലം ചെയ്തുകൊടുത്താൽ പിന്നെ അവിടെ വില്പന നടത്തുന്ന മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തു യാതൊന്നും ചെയ്യുന്നില്ല. രോഗബാധിത ഉരുക്കളുടെ മാംസം യഥേഷ്ടം ഈ സ്റ്റാളുകളിൽ വിറ്റഴിക്കുന്നു. ഇതുമൂലം ജന്തുജന്യരോഗങ്ങൾ ഉണ്ടാകുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. ഭാരതിപുരം, വിളക്കുപാറ, ആർച്ചൽ എന്നിവിടങ്ങളിൽ പബ്ലിക് മാർക്കറ്റുകൾ തുടങ്ങണം.

2. പത്തടി അന്തിച്ചന്ത വേണ്ടത്ര സ്ഥലം കണ്ടുപിടിച്ച് ആഴ്ചചന്തയാക്കി മാറ്റുക.

3. ആലഞ്ചേരിയിൽ റോഡുവക്കിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ദിവസചന്ത സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കണം. (പഞ്ചായത്ത് വക സ്ഥലം വാങ്ങി)

4. വേണ്ട ആരോഗ്യപരിശോധനകൾ നടത്തി സർട്ടിഫിക്കേറ്റ് കിട്ടിയ മാടുകളെ മാത്രം കശാപ്പുചെയ്തു വില്പന നടത്തുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

5. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ വിതരണം നടത്തുവാൻ എല്ലാ പബ്ലിക് മാർക്കറ്റുകളിലും നിയന്ത്രിതവിലയ്ക്ക് പച്ചക്കറി സ്റ്റാളുകൾ തുടങ്ങുക.

6. ഏരൂർ ടൗണിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

| നമ്പർ | ചന്ത | മാട്ടിറച്ചി സ്റ്റാളുകൾ | |
|---|---|---|---|
| 1 | ഏരൂർ | ഏരൂർ | പഞ്ചായത്തുവക |
| 2 | ആലഞ്ചേരി | ആലഞ്ചേരി | സ്വകാര്യചന്ത |
| 3 | പത്തടി | പത്തടി | ,, |
| 4 | ഭാരതിപുരം | ഭാരതിപുരം | ,, |
| 5 | അയിലറ | അയിലറ | ,, |
| 6 | വിളക്കുപാറ | വിളക്കുപാറ | ,, |
| 7 | ആർച്ചൽ | | ,, |

# 7

# പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം



## പാർപ്പിടം

കാർഷിക മേഖലയിൽപ്പെട്ട ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും തൊഴിലാളികളാണ്, ആ നിലയ്ക്ക് കുടിലുകളും, ഇടത്തരം വീടുകളുമാണ് ഈ പഞ്ചായത്തിൽ ഭൂരിപക്ഷവും. പഞ്ചായത്തിലെ 9712 വീടുകളിൽ 1050 വീടുകൾ വാർത്തതും, 5340 വീടുകൾ ഓട് മേഞ്ഞതും. 3322 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്. (പട്ടിക–1)

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന പുനലൂർ കാർഷികവികസന ബാങ്ക് ഭവനനിർമ്മാണബോർഡിന്റെ താലൂക്ക്തലശാഖയുടെ പത്തനാപുരത്ത് പ്രവർത്തിക്കുന്ന ആഫീസ്, അഞ്ചൽ ഭവന

പട്ടിക – 1

| വാർഡ് നമ്പർ | ടെറസ് | ഓട് മേഞ്ഞവ | ഓലമേഞ്ഞതും കുടിലുകളും | ആകെ |
|---|---|---|---|---|
| 1 | 90 | 391 | 218 | 699 |
| 2 | 78 | 468 | 315 | 861 |
| 3 | 85 | 416 | 230 | 731 |
| 4 | 80 | 347 | 267 | 694 |
| 5 | 96 | 430 | 209 | 735 |
| 6 | 74 | 383 | 246 | 703 |
| 7 | 84 | 408 | 280 | 772 |
| 8 | 94 | 420 | 244 | 758 |
| 9 | 79 | 393 | 234 | 706 |
| 10 | 83 | 437 | 229 | 749 |
| 11 | 78 | 482 | 293 | 853 |
| 12 | 69 | 379 | 285 | 733 |
| 13 | 60 | 386 | 262 | 708 |
| ആകെ | 1050 | 5340 | 3322 | 9712 |

നിർമ്മാണ വായ്പാ സൊസൈറ്റി എന്നിവയെ ഈ പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ആശ്രയിക്കുന്നു. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന കാര്യത്തിൽ തടസ്സമായി നിൽക്കുന്നു.

ഈ ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഭവന നിർമ്മാണവായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെപ്പറയുന്ന ഉപദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാകണം.
2. പലിശനിരക്ക് 12%മായി നിജപ്പെടുത്തുക.
3. പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുക.

ഈ പഞ്ചായത്തിൽ 2120 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. സർക്കാർ ഏജൻസികൾ മുഖേന ഈ പഞ്ചായത്തിൽ നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം വളരെ പരിമിതമാണ്. ഭവനനിർമ്മാണബോർഡു വഴി ദുർബല വിഭാഗക്കാർക്ക് മാത്രമായി പലിശ ഇല്ലാത്ത വായ്പയും സാങ്കേതിക സഹായവും നൽകി വീടു വച്ചുകൊടുക്കണം. ഇടത്തരക്കാർക്ക് ഭവന നിർമ്മാണത്തിനും പുതുക്കിപ്പണിയുന്നതിനും ഇപ്പോഴുള്ള വായ്പാ സൗകര്യങ്ങൾ ഉദാരവൽക്കരിക്കണം. ജനജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള വികസനപ്രക്രിയയിൽ നിർണ്ണായക പ്രാധാന്യമുള്ള പാർപ്പിടപ്രശ്നം 9-ാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ കഴിയുന്നത്ര പരിഹരിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ വിവിധ പദ്ധതികൾപ്രകാരം നിർമ്മിച്ച വീടുകളുടേയും 9-ാം പദ്ധതിയിൽപ്പെടുത്തേണ്ട വീടുകളുടെ വിവരവും താഴെകൊടുക്കുന്നു. (IRDP സർവ്വേ പ്രകാരം RLEGP, NREP, JRY എന്നീ സ്കീമുകളിലായി ലഭിച്ച വീടുകൾ) (പട്ടിക - 2)

വിവിധ സ്കീമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ '95-'96 വരെ രണ്ടു വില്ലേജുകളിലുള്ള 13 വാർഡുകളിൽ 244 വീടുകളാണ് നിർമ്മിച്ചുകൊടുത്തതെന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണബോർഡുവഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിൽ ക്രമാതീതമായ വർദ്ധന എന്നിവ 'സ്വന്തമായി ഒരു വീട്' എന്ന ആഗ്രഹം പാവപ്പെട്ടവന് അപ്രാപ്യമായിത്തീരുന്നു.

'72 - '73 കാലത്ത് കെട്ടിടനിർമ്മാണരംഗത്ത് വിദഗ്ദ്ധതൊഴിലാളികൾക്ക് 10 രൂപ കൂലി ഉണ്ടായിരുന്നപ്പോൾ അവിദഗ്ദ്ധതൊഴിലാളികൾക്ക് 6,7 രൂപാവരെ ആയിരുന്നു കൂലിനിരക്ക്. ഈ നിരക്ക് 95-96 ആയപ്പോഴേക്കും 140ഉം 100ഉം ആയി വർദ്ധിച്ചിരിക്കുന്നു. കെട്ടിടനിർമ്മാണ പണികൾക്ക് 1970 മുതൽ 96 വരെ ഉണ്ടായ കൂലിനിരക്കുവർദ്ധന താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. (പട്ടിക-3)

കൂലിനിരക്കിലേയും നിർമ്മാണ സാമഗ്രികളുടെ വിലയിലേയും വർദ്ധനവു കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ സഹായങ്ങളും വായ്പകളുമായി ബ്ലോക്കുവഴി നൽകുന്ന JRY മുതലായ പദ്ധതികളുടെ വായ്പാപരിധിയും, മൈത്രിഭവനനിർമ്മാണ പദ്ധതിയുടെ വായ്പാപരിധിയും, രാജീവ്ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാപരിധി വർദ്ധി

പട്ടിക 2

| ഏരൂർ വില്ലേജ് | | | ആയിരനല്ലൂർ വില്ലേജ് | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | ലഭിച്ചവീടുകൾ | ഇനിയും ആവശ്യമുള്ളവ | വാർഡ് നമ്പർ | ലഭിച്ചവീടുകൾ | ഇനിയും ആവശ്യമുള്ളവ |
| 1 | 5 | 250 | 6 | 31 | 125 |
| 2 | 81 | 250 | 6 | 40 | 250 |
| 3 | 2 | 75 | 6 | 9 | 75 |
| 4 | 26 | 175 | 6 | 8 | 300 |
| 5 | 1 | 120 | 6 | 21 | 150 |
| 9 | 6 | 100 | 13 | 1 | 150 |
| 10 | 13 | 100 | | | |
| ആകെ | 134 | 1070 | | 110 | 1050 |

പട്ടിക - 3

| വർഷം | മേശൻ | മൈക്കാട് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1970 | 15 | 7 | 5 |
| 1975 | 20 | 10 | 7 |
| 1980 | 25 | [illegible] | 9 |
| 1985 | 50 | 35 | 30 |
| 1990 | 75 | 50 | 40 |
| 1996 | 140 | 110 | 90 |

പ്പിക്കുകയും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ തടിയുടെ അമിതവില കണക്കാക്കുമ്പോൾ കോൺക്രീറ്റുപയോഗിച്ച് കട്ടിള, ജന്നൽ മുതലായവ നിർമ്മിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്താൽ നിർമ്മാണ ച്ചെലവ് സാരമായി കുറയ്ക്കാൻ കഴിയും. അതിനുവേണ്ടി ഏരൂർ പഞ്ചായത്തിൽ ഒരു നിർമ്മാണയൂണിറ്റ് സ്ഥാപിക്കണം.

മേച്ചിലിനാവശ്യമായ ഓലകൾ കെമിക്കൽ ട്രീറ്റുമെന്റ് നടത്തിയാൽ 4 വർഷത്തേക്ക് ഉപയോഗപ്രദമാകുന്നതാണ്. കൂടാതെ തീ പിടിക്കുകയില്ലെന്നുള്ള ഗുണവും ഇതിനുണ്ട്. ഈ സംരംഭം പഞ്ചായത്തിന്റെ ചുമതലയിൽ ആരംഭിക്കണം.

പ്രകൃതിക്ഷോഭം മൂലവും അഗ്നിബാധമൂലവും വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ പഞ്ചായത്തിലെ മുഴുവൻ വീടുകളും ഇൻഷ്വർ ചെയ്യാൻ വേണ്ട നടപടി പഞ്ചായത്ത് നിർവഹിക്കണം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് വ്യവസ്ഥകൾ ലഘൂകരിക്കണം. പഞ്ചായത്തിൽ ആകെ 16 ഹരിജൻകോളനികളിലായി 600 ഹരിജൻകുടുംബങ്ങളും, ലക്ഷംവീട് കോളനിയിൽ 100 കുടുംബങ്ങളും താമസിക്കുന്നു.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നം പരിഹരിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. കെട്ടിടനിർമ്മാണസാമഗ്രികൾ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഏരൂർ സർവ്വീസ്സഹകരണബാങ്കിന്റെ ചുമതലയിൽ വിപണനകേന്ദ്രം ആരംഭിക്കണം

2. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരുടെ സേവനം സംഘത്തിലൂടെ ലഭ്യമാക്കുക. പദ്ധതികൾ നടപ്പാക്കുന്നതിന്റെ പൂർണ്ണമായ ചുമതല ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണം.

3. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുക.

4. കാലതാമസം ഒഴിവാക്കുക.

5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തു മെമ്പർമാർക്ക് നൽകുക.

6. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തടിസ്ഥാനത്തിൽ സൂക്ഷിക്കുക.

7. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യവർദ്ധിപ്പിക്കുക.

a) JRY പദ്ധതിപ്രകാരവും ഉപാധിരഹിതഫണ്ടുപ്രകാരവും.

b) ഈ പഞ്ചായത്തിന് അനുവദിക്കുന്ന തുക ഗണ്യമായ വർദ്ധിപ്പിച്ച് പാർപ്പിട നിർമ്മാണത്തിനുകൂടി സാമ്പത്തികലഭ്യത ഉറപ്പുവരുത്തണം.

c) രാജീവ്ദശലക്ഷ പാർപ്പിട പദ്ധതിപ്രകാരം നൽകുന്ന 26400 രൂപയുടെ വായ്പാപരിധി 50,000 രൂപയാക്കി ഉയർത്തുക.

d) മൈത്രിഭവനനിർമ്മാണ പദ്ധതിപ്രകാരമുള്ള വായ്പാ 1,00,000 മായി വർദ്ധിപ്പിക്കുക.

9. പ്രകൃതിക്ഷോഭംമൂലം വീടു നശിക്കുന്ന പാവങ്ങൾക്ക് നടപടിക്രമങ്ങളുടെ നൂലാമാലകൾ ഇല്ലാതെ തിരിച്ചടയ്ക്കേണ്ടാത്ത സഹായം നൽകണം.

10. ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ഭൂമിയില്ലാത്തവർക്ക് പ്രാഥമികമായി ഭൂമി ലഭിക്കേണ്ടതുണ്ട്. ഭൂമി വാങ്ങി വീടു വയ്ക്കുന്നതിനുവേണ്ടിവരുന്ന തുക ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ധനസഹായം നൽകണം.

11. L.I.C ധനകാര്യകോർപ്പറേഷൻ, സർവ്വീസ് സഹകരണബാങ്ക് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശനിരക്കിൽ ഭവന നിർമ്മാണ വായ്പ ലഭ്യമാക്കണം.

12. നിർമ്മിതികേന്ദ്രത്തെ നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന്റെ ചുമതല ഏൽപ്പിക്കണം.

13. ഗുണഭോക്താക്കളുടെയും, സന്നദ്ധസംഘടനകളുടെയും പരമാവധി മനുഷ്യാദ്ധ്വാനം ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തണം.

14. കുടുംബാംഗങ്ങളുടെ എണ്ണത്തിനാനുപാതികമായി വീടിന്റെ വിസ്തൃതി നിജപ്പെടുത്തുകയും ഉപരിയായിട്ടുള്ളതിന് ഉയർന്ന നികുതി ചുമത്തുകയുംവേണം.

# സാമൂഹ്യക്ഷേമം

ജീവിതത്തിന്റെ സമസ്തമേഖലകളിലും സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പിന്നോക്കാവസ്ഥ നിലനിൽക്കുന്ന നമ്മുടെ രാജ്യത്തിൽ വികസന പ്രക്രിയയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നിർണ്ണായക പ്രാധാന്യമുണ്ട്. നടപ്പാക്കി കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളിലും ഈ ദിശയിൽ ചിലതൊക്കെ ചെയ്തുവെങ്കിലും ആസൂത്രണത്തിന്റെ

പട്ടിക - 1 (അവലംബം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്)

1991 - '92 മുതൽ 96 വരെ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തിയ ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കു താഴെ അവശേഷിക്കുന്ന ആകെകുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 174 | 16 | 10 | 3 | 4 | 170 |
| 2 | 423 | 93 | 112 | 90 | 30 | 393 |
| 3 | 233 | 30 | 24 | 19 | 6 | 227 |
| 4 | 281 | 27 | 34 | 24 | 7 | 274 |
| 5 | 207 | 37 | 57 | 14 | 6 | 201 |
| 6 | 265 | 70 | 59 | 31 | 17 | 248 |
| 7 | 291 | 45 | 70 | 40 | 14 | 277 |
| 8 | 419 | 58 | 99 | 33 | 30 | 389 |
| 9 | 194 | 21 | 39 | 4 | 7 | 187 |
| 10 | 241 | 40 | 40 | 27 | 8 | 233 |
| 11 | 614 | 61 | 92 | 26 | 27 | 587 |
| 12 | 168 | 14 | 26 | 4 | 9 | 159 |
| 13 | 115 | 21 | 6 | — | 4 | 111 |
| ആകെ | 3625 | 533 | 668 | 315 | 169 | 3456 |

കേന്ദ്രീകൃത സ്വഭാവംമൂലം നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിൽ ഏരൂർ പഞ്ചായത്തിൽ 9-ാം പദ്ധതി കാലത്ത് വികേന്ദ്രീകൃതവും ജനകീയവുമായ ആസൂത്രണ പ്രക്രിയയിലൂടെ സാമൂഹ്യക്ഷേമരംഗത്ത് നടപ്പിൽ വരുത്തേണ്ട വികസനപ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

നടപ്പുവർഷത്തെ അംഗീകൃത IRDP ലിസ്റ്റു പ്രകാരം ദാരിദ്രരേഖയ്ക്കു താഴെ 3516 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 399 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടതാണ്. ഇതുവരെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 430 കുടുംബങ്ങൾക്കും ഇതരവിഭാഗത്തിൽപ്പെട്ട 677 കുടുംബങ്ങൾക്കും ഗവണ്മെന്റിൽ നിന്നും ധന സഹായം ലഭിച്ചിട്ടുണ്ട്. 1991-92 മുതൽ 1996 വരെ IRDP ലിസ്റ്റിൽപ്പെടുത്തിയ ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെയും സഹായം ലഭിച്ചവരുടെയും വിവരം പട്ടിക-1-ൽ ചേർത്തിരിക്കുന്നു. (വാർഷിക വരുമാനം 11000 രൂപയിൽ താഴെയുള്ളവരെ യാണ് ദാരിദ്രരേഖയ്ക്കു താഴെയായി പരിഗണിക്കുന്നത്.) ദാരിദ്രരേഖയ്ക്കു താഴെയുള്ളവർ അവരുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥകൊണ്ടുതന്നെ മറ്റുരംഗങ്ങളിലും പിന്നിൽ നിൽക്കുന്ന സ്ഥിതിയാണിന്നുള്ളത്. വിദ്യാഭ്യാസം പോലെ സാമൂഹ്യപുരോഗതിക്ക് അടിത്തറപാകുന്ന മേഖലകളിൽപോലും പുരോഗതിയുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കൊളോസസ്സിനെപ്പോലെ പ്രതിബന്ധം സൃഷ്ടിക്കുന്നു.

ക്ഷേമപദ്ധതികളെ പ്രധാനമായും രണ്ടായിതിരിക്കാം. പൂർണ്ണമായും കേന്ദ്രസംസ്ഥാനസർക്കാരുകൾ നിർവഹിക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതികളും, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതികളും പഞ്ചായത്തിൽ വിവിധ ക്ഷേമനിധികളിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത് 6000ഓളം അംഗങ്ങളെയാണ്. അഞ്ചൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിനു കീഴിലുള്ള ഏരൂർ, വിളക്കുപാറ വില്ലേജ് സർക്കിളുകൾ വഴിയാണ് സാമൂഹ്യക്ഷേമരംഗത്തുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്.

ഈ പഞ്ചായത്തിൽ ഇപ്പോൾ നടപ്പാക്കിയിട്ടുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതികളെക്കുറിച്ചുള്ള ഒരു ചെറിയ അവലോകനം താഴെകൊടുത്തിരിക്കുന്നു.

1. **D.W.C.R.A**

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് **D.W.C.R.A** ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ 8-ാം വാർഡിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ്, 10-ാം വാർഡിൽ 13 ഡയറി യൂണിറ്റുകൾ, 11-ാം വാർഡിൽ ഒരു മെറ്റൽ ക്രഷിംഗ് യൂണിറ്റും ഒരു ആടുവളർത്തൽ കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.

**D.W.C.R.A** സ്കീമിൽപ്പെട്ടു പ്രവർത്തിക്കുന്ന ചെറുകിട യൂണിറ്റുകളുടെ വിവരം പട്ടിക-2ൽ ചേർത്തിരിക്കുന്നു.

2. **ട്രൈസം:**

18 വയസ്സു മുതൽ 35 വയസ്സു വരെ പ്രായമുള്ളവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 1995-96 വരെ 81 പേർക്ക് പരിശീലനം നൽകിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതുവരെ നൽകപ്പെട്ട പരിശീലനം വളരെ പരിമിതമാണ്.

3. **ടൂൾ-കിറ്റ്:**

കൈത്തൊഴിൽ ചെയ്യുന്ന സാമ്പത്തികശേഷിയില്ലാത്ത ഗ്രാമീണർക്ക്

പട്ടിക - 2

| വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമതയെക്കുറിച്ചുള്ള കുറിപ്പ് |
|---|---|---|---|---|
| 10 | ഡയറിയൂണിറ്റുകൾ | 1994 - '95 | 13 | ബാങ്ക്വായ്പ - 1,04,000<br>ഗവ:സബ്സിഡി - 52,000<br>റിവാൾവിംഗ് ഫണ്ട് - 15,000<br>അനുവദിച്ചുകിട്ടിയത് - 10,000 |
| 8 | റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് | 199 '96 | 10 (SC-2) | ബാങ്ക്വായ്പ - 96,000<br>ഗവ:സബ്സിഡി - 44,000<br>റിവാൾവിംഗ് ഫണ്ട് - 15,000<br>അനുവദിച്ചുകിട്ടിയത് - 5,000 |
| 7 | മെറ്റൽ ക്രഷിംഗ് യൂണിറ്റ്, ആടു വളർത്തൽ യൂണിറ്റ് | 1995 - '96 | 10 (S.C) | ബാങ്ക്വായ്പ - 90,000<br>ഗവ:സബ്സിഡി - 60,000<br>റിവാൾവിംഗ് ഫണ്ട് - 15,000 |

ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതിനുവേണ്ടി 1992 മുതൽ 1995-96 വരെയുള്ള കാലയളവിൽ സർവ്വേനടത്തി 121 ഗുണഭോക്താക്കളെ കണ്ടെത്തിയെങ്കിലും അവരിൽ 2 പേർക്കു മാത്രമേ ഇതുവരെ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിച്ചുള്ളൂ എന്ന് ബന്ധപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നു. ഈ സ്കീമിന്റെ ഇതപര്യന്തമുള്ള നടത്തിപ്പ് ആശാവഹമല്ല.

4. **C.R.S.P പദ്ധതി:**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസ് നിർമ്മിച്ചു നല്കുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്ത പദ്ധതിയാണിത്. 1991-92 മുതൽ 95-96 വരെ ഈ പദ്ധതിപ്രകാരം അർഹരായ 984 ഗുണഭോക്താക്കളെ കണ്ടെത്തിയെങ്കിലും അവരിൽ 119 പേർക്കു മാത്രമേ സഹായം നൽകാൻ കഴിഞ്ഞുള്ളൂ എന്ന് കണക്കുകൾ കാണിക്കുന്നു. (പട്ടിക-3)

മേൽപ്പറഞ്ഞപ്രകാരം ധനസഹായം ലഭിച്ച 119 ഗുണഭോക്താക്കളിൽ 112 കുടുംബങ്ങൾക്കുമാത്രമാണ് കക്കൂസ് നിർമ്മിച്ചിട്ടുള്ളത്. I.R.D.P സർവ്വേ പ്രകാരം ഇനിയും 865 കുടുംബങ്ങൾക്ക്കൂടി ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാനുണ്ട്. പദ്ധതിയുടെ ആവിഷ്കാരവും അതിന്റെ നടത്തിപ്പും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത വികലമായ ആസൂത്രണത്തിന് മകുടോദാഹരണമാണ് ഈ പദ്ധതിയുടെ പ്രവർത്തനവൈകല്യം.

പട്ടിക - 3

(അവലംബം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്)

| വാർഡ് | സാനിട്ടറി കക്കൂസുകളില്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ച വയുടെ എണ്ണം | ഇനിയും കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 60 | — | — | 60 |
| 2 | 100 | 9 | 7 | 91 |
| 3 | 60 | 6 | 6 | 54 |
| 4 | 70 | 1 | 1 | 69 |
| 5 | 50 | 5 | 5 | 45 |
| 6 | 60 | 2 | 2 | 58 |
| 7 | 55 | 20 | 20 | 35 |
| 8 | 65 | 27 | 26 | 38 |
| 9 | 80 | 19 | 15 | 61 |
| 10 | 105 | 15 | 10 | 90 |
| 11 | 120 | 8 | 3 | 112 |
| 12 | 52 | 7 | 7 | 45 |
| 13 | 105 | — | — | 96 |
| 1 | 984 | 119 | 112 | 764 |

5. **അംഗൻവാടികൾ-ബാലവാടികൾ:**

13 വാർഡുകളുള്ള വിസ്തൃതമായ ഏരൂർ പഞ്ചായത്തിൽ ഇപ്പോൾ 4 അംഗൻവാടികൾ മാത്രമാണു പ്രവർത്തിക്കുന്നത്. 1000 പേർക്ക് ഒരംഗൻവാടി എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുവാൻ ഈ പഞ്ചായത്ത് ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ ആകെയുള്ള 13 വാർഡുകളിലുംകൂടി 26 അംഗൻവാടികൾ തുടങ്ങണം. അതായത് 22എണ്ണം പുതുതായി ആരംഭിക്കേണ്ടതുണ്ട്. ശിശുക്ഷേമ സമിതിയുടെ കീഴിൽ ഒരു ബാലവാടിയുണ്ട്.

**വിവിധതരം പെൻഷനുകൾ:**

ഈ പഞ്ചായത്തിൽ വിവിധതരം പെൻഷനുകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. വിധവാപെൻഷൻ - 49പേർ, വികലാംഗപെൻഷൻ - 40പേർ, വാർദ്ധക്യ പെൻഷൻ - 19പേർ, അവശകലാകാര/സാഹിത്യ പെൻഷൻ - 1, ക്ഷയരോഗ പെൻഷൻ -22പേർ, ക്യാൻസർരോഗ പെൻഷൻ - 25 എന്നിങ്ങനെയാണ് വിവിധതരം പെൻഷനുകൾ. അർഹരായ അപേക്ഷകർക്കു മുഴുവൻ പെൻഷൻ നൽകുവാനും അർഹതയില്ലാത്തവരെ ഒഴിവാക്കുവാനും ഉള്ള കർശന നടപടികൾ ഉണ്ടാകേണ്ടതാണ്.

**പ്രശ്നങ്ങൾ:**

1. D.W.C.R.A പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ 3 വാർഡുകളിൽ മാത്രമേ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളൂ.
2. തുടങ്ങിയവയിൽതന്നെ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സാധ്യതകൾ ചൂഷണം ചെയ്യപ്പെടുന്നില്ല.
3. ഈ പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്കു

താഴെയുള്ള ഭൂരിഭാഗം സ്ത്രീകൾക്കും തൊഴിലവസരങ്ങൾ പരിമിതമാണ്.
4. ട്രൈസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ തൃപ്തികരമല്ല.
5. ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്താൻ നടത്തിയ സർവ്വേയും തയ്യാറാക്കപ്പെട്ട I.R.D.P ലിസ്റ്റും കുറ്റമറ്റതല്ല.
9. ലിസ്റ്റ് അനുസരിച്ച് ഈ പഞ്ചായത്തിൽ 3456 കുടുംബങ്ങൾ ഇനിയും ദാരിദ്രരേഖയ്ക്കു താഴെ അവശേഷിക്കുന്നുണ്ട്. ആകെ ദാരിദ്രരേഖയ്ക്കു താഴെയുണ്ടായിരുന്ന 3625 കുടുംബങ്ങളിൽ 169 കുടുംബങ്ങളെ മാത്രമാണ് ക്ഷേമപ്രവർത്തനങ്ങളിലൂടെ ഉദ്ധരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

പട്ടിക - 4

| വാർഡ് | സ്ഥാപനത്തിന്റെ പേര് | പഠിക്കുന്ന കുട്ടികളുടെ എണ്ണം | കെട്ടിടം ഉണ്ട്/ഇല്ല. | കളിപ്പാട്ടം ഉണ്ട്/ഇല്ല. |
|---|---|---|---|---|
| VI | അംഗൻവാടി, മണലിപ്പച്ച | 43 | ഉണ്ട് | പരിമിതം |
| XI | അംഗൻവാടി, ചാഴിക്കുളം | 28 | ഉണ്ട് | പരിമിതം |
| X | അംഗൻവാടി, ഭാരതീപുരം | 38 | ഉണ്ട് | പരിമിതം |
| V | അംഗൻവാടി, നെട്ടയം | 51 | ഉണ്ട് | പരിമിതം |
| IV | അംഗൻവാടി, ഏരൂർ | 65 | ഉണ്ട് | പരിമിതം |

അർഹരായ എല്ലാവരും ഉൾപ്പെടാതിരിക്കുകയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.
6. ടൂൾ-കിറ്റ് പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമല്ല. തൊഴിലുപകരണങ്ങൾ ലഭിക്കുവാൻ അർഹതയുള്ള അനേകം ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചില്ല.
7. C.R.S.P പദ്ധതിപ്രകാരം കക്കൂസ് ലഭിക്കുവാൻ അർഹരായ 984 ഗുണഭോക്താക്കളിൽ 119 പേർ കഴിച്ച് 764 കുടുംബങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുവാനുള്ള സൗകര്യം പരിമിതമാണ്.
8. അംഗൻവാടികൾ, ബാലവാടികൾ, ഇവ വേണ്ടത്ര പ്രവർത്തിക്കാത്തതിന്റെ ഫലമായി ഈ പഞ്ചായത്ത് സാമൂഹ്യക്ഷേമരംഗത്ത് ബഹുദൂരം പുറകോട്ടടിക്കപ്പെട്ടിരിക്കുന്നു.
(4.6%) ഇതു വളരെ കുറവാണ്.
10. പട്ടികജാതി കുടുംബങ്ങളിൽ ആകെയുള്ള 533-ൽ 315 കുടുംബങ്ങൾക്കു മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും:**

1. D.W.C.R.A പദ്ധതിപ്രകാരം എല്ലാ വാർഡുകളിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം.
2. നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം, വായ്പയും സാമ്പത്തികസഹായവും നൽകുന്ന ഏജൻസികൾ വ്യവസായങ്ങളുടെ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ടതാണ്.
3. ദാരിദ്രരേഖയ്ക്കു താഴെയുള്ള എല്ലാ സ്ത്രീകൾക്കും തൊഴിൽപരിശീലനവും വ്യക്തിഗത തൊഴിൽസംരംഭങ്ങൾക്ക് സാമ്പത്തിക സഹായവും ലഭ്യമാക്കണം.
4. തൊഴിൽ പരിശീലനപരിപാടി ഊർജ്ജിതമാക്കണം.
5. ശരിയായ സർവ്വേ നടത്തി I.R.D.P ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്. ലിസ്റ്റിലുള്ള അനർഹകുടുംബങ്ങളെ ഒഴിവാക്കുകയും വേണം.
6. അർഹതയുള്ള എല്ലാവർക്കും ടൂൾ-കിറ്റ് പദ്ധതിപ്രകാരം തൊഴിലുപകരണങ്ങൾ ലഭ്യമാക്കണം.
7. C.R.S.P പദ്ധതി പ്രകാരം I.R.D.P ലിസ്റ്റിലുള്ള അർഹതയുള്ള 984 കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകേണ്ടതാണ്.
8. അംഗൻവാടികൾക്കും ബാലവാടികൾക്കും ആവശ്യമായ കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം. പ്രവർത്തനം കാര്യക്ഷമമാക്കണം.
9. I.R.D.P പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കായിരിക്കണം. ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും വേണം.
10. എല്ലാവിഭാഗം തൊഴിലാളികളും ബന്ധപ്പെട്ട ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്യണം.
11. ഓരോ തൊഴിൽമേഖലയിലേയും വേതന നിരക്ക് തൊഴിലനുസരിച്ച് പഞ്ചായത്തിൽ ഏകീകരിച്ച് നടപ്പാക്കുന്നതിനു വേണ്ടി തൊഴിലാളിപ്രതിനിധികൾ, തൊഴിലുടമപ്രതിനിധികൾ, കർഷകപ്രതിനിധികൾ, ജനപ്രതിനിധികൾ, തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കണം.
12. പഞ്ചായത്ത് കമ്മിറ്റി 23 പുതിയ അംഗൻവാടികൾ തുടങ്ങുവാൻ തീരുമാനിക്കുകയും സ്ഥലനിർണ്ണയം നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. എങ്കിലും അവയിൽ എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം ഇല്ല. ലിസ്റ്റ് പുനഃപരിശോധിച്ച് എല്ലാവാർഡുകളും ഉൾപ്പെടുത്തണം.
13. ആയിരനല്ലൂർ സെന്റ്.മേരീസ് കാത്തലിക് ചർച്ചിനോടനുബന്ധിച്ച് 10 വർഷമായി പ്രവർത്തിച്ചു വരുന്നു. ഒരു ക്രഷ് നിലവിലുള്ളതും രണ്ടുപേർ ശമ്പളമില്ലാതെ തൊഴിൽചെയ്യുന്നതുമാണ്. അത് ഒരു അംഗൻവാടിയായി ഉയർത്തേണ്ടതാണ്.

# പൊതുവിതരണം

19 റേഷൻ റീട്ടെയിൽ ഷോപ്പുകളാണ് 13 വാർഡുകളിലായി ഏരൂർ പഞ്ചായത്തിൽ നിലവിലുള്ളത്. 1995-96ലെ കണക്കുകൾ പ്രകാരം 6573 റേഷൻകാർഡുടമകൾ നിലവിലുണ്ട്. ആകെ 30273 പേരുകൾ നിലവിലുള്ള 6573 കാർഡുകളിലായുണ്ട്. ഇത് സെൻസസ് പ്രകാരമുള്ള മൊത്തം ജനസംഖ്യയേക്കാൾ അല്പം കുറവാണ്. 2 വയസ്സിൽ താഴെയുള്ള കുട്ടികളെ റേഷൻകാർഡിൽ ഉൾക്കൊള്ളിച്ചിട്ടില്ല. എങ്കിലും അർഹമായ ഏകദേശം മുഴുവൻ പേർക്കും റേഷൻ ലഭിക്കുന്നതായി കണക്കാക്കാം.

ഭക്ഷ്യധാന്യങ്ങളിൽ ഏറ്റവും പ്രധാന ഇനമായ അരിയുടെ കാര്യം പരിശോധിച്ചാൽ 1991-'92 മുതൽ 1994-'95 വരെയുള്ള യൂണിറ്റ് പ്രതി ഡിമാന്റ് ഏറെക്കുറെ സ്റ്റെഡിയായിരുന്നു എന്നു കാണാം. എന്നാൽ 1995-96ൽ ഇതു കുത്തനെ വർദ്ധിച്ചിരിക്കുന്നതായി കണക്കുകളിൽ നിന്നു മനസ്സിലാക്കാം. ലാഭകരമല്ലാത്ത സാഹചര്യത്തിൽ നാട്ടിലെ തനതു നെല്ലുൽപ്പാദനത്തിൽ വന്ന കുറവും പരമപ്രധാനമായൊരു കാരണമാണ്.

അരി ഉപയോഗം യൂണിറ്റ് പ്രതി ഗ്രാം കണക്കിൽ:

| 1991 - `92 | 1992 - `93 | 1993 - `94 | 1994 - `95 | 1995 - `96 |
|---|---|---|---|---|
| 659 | 661 | 647 | 637 | 858 |

ഗോതമ്പുവിതരണത്തെ സംബന്ധിച്ച് റേഷൻകടകളിൽ നിന്നും ലഭിച്ച കണക്കുകളും യഥാർത്ഥത്തിൽ നടക്കുന്ന ഗോതമ്പുവിതരണവും തമ്മിൽ പൊരുത്തക്കേടുകളില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏകദേശം അരിയുടെ അത്രയും തന്നെ ഗോതമ്പുവിതരണം നടന്നിട്ടുള്ളതായി രേഖപ്പെടുത്തപ്പെട്ടിരിക്കുമ്പോൾ കാർഡുടമകൾക്ക് അത്രയും ഗോതമ്പു ലഭ്യമായിട്ടില്ല എന്നതാണ് വാസ്തവം. റവ, മൈദ,ഇവയുടെ വിതരണം അവലോകനം ചെയ്താൽ 1991-'92, '93, '94 എന്നീ വർഷങ്ങളിൽ ഇവ വിതരണം ചെയ്യപ്പെട്ടില്ല എന്നു കാണാം. '95-'96 വർഷത്തിൽ മേൽപ്പറഞ്ഞ രണ്ടിനം ഭക്ഷ്യവസ്തുക്കളുടെ ഉപഭോഗം മുൻവർഷത്തേക്കാൾ 10 മടങ്ങിലധികം വർദ്ധിച്ചിരിക്കുന്നത് കാണാം. ഇതിൽ നിന്നും എത്താവുന്ന ഒരു പ്രധാന നിഗമനം ജനങ്ങളുടെ ആഹാരസമ്പ്രദായത്തിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ്. റവ, മൈദ, ആട്ട തുടങ്ങിയ ഗോതമ്പുല്പന്നങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം കണക്കിലെടുത്ത് പൊതുവിതരണത്തിൽ കൂടുതലായി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. ധാന്യരൂപത്തിലുള്ള ഗോതമ്പ് വിതരണത്തേക്കാൾ ഗോതമ്പുല്പന്നങ്ങളുടെ വർദ്ധിച്ച വിതരണം പ്രധാനമായും രണ്ടു തരത്തിൽ ഗുണകരമായിരിക്കും.

1. ധാന്യരൂപത്തിലുള്ള ഗോതമ്പിന്റെ കരിഞ്ചന്ത കുറയും.
2. ഉപഭോക്താക്കൾക്ക് കൂടുതൽ താല്പര്യമുള്ള ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭിക്കും.

1992-'93 മുതൽ പാം ഓയിൽ വിതരണത്തിൽ ക്രമാനുഗതമായ കുറവനുഭപ്പെടുകയും 1995-'96 ആയപ്പോഴേക്കും നിലച്ചുപോകുകയും ചെയ്തിരുന്നു. എന്നാൽ ഇന്നത്തെ പരിതസ്ഥിതിയിൽ വെളിച്ചെണ്ണ വിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധന പരിഗണിച്ച് വെളിച്ചെണ്ണയുടെ റേഷൻവിതരണം ആരംഭിക്കുന്നത് ഉപഭോക്താക്കൾക്ക് ഗുണകരമായിരിക്കും. നിലവിലുള്ള 19 റേഷൻകടകളും ഓണക്കാലത്തുമാത്രം ഏരൂർ സർവ്വീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പച്ചക്കറി വിതരണകേന്ദ്രവുമൊഴികെ ഈ പഞ്ചായത്തിൽ പൊതുവിതരണകേന്ദ്രങ്ങൾ ഒന്നുംതന്നെ നിലവിലില്ല. 44-ൽപ്പരം ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 33000-ൽപ്പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും അപര്യാപ്തമാണ്. 1995-'96ലെ കണക്കനുസരിച്ച് 6573 കാർഡുകളാണ് ആകെയുള്ളത്. റേഷൻ കാർഡ് പുതുക്കിയതിനുശേഷം പരിഗണിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അനുവദിച്ചിരിക്കുന്ന പുതിയകാർഡുകളുടെ എണ്ണവുംകൂടി കണക്കിലെടുത്താൽ ഏകദേശം 6700ഓളം കാർഡുകൾ 1997 ആദ്യം നിലവിലുള്ളതായി കണക്കാക്കാം. അതായത് ശരാശരി 353 കാർഡുകൾ വീതം ഒരു റേഷൻ റീട്ടെയിൽ കടയുടെ കീഴിൽ നിലവിലുണ്ട്. 217 കാർഡു മുതൽ 506 വരെയാണ് നിലവിലുള്ള കടകളുടെ കീഴിലുള്ള കാർഡുകളുടെ എണ്ണം. ശരാശരി 300 കാർഡുകൾ ഒരു കടയുടെ

# ഏരൂർഗ്രാമപഞ്ചായത്ത് - പട്ടിക

## പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ കിന്റൽ കണക്കിൽ | | | | | | | മണ്ണെണ്ണ സംബന്ധിച്ച വിവരം (ലിറ്ററിൽ) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | N.E | E | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3 മുതൽ 12 വയസ്സുവരെ) | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്യുന്നത് | കാർഡു വഴി വിതരണം ചെയ്യുന്നത് |
| 91 - 92 | 4111 | 1417 | 5528 | 22229 | 4440 | 26669 | 16762 | 14866 | — | — | 1296 | 37 | 32961 | 26 | 2717 | 281606 |
| 92 - 93 | 4381 | 1596 | 5977 | 23383 | 4707 | 28090 | 17695.8 | 15753.28 | — | 43.2 | 1364.98 | 124.4 | 34937.74 | 26 | 2717 | 282206 |
| 93 - 94 | 4388 | 1606 | 5994 | 23430 | 4734 | 28164 | 17367.8 | 15705.28 | 10.8 | 48 | 1358.98 | 49 | 34534.3 | 26 | 2717 | 282806 |
| 94 - 95 | 4358 | 1604 | 5986 | 23404 | 4727 | 28131 | 17080.8 | 15720 | 14 | 54 | 1356.98 | 45.8 | 33671 | 26 | 2717 | 281306 |
| 95 - 96 | 4371 | 2202 | 6573 | 26045 | 4252 | 30297 | 25128 | 25907 | 170 | 564 | 1500 | | 53269 | 124 | 6543 | 303506 |

കീഴിൽ എന്നു കണക്കാക്കിയാൽ 22-ൽ പ്പരം കടകളെങ്കിലും ആകെ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. സിവിൽസപ്ലൈസ് കോർപ്പറേഷൻ വക സ്ഥിരം മാവേലി സ്റ്റോർ ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടത് ആവശ്യമാണ്.

## നിർദ്ദേശങ്ങൾ:

1. നിലവിലുള്ള റേഷൻ സമ്പ്രദായത്തിൽ വ്യാപകമായ അഴിമതി നടമാടുന്നതായി പരാതിയുണ്ട്. റീട്ടെയിൽഷോപ്പുടമകൾ നടത്തുന്ന അഴിമതികളുടെ ഒരു കാരണം, സപ്ലൈഓഫീസ്തലത്തിൽ നടക്കുന്ന അഴിമതികൾമൂലം അവർ ചൂഷണം ചെയ്യപ്പെടുന്നു എന്നുള്ളതാണ്. വളരെ കർശനമായ അഴിമതി നിരോധനസംവിധാനം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.
2. വിതരണത്തിനായി എത്തുന്ന ഭക്ഷ്യവസ്തുക്കൾ, കാർഡുടമകൾക്കുതന്നെ ലഭിക്കുന്നു എന്ന് കർശനമായി ഉറപ്പുവരുത്തേണ്ടതാണ്.
3. പൊതുവിതരണത്തിനായി എത്തുന്ന ഭക്ഷ്യവസ്തുക്കൾ ഓപ്പൺ മാർക്കറ്റിൽ ലഭിക്കുന്ന സാധനങ്ങളെക്കാൾ പലപ്പോഴും ഗുണമേന്മ കുറഞ്ഞവയാണ്. ഗുണനില വാരം ഉറപ്പുവരുത്താൻ സംവിധാനം ഉണ്ടാകണം.
4. റേഷൻ റീട്ടെയിൽ കടകളിലൂടെ ലഭിക്കുന്ന സാധനങ്ങളുടെ അളവ് തൂക്കം ഇവയിൽ കുറവുവരുത്തുന്നത് വ്യാപകമായ ഒരു നടപടിയാണ്. അളവുതൂക്കങ്ങളുടെ കൃത്യത ഉറപ്പുവരുത്തണം.
5. ഏരൂർ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കണം.
6. നിർദ്ദിഷ്ട പച്ചക്കറി വികസനപരിപാടികളുടെ അനുബന്ധമായി ഒരു പച്ചക്കറി സംഭരണവിതരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.



# 8

# സംസ്കാരം

മനുഷ്യസമൂഹം ഇന്നോളവും നേടിയിട്ടുള്ള നേട്ടങ്ങളുടെ ശേഖരമാണ് സംസ്കാരം. മാനവസംസ്കൃതിയുടെ മാറ്റുരയ്ക്കുന്ന ശിലാതലങ്ങളാണല്ലോ ഭാഷ വേഷഭൂഷാദികൾ, ആഭരണങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിവാഹങ്ങൾ, കാർഷികവും, വ്യവസായികവും, ശാസ്ത്രസാങ്കേതികവും, കലാകായികമേളകൾ, ആരാധനാലയങ്ങൾ, കലാസംഘടനകൾ, ഗ്രന്ഥശാലകൾ, വിദ്യാകേന്ദ്രങ്ങൾ തുടങ്ങിയവ പുരാതനവും ഉൽകൃഷ്ടവുമായ ഒരു സാംസ്കാരിക പൈതൃകം ഏരൂർ ഗ്രാമത്തിന് അവകാശപ്പെടാനുണ്ട്. കറയറ്റ ഗ്രാമീണസംസ്കാരത്തനിമ ഈ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഈ ഗ്രാമത്തിന്റെ സാംസ്കാരിക പുരോഗതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഗ്രാമീണ കലകൾക്കു് നൂറ്റാണ്ടിനു മുമ്പു മുതൽ നിർണ്ണായക സ്വാധീനം ഉണ്ടായിരുന്നു.

## വിദ്യാഭ്യാസം:

തമിഴ് കലർന്ന മലയാളഭാഷ മുമ്പ് ഇവിടെ വ്യവഹാരത്തിനും ആശയവിനിമയത്തിനും ഉപയോഗിച്ചിരുന്നു. അതി പുരാതനമായ തൃക്കോയിക്കൽ നരസിംഹ സ്വാമിക്ഷേത്രത്തിന്റെ പരിസരത്ത് പരിഷ്കൃതമായ ഒരു ജനപഥം നിലനിന്നിരുന്നു. ക്ഷേത്രാരാധനയ്ക്ക് പുറമേ ഇവിടെ വിദ്യാകേന്ദ്രവും ആയോധനകലാകേന്ദ്രവും ഉണ്ടായിരുന്നു. പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ടതെന്ന് വിശ്വസിച്ചുവരുന്ന ഈ ക്ഷേത്രത്തോടനുബന്ധിച്ച് ഫ്യൂഡൽ സാമൂഹ്യക്രമവും നാട്ടുകൂട്ടങ്ങളും ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നതായി പറയപ്പെടുന്നു. സംസ്കൃതം, മലയാണ്മ തുടങ്ങിയ ഭാഷകളും കണക്കും ഇവിടെ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഗുരുകുലസമ്പ്രദായമായിരുന്നു അന്ന് നിലവിലിരുന്നത്. വിദ്യാലയങ്ങൾ സ്ഥാപിച്ച് ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചിട്ട് ഏതാണ്ട് ഒന്നര നൂറ്റാണ്ടേ ആയിട്ടുള്ളൂ. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആരംഭദിശയിൽതന്നെ ഏരൂരിൽ സർക്കാർവക ഒരു പ്രൈമറിവിദ്യാലയം ആരംഭിച്ചു. അതാണ് ഇന്നത്തെ ഏരൂർ ഗവണ്മെന്റ് ഹൈസ്കൂൾ. സാംസ്കാരികമായി അന്നത്തെ വേണാട് എന്ന നാട്ടുരാജ്യത്തിന്റെ ഇതരഭാഗങ്ങൾ അന്ധകാരത്തിൽ ആണ്ടിരുന്ന കാലത്തുതന്നെ ഈ കൊച്ചുഗ്രാമത്തിൽ ഒരു വിദ്യാലയം നേടിയെടുക്കാൻകഴിഞ്ഞത് ഇവിടുത്തെ ഗ്രാമീണരുടെ സാംസ്കാരികമായ ഉൾക്കാഴ്ചയ്ക്ക് ഏറ്റവും വലിയ നിദർശനമാണ്. ഈ വിദ്യാലയം ഈ നാടിന്റെ സാംസ്കാരിക പുരോഗതിയുടെ സിരാകേന്ദ്രമായി ഇന്നും തലയുയർത്തി നിൽക്കുന്നു. ഏരൂർ സ്കൂൾ സ്ഥാപിതമായതിനുശേഷം രണ്ടാമതായി ഈ ഗ്രാമത്തിൽ ആരംഭിച്ചതാണ് ആർച്ചൽ എൽ.പി.എസ്. ഈ സ്കൂൾ ആദ്യം സ്വകാര്യമേഖലയിലും പിന്നീട് ഗവണ്മെന്റ് മേഖലയിലുമായി പ്രവർത്തിക്കുന്നു. തുടർന്നുള്ള കാലങ്ങളിൽ അയിലറ ഗവ:എൽ.പി.സ്കൂൾ, പഴേരൂർ എൽ.പി.സ്കൂൾ, നെട്ടയം ഗവ:എൽ.പി.സ്കൂൾ, പാണയം വെൽഫെയർ എൽ.പി.സ്കൂൾ എന്നിവയും സ്വകാര്യ മേഖലയിൽ അയിലറ അപ്പർപ്രൈമറിസ്കൂൾ, വിളക്കുപാറ എൽ.പി.എസ്., പത്തടി എൽ.പി.എസ്., വിളക്കുപാറ മാതാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവയും ഉണ്ടായി. ഇപ്പോൾ ഇവിടെ പതിനഞ്ച് സ്കൂളുകളും, 8 ട്യൂട്ടോറിയലുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം തന്നെ ഇവിടുത്തെ സാംസ്കാരിക വളർച്ചയ്ക്ക് മുതൽക്കൂട്ടാണ്.

## ജാതിമതഘടന:

മുൻകാലങ്ങളിൽ ഈ ഗ്രാമത്തിന്റെ ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളും ബാക്കി മുസ്ലീങ്ങളുമായിരുന്നു. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധദശയിൽ ആയിരനല്ലൂർ പ്രദേശത്ത് മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികളുടെ പുനഃരധിവാസം മുതൽ ഈ പഞ്ചായത്തിൽ ക്രിസ്ത്യാനികളുടെ ചരിത്രം ആരംഭിക്കുന്നു. തുടർന്ന് പഴേരൂർ മേഖലയിൽ റബ്ബർതോട്ടം സ്ഥാപിക്കുന്നതിനുവേണ്ടി കാഞ്ഞിരപ്പള്ളിയിൽ നിന്ന് ക്രിസ്തീയമുതലാളിമാർ ഇവിടെ വന്ന് സ്ഥിരതാമസമാക്കി. ഏരൂർഗ്രാമത്തിൽ മതമൈത്രി ജനജീവിതത്തിന്റെ ഒരു മുഖമുദ്രയായിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും മറ്റുരാജ്യങ്ങളിലും മതത്തിന്റെ പേരിൽ സംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും നടന്നപ്പോഴൊക്കെ ഇവിടുത്തെ ജനജീവിതം വിവിധ മതസ്ഥരുടെ പരസ്പരസ്നേഹവും സഹകരണവും മൂലം നിതാന്തവും നിസ്തന്ദ്രവുമായി പോറലേൽക്കാതെ നിലനിന്നു. ഇവിടുത്തെ ഇസ്ലാമികദേവാലയങ്ങളിൽ ഏറ്റവും പഴക്കമുള്ളത് ഏരൂർ മുസ്ലീം

പള്ളിയാണ്. ഈ ദേവാലയം ഇവിടുത്തെ ഇസ്ലാംമതസ്ഥരുടെ ആത്മീയവും ഭൗതീകവുമായ പുരോഗതിയ്ക്ക് ഇന്നും നേതൃത്വം നൽകിവരുന്നു. ആയിരനല്ലൂരിലുള്ള ക്രിസ്ത്യൻ ദേവാലയമാണ് ക്രിസ്ത്യൻ ദേവാലയങ്ങളിൽ ഏറ്റവും പഴക്കമുള്ളത്. ഹൈന്ദവദേവാലയങ്ങളിൽ ചിരപുരാതനമായ തൃക്കോയിക്കൽ ശ്രീനരസിംഹസ്വാമിക്ഷേത്രമാണ് ഇവിടുത്തെ ആരാധനാലയങ്ങളിൽവച്ച് ഏറ്റവും പഴക്കമുള്ളതും ഹിന്ദു ദേവാലയ സമുച്ചയങ്ങളുടെ നേതൃസ്ഥാനത്ത് പരിലസിക്കുന്നതും പട്ടിക-1 കാണുക.

**4. മരമടിമത്സരം.**

ഏരിന്റെ ഊരായ ഏരൂർഗ്രാമത്തിൽ കിഴക്കേവയൽ, തെക്കേവയൽ, ആർച്ചൽ, അയിലറ, തുമ്പോട് എന്നി സ്ഥലങ്ങളിൽ മുൻകാലങ്ങളിൽ എല്ലാവർഷവും മരമടി മത്സരം നടത്തിവന്നിരുന്നു.

## ഏരൂർഗ്രാമപഞ്ചായത്ത് – പട്ടിക –1

### ആരാധനാലയങ്ങൾ

### (സാംസ്കാരിക വിഭാഗം)

| | |
|---|---|
| ഹിന്ദുക്ഷേത്രങ്ങൾ | ആലഞ്ചേരി – രാധാമാധവക്ഷേത്രം, ഗുരുമന്ദിരം, പണ്ടാരക്കോണം ക്ഷേത്രം<br>പാണയം – കൊച്ചുകൊടുങ്ങല്ലൂർ ദേവീക്ഷേത്രം, മയിലാടുംകുന്ന് മുരുകൻകോവിൽ.<br>ഏരൂർ – ഗണപതിക്ഷേത്രം, ഗുരുമന്ദിരം, ആയിരവല്ലിക്ഷേത്രം, തൃക്കോയിക്കൽ നരസിംഹമൂർത്തിക്ഷേത്രം, മണ്ടയ്ക്കാട്ടുക്ഷേത്രം<br>നെട്ടയം – ഗുരുമന്ദിരം. ആർച്ചൽ – ഗുരുമന്ദിരം.<br>മണലിൽ – അണ്ടത്തൂർ അമ്പലം,<br>വാർപ്പുകുന്ന് ശ്രീമഹാദേവർ ക്ഷേത്രം.<br>അയിലറ – ആയിരവില്ലിക്ഷേത്രം (ശിവൻ), മഠത്തിൽ ഭഗവതിക്ഷേത്രം, ഗുരുമന്ദിരം, മുഴതാങ്ങിൽ ചാവരുകാവ്.<br>തുമ്പോട് – ഭഗവതിക്ഷേത്രം, ഭാരതീപുരം അവധൂതാശ്രമം വക ഭഗവതിക്ഷേത്രം.<br>വിളക്കുപാറ – ശ്രീമഹാദേവർക്ഷേത്രം. ഇളവറാംകുഴി – ദേവീക്ഷേത്രം.<br>ആയിരനല്ലൂർ – ശിവക്ഷേത്രം, പ്ലാന്റേഷനിലെ ക്ഷേത്രം, മുത്തുമാരിയമ്മൻ കോവിൽ, മുരുകൻകോവിൽ. |
| ക്രിസ്തീയപള്ളികൾ | പാണയം – അസംബ്ലീസം ഓഫ് ഗോഡ്, തുമ്പോട് ഓർത്തഡോക്സ് സിറിയൻ ചർച്ച് , പഴേരൂർ സെന്റ്ജോർജ്ജ് കാതോലിക് ചർച്ച്, പഴേരൂർ റോമൻ കാതോലിക് ചർച്ച്, പഴേരൂർ മാർത്തോമാ ചർച്ച്, പഴേരൂർ പെന്തക്കോസ് ഫെയിത്ത്ഹോം, അയിലറ അണ്ടത്തൂർ മാർത്തോമാ പള്ളി ചാഴിക്കുളം കാത്തലിക് ചർച്ച്, കിണറ്റുമുക്ക് പെന്തക്കോസ് മിഷൻപള്ളി, ആയിരനല്ലൂർപള്ളി സെന്റ്മേരീസ് കാത്തോലിക് ചർച്ച്, ഏരൂർ ലത്തീൻ കത്തോലിക് ചർച്ച്, മണലിൽ – സെന്റ്.ഗ്രിഗോറിയസ് ഓർത്തഡോക്സ് ചർച്ച്, മണലിൽ കാത്തോലിക് ചർച്ച്, ലത്തീൻ കത്തോലിക്കാ ചർച്ച് – കിണറ്റുമുക്ക്. |
| മുസ്ലീംപള്ളികൾ | ഏരൂർ മോസ്ക്, പത്തടി മുസ്ലീംപള്ളി, രണ്ടേക്കർമുക്ക് മദ്രസ, കിണറ്റുമുക്ക് പള്ളി, മരോട്ടിത്തടം പള്ളി, ഇളവറാംകുഴി പള്ളി, മണലിൽ മുസ്ലീംപള്ളി, അടപ്പുപാറ തൈക്കാവ്, പഴേരൂർ മദ്രസ, പത്തടി മദ്രസ. |

ചടയമംഗലം, വാളകം, ഏറം, പത്തനാപുരം, കിളിമാനൂർ മുതലായ പ്രദേശങ്ങളിൽ നിന്നും ഉരുക്കളെ ഇവിടെ മരമടി മത്സരങ്ങളിൽ പങ്കെടുപ്പിക്കുക പതിവായിരുന്നു. നാനാജാതി മതസ്ഥരായ കർഷകപ്രമാണിമാരുടെ ഒരു സംഗമസ്ഥാനമായിരുന്നു മരമടിമത്സര വേദികൾ. പരസ്പരസഹകരണം, സാമുദായികസംഗമം, ഗ്രാമീണരീതി വൈവിധ്യങ്ങളുടെ സംയോജനം എന്നിങ്ങനെ സാംസ്കാരികോത്ഗ്രഥനത്തിന് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങൾ ഈ മരമടി മത്സരങ്ങളിലൂടെ സ്വാഭാവികമായി സംഭവിച്ചിരുന്നു. ഇത്തരം മത്സരങ്ങൾ കൃഷിക്കാരുടെ ഒരു ഉത്സവം തന്നെയായിരുന്നു. എന്നാൽ ഇന്ന് പല കാരണങ്ങളാലും മരമടിമത്സരങ്ങൾ പ്രായേണ നിലച്ച മട്ടാണ്.

## കന്നുകാലിച്ചന്തയും വയൽവാണിഭവും:

കർഷകരുടെ നാടായ ഏരൂരിൽ മകരക്കൊയ്ത്ത് കഴിഞ്ഞ് പാടം ഒഴിയുന്ന കാലം കാർഷികോത്സവത്തിന്റെ കാലമാണ്. ഏരൂർ എന്ന പേരുതന്നെ കാലിവളർത്തലുമായി പാരമ്പര്യത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. തമിഴ്നാട്ടിൽ നിന്നും കേരളത്തിലെ സമീപപ്രദേശങ്ങളിൽ നിന്നും ധാരാളം ഉരുക്കളെ കിഴക്കേവയൽ, പഴേരൂർ മുതലായ സ്ഥലങ്ങളിൽ നടത്തിവന്ന പ്രസിദ്ധമായ കാലിച്ചന്തകളിൽ വാണിഭത്തിനായി കൊണ്ടുവരിക പതിവായിരുന്നു. എന്നാൽ ഇന്ന് ഏതാണ്ട് അരനൂറ്റാണ്ടിനുമുമ്പുതന്നെ ഈ കച്ചവടം നിലച്ചുപോയി. കൃഷിയായുധങ്ങൾ, കാർഷികോത്പന്നങ്ങൾ, വിത്തിനങ്ങൾ, പരമ്പ്, കൂട, വട്ടി മുതലായ കൃഷിക്കാർക്കാവശ്യമായ വിഭവങ്ങൾ ഈ ചന്തകളിൽ വിപണനം നടത്തിയിരുന്നു. ഈ ചന്തകൾ പ്രവർത്തനരഹിതമായതിനുശേഷം ഈ ഗ്രാമത്തിലെ കൃഷിക്കാർ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമീപപ്രദേശമായ അഞ്ചലിനെയാണ് ആശ്രയിക്കുന്നത്. മേൽപ്പറഞ്ഞ കാലിച്ചന്തകൾ സാംസ്കാരിക സമന്വയത്തിന് പ്രധാനകേന്ദ്രങ്ങളുമായിരുന്നു.

## നാടൻകലകൾ:

ഗ്രാമീണ സംസ്കാരത്തനിമയുടെ ഈടുവയ്പുകളിൽ ഏറ്റവും കൂടുതൽ പ്രാമുഖ്യം നാടൻകലകൾക്കാണ്. നാടൻപാട്ടുകൾ, കോൽകളി, തിരുവാതിരകളി, കളമെഴുത്ത്, കുത്തിയോട്ടം, ഉറിയടി, ചതുരംഗക്കളി, കിളിത്തട്ടുകളി, കുഴിപ്പന്തുകളി മുതലായ നാടൻകലാകായികരൂപങ്ങൾ ഈ ഗ്രാമത്തിൽ പ്രചാരത്തിലിരുന്നു.

മതപരമായ പാട്ടുകളായ അയ്യപ്പൻപാട്ട്, പുള്ളുവൻപാട്ട്, ഭദ്രകാളിപ്പാട്ട്, പാണപ്പാട്ട്, വേലൻപാട്ട്, കുത്തിയോട്ടപ്പാട്ട്, മുടിയേറ്റുപാട്ട്, തിരുവാതിരപ്പാട്ട് എന്നിവ ഈ ഗ്രാമത്തിൽ പ്രചരിച്ചിരുന്നു. കൂടാതെ കൃഷിക്കാരുടെ പാട്ടുകളായ ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട് എന്നിവയുടെ ശീലുകൾ നമ്മുടെ പാടശേഖരങ്ങളിൽ അനുരണനം ചെയ്യുന്നു. താരാട്ടുപാട്ട്, ഉണർത്തുപാട്ട് മുതലായ നാടൻപാട്ടുകളുടെ ഒരു സഞ്ചിത സമ്പത്ത് ഇവിടെയുണ്ട്. ഈ പാട്ടുകളിലെല്ലാം ഗ്രാമീണജീവിതത്തിന്റെ വൈവിധ്യമാർന്ന സ്വഭാവം, അധ്വാനിക്കുന്നവന്റെ ചൂടും ചുണയും മണ്ണിന്റെ മണവും സ്വഛന്ദമായ ഗ്രാമീണജീവിതവും പ്രതിധ്വനിക്കുന്നു.

## കോൽകളി:

നാടൻശൈലിയിൽ പാട്ടുപാടിയും ചുവടുവച്ചും കമ്പുകൾ തമ്മിൽ കൊട്ടിയും അഭ്യാസപാടവത്തോട് ആകർഷകമായി അവതരിപ്പിക്കുന്ന കോൽകളി അഥവാ കമ്പടികളി പണ്ടു മുതലേ പ്രചരിച്ചിരുന്നു. ഇപ്പോഴും ഈ ഗ്രാമത്തിൽ അങ്ങിങ്ങായി ഇതു നിലനിൽക്കുന്നു.

## തിരുവാതിരകളി:

അംഗനോത്സവമാണ് തിരുവാതിര. സ്ത്രീകളുടെ കളിയാണിത്. ധനുമാസത്തിലെ തിരുവാതിരനാളിലാണ് ഈ കളി അരങ്ങേറിക്കൊണ്ടിരുന്നത്. ജലക്രീഡയും തിരുവാതിപ്പാട്ടുമാണ് ഈ ആഘോഷത്തിലെ മുഖ്യ ഇനങ്ങൾ. മുൻകാലങ്ങളിൽ ഈ ഗ്രാമത്തിലെ ജന്മികുടുംബങ്ങളിലെ സ്ത്രീകൾ ഒരു വിനോദമെന്ന നിലയിലും ആചാരമെന്ന നിലയിലും സ്ഥിരമായി തിരുവാതിര അഭ്യസിച്ചിരുന്നു. ഇപ്പോൾ ഈ കലയുവജനോത്സവങ്ങളിൽ മാത്രം അപൂർവ്വമായി നിലനിൽക്കുന്നു.

## കുത്തിയോട്ടം:

ഭദ്രകാളീക്ഷേത്രങ്ങളിലെ വഴിപാടെന്ന നിലയിലാണ് കുത്തിയോട്ടം ആരംഭിച്ചത്. കടയ്ക്കൽ, കടയാറ്റ്, പട്ടാഴി എന്നീ ദേവീക്ഷേത്രങ്ങളിലേക്ക് വഴിപാടായി ഈ ഗ്രാമത്തിൽ നിന്നും ബാലന്മാരെ അഭ്യസിപ്പിച്ച് ആ ക്ഷേത്രാങ്കണങ്ങളിൽ കുത്തിയോട്ടം അവതരിപ്പിക്കുന്ന പതിവ് ഇന്നും ഇവിടെയുണ്ട്. പുരാണകഥാനുഗായികളായ പാട്ടുകൾ ചിട്ടയോട് ചുവടുവച്ച് മെയ്വഴക്കവും കായികശേഷിയും ഭക്തിനിർഭരമായ മനസ്സും സമന്വയിപ്പിച്ച് അവതരിപ്പിക്കുന്ന ഒരു കായികകലയാണിത്. ഇന്ന് ഈ കളി ക്ഷേത്രാങ്കണങ്ങളും കടന്ന് റേഡിയോ, ദൂരദർശൻ മുതലായ മാധ്യമങ്ങളിലേക്കും മറ്റു പൊതുവേദികളിലേക്കും കടന്നിരിക്കുന്നു. ഏരൂർ സോമന്റെ നേതൃത്വത്തിലുള്ള കുത്തിയോട്ടസംഘം ഇന്ന് വളരെ പ്രസിദ്ധമാണ്.

## ചതുരംഗക്കളി:

ഈ ഗ്രാമത്തിലെ പുരാതന തറവാടുകളിലെ കാരണവന്മാർ തറവാടിന്റെ ചാവടികളിൽ സ്ഥിരമായി നടത്തിവന്ന ഒരു കളിയാണിത്. വാഴത്തടകൊണ്ട് കരുക്കളുണ്ടാക്കി തറയിൽ 64 കളങ്ങൾ വരച്ച് ആന, കുതിര, തേര്, കാലാൾ തുടങ്ങിയ പ്രാഗ്നയുദ്ധതന്ത്രത്തിന്റെ മാതൃകയിൽ കളിച്ചുമുന്നേറുകയാണ് ഇതിന്റെ രീതി. ഇതിന്റെ നവീനരൂപമാണ് ചെസ്. പണ്ട് വിശ്രമവേള വിനോദകരമാക്കുന്നതിനുവേണ്ടി ജന്മിമാർ കളിച്ചിരുന്ന കളിയായിരുന്നുവെങ്കിലും ഇന്ന് ആഗോളപ്രസിദ്ധി നേടിയ ചെസ്സ് ആബാലവൃദ്ധം ജനങ്ങളുടേയും വിനോദോപാധിയായി മാറിയിരിക്കുന്നു. ഈ ഗ്രാമത്തിൽ ഇന്ന് സ്കൂൾകുട്ടികൾ മുതൽ വൃദ്ധൻമാർ വരെ ചെസ്സുകളി ഒരു ഹരമാക്കി മാറ്റിയിട്ടുണ്ട്.

## ഏരൂർഗ്രാമപഞ്ചായത്ത് - പട്ടിക 2
### ആർട്സ് & സ്പോർട്സ് ക്ലബ്ബ്
### (സാംസ്കാരിക വിഭാഗം)

| നമ്പർ | ക്ലബ്ബിന്റെ പേര് | വാർഡ് | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|
| 1 | വിവേകാനന്ദ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഏരൂർ | കലാകായികരംഗം. |
| 2 | ദീപാഞ്ജലി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | പാണയം | കല, സാഹിത്യം, സംസ്കാരം, പൊതുസേവനം, മെഡിക്കൽക്യാമ്പ്, രക്തദാനം. |
| 3 | ബ്രഹ്മതരംഗിണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഏരൂർ | കല, സാഹിത്യസാംസ്കാരികം, നാടകം. |
| 4 | എല്ലോറ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ഏരൂർ | കലാസാംസ്കാരികം, കായികരംഗം. |
| 5 | ചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കരിമ്പൻകോണം | ഏരൂർ | കലാസാംസ്കാരികം, കായികരംഗം. |
| 6 | രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ആർച്ചൽ | കലാസാംസ്കാരികം, കാർഷികം, കായികരംഗം. |
| 7 | അക്ഷര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോണത്ത് | നെട്ടയം | കലാകായികരംഗം. |
| 8 | കലാകൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, നെട്ടയം | നെട്ടയം | സംഗീതം, സാഹിത്യം, നാടകം, നാടൻകളികൾ. |
| 9 | ജനകീയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മണലിൽ | മണലിൽ | കലാകായികരംഗം. |
| 10 | പ്രഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | പത്തടി | കലാകായികരംഗം. |
| 11 | കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, അയിലറ | അയിലറ | കലാകായികസാംസ്കാരിക പ്രവർത്തനങ്ങൾ. |
| 12 | യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വേലൻകുഴി | അയിലറ | കലാകായികസാമൂഹ്യസേവനരംഗങ്ങൾ, ആതുരശുശ്രൂഷ, സോഷ്യൽ ഫോറസ്ട്രിനഴ്സറി |
| 13 | പുലരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തുമ്പോട് | ഭാരതീപുരം | കലാസാഹിത്യം, സംസ്കാരം, സാമൂഹ്യസേവനം. |
| 14 | ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഭാരതീപുരം | ഭാരതീപുരം | വോളിബാൾ ടൂർണമെന്റ്, ചെസ്സ്, കാരംസ്, കലാമത്സരങ്ങൾ. |
| 15 | നവജീവൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മുഴതാങ്ങ് | വിളക്കുപാറ | കലാകായിക പൊതുജനസേവനരംഗങ്ങൾ. |
| 16 | അനശ്വര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കെട്ടുപ്ലാച്ചി | വിളക്കുപാറ | കലാകായികസാംസ്കാരികം. |
| 17 | ചെന്താര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പാങ്ങുപ്പാറ | ഇളവറാംകുഴി | കലാകായികസാംസ്കാരികം. |
| 18 | തുഷാര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഇളവറാംകുഴി | ഇളവറാംകുഴി | കലാസാഹിത്യ സാംസ്കാരികപ്രവർത്തനങ്ങൾ. |
| 19 | ആതിര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ആയിരനല്ലൂർ | ആയിരനല്ലൂർ | കലാകായികരംഗം. |
| 20 | ആർ.പി.എൽ. ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പ്ലാന്റേഷൻ | ആയിരനല്ലൂർ | കലാകായികരംഗം. |
| 21 | അമൃതവർഷിണി റേഡിയോ ക്ലബ്ബ് | അയിലറ | കലാസാഹിത്യപ്രവർത്തനങ്ങൾ. |

# ഏരൂർഗ്രാമപഞ്ചായത്ത് - പട്ടിക 3

## വായനശാലയും ഗ്രന്ഥശാലയും (സാംസ്കാരിക വിഭാഗം)

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏതുസ്ഥാപനത്തോടു അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1 | ലൈബ്രറി & റീഡിംഗ് റൂം, ഏരൂർ | 1955 | 250 | പഞ്ചായത്ത്വക കെട്ടിടം | ഇല്ല | ഇല്ല | കലാകായികരംഗം |
| 2 | നെഹ്റുജന്മശദാബ്ദി സാംസ്കാരികനിലയം, റീഡിംഗ് റൂം, പാണയം | 1989 | 33 | പഞ്ചായത്ത്വക കെട്ടിടം | ഇല്ല | ഇല്ല | കല, സാക്ഷരതാരംഗം, കായികരംഗം |
| 3 | വിവേകാനന്ദാ ആർട്സ് & സ്പോർട് ക്ലബ്, റീഡിംഗ് റൂം, ഏരൂർ | 1980 | 110 | സ്വന്തം കെട്ടിടം | ഇല്ല | സ്വതന്ത്രർ | കല, കായിക, സാഹിത്യരംഗം |
| 4 | കലാകൈരളി ഗ്രന്ഥശാല, നെട്ടയം | 1970 | 883 | സ്വന്തം കെട്ടിടം | ഉണ്ട് | കേരളഗ്രന്ഥശാലസംഘം | കല, കായിക, സാഹിത്യരംഗം |
| 5 | കൈരളി ഗ്രന്ഥശാല, അയിലറ | 1972 | 568 | ഇല്ല | ഉണ്ട് | കേരളഗ്രന്ഥശാലസംഘം | കല, കായിക, സാഹിത്യരംഗം |
| 6 | ഫ്രണ്ട്സ് പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, അണ്ടത്തൂർ, അയിലറ | 1985 | 50 | സ്വന്തം കെട്ടിടം (Aided by CD Project, Aylara) | ഇല്ല | അഫിലിയേഷൻ ഇല്ല | കലാകായികരംഗം |
| 7 | യുവഭാവനഗ്രന്ഥശാല, നിരപ്പിൽ, വിളക്കുപാറ | 1992 | 191 | ഇല്ല | ഇല്ല | ഉണ്ട് | കലാപ്രവർത്തനം |
| 8 | ജനകീയവിജ്ഞാനഗ്രന്ഥശാല മണലിൽ, ആയിരനല്ലൂർ | 1996 | 46 | ഇല്ല | ഇല്ല | ഇല്ല | കലാരംഗം |
| 9 | രാജീവ്ഗാന്ധി സാംസ്കാരിക നിലയം, റീഡിംഗ് റൂം, ആർച്ചൽ | 1995 | 62 | പഞ്ചായത്ത്വക കെട്ടിടം | ഇല്ല | ഇല്ല | കലാകായികരംഗം |
| 10 | ജവഹർ ലൈബ്രറി, ഭാരതീപുരം | 1958 | 812 | സ്വന്തം കെട്ടിടം | ഉണ്ട് | കേരളഗ്രന്ഥശാലാസംഘം | കല, കായിക, സാഹിത്യരംഗം |

## ചലച്ചിത്രവും ടെലിവിഷനും:

ഇന്ന് ഈ പഞ്ചായത്തിലെ ഗ്രാമീണരെ പ്രത്യേകിച്ച് യുവജനങ്ങളെ ഏതാണ്ടു പരിപൂർണ്ണമായി സ്വാധീനിച്ചിട്ടുള്ള മാധ്യമമാണ് ചലച്ചിത്രവും ടെലിവിഷനും. ആധുനികശാസ്ത്രസാങ്കേതിക വളർച്ചയിൽ നിന്ന് ഉയിർക്കൊണ്ടതും ജീവിതത്തിന്റെ വിവിധമേഖലകളെ സ്പർശിക്കുന്നതുമായ നൂതനവിജ്ഞാനത്തിന്റെ അക്ഷയഖനിയാണ് ഈ രണ്ടു മാധ്യമങ്ങളും. അറിവിന്റെ ചക്രവാളം വികസിപ്പിക്കുന്നതിന് വിജ്ഞാനദാഹികൾക്കും വിദ്യാർത്ഥികൾക്കും ഈ മാധ്യമങ്ങൾ വളരെയേറെ ഉപകരിക്കുന്നു.

എന്നാൽ ഈ ഗ്രാമത്തിലെ യുവതലമുറയെ നിഷ്ക്രിയത്വത്തിലേക്കും സാംസ്കാരിക ജീർണ്ണതയിലേക്കും ഈ മാധ്യമങ്ങൾ നയിക്കുന്നു. ക്ലാസ്സുകൾ ഉപേക്ഷിച്ച് വിദ്യാർത്ഥികളും, തൊഴിലുപേക്ഷിച്ച് മുതിർന്നവരും ഗൃഹജോലികൾ ഉപേക്ഷിച്ച് വീട്ടമ്മമാരും കർമ്മനിരതമാകേണ്ടസമയം മുഴുവൻ ഈ മാധ്യമങ്ങൾക്കു മുമ്പിൽ ഹോമിക്കുന്നു. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിജയശതമാനക്കുറവിനും യുവതലമുറക്കാരിൽ ഈ അടുത്തകാലത്ത് ഈ ഗ്രാമത്തിൽ വളർന്നുവരുന്ന കുറ്റവാസനയ്ക്കും, ലൈംഗിക വൈകൃതങ്ങൾക്കും ടി.വി., ചലച്ചിത്രം എന്നീ മാധ്യമങ്ങളിലൂടെ അനിയന്ത്രിതമായി സംപ്രേഷണം ചെയ്യുന്ന സംസ്കാരശൂന്യമായ പരിപാടികൾ കാരണമായി തീർന്നിട്ടുണ്ട്.

## കായികരംഗം:

കായികരംഗത്ത് തിളക്കമാർന്ന ഒരു പാരമ്പര്യം ഈ ഗ്രാമത്തിനുണ്ട്. നാടൻപന്തുകളി, കിളിത്തട്ടുകളി, കുടുകുടുകളി, വോളിബോൾ, ഫുട്ബോൾ മുതലായ കായികവിനോദങ്ങൾ വളരെക്കാലംമുമ്പു മുതൽ ഇവിടെ നിലനിന്നിരുന്നു. വോളിബോൾരംഗത്ത് പഴയ തിരുവിതാംകൂറിലെ സ്റ്റേറ്റ് കളിക്കാരനായ ഏരൂർ കുഴിവിള വീട്ടിൽ ഇടത്തൻ ഗോപാലപിള്ള ഈ നാടിന്റെ സന്തതിയായിരുന്നു. മേൽപ്പറഞ്ഞ കളികളിൽ വോളിബോൾ, ഫുട്ബോൾ ഇവയ്ക്ക് ഇപ്പോഴും പ്രചുര പ്രചാരമുണ്ട്. ഈ പഞ്ചായത്തിൽ ഇപ്പോൾ 20 ആർട്സ് & സ്പോർട്സ് ക്ലബുകൾ പ്രവർത്തിക്കുന്നു. (പട്ടിക 2 കാണുക)

സ്പോർട്സ് ഇനങ്ങളിൽ നിരന്തരമായി പരിശീലനം നൽകുക, സ്വന്തമായി കളിസ്ഥലം ഉണ്ടാക്കുക. ശാസ്ത്രീയമായ പരിശീലനം നൽകുവാൻ വിദഗ്ദ്ധന്മാരെ ഏർപ്പെടുത്തുക. കായിക അഭിരുചിയുള്ള യുവാക്കളെ കണ്ടെത്തുക. സ്പോർട്സ് സംബന്ധമായ ബോധവൽക്കരണ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ മുതലായവ നിരന്തരം നടത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ ഒരു സ്പോർട്സ് ക്ലബുകളും ചെയ്യുന്നില്ല. ഇന്ന് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കായികപരിശീലനം കാര്യക്ഷമമായി നടക്കുന്നില്ല.

## ഗ്രന്ഥശാലകളും വായനശാലകളും:

ഈ പഞ്ചായത്തിൽ ആകെ ഗ്രന്ഥശാലകളും വായനശാലകളുമായി 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. (പട്ടിക 3 കാണുക)

ഗ്രന്ഥശാലകൾക്ക് സമൂഹത്തിന്റെ സാംസ്കാരിക പുരോഗതിയിൽ അതിപ്രധാനമായ സ്ഥാനമാണുള്ളത്. ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം ഒരളവോളം ഈ ലക്ഷ്യം നേടാൻ പര്യാപ്തമാണ്. അംഗസംഖ്യയുടെ കാര്യത്തിൽ നെട്ടയം കലാകൈരളി ഗ്രന്ഥശാലയാണ് മുന്നിൽ. രണ്ടാംസ്ഥാനത്ത് ഭാരതീപുരം ജവഹർ ലൈബ്രറിയും. മൂന്നാംസ്ഥാനത്ത് അയിലറ കൈരളീ ഗ്രന്ഥശാലയും നിൽക്കുന്നു. വേൾഡ്വിഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ആരംഭിച്ച അയിലറ അണ്ടത്തൂർ ഫ്രണ്ട്സ് ലൈബ്രറി & റീഡിംഗ്റും പ്രവർത്തനത്തിന്റെ കാര്യത്തിൽ ഇന്ന് ഏതാണ്ട് നിശ്ചലാവസ്ഥയിലാണ്. അറിവിന്റെ കലവറയായ പുസ്തകങ്ങൾ ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വിതരണം ചെയ്യുന്നതിലൂടെ ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം ഈ ഗ്രന്ഥശാലകൾ ഒന്നും പരിപൂർണ്ണമായും നിറവേറ്റുന്നില്ല. അതോടൊപ്പം ഇന്ന് വ്യാപകമായി വളർന്നിട്ടുള്ള ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ അതിപ്രസരവും ജനങ്ങളുടെ വായനാശീലത്തെ പുറകോട്ടടിക്കുന്ന ഘടകങ്ങളായി മാറിയിരിക്കുന്നു. അവയുമായി മത്സരിച്ച് വിജ്ഞാനവ്യാപനരംഗത്ത് ആധിപത്യം സ്ഥാപിക്കുവാൻ ഗ്രന്ഥശാലകൾക്കു കഴിഞ്ഞെങ്കിൽ മാത്രമേ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ലക്ഷ്യം നിറവേറപ്പെടുകയുള്ളൂ.

## സാംസ്കാരികനായകന്മാർ:

സാംസ്കാരികരംഗത്ത് ശ്രദ്ധേയമായ സ്ഥാനം നേടിയിട്ടുള്ള ചില സാംസ്കാരികനായകന്മാർക്ക് ഈ പഞ്ചായത്ത് ജന്മം നൽകിയിട്ടുണ്ട്. അദ്ധ്യാപനരംഗത്ത് വരേണ്യസ്ഥാനീയരായ ഏരൂർ.പി. ഗോപാലൻ, ഏരൂർ ജനാർദ്ദനൻ മുൻഷി, ആന്റണി ശാസ്ത്രി, സംസ്കൃതപണ്ഡിതനായിരുന്ന നെട്ടയം മാധവനാശാൻ എന്നീ ഗുരുപ്രവരന്മാരും യുവതലമുറയിലെ കലാപ്രതിഭയായി അംഗീകാരം നേടിയ സിനിമാസംവിധായകൻ രാജീവും സാഹിത്യരംഗത്ത് സ്ഥിരപ്രതിഷ്ഠനേടിയ ഡോക്ടർ തേവന്നൂർ മണിരാജും ഈ ഗ്രാമത്തിന്റെ അഭിമാനസ്തംഭങ്ങളാണ്. ഈ പ്രദേശത്തെ സാംസ്കാരികനവോത്ഥാനത്തിന് ഇവർ നൽകിയ സംഭാവന അന്യാദൃശ്യമാണ്.

## രാഷ്ട്രീയരംഗം:

1940-കളിൽ ഏരൂരിലെ തോട്ടം മേഖലയിൽ അന്നത്തെ പുരോഗമനപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച തൊഴിലാളിപ്രസ്ഥാനം ഈ പ്രദേശത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സാംസ്കാരികനവോദ്ധാനത്തിന് അടിസ്ഥാനമിട്ടു. അസംഘടിതരായ തൊഴിലാളികളുടെയും സാധാരണജനങ്ങളുടെയും ജീവിതനിലവാരത്തിലെന്നപോലെതന്നെ സാംസ്കാരികനിലവാരത്തിലും വിപ്ലവകരമായ കോളിളക്കം സൃഷ്ടിക്കുവാൻ ട്രേഡ്യൂണിയനുകൾക്ക് കഴിഞ്ഞു. അധ്വാനിക്കന്നവന് തനതായ ഒരു സംസ്കാരം രൂപപ്പെട്ട ഒരു

കാലമായിരുന്നു അത്. തുടർന്ന് നിലവിൽ വന്ന ആദ്യത്തെ കമ്മ്യൂണിസ്റ്റു ഭരണകൂടവും അവരുടെ ഭൂപരിഷ്കരണനിയമവും വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളും ഒക്കെ ഈ പഞ്ചായത്തിലെ സാധാരണക്കാരുടെ സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

### പത്രമാധ്യമങ്ങൾ:

വളരെക്കാലം മുമ്പുമുതലേ അന്നു പ്രസിദ്ധീകൃതമായിരുന്ന മലയാള മനോരമ, മലയാളരാജ്യം, ദേശബന്ധു, മലയാളി മുതലായ പത്രങ്ങൾ ഈ ഗ്രാമത്തിലെ സമ്പന്നന്മാർ വരുത്തി വായിച്ചിരുന്നു. പുരോഗമനപ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഈ മേഖലയിൽ ശക്തിപ്രാപിച്ചതോടെയാണ് സാധാരണക്കാർ പത്രവായനയുടെ പ്രാധാന്യം മനസ്സിലാക്കിയത്. പിൽക്കാലത്ത് പുരോഗമനപ്രസ്ഥനങ്ങളുടേതായ ദേശാഭിമാനി, ജനയുഗം, എന്നീ പത്രങ്ങൾ വരുത്തി വായിക്കുന്നശീലം ഈ പ്രദേശത്തുവളരാൻ തുടങ്ങി. ഇപ്പോൾ ഈ ഗ്രാമത്തിൽ ഇന്ന് കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന ഒട്ടുമുക്കാൽ ദിനപ്പത്രങ്ങളും ആനുകാലികങ്ങളും അവയ്ക്കു പുറമെ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളും ഇവിടുത്തെ സാംസ്കാരിക വളർച്ചയ്ക്ക് മുതൽക്കൂട്ടായി തീർന്നിട്ടുണ്ട്. എന്നാൽ യുവതലമുറയിൽ പത്രവായനയോടെയുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നതായി കാണുന്നു. ടെലിവിഷന്റെ കടന്നുകയറ്റം ഇതിനൊരു പ്രധാനകാരണമാണ്.

### ഇലക്ട്രോണിക് മാധ്യമം:

റേഡിയോ, ടെലിവിഷൻ മുതലായ ഇലക്ട്രോണിക് മാധ്യമങ്ങൾ ഈ ഗ്രാമത്തിൽ വളരെ വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. ടെലിവിഷനിലൂടെ ലോകത്തിന്റെ ഏതുകോണിൽ നിന്നും സംപ്രേഷണം ചെയ്യുന്ന പരിപാടികളും നമുക്ക് വീക്ഷിക്കുവാൻ കഴിയുന്നു. നിർഭാഗ്യവശാൽ ഇന്ന് ടെലിവിഷനിലൂടെ സംപ്രേഷണംചെയ്യുന്ന മിക്കവാറും പരിപാടികൾ ഭാരതീയ സംസ്കാരത്തിന്റെ കെട്ടുറപ്പിൽ വിടവുകൾ സൃഷ്ടിക്കാൻ മാത്രമേ പര്യാപ്തമാവുന്നുള്ളൂ. യുവതലമുറയിൽ കുറ്റവാസനകൾ നാമ്പിടുന്നതിനും അനാശാസ്യമായ ലൈംഗികവൈകൃതങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നതിലും നമ്മുടെ സാമൂഹിക നിയമങ്ങൾക്ക് നിരക്കാത്ത പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുന്നതിനും ഇത്തരം പരിപാടികൾ അപകടകരമാം വിധം കാരണമാകുന്നു. അതുപോലെ തന്നെ വിവിധതരം ഉത്പന്നങ്ങളുടെ പ്രചാരണത്തിനുവേണ്ടി സ്ത്രീകളുടെ നഗ്നത ചൂഷണം ചെയ്തുകൊണ്ട് ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങൾ കൗമാരപ്രായക്കാരെ ഗണ്യമായതോതിൽ വഴിതെറ്റിക്കുന്നു.

### പ്രശ്നങ്ങൾ:

1. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനനിലവാരം വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. ഇവിടെ സാംസ്കാരികരംഗത്ത് മൂല്യച്യുതിസംഭവിക്കുന്നു.
3. യുവതലമുറയിൽ വായനാശീലം കുറഞ്ഞുവരുന്നു.
4. ടെലിവിഷനിലൂടെ സംപ്രേഷണംചെയ്യുന്ന പല പരിപാടികളും യുവജനതലമുറയെ വഴിതെറ്റിക്കുന്നു.
5. ജനതയുടെ സാംസ്കാരികനിലവാരം ഉയർത്തുക എന്ന ലക്ഷ്യം ഗ്രന്ഥശാലകൾ നിറവേറ്റുന്നില്ല.
6. പരമ്പരാഗതമായ നാടൻകലകൾക്ക് (Folk Lore) അർഹമായ പ്രോത്സാഹനം നൽകുക.
7. ശാസ്ത്രീയമായ കായികപരിശീലനരീതികൾ വിദ്യാലയങ്ങളിലും സ്പോർട്സ് ക്ലബുകളിലും നിലവിലില്ല.
8. പരിസ്ഥിതിസംരക്ഷണം സംബന്ധിച്ച ബോധവൽക്കരണത്തിന്റെ അഭാവം പ്രകടമായി നിലനിൽക്കുന്നു.
9. ഈ ഗ്രാമത്തിന്റെ പലഭാഗങ്ങളിലും കള്ളവാറ്റും രഹസ്യമായുള്ള വ്യാജച്ചാരായവിൽപ്പനയും നടക്കുന്നതുമൂലം സാധാരണക്കാരന്റെ സാംസ്കാരികനിലവാരം ഭയാനകമാംവിധം പുറകോട്ടടിക്കപ്പെടുന്നു.
10. അഭ്യസ്ഥവിദ്യരുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ സാംസ്കാരികമൂല്യച്യുതിക്കു കാരണമാകുന്നു.
11. കലാസാംസ്കാരിക പരിപാടികൾ സുഗമമായി സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ഈ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ ഇല്ലാത്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.
12. ജനവിദ്യാകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
13. പൈങ്കിളിസാഹിത്യത്തിൽ യുവതലമുറ ആകൃഷ്ടരാകുന്നു.
14. വിവാഹച്ചടങ്ങുകളിൽ ആർഭാടവും പാഴ്ച്ചിലവുകളും ഏറുന്നു.
15. സ്ത്രീധനവുമായി ബന്ധപ്പെട്ട സ്ത്രീപീഡനങ്ങൾ വർദ്ധിക്കുന്നു.

### സാധ്യതകൾ:

1. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് P.T.A കളുടെ സഹകരണത്തോടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. അദ്ധ്യാപക നിയമനം യഥാസമയങ്ങളിൽ നടത്തുക.
2. സാംസ്കാരികരംഗത്തെ മൂല്യച്യുതിയുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക.
3. വായനാശീലം വളർത്തുന്നതിനുള്ള പദ്ധതികൾ സ്കൂളിലും ഗ്രന്ഥശാലകളിലും നടപ്പിലാക്കുക. സ്കൂൾലൈബ്രറി, ഗ്രന്ഥശാല എന്നിവകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുക.
4. ടെലിവിഷന്റെ ഉപയോഗത്തിൽ മിതത്വം പാലിക്കുക. ലൈംഗികത കലർന്ന പരസ്യങ്ങൾ ഒഴിവാക്കുവാൻ ദൂരദർശന് സർക്കാർ നിർദ്ദേശം നൽകണം.
5. ഗ്രന്ഥശാലകൾ ജനതയുടെ സാംസ്കാരികനിലവാരം ഉയർ ത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കണം.
6. പരമ്പരാഗതമായ നാടൻകലകൾക്ക് വളരാനാവശ്യമായ പ്രോത്സാഹനം നൽകണം.
7. സ്പോർട്സ് ക്ലബുകളിൽ കായികപരിശീലനത്തിനുള്ള സൗകര്യമുണ്ടാക്കണം. പ്രൈമറിതലം മുതൽ കായികപരിശീലനം സ്കൂളുകളിൽ തുടങ്ങണം.
8. പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച്

ബോധവൽക്കരണം നടത്തുവാനുതകുന്ന സെമിനാറുകളും ചർച്ചാക്ലാസ്സുകളും നടത്താൻ പഞ്ചായത്ത് തലത്തിൽ സ്ഥിരം സംവിധാനമുണ്ടാകണം. പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രൈമറിസ്കൂൾതലം മുതൽ ബോധവൽക്കരണം നടത്തണം.

9. വ്യാജമദ്യം വിൽക്കുന്നവരെ മാത്രമല്ല, അതുവാങ്ങി ഉപയോഗിക്കുന്നവരേയും ശിക്ഷിക്കാനാവശ്യമായ നിയമനടപടി ഉണ്ടാകണം. ആയുർവേദചികിത്സയുടെ മറവിൽ നടക്കുന്ന അരിഷ്ടവില്പന നിരോധിക്കണം.

10. റബ്ബർമേഖലയായ നമ്മുടെ പഞ്ചായത്തിൽ ഒരു വൻകിട റബ്ബർഫാക്ടറി സ്ഥാപിച്ചും കൈത്തൊഴിലുകൾ പുനരുദ്ധരിച്ചും തൊഴിലില്ലായ്മ പരിഹരിക്കണം. ഒരു പുതിയ തൊഴിൽസംസ്കാരം വളർത്തിയെടുക്കണം.

11. പഞ്ചായത്ത് ആസ്ഥാനമായ ഏരൂരിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.

12. ജനവിദ്യാകേന്ദ്രങ്ങൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

13. പൈങ്കിളിസാഹിത്യത്തിലൊളിഞ്ഞിരിക്കുന്ന അപകടമെന്തെന്ന് യുവതലമുറയെ ബോധ്യപ്പെടുത്തുക.

14. വിവാഹച്ചടങ്ങുകൾ ലളിതവും ചെലവുകുറഞ്ഞതുമാക്കാനാവശ്യമായ ബോധവൽക്കരണം നടത്തുക.

15. സ്ത്രീകളുടെ സാമൂഹ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ബോധനം നടത്തണം. സ്ത്രീപീഡനവുമായി ബന്ധപ്പെട്ട കേസുകൾക്ക് പരമാവധി ശിക്ഷ നൽകുക. സ്ത്രീധന നിരോധന നിയമങ്ങൾ നടപ്പിലാക്കുവാൻ ഗ്രാമീണജനങ്ങളെ പ്രേരിപ്പിക്കുക.





# വനിതാ ക്ഷേമം

## 9

സമൂഹത്തിന്റെ പുരോഗതി സംസ്കാരത്തിന്റേയും, വിദ്യാഭ്യാസത്തിന്റേയും [illegible] വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. 1991-ലെ സെൻസസ് കണക്കുകളിൽ ഇതു പറയുന്നുണ്ട്. അക്കാരണത്താൽ തന്നെ വികസനപ്രക്രിയയിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന കൂടിയേതീരൂ. എന്നാൽ സ്വതന്ത്രഭാരതത്തിന് 50 വയസ്സ് തികയാറായ ഈ കാലഘട്ടത്തിൽപ്പോലും സ്ത്രീകൾക്ക് അർഹമായ സ്ഥാനം ലഭിക്കുന്നില്ല. ഇത് നമ്മുടെ അശാസ്ത്രീയവും വികലവുമായ വികസന സമ്പ്രദായത്തിന്റെ പ്രകടമായ ദുരന്തമായി കണക്കാക്കാവുന്നതാണ്. മുൻകാലങ്ങളിൽ ഉദ്യോഗരംഗം സാമൂഹിക പ്രവർത്തന രംഗം, വിദ്യാഭ്യാസരംഗം മുതലായ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം പരിതാപകരമാംവിധം കുറവായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ വനിതാക്ഷേമം ലക്ഷ്യമാക്കി ഒരു പ്രവർത്തനവും നടത്തിയിരുന്നില്ല. സ്വാതന്ത്ര്യലബ്ദിക്കുശേഷം ഈ ദിശയിൽ ചില ശ്രമങ്ങൾ സർക്കാർ തലത്തിലും സന്നദ്ധപ്രവർത്തനരംഗത്തും നടന്നെങ്കിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. കാർഷികപ്രധാനമായ ഏരൂർ പഞ്ചായത്തിൽ കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്ന കാലം കഴിഞ്ഞുപോകുകയും സാർവ്വത്രിക വിദ്യാഭ്യാസം നമ്മുടെ രാജ്യത്ത് നടപ്പാക്കുകയും ചെയ്തെങ്കിലും സാമ്പത്തികമായി ദാരിദ്രരേഖയ്ക്കു താഴെ നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ സാഹചര്യത്തിന്റെ സമ്മർദ്ദംമൂലവും സ്ത്രീവിദ്യാഭ്യാസത്തിന്റെ അനിവാര്യതയെ കുറിച്ചുള്ള അറിവില്ലായ്മയുംകൊണ്ട് പല രക്ഷിതാക്കളും പരാങ്മുഖരാണ്.

20-ാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെ ഋതുമതികളാകുന്ന പെൺകുട്ടികൾക്ക് 'തെരണ്ടുകല്യാണം' എന്ന ചടങ്ങ് നടത്തിവന്നു. തെരണ്ടുകല്യാണം നടത്തുന്നതോടുകൂടി ആ പെൺകുട്ടി വിവാഹപ്രായമെത്തിയെന്നും വിദ്യാഭ്യാസത്തിനു പകരം വിവാഹമാണ് ആ പെൺകുട്ടിയുടെ ഭാവിജീവിതത്തിനാവശ്യമെന്നുള്ള തെറ്റായധാരണ ആണ് സമൂഹത്തിൽ രൂഢമൂലമായിരുന്നത്. ഏതാണ്ട് കൂട്ടിലടച്ച കിളിയെപ്പോലെ പെൺകുട്ടികൾ തറവാടുകളുടെ അകത്തളങ്ങളിൽ അടയ്ക്കപ്പെട്ടിരുന്നു. സ്വതന്ത്രഭാരതത്തിൽ 1950-കളിലുണ്ടായ പുത്തൻസാംസ്കാരിക നവോത്ഥാനത്തിന്റെ ഫലമായി സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രസക്തി സമൂഹത്തിൽ വർദ്ധിക്കുകയും, പെൺകുട്ടികൾ ആൺകുട്ടികൾക്കൊപ്പം വിദ്യാലയങ്ങളിൽ എത്തുന്ന സ്ഥിതി സംജാതമാവുകയും ചെയ്തു. ഏരൂർ പഞ്ചായത്തിലും സ്ത്രീവിദ്യാഭ്യാസം മുകളിൽ പറഞ്ഞമാതിരി ക്രമാനുഗതമായി വളർന്നു. 1991-ലെ സെൻസസ് പ്രകാരം ഏരൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 32723 ആണ്. അതിൽ 16576 സ്ത്രീകളാണ്. ആകെ ജനസംഖ്യയിൽ 50.65%.

ഏരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും വനിതകളാണ്. ഈ പ്രതിഭാസം കേരളത്തിന്റെ ഇതര പ്രദേശങ്ങളിലും ഏറിയും കുറഞ്ഞും നിലനിൽക്കുന്നു. സ്ത്രീകൾ ഒരു പ്രത്യേക മേഖലയിലേക്കു മാത്രം കൂടുതലായി ആകർഷിക്കപ്പെടുന്നത് വനിതകളുടെ സാമൂഹ്യപുരോഗതിയിലേക്കുള്ള പ്രയാണത്തിൽ ആശാവഹമല്ലാത്ത ഒരു പ്രവണതയായി വർത്തിക്കുന്നു. അദ്ധ്യാപനരംഗത്ത് ആകർഷിക്കപ്പെടുന്നതുപോലെ മറ്റു സേവനതുറകളിലേക്ക് സ്ത്രീകൾ കടന്നു ചെല്ലുന്നില്ല. അതുകൊണ്ട് ശാസ്ത്രസാങ്കേതിക രംഗങ്ങളിലും മാനേജ്മെന്റ്രംഗങ്ങളിലും വ്യവസായരംഗ ങ്ങളിലും കൃഷി, സാമൂഹ്യക്ഷേമരംഗങ്ങളിലുമൊക്കെ സ്ത്രീകളുടെ തൊഴിൽപരമായ പങ്കാളിത്തം കുറയുന്നു. ഉന്നതനില വാരത്തിൽ കലാശാലാവിദ്യാഭ്യാസം പൂർത്തിയാക്കുന്ന ബുദ്ധിമതികളായ പെൺകുട്ടികൾപോലും ബി.എഡ്. കോഴ്സ് കഴിഞ്ഞ് അദ്ധ്യാപികമാരാകാനാണ് ആഗ്രഹിക്കുന്നത്. കുടുംബക്ഷേമപ്രവർത്തനത്തിന്റെ ഫലമായി കുട്ടികളുടെ എണ്ണം കുറയുന്നു എങ്കിൽ കൂടി വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തൊഴിലുകളിലേർപ്പെടാതെ വീട്ടമ്മമാരായി കഴിയുവാനുള്ള പ്രവണത ഈ പഞ്ചായത്തിലെ സ്ത്രീകളിലും കാണുന്നു.

ഏരൂർ പഞ്ചായത്തിൽ ചുരുക്കം സ്ത്രീകൾ മാത്രമേ ശാസ്ത്രസാങ്കേതികരംഗത്തും, ഉദ്യോഗസ്ഥരംഗത്തും കടന്നു ചെന്നിട്ടുള്ളൂ. സാമൂഹിക പ്രവർത്തനരംഗത്ത് സ്ത്രീപങ്കാളിത്ത് വളരെ കുറവാണ്. ഏരൂർ പഞ്ചായത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

**പ്രശ്നങ്ങൾ:**

1. സമാനസ്വഭാവമുള്ള തൊഴിൽരംഗങ്ങളിൽ വേതനകാര്യത്തിൽ സ്ത്രീപുരുഷ വിവേചനം നിലനിൽക്കുന്നു.

2. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ നിലവിലില്ല.

3. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുവാനുള്ള ബോധവൽക്കരണമൊന്നുംതന്നെ നടക്കുന്നില്ല.

4. നിർദ്ധനകുടുംബങ്ങളിൽ സ്ത്രീധനം കൊടുക്കാൻ കഴിയാതെ അനേകം പെൺകുട്ടികൾ അവിവാഹിതരായി നിൽക്കുന്നു.

5. ആരോഗ്യപരിപാലനരംഗത്ത് സ്ത്രീകളും, കുട്ടികളും വളരെ പിന്നോക്കം നിൽക്കുന്നു.

6. ചില പ്രത്യേക വിഭാഗങ്ങളിൽ പെൺകുട്ടികളുടെ ശൈശവ വിവാഹം ഇപ്പോഴും നിലവിലുണ്ട്.

7. പ്രൈമറി വിദ്യാഭ്യാസം കഴിയുന്ന കാലഘട്ടം മുതൽ പെൺകുട്ടികൾ കൂടുതലായി വിദ്യാഭ്യാസരംഗത്തുനിന്നും നിഷ്ക്രമിക്കുന്നതായി കാണുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യങ്ങളുടെ അഭാവം തൊഴിൽ രംഗത്ത് കുട്ടികൾ പങ്കെടുക്കുവാൻ നിർബന്ധിതരാകുന്ന ഒരു പശ്ചാത്തലം ഈ പ്രവണതയ്ക്ക് പിന്നിലുണ്ട്.

8. ഭാഗിക മദ്യനിരോധനം നിലവിലുണ്ടെങ്കിലും നിയമവിരുദ്ധ മദ്യവിതരണം ഇന്നും തുടർന്നു വരുന്നുണ്ട്. പുരുഷന്മാർ മദ്യപിച്ച് കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും സ്ത്രീകൾക്കെതിരെ മർദ്ദനമുറകൾ സ്വീകരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഇന്നും നിലനിൽക്കുന്നുണ്ട്.

9. സ്ത്രീകൾക്ക് വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന വനിതാ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ ഏരൂർ പഞ്ചായത്തിലില്ല.

10. കലാകായികരംഗങ്ങളിൽ മുന്നിട്ടറങ്ങുവാൻ ഈ പഞ്ചായത്തിലെ സ്ത്രീകൾ വിമുഖരാണ്.

**പരിഹാരനിർദ്ദേശങ്ങൾ:**

1. സമാനസ്വഭാവമുള്ള തൊഴിലുകളിൽ പുരുഷന്മാർക്കൊപ്പം വേതനം സ്ത്രീകൾക്കും നൽകുക.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലേക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക. ഈ സഹകരണസംഘങ്ങളുടെ മേൽനോട്ടത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, റബ്ബർബാൻഡ് നിർമ്മാണം, അച്ചാർ നിർമ്മാണം, സ്ക്വാഷ്, ജാം മുതലായവയുടെ നിർമ്മാണം, പുഷ്പകൃഷി, മെഴുകുതിരി നിർമ്മാണം, ചിപ്സ് നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ തുടങ്ങണം.

2. പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിലേക്ക് ഓരോ വീട്ടിലും ഓരോ അടക്കളത്തോട്ടം ഉണ്ടാക്കണം.

താഴെപ്പറയുന്ന കാര്യങ്ങളിൽ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിലേക്ക് വാർഡ് തലത്തിൽ വിജിലൻസ് കമ്മിറ്റികൾ സംഘടിപ്പിച്ച് പ്രവർത്തനം ഉറപ്പാക്കുക.

1. കുടുംബവരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന പുതിയ തൊഴിൽരംഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.

2. സ്ത്രീപീഡനത്തിനെതിരായുള്ള നിയമ ബോധവൽക്കരണം.

3. പോഷകാഹാരം, കുടുംബക്ഷേമം, ആരോഗ്യരക്ഷ, പരിസരശുചിത്വം മുതലായ കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തണം.

4. സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ കൂടുതൽ സ്ത്രീകൾ കടന്നുവരേണ്ടതിനെപ്പറ്റി ബോധവൽക്കരണം നടത്തണം.

5. ശിശുപരിപാലനരംഗത്ത് അവബോധം വളർത്തൽ.

6. സ്ത്രീധനനിരോധനനിയമം, കുടുംബ കോടതികളുടെ പ്രവർത്തനങ്ങൾ ഇവയെക്കുറിച്ചുള്ള ബോധവൽക്കരണം.

7. ശൈശവവിവാഹം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുക, വേണ്ട നിയമനടപടികൾക്ക് നേതൃത്വം നൽകുക.

8. വിദ്യാലയങ്ങളിൽ നിന്നും ഒഴിവാകുന്ന പെൺകുട്ടികളെ കണ്ടുപിടിച്ച് വിദ്യാഭ്യാസം തുടർന്ന് നടത്തുവാൻ പ്രേരിപ്പിക്കുക.

9. ഈ പഞ്ചായത്തിൽ കൂടുതൽ മാതൃ ശിശുസംരക്ഷണകേന്ദ്രങ്ങൾ ആരംഭിക്കണം. നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

10. ഏരൂർ പോലീസ് സ്റ്റേഷനിൽ എത്തുന്നതിൽ കൂടുതൽ കേസുകളും സ്ത്രീകളുമായി ബന്ധപ്പെട്ടവയാണ്. പോലീസ്സ്റ്റേഷനോടനുബന്ധിച്ച് ഒരു വനിതാപോലീസ് സബ് ഇൻസെപ്കടറുടെ നേതൃത്വത്തിൽ വനിതാപോലീസ് വിംഗ് തുടങ്ങുക.

11. നിലവിലുള്ള മദ്യനിരോധനം കർശനമായി നടപ്പാക്കുന്നതിലേക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക.

12. പ്രൈമറിതലം മുതൽ പെൺകുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പരിശീലനം നൽകുവാൻ പ്രാപ്തരായ പരിശീലകരെ പഞ്ചായത്തിൽ നിന്നും നിയോഗിക്കുക.

13. കലാവാസന പരിപോഷിപ്പിക്കുന്നതിലേക്ക് പഞ്ചായത്തുതലത്തിൽ കലാസാംസ്കാരിക സമിതികൾ രൂപീകരിച്ച് പരിശീലനം നൽകുക.

14. ഉത്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉത്പാദകർ സ്ത്രീകളുടെ നഗ്നത സംസ്കാരശൂന്യമായി ചൂഷണംചെയ്യുന്ന പ്രവണത കർശനമായി നിയമംമൂലം തടയണം.

15. അനാചാരങ്ങൾക്കെതിരായുള്ള ബോധവൽക്കരണം ഉണ്ടാകണം.

16. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം.

17. പഞ്ചായത്താസ്ഥാനമായ ഏരൂർ ടൗണിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

18. D.W.C.R.A സ്കീമിന്റെ പരിധിയിൽ വരുന്ന ഏരൂർ പഞ്ചായത്തിലെ വനിതകൾക്ക് ആ സ്കീമിന്റെ ആനുകൂല്യം ഉറപ്പുവരുത്തണം.

# 10



# സഹകരണം

സഹകരണപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് മുമ്പ് കൃഷിക്കാരും തൊഴിലാളികളും അസംഘടിതരായിരുന്നു. സാമ്പത്തികബുദ്ധിമുട്ട് നേരിടുന്ന സാധാരണക്കാർ കടം വാങ്ങുന്നതിന് അന്നത്തെ ജന്മിമാരെയും കച്ചവടക്കാരെയും മാത്രമാണ് ആശ്രയിച്ചിരുന്നത്. ഈ ജന്മിമാരും കച്ചവടക്കാരും അമിതപലിശ നിശ്ചയിക്കുകയും അത് കൊടുത്തുതീർക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവന്റെ ഭൂമി ജന്മിമാരുടെയും കച്ചവടക്കാരുടെയും കൈവശമാകുകയും ചെയ്തു. ഈ കടക്കെണിയിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുക എന്ന ലക്ഷ്യമായിരുന്നു ഏരൂർ പരസ്പരസഹായസംഘം രൂപീകരിക്കുവാൻ കാരണമായത്.

ഏരൂർ പരസ്പര സഹായസഹകണ സംഘം കൊല്ലവർഷം 1104-ൽ രൂപീകൃതമായി. ആദ്യത്തെ പ്രസിഡന്റ് കൊച്ചുവീട്ടിൽ ശ്രീമാൻ പി.കെ. ഗോപാലപിള്ളയും സെക്രട്ടറി മംഗലശ്ശേരി ശ്രീമാൻ കേശവനും ആയിരുന്നു. അക്കാലത്ത് അറുപത്തിയൊന്ന് അംഗങ്ങളും ഓഹരി മൂലധനമായി നൂറ്റിഇരുപത് രൂപ ഇരുപത്തിയൊന്ന് ചക്രം ആറ് കാശും ഉണ്ടായിരുന്നു. 10-5-1967 മുതൽ സഹകരണ സംഘമായും 26- 2-1978 മുതൽ സഹകരണബാങ്കായും പ്രവർത്തിക്കുന്നു. ഈ കാലയളവിൽ ശ്രീമാൻ ജി. ദിവാകരൻ , ശ്രീ എം. ജയചന്ദ്രൻ എന്നിവരും കോ-ഓപ്പറേറ്റീവ് ബാങ്ക് ആയ ശേഷം ശ്രീ. കെ. രാമചന്ദ്രൻ, ശ്രീ. ടി.കെ. കൃത്യവാസൻ, ശ്രീ. ആർ. ഗംഗാധരൻപിള്ള, ശ്രീ. പി. ലാലാജിബാബു, ശ്രീ. കെ. സുകുമാരൻ, ശ്രീ. എം. കുഞ്ഞുകുഞ്ഞ് എന്നിവരും പ്രസിഡന്റൻമാരായി. ഇപ്പോൾ ശ്രീ. ജി. ശ്രീധരൻപിള്ള പ്രസിഡന്റായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1966 മുതൽ വി. കുട്ടൻപിള്ളയാണ് ഈ ബാങ്കിന്റെ സെക്രട്ടറി.

1960-ൽ ജില്ലാസഹകരണബാങ്കുകൾ സഹകരണസംഘങ്ങൾക്ക് വായ്പ അനുവദിച്ചപ്പോൾ ഈ സഹകരണസംഘവും അംഗങ്ങൾക്ക് വായ്പ വിതരണം ചെയ്യുവാൻ തുടങ്ങി. കഴിഞ്ഞ കാലയളവിൽ നിന്ന് വ്യത്യസ്ഥമായി സഹകരണ മേഖല ഇതര ധനകാര്യസ്ഥാപനങ്ങളോടൊപ്പം മത്സരരംഗത്താണ്. ഏരൂർ പഞ്ചായത്തിൽ മുഴുവൻ ജനവിഭാഗങ്ങളുടേയും സഹകരണപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ ബാങ്ക് കൊണ്ട് കഴിയുന്നില്ലയെങ്കിലും ഈ ബാങ്ക് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കൊല്ലവർഷം 1104-ൽ പരസ്പര സഹായസംഘമായി ആരംഭിച്ച ഈ ബാങ്കിന്റെ ഇപ്പോഴത്തെ പ്രവർത്തനപരിധിയിൽ ഏരൂർ പഞ്ചായത്തിന്റെ വടക്കേയറ്റത്തുള്ള ആയിരനല്ലൂർ പ്രദേശം ഒഴികെയുള്ള ഭാഗങ്ങൾ ഉൾപ്പെടുന്നു. വിവിധയിനം കാർഷികവായ്പകളും കാർഷികേതരവായ്പകളും വിതരണം ചെയ്യുന്നുണ്ട്. അതോടൊപ്പം ബാങ്കിംഗ് ഇടപാടുകൾ ഫലപ്രദമായി നടത്തിവരുന്നു. 176 ലക്ഷം രൂപ അംഗീകൃതപ്രവർത്തന മൂലധനമായുള്ള ഈ ബാങ്കിന് 14 ലക്ഷം രൂപ പിരിഞ്ഞടഞ്ഞിട്ടുണ്ട്. 117 ലക്ഷം രൂപ ഈ ബാങ്കിൽ നിക്ഷേപമുണ്ട്. 134 ലക്ഷം രൂപ 1995-96 വർഷം വായ്പ നല്കിയിട്ടുണ്ട്. ഈ ബാങ്കിൽ നിന്ന് സ്വർണ്ണപണയവായ്പകൾ, സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതിവായ്പകൾ, I.R.D.P. വായ്പകൾ എന്നിവ വിതരണം ചെയ്തുവരുന്നു. ഇതി

പട്ടിക 1

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺഓവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|
| 1104 (കൊല്ലവർഷം) | 8000 | 8 | 176 | | ലാഭം |

(അവലംബം ദ്വിതീയ വിവിരശേഖരണം)

നുപുറമേ, ചിട്ടി, വളംവിതരണം, തുണി വ്യാപാരം, ഓണചന്തകൾ എന്നീ പ്രവർത്തനങ്ങളും നല്ലനിലയിൽ നടക്കുന്നുണ്ട്.

നിക്ഷേപം, വായ്പകൾ എന്നിവയുടെ വിവരങ്ങൾ പട്ടിക 2-ൽ ചേർക്കുന്നു.

ഏരൂർ സഹകരണബാങ്ക് വിതരണം ചെയ്തുവരുന്ന കാർഷിക വായ്പകളുടേയും കാർഷികേതരവായ്പയുടേയും പുരോഗതി ആശാവഹമല്ല. കാർഷികേതര വായ്പയിനത്തിൽ കഴിഞ്ഞ നാലു വർഷം കൊല്ലം ജില്ലാസഹകണബാങ്കിൽ നിന്ന് ഈ ബാങ്കിന് 9 ലക്ഷം രൂപ വീതമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിന് 1996 വരെ 15% പലിശയും 1996 മുതൽ 16% പലിശയും ജില്ലാബാങ്ക് ഈടാക്കുന്നു. ഈ ബാങ്കിൽ നിന്നും നല്കുന്ന കാർഷികേതര വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നില്ല. അതുകൊണ്ട് ജില്ലാ ബാങ്കിന് തിരിച്ചടയ്ക്കേണ്ട തുക തിരിച്ചടച്ചുകഴിഞ്ഞാൽ ഈ ബാങ്കിന് കിട്ടുന്ന ലാഭം നാമമാത്രമാണ്. കാർഷികേതര വായ്പയ്ക്ക് 1995-96 വരെ 18.5%വും 1996-97 മുതൽ 20% പലിശയുമാണ് ഈ ബാങ്കിൽ നിന്ന് ഈടാക്കുന്നത്.

പട്ടിക 2

| നമ്പർ | കാലാവധി | നിക്ഷേപം | കാർഷിക വായ്പകൾ | കാർഷികേതര വായ്പകൾ | ആകെ വായ്പകൾ | കാലാവധി കഴിഞ്ഞുള്ളവ |
|---|---|---|---|---|---|---|
| 1 | ഹ്രസ്വകാലം | | 3792454 | 4937714 | 8730168 | 1467145 |
| 2 | മധ്യകാലം | | 41870 | 3915576 | 3957446 | 273704 |
| 3 | ദീർഘകാലം | | 688692 | – | 688692 | 23735 |
| | ആകെ | 11710216 | 4523016 | 8853290 | 13376306 | 1764584 |

കാർഷിക വായ്പ ജില്ലാബാങ്കിൽ നിന്ന് 1994-95 ൽ 30 ലക്ഷവും 1995- 96-ൽ 36 ലക്ഷവും 1996-97-ൽ 40 ലക്ഷവും ലഭിച്ചു. ജില്ലാബാങ്കിൽ 1995-96 വരെ 9% പലിശ അടച്ചിരുന്നു. ഈ ബാങ്ക് കർഷകരിൽ നിന്ന് 12% പലിശ ഈടാക്കിയിരുന്നു. 1996-97 മുതൽ ജില്ലാബാങ്കിലേക്ക് 12% പലിശ അടയ്ക്കേണ്ടതിനാൽ കാർഷകരിൽ നിന്ന് 14.5% പലിശയും ഈടാക്കുന്നു. ഈ ഇനത്തിൽ വരുന്ന വരുമാനം ബാങ്കിന്റെ പ്രധാനവരുമാനമാണ്. വായ്പകളുടെ വിവരം പട്ടിക 4-ൽ കാണുക.

പട്ടിക 4

| ആകെ നമ്പർ | F.D | ആകെ നിക്ഷേപം | കാർഷിക വായ്പ | കാർഷികേ വായ്പ | ആകെ വായ്പ | സ്വർണ്ണ പണയം | പലിശ നിരക്ക് |
|---|---|---|---|---|---|---|---|
| 6705 | 8889200 | 11710194 | 4523016 | 4324976 | 13376796 | 4528804 | |

പട്ടിക 3

| വർഷം | തുണി | വളം | ആകെ |
|---|---|---|---|
| 1991-'92 | 263428.28 | 628615.56 | 892043.84 |
| 1992-'93 | 205921.83 | 486838.8 | 692760.63 |
| 1993-'94 | 190478.22 | 655008.81 | 845487.03 |
| 1994-'95 | 150284.4 | 442209.15 | 592493.64 |
| 1995-'96 | 258562.32 | 504082 | 762644.32 |

ഈ ബാങ്ക് നടത്തിവരുന്ന വളം, തുണി വ്യാപാരങ്ങളുടെ 1991 മുതൽ 1996 വരെയുള്ള വർഷങ്ങളിലെ വിറ്റുവരവ് പട്ടിക ചുവടെ ചേർക്കുന്നു.

ഈ ബാങ്ക് ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ ഏരൂർ മൃഗാശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം ബാങ്ക് വകയാണ്. മൃഗസംരക്ഷണവകുപ്പിൽ നിന്ന് 1992 മുതൽ വാടക ലഭിച്ചിട്ടില്ല. ഇതുവരെ വാടക നിശ്ചയിച്ചിട്ടുപോലുമില്ല. ഈ ഇനത്തിൽ സംഘത്തിന് ഭീമമായ ഒരു തുക ലഭിക്കുവാനുണ്ട്.

## ക്ഷീരസഹകരണ സംഘങ്ങൾ

1970 കാലഘട്ടം വരെ ഏരൂർ പഞ്ചായത്തിൽ ശാസ്ത്രീയമായ പശുവളർത്തലിനെ കുറിച്ചോ ക്ഷീരോത്പാദന വർദ്ധനവിനെ കുറിച്ചോ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിരുന്നില്ല. അസംഘടിതമായി കൃഷിക്കാർ വളർത്തി

യിരുന്ന നാടൻ ഇനങ്ങളും ചുരുക്കം സങ്കരയിനം പശുക്കളും മാത്രമായിരുന്നു ക്ഷീരോത്പാദന സ്രോതസ്സ്. 1970 മുതൽ ക്ഷീരോത്പാദനരംഗത്ത് ഈ പഞ്ചായത്തിൽ വളർച്ചയുടെ കാലമായിരുന്നു. ഇവിടെ ആ കാലഘട്ടത്തിൽ ക്ഷീരോത്പാദനം ഗണ്യമായി വർദ്ധിച്ചു. SFDA പദ്ധതി പ്രകാരം ഏരൂർ സർവ്വീസ് സംഘത്തിൽ നിന്ന് കറവാമാടുകളെ വാങ്ങുന്നതിന് ഉദാരമായ വ്യവസ്ഥയിൽ ധാരാളം വായ്പകൾ നല്കിയതാണ് ഈ പഞ്ചായത്തിൽ പാൽഉത്പാദനത്തിലുണ്ടായ വർദ്ധനയുടെ കാരണം.

ഇപ്പോൾ ഈ പഞ്ചായത്തിൽ ഭാരതീപുരം, അയിലറ, ആലംഞ്ചേരി എന്നിവിടങ്ങളിൽ 3 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരകർഷകരെ അംഗങ്ങളായി ചേർത്ത് അവരിൽ നിന്ന് പാൽ സംഭരിച്ച് വിപണനം നടത്തുകയാണ് ഈ സംഘങ്ങളുടെ മുഖ്യമായ പ്രവർത്തനം. കേരളത്തിലെ ക്ഷീരസംഭരണ വിതരണാംഗങ്ങൾ കുത്തകയായി കൈവശം വച്ചിരിക്കുന്ന പൊതുമേഖലാസ്ഥാപനമായ മിൽമ പാലിന്റെ വില അടിക്കടി വർദ്ധിപ്പിക്കുമ്പോഴെല്ലാം ഈ പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങളും പാലിന്റെ വില ഉപഭോക്താവിന് താങ്ങാനാവാത്ത വിധം വർദ്ധിപ്പിക്കുന്നുവെങ്കിലും ക്ഷീരകർഷകന് നല്കുന്ന വില ആനുപാതികമായി വർദ്ധിപ്പിക്കാത്തതുകൊണ്ട് ക്ഷീരകർഷകർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ലിറ്ററിന് 8 രൂപ നിരക്കിൽ കർഷകന് നല്കി സംഭരിക്കുന്ന പാൽ 12 രൂപ നിരക്കിൽ വിൽക്കുന്ന സംഘങ്ങളും ഇക്കൂട്ടത്തിലുണ്ട്. സഹകരണപ്രസ്ഥാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ തന്നെ അട്ടിമറിക്കുന്ന ഒരു പ്രവണതയാണ്. ഇവിടെ പ്രവർത്തിക്കുന്ന 3 സംഘങ്ങളുടെ പ്രവർത്തനവിവരങ്ങൾ പട്ടിക 5-ൽ ചേർത്തിരിക്കുന്നു.

പട്ടിക 5

| നമ്പർ | സ്ഥാപിച്ച വർഷം | സംഘത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക് പോകുന്നത് |
|---|---|---|---|---|---|---|
| 1 | 1980 | ഭാരതീപുരം ക്ഷീരോത്പാദക സംഘം - ക്ലിപ്തം നമ്പർ - ക്യൂ 97 (ഡി) | 5 | 681574 | 364935 | 316639 |
| 2 | 1978 | ഏരൂർ ക്ഷീര സഹകരണ സംഘം - ക്ലിപ്തം ക്യൂ 32 (ഡി) | 5 | 787903 | 227113 | 56079 |
| 3 | 1979 | അയിലറ ക്ഷീര സഹകരണസംഘം നമ്പർ ക്യൂ 51 (ഡി) | 5 | 132436 | 14400 | 118036 |

ക്ഷീരകർഷകന് ന്യായമായ വില ലഭിക്കാത്ത സാഹചര്യം ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു. ക്ഷീരോത്പാദക സംഘങ്ങൾ കുറഞ്ഞ വില നല്കുന്നതു മൂലം കൂടുതൽ വില നല്കുന്ന വീടുകൾ, ചായക്കട, ഹോട്ടൽ മുതലായ സ്ഥാപനങ്ങളിൽ പാൽ വില്ക്കുന്നതിനാണ് കർഷകർക്ക് താൽപര്യം. ഈ സ്ഥിതി ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. അയിലറ ക്ഷീരോത്പാദക സഹകരണ സംഘം വനിതാ ക്ഷീരോത്പന്നയൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

### വനിതാസഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ അയിലറ വാർഡിൽ മാത്രം ഒരു വനിതാസഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഘത്തിൽ ഇപ്പോൾ 10 അംഗങ്ങൾ ഉണ്ട്. ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ഈ സംഘത്തിന്റെ ചുമതലയിൽ നടത്തിവരുന്നു. ഏരൂർ, ഭാരതിപുരം, വിളക്കുപാറ, ആർച്ചൽ, മണലിൽ എന്നീ കേന്ദ്രങ്ങളിൽ വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് പല ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്താനുള്ള സാധ്യതകൾ ഉണ്ട്.

### റബ്ബർ ഉത്പാദക സംഘങ്ങൾ

ഈ പഞ്ചായത്തിൽ ഇപ്പോൾ 5 റബ്ബർ ഉത്പാദക സംഘങ്ങൾ പ്രവർച്ചിക്കുന്നുണ്ട്. അവ ഏരൂർ, പത്തടി, അയിലറ, വിളക്കുപാറ, ആർച്ചൽ എന്നീ സ്ഥലങ്ങളിലാണ്.

ഏരൂർ പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്ത് പത്തനാപുരം ഹൗസിംഗ് സൊസൈറ്റിയും അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘവും ഭവന നിർമ്മാണത്തിനായി വായ്പകൾ കൊടുത്തിട്ടുണ്ട്.

ഈ സംഘങ്ങൾ സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സഹക

പട്ടിക 6

| നമ്പർ | സ്ഥാപിച്ച വർഷം | സംഘത്തിന്റെ പേര് | അംഗങ്ങൾ |
|---|---|---|---|
| 1 | 1989 | ഏരൂർ റബ്ബർ ഉത്പാദക സഹകരണസംഘം ആർ. നം. ക്യൂ 144/89 | 492 |
| 2 | 1995 | വിളക്കുപാറ റബ്ബർ ഉത്പാദക സംഘം | 66 |
| 3 | 1994 | അയിലറ റബ്ബർ ഉത്പാദകസംഘം ആർ. നം. | 137 |
| 4 | 1993 | ആർച്ചൽ റബ്ബർ ഉത്പാദക സംഘം | 125 |
| 5 | 1996 | പത്തടി റബ്ബർ ഉത്പാദക സംഘം | 64 |

പട്ടിക 7

| നമ്പർ | സംഘത്തിന്റെ പേര് | | വായ്പ ലഭിച്ചവർ | ഏത് വായ്പ | വായ്പാ തുക |
|---|---|---|---|---|---|
| 1 | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, പത്തനാപുരം | | 19 | ദുർബ്ബല വിഭാഗം | 171000 |
| | | | 15 | ,, | 135000 |
| | | | 14 | ,, | 117500 |
| | | വർഷം | എത്ര പേർ | ഏതുതരം വായ്പ | വായ്പാ തുക |
| | അഞ്ചൽ ബ്ലോക്ക് ഭവനനിർമ്മാണം സഹകരണസംഘം എൽ.റ്റി.ഡി. നമ്പർ 2808 | 1991092 | 14 | ഭവനനിർമ്മാണം | 352000 |
| | | 92–93 | 18 | ,, | 606000 |
| | | 93–94 | 4 | ,, | 135000 |
| | | 94–95 | 14 | ,, | 605000 |
| | | 95–96 | 7 | ,, | 4145000 |

രണസംഘങ്ങളല്ല. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ ബോർഡിന്റെ നിബന്ധനകൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണിവ. ഈ ഗ്രാമത്തിലെ ചുരുങ്ങിയത് 50 സെന്റ് റബ്ബർ കൃഷിയുള്ളവർക്കും ഈ സംഘത്തിൽ അംഗങ്ങളാകാൻ വ്യവസ്ഥയുണ്ട്. ലാഭനഷ്ടങ്ങൾ കൂടാതെ റബ്ബർ കർഷകർക്ക് റബ്ബർ ടാപ്പിംഗ് ആരംഭിക്കുന്നതു മുതൽ സ്പ്രേയിംഗ് വസ്തുക്കൾ, രാസവളം, റയിൻ ഗാർഡിംഗ് ഉപകരണങ്ങൾ എന്നിവ 30% സബ്സിഡിയോടുകൂടി ഈ സംഘത്തിൽ നിന്ന് വിതരണം ചെയ്യുന്നു. ഏരൂർ റബ്ബർ ഉത്പാദകസംഘം കർഷകരിൽ നിന്ന് റബ്ബർ പാൽ ശേഖരിച്ച് വിതരണം നടത്തുന്നു. മറ്റു സംഘങ്ങൾ ഈ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ പഞ്ചായത്തിലെ എല്ലാ റബ്ബർ ഉത്പാദകരിൽ നിന്നും റബ്ബർ പാൽ, ഒട്ടുകറ, റബ്ബർ ഷീറ്റ് എന്നിവ ന്യായമായ വിലയ്ക്ക് സംഭരിച്ച് വില്പന ചെയ്യുവാനുള്ള സൗകര്യമുണ്ടായാൽ കൊള്ളലാഭമീടാക്കുന്ന സ്വകാര്യമുതലാളിമാരിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുവാനുള്ള ഒരു മാർഗ്ഗമായിരിക്കുമത്.

## സ്ക്കൂൾ സഹകരണസംഘങ്ങൾ

അയിലറ പ്രൈവറ്റ് U.P.S., ഏരൂർ ഗവ: ഹൈസ്ക്കൂൾ, നെട്ടയം ഗവ: ഹൈസ്ക്കൂൾ, വിളക്കുപാറ മാതാ വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സൊസൈറ്റികൾ ഒന്നും ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്നില്ല. അന്യം നിന്ന തറവാടുകൾ പോലെ പ്രവർത്തനശൂന്യമായി നിലനിൽക്കുന്ന ഈ സൊസൈറ്റികൾ സഹകരണപ്രസ്ഥാനത്തിന്റെ തനന്ന ഉദ്ദേശലക്ഷ്യങ്ങളെ പരിഹസിച്ച് പരിലസിക്കുന്നു എന്നുമാത്രം. വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങളും പഠനോപകരണങ്ങളും നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സ്ക്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തനലക്ഷ്യം. എന്നാൽ സ്ക്കൂൾ വർഷാരംഭത്തിൽ ജില്ലാബുക്ക് ഡിപ്പോയിൽ നിന്നും ആദ്യ ഗഡു പുസ്തകം എടുത്ത് വിതരണം ചെയ്യുക മാത്രമാണ് ഈ സംഘങ്ങൾ ചെയ്യുന്നത്.

## ഖാദിവില്ലേജ് സഹകരണ സംഘം.

1972-ൽ ഏരൂർ പഞ്ചായത്തിൽ ഒരു ഖാദിവില്ലേജ് സഹകരണസംഘം പ്രവർത്തിച്ചിരുന്നു. വനത്തിൽ നിന്ന് ചൂരൽ സംഭരിച്ച് ഉല്പന്നങ്ങൾ നിർമ്മിച്ചു വില്ക്കുക എന്നതായിരുന്നു ഈ സംഘത്തിന്റെ ലക്ഷ്യം. വനംവകുപ്പിൽ നിന്ന് പാസ് ലഭിക്കുന്നതിനനുസരിച്ച് ചൂരൽ സംഭരിച്ച് ഉല്പന്നങ്ങൾ നിർമ്മിച്ചിരുന്നു. നമ്മുടെ വനങ്ങളിൽ നിന്ന് ചൂരൽ ശേഖരണം ഗവൺമെന്റ് നിരോധിച്ചതിനാൽ ശേഖരിച്ച ചൂരൽ വനത്തിൽ നിന്ന് കൊണ്ടുവരാൻ കഴിയാതെയായി. അതുമൂലം സംഘത്തിനു വൻ നഷ്ടമുണ്ടാവുകയും പ്രവർത്തനം നിലച്ചുപോവുകയും ചെയ്തു. അമ്പതോളം കുടുംബങ്ങൾ തൊഴിൽ ചെയ്തുജീവിച്ചിരുന്ന ഈ സ്ഥാപനം പുനരുദ്ധരിക്കേണ്ടതാവശ്യമാണ്.

## പ്രശ്നങ്ങൾ

## ഏരൂർ സർവ്വീസ് സഹകരണ ബാങ്ക്

1. ഏരൂർ സർവ്വീസ് സഹകരണബാങ്ക് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെയും കാര്യക്ഷമതയോടുകൂടിയും ഇടപാടുകാരുടെ താല്പര്യസംരക്ഷണം ലാക്കാക്കിയും നടത്തുവാൻ ഈ ബാങ്കിൽ ജീവനക്കാരുടെ കുറവ് വിലങ്ങുതടിയായി നിൽക്കുന്നു.

2. വായ്പാകുടിശ്ശിക, ചിട്ടികുടിശ്ശിക മുതലായ ബാങ്കിലേക്ക് അടയ്ക്കേണ്ടകുടിശ്ശികകൾ യഥാസമയം അടപ്പിക്കുന്നതിനാവശ്യമായ സന്ദർഭങ്ങളിൽ യഥാസമയം നിയമനനടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോൾ കാലതാമസം നേരിടുന്നു.

3. ഈ ബാങ്കിൽ ഇപ്പോൾ 8000 അംഗങ്ങൾ മാത്രമേയുള്ളു. അതുകൊണ്ട് ഓഹരിമൂലധനം വർദ്ധിക്കുന്നില്ല.

4. ഈ ബാങ്കിൽ ഇപ്പോഴുള്ള നിക്ഷേപത്തിന്റെ അപര്യാപ്തത വിവിധതരം വായ്പകൾ ആവശ്യാനുസരണം നല്കുന്നതിന് തടസ്സമായിനിൽക്കുന്നു.

5. ഈ ബാങ്ക് വളരെ പരിമിതമായി മാത്രമേ ചിട്ടി നടത്തുന്നുള്ളു. അതിനാൽ ഈ പ്രവർത്തനങ്ങളിൽ നിന്ന് ബാങ്കിനു ലഭിക്കുന്ന വരുമാനം വളരെ പരിമിതമാണ്.

6. ഈ ബാങ്കിന്റെ പരിമിതമായ പ്രവർത്തനമൂലധനം വായ്പാസാഹചര്യങ്ങളെ പുറകോട്ടടിക്കുന്നു.

## ക്ഷീരസഹകരണസംഘങ്ങൾ

1. ക്ഷീരസംഘങ്ങളിൽ ഇപ്പോഴുള്ള

അംഗസംഖ്യ വളരെ പരിമിതമാണ്.

2. ഈ സംഘങ്ങളിൽ അംഗങ്ങളായുള്ള ക്ഷീരകർഷകർക്ക് നല്കുന്ന പാലിന് ന്യായമായ വിലയോ, സബ്സിഡി റേറ്റിൽ കാലിത്തീറ്റയോ നല്കുന്നില്ല.

3. ഈ സംഘങ്ങളിൽ അംഗങ്ങളായുള്ള കർഷകർക്ക് ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികൾ ഒന്നും നടക്കുന്നില്ല.

4. ഈ സംഘങ്ങൾ പാലുല്പന്നങ്ങളുടെ നിർമ്മാണരംഗത്തേക്ക് കടക്കാത്തതുമൂലം അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകർക്ക് തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയോ, സംഘങ്ങളുടെ വരുമാനം വർദ്ധിക്കുകയോ ചെയ്യുന്നില്ല.

5. പുതിയ മേഖലകളിലേക്ക് കടന്നുകയറാൻ ഉള്ള ആത്മധൈര്യമില്ലായ്മ ഒരു പ്രധാനപ്രശ്നമാണ്.

6. ഈ പഞ്ചായത്തിൽ ഒരു പാൽശീതീകരണ യൂണിറ്റിന്റെ അഭാവം പാൽ സംഭരണരംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

## സാധ്യതകൾ

### ഏരൂർ സർവ്വീസ് സഹകരണ ബാങ്ക്

1. ഏരൂർ സർവ്വീസ്-സഹകരണബാങ്കിന്റെ ശാഖകൾ വിളക്കുപാറ, ഭാരതീപുരം എന്നീ കേന്ദ്രങ്ങളിൽ തുടങ്ങേണ്ടതാണ്.

2. പഞ്ചായത്തിന്റെ വികസനപദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിംഗ് സർവ്വീസ്-സഹകരണ സംഘങ്ങൾ ആരംഭിക്കണം.

3. ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പ്രധാന സഹകരണപ്രസ്ഥാനമായ ഏരൂർ സർവ്വീസ് സഹകരണബാങ്കിന്റെ ഭരണസമിതിയിൽ വനിതകൾക്ക് ആനുപാതിക പ്രാധിനിത്യം നല്കുക.

4. ഏരൂർ സർവ്വീസ് സഹകരണബാങ്കിന്റെ ചുമതലയിൽ ഒരു സ്ഥിരം മാവേലിസ്റ്റോർ ആരംഭിക്കണം.

5. ഏരൂർ സർവ്വീസ് സഹകരണബാങ്കിലെ അംഗങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനനുയോജ്യമായ സ്കീമുകൾ തയ്യാറാക്കുക.

6. ഏരൂർ സർവ്വീസ് സഹകരണബാങ്കിൽ ആവശ്യമായ കൂടുതൽ സ്റ്റാഫുകളെ നിയമിക്കുക.

7. വായ്പാകുടിശ്ശികകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് ഭരണസമിതി സമയബന്ധിത നടപടികൾ സ്വീകരിക്കുക.

8. ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരെയും മറ്റു വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരെയും അംഗങ്ങളായി ചേർക്കുക.

9. നിക്ഷേപസമാഹരണം ഒരു സ്ഥിരം പ്രവർത്തനമായി നടപ്പാക്കുക.

10. കൂടുതൽ ചിട്ടി നടത്തി വരുമാനം വർദ്ധിപ്പിക്കുക.

11. ഉല്പന്നങ്ങൾ ജാമ്യമായി സ്വീകരിച്ച് കാർഷികവായ്പകൾ നല്കണം.

12. നിക്ഷേപം വർദ്ധിപ്പിച്ച് അതിനാനുപാതികമായി വായ്പാസൗകര്യം വർദ്ധിപ്പിക്കുക.

13. ആൾജാമ്യത്തിന്മേൽ ഇപ്പോൾ നല്കിവരുന്ന വായ്പാപരിധി ഉയർത്തുക,

14. ജനകീയ ആഡിറ്റിംഗ് സമ്പ്രദായം ആവിഷ്കരിച്ച് ബാങ്കിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുക.

15. കെട്ടിട നിർമ്മാണവസ്തുക്കൾ, കാർഷികോപകരണങ്ങൾ, കാർഷികയന്ത്രങ്ങൾ എന്നിവയുടെ വിതരണം തുടങ്ങുക.

16. കാർഷികാവശ്യത്തിനായി നബാഡിൽ നിന്നും കൺസെഷണൽ ഫൈനാൻസ് അനുവദിക്കാൻ നടപടി എടുക്കുക.

17. സഹകരണബാങ്കിന്റെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

### ക്ഷീരസംഘങ്ങൾ

1. ക്ഷീരസഹകരണസംഘങ്ങളിൽ അംഗങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കണം.

2 പശുവളർത്തലിന് പുല്ല്, വൈക്കോൽ, കാലിത്തീറ്റ എന്നിവയുടെ അമിതമായ വിലവർദ്ധനവ് മൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന് കർഷകരിൽ നിന്ന് ശേഖരിക്കുന്ന പാലിന് ന്യായമായ വില നല്കണം.

3. അത്യുല്പാദന ശേഷിയുള്ള ജനുസുകളുടെ പ്രജനനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഓരോ ക്ഷീരസഹകരണസംഘങ്ങളും ആരംഭിക്കുക.

4. ഈ പഞ്ചായത്തിൽ ആയിരനല്ലൂർ, വിളക്കുപാറ, ആർച്ചൽ, മണലിൽ എന്നീ മേഖലകളിൽ പുതിയ ക്ഷീരസഹകരണസംഘങ്ങൾ ആരംഭിക്കുക.

5. എല്ലാ ക്ഷീരസഹരണ സംഘങ്ങലും ചേർന്ന് ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കണം.

6. പഞ്ചായത്തടിസ്ഥാനത്തിൽ ക്ഷീരകർഷകർക്ക് ബോധവത്കരണപരിപാടികൾ നിശ്ചിത കാലയളവിൽ സ്ഥിരമായി നടത്തുക.

7. പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുവാനുള്ള സംവിധാനമുണ്ടാക്കണം.

8. ക്ഷീരകർഷകരെ സഹായിക്കുന്നതിനുതകുന്ന പുതിയ സംരംഭങ്ങളിലേക്ക് ക്ഷീരസംഘങ്ങൾ കടന്നുകയറണം.

### സ്ക്കൂൾ സഹകരണസംഘങ്ങൾ

1. സ്ക്കൂൾ സഹകരണസംഘങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനരാഹിത്യം പരിഹരിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന വിദ്യാഭ്യാസ ഉപദേശകസമിതിക്ക് പ്രവർത്തനം പരിശോധിക്കുവാനുള്ള അധികാരം നല്കണം.

2. സ്ക്കൂൾ സഹകരണസംഘത്തിന്റെ ഭരണസമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ്, PTA പ്രസിഡന്റ്, മാതൃസംഗമം, ചെയർപേഴ്സൺ എന്നിവർ സ്ഥിരാംഗങ്ങളാവാനാവശ്യമായ നിയമഭേദഗതി വരുത്തണം.

11



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഏരൂർ പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 21% പട്ടികജാതി വിഭാഗമാണ്. 1428 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു.

16 അംഗീകരിച്ച കോളനികളിലും അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച 14 കോളനികളിലുമായി 880 കുടുംബങ്ങളും 548 കുടുംബങ്ങൾ ഇടകലർന്നുമാണ് താമസിച്ചുവരുന്നത്. ആകെ 6999 പട്ടികജാതി അംഗങ്ങൾ ഉണ്ട്

വിദ്യാഭ്യാസ സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ ധാരാളം നേട്ടങ്ങൾ ഇവർക്ക് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തികരംഗത്ത് ഇവരുടെ വളർച്ച മറ്റുവിഭാഗക്കാരെ അപേക്ഷിച്ച് വളരെ പുറകിലാണ്. വിലപേശാനും, സംഘടിക്കാനും ഇവർക്കുണ്ടായിരുന്ന വിലക്കും ജന്മിത്വത്തിന്റെ ചൂഷണവും ഇവരെ സാമൂഹ്യ സാമ്പത്തിക മേഖലയിൽ വളരെക്കാലം തളച്ചിട്ടു. മാറിവന്ന സാഹചര്യത്തിൽ സാമൂഹ്യമാറ്റത്തിനനുസരിച്ച് ജീവിതനിലവാരം ഉയർത്തുവാനുള്ള പരിശ്രമവും ഉയരണമെന്നുള്ള ആഗ്രഹവും ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി അവർ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടുവാൻ പൂർണ്ണമായി കഴിഞ്ഞിട്ടുണ്ട്. വിവിധ സമുദായങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിലും വിശേഷവേളകളിലും മംഗളകർമ്മങ്ങളിലും എല്ലാം സംബന്ധിക്കുവാനുള്ള അവസരവും പൊതുപരിപാടികളിൽ കാര്യമായ പരിഗണനയും ഇന്നു ലഭിക്കുന്നുണ്ട്. അതുവഴി സാമൂഹ്യ രാഷ്ട്രീയ പൊതുരംഗങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാനും ധാരാളംപേർക്ക് കഴിയുന്നുണ്ട്. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഗവൺമെന്റ് ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ ഏറ്റെടുക്കുന്നതിനുള്ള അജ്ഞതയും ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള അവ്യക്തതയും കൊണ്ട് പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിയുന്നില്ല. എന്നാൽ ഗവൺമെന്റ് നല്കുന്ന നിരവധി സൗജന്യങ്ങൾ വഴി ഈ വിഭാഗത്തിന് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നു. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, ശുചിത്വം എന്നീ രംഗങ്ങളിൽ കാര്യമായ ബോധവത്കരണം ഇനിയും തുടരേണ്ടിയിരിക്കുന്നു. ഈ വിഭാഗത്തിൽപെടുന്ന ന്യൂനപക്ഷമായ പറയസമുദായമാണ് വിദ്യാ

പട്ടിക 1

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളും അംഗങ്ങളും

| വാർഡ് | കുടുംബങ്ങൾ | അംഗങ്ങൾ |
|---|---|---|
| I | 25 | 120 |
| II | 210 | 980 |
| III | 30 | 155 |
| IV | 50 | 240 |
| V | 142 | 680 |
| VI | 195 | 960 |
| VII | 180 | 910 |
| VIII | 50 | 270 |
| IX | 10 | 56 |
| X | 120 | 680 |
| XI | 198 | 890 |
| XII | 205 | 1010 |
| XIII | 13 | 48 |
| | 1428 | 6999 |

ഭ്യാസപരമായി മുന്നിൽ നിൽക്കുന്നത്. ധാരാളം ഗസറ്റഡ് റാങ്കിൽപെട്ട ഉദ്യോഗസ്ഥന്മാർ ഈ സമുദായത്തിലുണ്ട്. ഏറ്റവും ഭൂരിപക്ഷമായ കുറവസമുദായത്തിൽ ഈ നിലവാരം വേണ്ടത്രയാകുന്നില്ല. വംശനാശത്തിലേക്ക് എത്തപ്പെടുന്ന വേടർസമുദായമാണ് വിദ്യാഭ്യാസപരമായി ഏറ്റവും പിന്നിൽ നിൽക്കുന്നത്. സ്വന്തം സ്വത്വത്തിനുള്ളിൽ ഒതുങ്ങിക്കൂടുന്ന ഈ വിഭാഗത്തിനെ ഉദ്ധരിക്കുവാൻ കാര്യമായ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

### വിദ്യാഭ്യാസം

നിരക്ഷരർ പൊതുവേ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല. സാക്ഷരതാപ്രവർത്തനം ഒരളവുവരെ സഹായകമായിട്ടുണ്ടെങ്കിലും തുടർവിദ്യാഭ്യാസം ഈ രംഗത്ത് അനിവാര്യമാണ്. ഹൈസ്ക്കൂൾ തലങ്ങളിൽ എത്തുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണം കുറയുകയും S.S.L.C.-യ്ക്ക് ശേഷം തുടർവിദ്യാഭ്യാസം കാര്യമായി കുറയുകയും ചെയ്യുന്നു. മിക്ക വീടുകളിലേയും പ്രതികൂലമായ സാമ്പത്തികചുറ്റുപാടുകൾ തുടർവിദ്യാഭ്യാസത്തിന് തടസ്സമായി വന്നിരിക്കുന്നു. കുടുംബബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പല കുട്ടികളും പഠനം ഉപേക്ഷിച്ചു കൂലിവേലകളിൽ ഏർപ്പെടേണ്ടി വരുന്നു. രക്ഷിതാക്കളുടെ ഊർജ്ജിതക്കുറവ്, വീട്ടിനുള്ളിലെ ചുറ്റുപാടുകൾ, പഠനഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള അശ്രദ്ധ തുടങ്ങിയ കാരണങ്ങളാൽ പഠിത്തം നിർത്താൻ പല കുട്ടികളും പ്രേരിതരാകുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് ബോധവത്കരണം നടത്തുന്നതിന് വിദ്യാസമ്പന്നരായവരെ ഉൾപ്പെടുത്തി ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 1996-97 അദ്ധ്യയനവർഷത്തിൽ പ്രൈമറി തലത്തിൽ 430 വിദ്യാർത്ഥികളും, മിഡിൽ സ്ക്കൂൾ തലത്തിൽ 321 വിദ്യാർത്ഥികളും ഹൈസ്ക്കൂൾ തലത്തിൽ 292 വിദ്യാർത്ഥികളും പഠനം നടത്തുന്നുണ്ട്.

S.S.L.C. തോറ്റകുട്ടികളിൽ ഭൂരിഭാഗവും തുടർന്നു പഠിക്കുവാൻ താല്പര്യം കാണിക്കുന്നില്ല. ഉപരിവിദ്യാഭ്യാസത്തിന് എല്ലാ ആനുകൂല്യങ്ങളും ഗവൺമെന്റ് നല്കുന്നുണ്ടെങ്കിലും അവ വേണ്ടത്ര പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നില്ല.

### നിർദ്ദേശങ്ങൾ

എല്ലാ കുട്ടികളേയും നിശ്ചിതപ്രായത്തിൽ തന്നെ സ്ക്കൂളുകളിൽ ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

സ്ക്കൂളിൽ മതിയായ സൗജന്യഭക്ഷണവും ഇതര പോഷകസാധനങ്ങളും പഠനഉപകരണങ്ങളും സ്ക്കൂൾ യൂണിഫോമും സൗജന്യമായി ലഭ്യമാക്കണം.

S.S.L.Cയ്ക്ക് തോൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയലുകളിൽ സൗജന്യമായി പഠിക്കുവാനുള്ള അവസരം ഉറപ്പുവരുത്തണം.

ഉപരിപഠനത്തിനുള്ള അവസരവും സഹായങ്ങളും നല്കണം.

### തൊഴിൽ

ഈ വിഭാഗക്കാർ മുൻകാലങ്ങളിൽ പൂർണ്ണമായും കാർഷികമേഖലയിലെ തൊഴിലാളികളായിരുന്നു. എന്നാൽ ദൈനംദിന ജോലികളിൽ ഏർപ്പെടേണ്ട തൊഴിലുകൾ പല കാരണങ്ങളാൽ കുറയുകയും തൽസ്ഥാനത്ത് നാണ്യവിള കൃഷി വർദ്ധിച്ചുവരുകയും ചെയ്തപ്പോൾ കർഷകതൊഴിലാളികൾക്ക് വളരെയേറെ തൊഴിൽനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. തൽഫലമായി വിവിധമേഖലകളിൽ തൊഴിൽ അന്വേഷിക്കേണ്ട സാഹചര്യം ഉണ്ടായി. പുതിയ തലമുറ കാർഷികതൊഴിൽ ചെയ്യാൻ തയ്യാറല്ല. എന്നാൽ കെട്ടിടനിർമ്മാണ തൊഴിൽരംഗം, റബ്ബർ ടാപ്പിംഗ്, കൺസ്ട്രക്ഷൻ മേഖലകൾ എന്നിവിടങ്ങളിൽ ധാരാളം പേർ

**പട്ടികജാതി - പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ കണക്ക് 1996-97**

| L.P | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം |
| 2243 | 430 | 19.17 | 1629 | 321 | 19.7 | 1631 | 292 | 17.9 |

**പഠനം നിർത്തിയവരുടെ കണക്ക് 1995-96**

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 21 | 15 | 36 | 63 | 53 | 116 |
| ആകെ 36 | | | ആകെ 116 | | |

തൊഴിൽചെയ്തുവരുന്നു. ആ രംഗങ്ങളിലെ കൂലിക്കൂടുതലും ഒരളവുവരെ കാർഷിക തൊഴിലിൽ നിന്നു പിന്മാറാൻ ഇവരെ പ്രേരിപ്പിക്കുന്നുണ്ട്. നമ്മുടെ ഭക്ഷ്യ ധാന്യഉല്പാദനം ഗണ്യമായി വർദ്ധിക്കേണ്ടിയിരിക്കുന്നതിനാൽ കാർഷികതൊഴിൽ ഉപേക്ഷിക്കാവുന്നതല്ല. ഒപ്പം ചെറുകച്ചവടം, ആടുമാടുകളെ വളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ മേഖലകൾ വഴി തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. S.S.L.C. വരെ വിദ്യാഭ്യാസം നേടിയിട്ടുള്ള ചെറുപ്പക്കാർക്ക് ആട്ടോറിക്ഷ, ജീപ്പ്, ട്രാക്ടർ, ട്രില്ലറുകൾ തുടങ്ങിയവ ലഘുവായ വ്യവസ്ഥകളിൽ വായ്പ നല്കി തൊഴിലവസരങ്ങൾ നല്കി ഉയർത്താവുന്നതാണ്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പലർക്കും അതിനാവശ്യമായ ഈറ്റ, മുള, കൈത, ഓല തുടങ്ങിയവ ലഭ്യമല്ലാതെ വരുന്നതിനാൽ അത്തരം തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നുണ്ട്. കരകൗശലപ്രധാനമായ ഇത്തരം പരമ്പരാഗത തൊഴിലുകൾ അന്യംനിന്നുപോകുന്നു.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം രൂപീകരിക്കുക.

2. സഹകരണസംഘത്തിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വിവിധ തൊഴിൽ സംരംഭവായ്പകൾ അനുവദിക്കുക.

3. പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുവാൻ ഈറ, ചൂരൽ, തുടങ്ങിയവ സഹകരണസംഘം വഴി സംഭരിച്ച് വിതരണം നടത്തുക.

4. പഞ്ചായത്തിലെ നാലോ അഞ്ചോ കേന്ദ്രങ്ങളിൽ തയ്യൽ പരിശീലനകേന്ദ്രങ്ങളും അതോടൊപ്പം റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളും ആരംഭിക്കണം.

5. വിവിധ ഏജൻസികൾ വഴി റെഡിമെയ്ഡ് നിർമ്മാണത്തിനാവശ്യമായ തുണി, മറ്റുപകരണങ്ങൾ ഇവ ലഭ്യമാക്കുകയും വിപണനകേന്ദ്രങ്ങൾ പഞ്ചായ

കോളനികൾ, കുടുംബങ്ങൾ, അംഗങ്ങൾ

| വാർഡ് | കോളനികൾ | കുടുംബം | അംഗങ്ങൾ |
|---|---|---|---|
| I | തൊണ്ടിയറ | 15 | 70 |
| | അണുങ്ങൂർ | 10 | 46 |
| II | പാണയം | 80 | 365 |
| | മണ്ണുവയൽ | 28 | 128 |
| | തെക്കേവയൽ | 25 | 130 |
| | വേലന്റഴികം | 15 | 70 |
| | തൃക്കോയിക്കൽ | 30 | 145 |
| III | കാണിവയൽ | 25 | 170 |
| | മിച്ചഭൂമി | 7 | 40 |
| | ജന്മിക്കോണം | 8 | 45 |
| IV | നടുക്കുന്നുംപുറം | 30 | 138 |
| V | പാലോട്ടുകോണം | 40 | 190 |
| | വരിക്കോലിൽ | 30 | 145 |
| | പുലിപ്പാറക്കുന്ന് | 20 | 90 |
| VI | ഓലിയരികിൽ | 50 | 245 |
| | മണലിപ്പച്ച | 60 | 290 |
| VII | വെള്ളച്ചാൽ | 50 | 240 |
| | മണലിൽ | 60 | 280 |
| | ഈച്ചംകുഴി | 20 | 95 |
| VIII | ഇരുളിക്കൽ | 20 | 110 |
| | വേലൻകുഴി | 30 | 140 |
| X | കിട്ടൻകോണം | 40 | 170 |
| | തുമ്പോട് | 15 | 80 |
| | കണിയാംകോണം | 10 | 55 |
| XI | ദർപ്പപ്പണ | 20 | 90 |
| | മുഴുതാങ്ങ് | 30 | 160 |
| XII | കിണറ്റുമുക്ക് | 25 | 115 |
| | പാങ്ങൂപ്പാറത്തടം | 20 | 95 |
| | ഇളവറാംകുഴി | 50 | 240 |
| XIII | ആയിരനല്ലൂർ | 7 | 34 |
| X | ചാവരുകോണം | 20 | 95 |

ത്തിന്റെ ചുമതലയിൽ സ്ഥാപിക്കുകയും ചെയ്യുക.

## കൃഷി

ഈ വിഭാഗത്തിൽപെട്ട കുടുംബങ്ങൾ ഭൂരിഭാഗവും 10 സെന്റിനു താഴെ ഭൂമിയുടെ ഉടമകളാണ്. കാര്യമായി കൃഷി ചെയ്യുവാൻ സ്ഥലപരിമിതി പ്രതികൂലമാണ്. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സൗജന്യവിത്തും വൃക്ഷതൈകളും നട്ടുവളർത്തി പരിപോഷിപ്പിക്കുവാൻ കഴിയുന്നില്ല. ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള പട്ടയഭൂമികളിൽ പലതിലും കൃഷി ചെയ്യുന്നില്ല. രണ്ടേക്കർ ഭൂമി വരെ പട്ടയം ലഭിച്ചിട്ടുള്ള പല കുടുംബങ്ങളിലും കൈവശവസ്തുവിന്റെ വ്യാപ്തി കുറഞ്ഞുപോയിട്ടുണ്ട്. വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് വസ്തു വിൽക്കുന്നതുകാരണം പട്ടയഭൂമികൾ പലതും മറ്റു വിഭാഗക്കാരുടെ നാണ്യവിളയിടങ്ങളായി മാറിയിട്ടുണ്ട്. കൃഷിഡിപ്പാർട്ടുമെന്റ്, സോഷ്യൽ ഫോറസ്ട്രി മറ്റ് ഏജൻസികൾ എന്നിവ ഈ വിഭാഗക്കാരുടെ വസ്തുവിൽ റബ്ബർ വച്ചു പിടുപ്പിച്ചുകൊടുക്കുന്ന പദ്ധതികൾ നടപ്പാക്കുന്നെങ്കിലും ആ മേഖലയിലും കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല.

## നിർദ്ദേശങ്ങൾ

തുണ്ടുഭൂമികളിൽ ഊർജ്ജിത മലക്കറികൃഷിക്ക് ബോധവത്കരണവും സൗജന്യമായി വിത്തും വളവും നല്കുക.

മണ്ണൊലിപ്പ് തടയുന്നതിന് സൗജന്യമായി കയ്യാല കെട്ടിയും വൃക്ഷത്തൈ വച്ച് പിടുപ്പിച്ചും നല്കുക.

50 സെന്റിൽ കൂടുതൽ വസ്തുവിൽ റബ്ബർതൈ വച്ചുപിടുപ്പിച്ചു കൊടുക്കുകയും ആദായം ലഭിക്കുംവരെ എല്ലാ പരിരക്ഷയും സൗജന്യമായി ലഭ്യമാക്കുകയും ചെയ്യണം.

കുറ്റിമുല്ല കൃഷി, ഔഷധച്ചെടികൃഷി എന്നിവ ചെയ്യാൻ വേണ്ടുന്ന പ്രോത്സാഹനം നല്കുക.

## കോളനികൾ

അംഗീകാരം ലഭിച്ച മണലിൽ, പാണയം, I.H.D.P. കോളനികളാണ് ഇപ്പോൾ നിലവിലുള്ളത്. പാങ്ങൂപ്പാറത്തടം, ഓലിയരുക്, കറ്റിട്ട എന്നിവിടങ്ങളിൽ തൻവർഷം I.H.D.P. കോളനികൾക്ക് അംഗീകാരം ലഭിക്കും. ഏഴുവീടുകൾ മുതൽ താമസമുള്ള 16 കോളനികൾക്ക് കൃഷി ഡിപ്പാർട്ടുമെന്റ് അംഗീകാരം നല്കി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൻവർഷത്തെ സെൻസസ് പ്രകാരം മുപ്പത് പ്രദേശങ്ങളിൽ കോളനികൾ പ്രഖ്യാപിക്കാൻ കഴിയുന്നതാണ്. ഈ കോളനികൾ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും.

## പാർപ്പിടം

ആകെ 1428 കുടുംബങ്ങളിൽ പകുതിയിലേറെപ്പേർ വാസയോഗ്യമല്ലാത്ത കുടിലുകളിൽ താമസിച്ചുവരികയാണ്. (RPL തൊഴിലാളികളുടെ 60 കുടുംബങ്ങൾ ഇതിനു പുറമേ) ഗവൺമെന്റിൽ നിന്നും ഇതുവരെ 310 വീടുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. കോൺക്രീറ്റ് വീടുകൾ പത്തിൽ താഴെയും. ഓടുമേഞ്ഞവ കേവലം 333ഉം മാത്രമാണ്. 97 വീടുകൾ മാത്രമാണ് ഇതുവരെ വൈദ്യുതി ലഭിച്ചിട്ടുള്ളത്. വാസയോഗ്യമായ ആയിരത്തിലേറെ വീടുകൾ പുതുതായി നിർമ്മിക്കേണ്ടിവരും.

വിവിധ ഏജൻസി വഴി ബഹുജനപങ്കാളിത്തത്തോടും ഒരു തീവ്രയത്ന പരിപാടിയിലൂടെ പാർപ്പിടപ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. പലവീടുകളിലും ഒന്നിലധികം കുടുംബങ്ങൾ കഴിഞ്ഞുവരുന്നുണ്ട്. പുതുതായി രൂപീകൃതമാകുന്ന കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ ഭൂമിയും ലഭ്യമാകണം. ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ചിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളും നിലവിലുണ്ട്. വീടു നിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ് ഇതിനു കാരണം.

ഗവൺമെന്റിൽ നിന്നും വീടുലഭിച്ചവർക്കുപുറമേ വളരെ കുറച്ചുപേർക്കു മാത്രമേ നിലവാരമുള്ള കക്കൂസ് നിലവിലുള്ളു. ബാക്കി കുടുംബങ്ങൾ താല്ക്കാലിക കക്കൂസാണ് ഉപയോഗിക്കുന്നത്. ശുചിത്വമില്ലായ്മ ഇവരുടെ സാമൂഹ്യജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നു. ഓരോ കുടുംബത്തിനും നിലവാരമുള്ള കക്കൂസും കുളിമുറിയും നിർമ്മിച്ചുനല്കണം. പല കോളനികളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. കോളനികളിൽ പൊതുകിണർ ആവശ്യത്തിന് ആഴത്തിൽ നിർമ്മിച്ചുകൊടുത്തും ഉയർന്ന പ്രദേശങ്ങളിൽ കുഴൽകിണറുകൾ നിർമ്മിച്ചുനല്കിയും ഇടിഞ്ഞുപൊളിഞ്ഞ കിണറുകൾ പുനർനിർമ്മിച്ചും കുടിവെള്ളക്ഷാമത്തിനു പരിഹാരം ഉണ്ടാക്കാം. വിവിധ ഏജൻസികൾ കോളനികൾ കേന്ദ്രീകരിച്ച് നിർമ്മിച്ചിട്ടുള്ള കിണറുകളും കുഴൽകിണറുകളും മിക്കവാറും ഉപയോഗശൂന്യമാണ്. കുഴൽ കിണറുകളിൽ നിന്നും ലഭിക്കുന്ന വെള്ളത്തിൽ തുരുമ്പും മറ്റു പദാർത്ഥങ്ങളും ചേർന്ന് വിവിധ രോഗങ്ങൾ ഉണ്ടാക്കുന്നു. അതിനു പരിഹാരം സാങ്കേതിക വിദഗ്ദ്ധരുടെ സഹകരണത്തോട് നടപ്പാക്കണം. കോളനികളുടെ സമീപത്തുള്ള ഏലാതലയ്ക്കലിൽ കുളങ്ങൾ നിർമ്മിച്ചു കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. അത്തരം ഇടങ്ങളിൽ പൊതുകുളിമുറികളും സ്ഥാപിക്കാം.

## നിർദ്ദേശങ്ങൾ

ആയിരത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടു നിർമ്മിച്ചു നല്കണം.

ഭൂമി ഇല്ലാത്തതിനാൽ കുടുംബങ്ങളിൽ നിന്നും പ്രത്യേകം മാറിതാമസിക്കാൻ കഴിയാത്തവർക്ക് അഞ്ചുസെന്റ് വീതം ഭൂമിയും വീടും നല്കണം.

ഗവൺമെന്റിൽ നിന്നും നിർമ്മിച്ചുനല്കിയ പഴയ വീടുകളുടെ അറ്റകുറ്റപണികൾ തീർത്തുകൊടുക്കണം.

ഭാരതിപുരത്ത് കിട്ടംകോണം, ചാവരുകോണം എന്നിവിടങ്ങളിൽ ഹരിജൻ കോളനികൾ നിർമ്മിക്കണം.

എല്ലാ കോളനികളിലും വൈദ്യുതി

പട്ടിക – 3. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകൾ

| വാർഡ് | ഗവ:ൽ നിന്നും ലഭിച്ച വീടുകൾ | ഓടുമേഞ്ഞ വീടുകൾ | ഓല മേഞ്ഞ വീടുകൾ | കോൺക്രീറ്റ് വീടുകൾ | വൈദ്യുതീകരിച്ച വീടുകൾ | ഗവ: നിന്നും ലഭിക്കേണ്ട വീടുകൾ |
|---|---|---|---|---|---|---|
| I | 6 | 12 | 7 | 6 | 10 | 7 |
| II | 60 | 65 | 145 | 1 | 10 | 145 |
| III | 10 | 12 | 28 | - | - | 18 |
| IV | 18 | 18 | 32 | 1 | 12 | 32 |
| V | 15 | 17 | 125 | - | 5 | 125 |
| VI | 75 | 80 | 115 | - | 40 | 115 |
| VII | 45 | 45 | 135 | - | 10 | 135 |
| VIII | 20 | 20 | 30 | - | - | 30 |
| IX | 3 | 3 | 7 | - | 2 | 7 |
| X | 15 | 15 | 105 | - | 2 | 105 |
| XI | 15 | 15 | 180 | 1 | 3 | 175 |
| XII | 25 | 27 | 160 | - | 3 | 165 |
| XII | 3 | 4 | 11 | - | - | 11 |
| | 310 | 333 | 1070 | 9 | 97 | 1070 |

എത്തിക്കണം.

ഉപയോഗപ്രദമല്ലാത്ത കക്കൂസ് ഉപയോഗിച്ചുവരുന്ന 900 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുനല്കണം.

പട്ടികജാതി കോളനികളിലെ പൊതുകക്കൂസിനു പുറമേ ഓരോ വീട്ടുകാർക്കും പ്രത്യേകം കക്കൂസ് നിർമ്മിച്ചുനല്കണം. പൊതുകക്കൂസുകൾ ശുചിത്വകുറവുമൂലം മാലീന്യജന്യരോഗങ്ങളുടെ സ്രോതസ്സുകളായി മാറിയിരിക്കുന്നു.

## സാമൂഹ്യരംഗം

നാടിന്റെ വളർച്ചയ്ക്കനുസരിച്ചുള്ള സാമൂഹ്യപുരോഗതി ഈ വിഭാഗത്തിൽ എത്തിയിട്ടില്ല. എല്ലാ രംഗങ്ങളിലും മതിയായ പ്രാതിനിധ്യം നിയമപരമായും സൗഹാർദ്ദപരമായും നടപ്പാക്കി മറ്റുവിഭാഗങ്ങളോടൊപ്പം പട്ടികജാതിവിഭാഗത്തേയും ഉയർത്താൻ കഴിയും. എല്ലാ ചടങ്ങുകളിലും ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും നിന്ന് കുറച്ചൊക്കെ ഇവർ വിമുക്തരാണെങ്കിലും മതപരമായ ചില മാമൂലുകൾ ഇപ്പോഴും വച്ചുപുലർത്തുന്നുണ്ട്. മന്ത്രവാദം, വാത ഒഴിപ്പിക്കൽ തുടങ്ങിയ പഴയ രീതിയിൽ നിന്ന്, മാറി രോഗചികിത്സയ്ക്കും ആരോഗ്യസംരക്ഷണത്തിനും ആധുനിക വൈദ്യശാസ്ത്രത്തെ ആശ്രയിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. സാമ്പത്തികമായി ഇവരെ ഉയർത്താൻ കഴിഞ്ഞാൽ മറ്റുമേഖലകളിലും അവർക്കു പുരോഗതി നേടാനും അങ്ങനെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്താനും കഴിയും.

വിവാഹസ്ഥലങ്ങളിലും പൊതുരംഗങ്ങളിലും മറ്റു ബഹുജനസമ്പർക്കപരിപാടികളിലും അവർക്കു നല്കുന്ന തുല്യസ്ഥാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. രാഷ്ട്രീയ രംഗത്തും, ബഹുജനസംഘടനാരംഗത്തും ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ബോധപൂർവ്വം യത്നിക്കണം. വിശേഷദിവസങ്ങളിൽ ഇവരുടെ വീടുകളിൽ നിന്നും ആഹാരസാധനങ്ങൾ കഴിക്കുന്നതിനും അവരുടെ സുഖദുഃഖങ്ങളിൽ പങ്കെടുക്കുന്നതിനും പൊതുപ്രവർത്തകരായ ധാരാളം ആളുകൾ മുന്നോട്ടുവരുന്നുണ്ട്.

കായികകലാരംഗത്ത് ധാരാളം ആളുകൾ സ്വന്തം കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇവരുടെ പഴയകാല കലാപാടവങ്ങളെ

(ഞാറുനടീൽ പാട്ട്, കോൽകളി, കമ്പടി കളി) പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കലാവാസനയുള്ള ചെറുപ്പക്കാരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നല്കിയും കായികതാരങ്ങൾക്ക് സാമ്പത്തികസഹായത്തോടുകൂടിയുള്ള പരിശീനങ്ങൾ നല്കിയും സാംസ്ക്കാരികമായി ഇവടെ വളർത്തിക്കൊണ്ടുവരണം.

***പട്ടികജാതിപട്ടികവർഗ്ഗക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ടുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.***

കാർഷികമേഖലയെ അഭിവൃത്തിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

പച്ചക്കറികൃഷി, കുറ്റിമുല്ലച്ചെടികൃഷി, ഊർജ്ജിത വാഴക്കൃഷി എന്നിവയ്ക്ക് പ്രത്യേക പരിഗണന നല്കി ധനസഹായം നല്കുക.

ഈറ്റ ഉപയോഗിച്ചുള്ള കുട്ട, പരമ്പ്, വട്ടി തുടങ്ങിയവയും ചൂരൽ ഉപയോഗിച്ചുള്ള കസേരകൾ, ടീപ്പോകൾ, ആട്ടുതൊട്ടിൽ തുടങ്ങിയവ നിർമ്മിക്കാൻ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

പെൺകുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ പ്രത്യേക തൊഴിൽപരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

അഭ്യസ്തവിദ്യർക്ക് പട്ടികജാതി വികസനകോർപറേഷനും പട്ടികജാതി വകുപ്പും നല്കിവരുന്ന വായ്പകളും ധനസഹായവും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

എല്ലാ പദ്ധതികളുടേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയും അതിന്റെ മേൽനോട്ടം പഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

ലക്ഷംവീടിന്റെ ശോചനീയാവസ്ഥ മാറ്റുക.

ലക്ഷംവീട്ടിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കിമാറ്റുകയും ഒരേ വീട്ടിലെ ഒന്നിലേറയുള്ള കുടുംബങ്ങൾക്ക് പ്രത്യേക താമസസൗകര്യം ഉറപ്പാക്കുകയും ചെയ്യുക.

പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

പഞ്ചായത്തിൽ നിന്നും വിവിധ പ്രദേശങ്ങളിൽ നിർമ്മിച്ചിരിക്കുന്ന വർക്ക് ഷെഡ്ഡുകളിൽ ഇലക്ട്രിഫിക്കേഷൻ നടത്തി ടി.വി.കൾ സ്ഥാപിക്കുകയും അതിനോടു ചേർന്നു സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ നിന്നും ധനസഹായം നല്കി വച്ചിട്ടുള്ള എല്ലാവീടുകൾക്കും നിശ്ചിതസമയത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ നല്കണം.

SCP സ്കീമിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് എടുത്തിട്ടുള്ള തൊണ്ടിയറ, നടക്കുന്നുപുറം, ഭാരതിപുരം, പാങ്ങൂപ്പറതടം എന്നീ കോളനികളിലേക്കുള്ള റോഡുകളുടെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുക.

എല്ലാ കോളനികളും കേന്ദ്രീകരിച്ച് അംഗൻവാടികൾ സ്ഥാപിച്ച് കുട്ടികളുടെ പഠന, കായിക-കലാവാസനകൾ പ്രോത്സാഹിപ്പിക്കുക.

കോളനികളുടെ ജനസാന്ദ്രത കണക്കാക്കി സമീപ പ്രദേശങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സബ്സെന്റർ സ്ഥാപിക്കുക.

സബ്-സെന്ററുകൾ വഴി ഗർഭിണികളുടെ പരിശോധനയും ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മതിയായ അളവിൽ വൈറ്റമിൻ ഗുളികകളും ഔഷധങ്ങളും വിതരണം ചെയ്യുക.

കോളനികളുടെ സമീപപ്രദേശങ്ങളിൽ പൊതുസ്മശാനം അടിയന്തിരമായി നിർമ്മിക്കുക.

പട്ടികജാതി പട്ടികവർഗ്ഗകോളനികൾക്ക് മാത്രമായി സ്ഥിരം ഹെൽത്ത് വിസിറ്ററിനെ നിയമിക്കണം.

ആഴാത്തിപ്പാറ, പാങ്ങൂപ്പാറ, കയ്യാലപ്പാറ, മണലിപ്പച്ച, പറങ്കിമാംമുകൾ തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയേകൊണ്ട് പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുക.

കർഷകത്തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കുന്നതിലേക്ക് ഗവൺമെന്റ് നിർദ്ദേശങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ആളുകൾ ഏറ്റവും കൂടുതൽ അധിവസിക്കുന്ന ആർച്ചൽ, മണലിൽ, കിണറ്റുമുക്ക്, ഇളവറാംകുഴി, വിളക്കുപാറ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഒരു ഹോമിയോഹോസ്പിറ്റൽ അനുവദിക്കുന്നത് ചികിത്സാരംഗത്ത് വളരെ പ്രയോജനപ്പെടും.

പാണയം കോളനിയിലേക്കുള്ള റോഡിന്റെ പണി ഉടനടി പൂർത്തിയാക്കണം.

അയിലറ, തുമ്പോട് തുടങ്ങിയ ഭാഗങ്ങളിൽ താമസിക്കുന്ന വേടസമുദായക്കാരെ സാമൂഹ്യജീവിതത്തിന്റെ പൊതുധാരയിലെത്തിക്കുന്നതിന് ബോധവത്കരണപരിപാടികൾ നടപ്പിലാക്കണം.

ഇരുളിക്കൽ വഴി അയിലറ കോളനിയിലേക്കുള്ള റോഡ്, വാഹന-ഗതാഗത യോഗ്യമാക്കുക.

ബാംബു കോർപറേഷന്റെ ഒരു അനുബന്ധസ്ഥാപനം മണലിൽ കോളനി കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചാൽ പരമ്പരാഗത തൊഴിലിനുവേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ മുടങ്ങാതെ ലഭ്യമാക്കാൻ കഴിയും.

വിളക്കുപാറ പ്രദേശത്ത് പശുവളർത്തലിന് വളരെ സാധ്യത ഉള്ളതിനാൽ എല്ലാ കുടുംബങ്ങൾക്കും കറവപശുക്കളെ വാങ്ങാൻ ലളിതമായ വ്യവസ്ഥയിൽ വായ്പ നല്കണം.

പഞ്ചായത്തിലെ ഏരൂർ, വിളക്കുപാറ, ഭാരതീപുരം എന്നിവിടങ്ങളിൽ ഹരിജൻ കൺസ്യൂമർ സഹകരണസംഘങ്ങൾ ആരംഭിച്ച് പ്ലാസ്റ്റിക് സാധനങ്ങൾ, സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി തുടങ്ങിയവയും കുട്ട, വട്ടി, പരമ്പ്, മറ്റു കരകൗശവസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള സൗകര്യവും സൃഷ്ടിക്കണം.



# 12

# വിഭവ സമാഹരണം

രണ്ടുതരം വരുമാനസ്രോതസ്സുകളാണ് ഈ പഞ്ചായത്തിനുള്ളത്.

1. തനതുവരുമാനങ്ങൾ

2. ഗവൺമെന്റ് ഗ്രാന്റുകളും മറ്റു വിഹിതങ്ങളും

തനതുവരുമാനത്തെ നികുതിവരുമാനങ്ങൾ, നികുതി ഇതര വരുമാനങ്ങൾ എന്ന് രണ്ടായി തിരിക്കാം.

നികുതി വരുമാനങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്

1. കെട്ടിടനികുതി

2. തൊഴിൽ നികുതി

3. വിനോദനികുതി

4. ഷോ ടാക്സ്

നികുതി ഇതര വരുമാനങ്ങളിൽ പ്രധാനമായവ മാർക്കറ്റുകളിൽ നിന്നുള്ള വരുമാനം, ലൈസൻസ് ഫീസുകൾ, യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിൽ നിന്നുള്ള വരുമാനങ്ങൾ, നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ, കശാപ്പുശാലകളിൽ നിന്നുള്ള വരുമാനം, മണൽവാരൽ ലേലം ചെയ്തുകൊടുക്കുന്നിതിൽ നിന്നുള്ള വരുമാനം തുടങ്ങിയവയാണ്. താരതമ്യേന കുറഞ്ഞ വരുമാനം ലഭിക്കുന്ന വിവിധ ഇനങ്ങൾ വേറേയുമുണ്ട്.

ഗവൺമെന്റ് വിഹിതങ്ങളിൽ VRM, VTC, M.I. തുടങ്ങി പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഫണ്ടുകൾ, അൺടൈഡ് ഫണ്ട്, വസ്തുകൈമാറ്റ നികുതിയുടെ 75% വിഹിതം, 25% വിഹിതം, ചില പ്രത്യേക വർഷങ്ങളിൽ മാത്രം അനുവദിക്കപ്പെടുന്ന ഫ്ളഡ് റിലീഫ് ഫണ്ട് മുതലായവ ഉൾപ്പെടുന്നു.

1992-93 മുതൽ 1995-96 വരെയുള്ള വരുമാനം സംബന്ധിച്ച കണക്ക് പട്ടിക -1ൽ ചേർത്തിരിക്കുന്നു.

മൊത്തം വരുമാനത്തിൽ 92 മുതൽ മൂന്നവർഷക്കാലം ക്രമാനുഗതമായ വർദ്ധനവുണ്ടായപ്പോൾ 95-96-ൽ തലേവർഷത്തേക്കാൾ 57.9% വർദ്ധനയുണ്ടായി. എന്നാൽ 94-95-ൽ മാത്രം തലേവർഷത്തേക്കാൾ അല്പം കുറവുണ്ടായിരുന്നു എന്നുകാണാം. നികുതി ഇതര വരുമാനങ്ങളും വർദ്ധിച്ചുവരുന്നതായി കാണാം. തനതു നികുതിഇനങ്ങളിൽ കെട്ടിടനികുതിയിൽ നിന്നാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാം സ്ഥാനം തൊഴിൽ നികുതിക്കും മൂന്നാം സ്ഥാനം വിനോദനികുതിക്കുമാണ്. തനതുനികുതി ഇതരവരുമാനങ്ങളിൽ മാർക്കറ്റ് ഫീസ് ആണ് മുൻപന്തിയിൽ. വിവിധ ലൈസൻസ് ഫീസുകൾക്കാണ് രണ്ടാംസ്ഥാനം. നികുതി പിരിവിന്റെ

പട്ടിക 1

| വർഷം | തനതു നികുതി വരുമാനം രൂപ | തനതു നികുതി ഇതര വരുമാനം രൂപ | സർക്കാർ നികുതി വിഹിതം രൂപ | മറ്റു ഗ്രാന്റുകൾ രൂപ | ആകെ വരുമാനം രൂപ |
|---|---|---|---|---|---|
| 1992-93 | 26983 | 144892 | 458184 | 427862 | 1300771 |
| 93-94 | 426394 | 188248 | 421134 | 359197 | 1394973 |
| 94-95 | 363253 | 326439 | 420601 | 474524 | 1584817 |
| 95-96 | 480161 | 303220 | 547374 | 1171664 | 2502419 |

പട്ടിക 2 – തനതുവരുമാനം

| വർഷം | മൊത്തം വരുമാനം രൂപ | തനതു വരുമാനം രൂപ | തനതുവരുമാനത്തിലുണ്ടായ വാർഷിക വർദ്ധന (ശതമാനം) | മൊത്തം വരുമാനത്തിൽ തനതുവരുമാനത്തിന്റെ വിഹിതം (ശതമാനം) |
|---|---|---|---|---|
| 1992–93 | 1300771 | 414724 | – | 31.88 |
| 93–94 | 1394973 | 614642 | 48.2 | 44.06 |
| 94–95 | 1584817 | 689692 | 12.21 | 43.51 |
| 95–96 | 2502419 | 783381 | 13.58 | 31.3 |

കാര്യത്തിൽ കാര്യമായ വീഴ്ച കൂടാതെ മിക്കവാറും 100% പിരിച്ചെടുക്കുന്നുണ്ട്. തനതുവരുമാനത്തിൽ ക്രമാനുഗതമായ വർദ്ധന കാണുന്നു.

നികുതി സാദ്ധ്യതകൾ കാര്യമായി വർദ്ധിക്കാത്ത സാഹചര്യത്തിൽ നികുതി സാധ്യതയ്ക്കനുസരിച്ച് വരുമാനവർദ്ധനയും കാര്യമായി ഉണ്ടാകുന്നില്ല.

നികുതി ഇതരവരുമാനത്തിലും വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിലും വർദ്ധനനിരക്കിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്.

സർക്കാരിൽ നിന്നുള്ള വരുമാനം 92-93, 93-94, 94-95 എന്നീ വർഷങ്ങളിൽ യഥാക്രമം 886046 രൂപ, 780371 രൂപ, 895125 രൂപ എന്നിങ്ങനെ ആയിരുന്നത് 1995-96-ൽ 1719038 ആയി വർദ്ധിക്കുകയുണ്ടായി. സർക്കാരിൽ നിന്നുള്ള മൊത്തം വരുമാനത്തിൽ അൺടൈഡ് ഫണ്ടിന്റെ വിഹിതം പരിശോധിച്ചാൽ 92-93 മുതൽ 94-95 വരെ വർദ്ധനയും 95-96-ൽ കുത്തനേ കുറവു വന്നതായി കണക്കാക്കാം. (പട്ടിക 3)

## ചെലവ് ഇനങ്ങൾ

പ്രധാന ചെലവിനങ്ങൾ, എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, സാമൂഹ്യക്ഷേമപദ്ധതികൾ, വിദ്യാഭ്യാസ സംബന്ധമായവ, ആരോഗ്യസംബന്ധമായവ തുടങ്ങിയവയാണ്. മൊത്തം ചെലവുകളിൽ എസ്റ്റാബ്ലിഷ്മെന്റ് ചിലവുകളാണ് പ്രഥമ സ്ഥാനത്ത്. പട്ടിക 5 നോക്കുക.

എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ വർദ്ധിച്ചുവരുന്നതായികാണുന്നു. 95-9 വർഷത്തിൽ മൊത്തം ചിലവുകളുടെ 51.75 % എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കായി വിനിയോഗിച്ചിരിക്കുന്നു. എസ്റ്റാബ്ലിഷ്മെന്റ് ചിലവ് വർദ്ധിക്കത്തക്ക പ്രത്യേക സാഹചര്യം ഒന്നും നിലവിലുണ്ടായിരുന്നതായി കാണുന്നില്ല.

മരാമത്തു ചിലവുകളിൽ ക്രമമായ വർദ്ധനയുണ്ടെങ്കിലും മൊത്തം ചിലവുകളുമായുള്ള അനുപാതത്തിൽ ഏറ്റക്കുറച്ചിലുകളാണു കാണിക്കുന്നത്. (പട്ടിക 5)

പട്ടിക – 3. അൺടൈഡ് ഫണ്ടിന്റെ വിഹിതം

| വർഷം | ആകെ ഗവ: വിഹിതം രൂപ | അൺടൈഡ് ഫണ്ട് രൂപ | മൊത്തം ഗവ: വിഹിതത്തിൽ അൺടൈഡ് ഫണ്ടിന്റെ % |
|---|---|---|---|
| 1992–93 | 886046 | 220750 | 24.91 |
| 93–94 | 780331 | 225960 | 28.95 |
| 94–95 | 895125 | 316875 | 35.4 |
| 95–96 | 1719038 | 332880 | 19.37 |

പട്ടിക 5. മരാമത്ത് ചെലവുകൾ

| വർഷം | മൊത്തം വരവ് രൂപ | മൊത്തം ചിലവ് രൂപ | മരാമത്ത് ചിലവുകൾ രൂപ | മൊത്തം ചിലവിൽ മരാമത്തു ചിലവിന്റെ വിഹിതം |
|---|---|---|---|---|
| 1992–93 | 1300771 | 1023995 | 342250 | 33.42 |
| 93–94 | 1394973 | 10799C3 | 423099 | 39.17 |
| 94–95 | 1584817 | 1307832 | 435566 | 33.3 |
| 95–96 | 2502419 | 1181046 | 470960 | 39.87 |

പട്ടിക 4. എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ

| വർഷം | മൊത്തം വരവ് രൂപ | മൊത്തം ചിലവ് രൂപ | എസ്റ്റാബ്ലിഷ്മെന്റ് ചിലവ് രൂപ | എസ്റ്റാബ്ലിഷ്മെന്റ് വർദ്ധന% | മൊത്തം ചിലവിൽ എസ്റ്റാബ്ലിഷ്മെന്റ് ചിലവിന്റെ വിഹിതം % |
|---|---|---|---|---|---|
| 1992-93 | 1300771 | 1023995 | 401390 | - | 39.2 |
| 93-94 | 1394973 | 1079988 | 457772 | 14.05 | 42.38 |
| 94-95 | 1584817 | 1307832 | 524322 | 14.54 | 40.09 |
| 95-96 | 2502419 | 1181046 | 611276 | 16.58 | 51.75 |

പൊതുമരാമത്തുപണികളിൽ, പെറ്റിമെയിന്റനൻസ് ഒഴികെ മറ്റുപണികൾ ഒന്നും പഞ്ചായത്തു നേരിട്ടു ചെയ്യിക്കുന്നില്ല. ഭൂരിപക്ഷം പണികളും കോൺട്രാക്ടർമാർ വഴിയാണ് നടത്തിക്കുന്നത്. നോമിനി വർക്കുകളും നടത്താറുണ്ട്.

പ്രത്യക്ഷ ഉല്പാദനമേഖലകളിൽ പദ്ധതികൾ ഒന്നുംതന്നെ സമീപകാലത്ത് നടന്നിട്ടില്ല. പദ്ധതികളുടെ നടത്തിപ്പിലേക്ക് യാതൊരു വായ്പകളും ഈ പഞ്ചായത്ത് എടുത്തിട്ടില്ല.

## ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഒരു വാണിജ്യ ബാങ്ക്, ഒരു സർവ്വീസ് സഹകരണബാങ്ക് എന്നിങ്ങനെ രണ്ട് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഒരു ശാഖ 1977 മുതൽ ഏരൂരിൽ പ്രവർത്തിച്ചുവരുന്നതാണ് ഏക വാണിജ്യബാങ്ക്. ബാങ്കിൽ നിന്നുലഭിച്ച വിവരപ്രകാരം 93-94 മുതലുള്ള നിക്ഷേപ, വായ്പാകണക്കുകൾ ചേർക്കുന്നു. (പട്ടിക 6)

പ്രാദേശിക ഉല്പാദനമേഖലകളിൽ കൃഷിയുമായി ബന്ധപ്പെട്ട് 93-94, 94-95, 95-96 എന്നീ വർഷങ്ങളിൽ യഥാക്രമം 25000 രൂപ, 10000 രൂപ, 60000 രൂപ എന്നിങ്ങനെ വായ്പ നല്കിയിട്ടുണ്ട്. മറ്റ് ഉല്പാദന മേഖലകളിൽ ബാങ്കിന്റെ സ്കീമുകൾ ഒന്നും നിലവിലില്ല. 1993-94, 96-97 എന്നീ വർഷങ്ങളിൽ നിർദ്ദിഷ്ട വായ്പാ അനുപാതം പാലിച്ചുകാണുന്നില്ല. ഏരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1978 മുതൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 1995-96ൽ ആകെ 11710216 രൂപ നിക്ഷേപമുണ്ടായിരുന്നു. ഈ കാലയളവിൽ 13376306 രൂപ വായ്പ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഹ്രസ്വകാല വായ്പകൾ ആകെ 8730168 രൂപയും മദ്ധ്യകാലവായ്പകൾ 3957446 രൂപയും ദീർഘകാല വായ്പകൾ 688692 രൂപ എന്നിങ്ങനെയാണ്.

പട്ടിക 6. വാണിജ്യബാങ്ക് നിക്ഷേപ വായ്പാ കണക്കുകൾ

| വർഷം | നിക്ഷേപം ലക്ഷം രൂപ | വായ്പ ലക്ഷംരൂപ | നിക്ഷേപവായ്പാ അനുപാതം % കണക്കിൽ |
|---|---|---|---|
| 93-94 | 32 | 11 | 34.37 |
| 94-85 | 36 | 15 | 41.6 |
| 95-96 | 8 | 11 | 137 |
| 96-97 | 45 | 14 | 31.3 |

കാർഷികവായ്പകളായി 4523016 രൂപ വിതരണം ചെയ്തിട്ടുണ്ട്. കാലാവധി കഴിഞ്ഞ 1764584 രൂപ പിരിഞ്ഞുകിട്ടാതെ അവശേഷിക്കുന്നുണ്ട്.

## അനൗപചാരിക വായ്പാമേഖലകൾ

മണി ലെന്റേഴ്സ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 3 സ്വകാര്യ പണമിടപാടുസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ആലഞ്ചേരി, ഏരൂർ, ഭാരതിപുരം എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. സ്വർണ്ണപണയം സ്വീകരിച്ചുകൊണ്ട് ഇവർ നല്കുന്ന

വായ്പകൾക്ക് മൂന്നുമാസ കാലാവധിയിൽ വരെ 30% പലിശയാണ് ഈടാക്കുന്നത്. മൂന്നു മാസത്തിനുശേഷം പലിശനിരക്കിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നു.

അനധികൃത പണമിടാപാടുകൾ:- യാതൊരു നിതീകരണവുമില്ലാത്ത പലിശനിരക്കുകളിൽ പണം കടം കൊടുക്കുന്ന ആളുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിലവിലുണ്ട്. 60% മുതൽ 120% വരെയാണ് വാർഷികപലിശനിരക്ക്. മുൻകാലങ്ങളിൽ സ്വർണ്ണപണയം സ്വീകരിച്ചുകൊണ്ട് നല്കിയിരുന്ന ഇത്തരം വായ്പകൾ ഇന്ന്, വായ്പതുകയുടെ പതിന്മടങ്ങുവിലപിടിപ്പുള്ള ഭൂമി മുൻകൂർ ആധാരമെഴുതി വാങ്ങിക്കൊണ്ടാണു നല്കുന്നത്. സാമ്പത്തികശേഷിയും തന്മൂലം സമൂഹത്തിൽ മാന്യതയുമുള്ള പ്രഭുക്കന്മാരായി ഇവർ ചുരുങ്ങിയ കാലം കൊണ്ടു വളർന്നുവരുമ്പോൾ പാവപ്പെട്ട പല കുടുംബങ്ങളുടെയും കിടപ്പാടം തന്നെ നഷ്ടമാകുന്നു. ഇത്തരം നിയമവിരുദ്ധ ഇടപാടുകാരെ നിയന്ത്രിക്കാൻ കർശനസംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഒപ്പം വാണിജ്യബാങ്കുകൾ, സഹകരണബാങ്ക് ഇവയുടെ കൂടുതൽ ശാഖകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കേണ്ടിയുമിരിക്കുന്നു.

### ഗൾഫ് മേഖല

1970-കളിലാണ് തൊഴിൽ തേടി ഗൾഫ് രാജ്യങ്ങളിലേക്ക് ഈ പ്രദേശത്തു നിന്നും ആളുകൾ കുടിയേറ്റം ആരംഭിച്ചത്. ഇന്ന് ശരാശരി ഒരു വാർഡിൽ നിന്ന് 50 കുടുംബങ്ങളിൽ നിന്നും എന്ന കണക്കിൽ ഗൾഫിൽ പണിയെടുക്കുന്ന ആളുകൾ ഉള്ളതായി കാണപ്പെടുന്നു. III, IV, IX, X എന്നീ വാർഡുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നത്. ഗൾഫ് പണം പ്രധാനമായും കെട്ടിട നിർമ്മാണം, റബ്ബർ തോട്ടം മേഖല എന്നിവയിലാണ് വിനിയോഗിക്കപ്പെടുന്നത്. ബാങ്കുനിക്ഷേപങ്ങൾ കൂടുതലും ഈ പഞ്ചായത്തിനു വെളിയിലുള്ള പട്ടണപ്രദേശങ്ങളിലെ ബാങ്കുകളിലാണ് നടത്തിയിരിക്കുന്നത്. (അഞ്ചൽ, പുനലൂർ, മുതലായ സ്ഥലങ്ങളിൽ)

കൂടുതലും കെട്ടിട നിർമ്മാണ തൊഴിലാളികളും ഫാബ്രിക്കേഷൻ മേഖലകളിൽ പണിയെടുക്കുന്നവരുമാണ് ഈ നാടുകളിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്നത്., ഓഫീസുകൾ, ബാങ്കുകൾ, ആശുപത്രി തുടങ്ങിയവയിൽ സേവനം അനുഷ്ഠിക്കുന്നവരും ഉണ്ട്. പ്രതിമാസം 10000 രൂപ മുതൽ 15000 രൂപ വരെ ശമ്പളം ലഭിക്കുന്നവരാണു കൂടുതലും എങ്കിലും ലക്ഷണക്കണക്കിന് രൂപ പ്രതിമാസം ലഭിക്കുന്ന ചില ഉദ്യോഗസ്ഥരും ബിസിനസ്സുകാരുമുണ്ട്.

ഗൾഫുകാർ പൊതുവേ ഭൂമി വാങ്ങുന്നതിൽ തല്പരരായതിനാൽ അഭൂതപൂർവ്വമായ വിലക്കയറ്റം ഭൂമിക്ക് ഉണ്ടായിട്ടുണ്ട്. മറ്റ് ഉല്പാദന മേഖലകളിലേക്ക് ഗൾഫ് പണത്തിന്റെ നിക്ഷേപം തിരിച്ചുവിടാൻ അനുകൂലമായ ഒരന്തരീക്ഷം ഇന്നു നിലവിലുണ്ട്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത്, ഗൾഫ് പണം സമാഹരിച്ച് വ്യവസായങ്ങൾ ആരംഭിക്കുവാൻ വളരെ സാദ്ധ്യതകൾ ഉണ്ട്. സ്വന്തം നിലയ്ക്കുതന്നെ വൻകിടവ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രാപ്തിയുള്ള ഏതാനും ഗൾഫ് മലയാളികളെങ്കിലും ഈ പഞ്ചായത്തിലുണ്ട് എന്ന് എടുത്തുപറയേണ്ടതുണ്ട്.

പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഈ പ്രദേശത്തുനിന്നും തുലോം പരിമിതമാണ്.

### പഞ്ചായത്തിന്റെ ധനകാര്യ ആവശ്യങ്ങളിലും ചട്ടങ്ങളിലും വേണ്ട മാറ്റത്തെപ്പറ്റി ഭരണസമിതിയുടെ അഭിപ്രായം.

എല്ലാത്തരം 100% ഡ്യൂട്ടികളും ജനസംഖ്യാനുപാതികമായി പഞ്ചായത്തുകൾക്ക് വിഭജിച്ചുനല്കണം. 25% ഡ്യൂട്ടി സമ്പ്രദായം ഒഴിവാക്കുക. സാമൂഹ്യക്ഷേമ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുന്നതിലേക്ക് ആവശ്യമായ ഗ്രാന്റു നല്കുക. അൺടൈഡ് ഫണ്ടിന്റെ വിനിയോഗം പഞ്ചായത്തുകമ്മിറ്റിയുടെ പൂർണ്ണമായ തീരുമാനത്തിനു വിടുക. അടിയന്തിരാവശ്യങ്ങൾക്കുള്ള പരിഹാരം കാണുന്നതിന് പഞ്ചായത്തുപ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിക്കുക. പഞ്ചായത്തിലെ കലാകായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും പഞ്ചായത്തിനു പ്രത്യേക ഗ്രാന്റ് അനുവദിക്കുകയും ഫണ്ടിന്റെ വിനിയോഗം പൂർണ്ണമായും പഞ്ചായത്തു കമ്മിറ്റിയേ ഏല്പിക്കുകയും ചെയ്യുക. സ്കൂളുകൾക്കുവേണ്ടി അനുവദിക്കുന്ന തുക നിർദ്ദിഷ്ട വിദ്യാഭ്യാസ ഉപദേശകസമിതി , P.T.A. പഞ്ചായത്തു ഭരണസമിതി എന്നിവരുടെ കൂട്ടായ തീരുമാനത്തിനു വിധേയമായി വിനിയോഗിക്കുവാൻ അനുവദിക്കുക. 50,000 രൂപ വരെയുള്ള മരാമത്തുപണികൾ പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനപ്രകാരം നടപ്പിലാക്കുന്നതിന് അനുവാദം നല്കുക.

5 ലക്ഷത്തിൽ അധികം രൂപ എസ്റ്റിമേറ്റ് വരുന്ന കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തുക.

പഞ്ചായത്തിന്റെ ചുമതലയിൽ വാഹനസർവ്വീസുകൾ (ബസ്, ലോറി, ട്രക്കർ) നടത്തുന്നതിനുള്ള അധികാരവും ഗ്രാന്റും നല്കുക.

### പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ വരുമാനസാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. ഫണ്ടുകൾ എല്ലാവർഷവും പൂർണ്ണമായി വിനിയോഗിക്കപ്പെടാതെ കിടക്കുന്നു.

2 ഭരണച്ചെലവിൽ വർദ്ധനയുണ്ടാകുന്നു.

3. പ്രത്യക്ഷ ഉല്പാദനമേഖലകളിൽ പണം നിക്ഷേപിച്ച് പുതിയ വരുമാനസ്രോതസ്സുകൾ കണ്ടെത്തുന്നില്ല

4 കോൺട്രാക്ടർമാർ മൂലം നഷ്ടമുണ്ടാകുന്നു.

5. സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ശുഷ്ക്കാന്തിക്കുറവ്.

## സാദ്ധ്യതകൾ

1. വികസനപ്രവർത്തനങ്ങൾക്കു വേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുക. 25% ഡ്യൂട്ടി എല്ലാവർഷവും ലഭിക്കുന്നു എന്ന് ഉറപ്പാക്കുക.

2. പ്രത്യക്ഷഉല്പാദനമേഖകളിൽ മുതൽ മുടക്കി വരുമാനസാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

3. പുതിയ സേവനങ്ങൾ നല്കി അവയിൽ നിന്ന് ചാർജ്ജ് ഈടാക്കുക. (ഉദാ: ടാക്സി സ്റ്റാന്റ്, ജീപ്പ് സ്റ്റാന്റ്, ബസ് സ്റ്റാന്റ്)

4. നികുതികൾ, ലൈസൻസ് ഫീസുകൾ ഇവയിലെ അപാകതകൾ കണ്ടെത്തി കാലോചിതമായ വർദ്ധന വരുത്തുക.

5. ഭരണച്ചെലവ് വർദ്ധന ഒഴിവാക്കുക.

6. സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുക. ശ്രമദാനങ്ങൾക്കു സന്നദ്ധതയുള്ള ആളുകളാണ് ഈ പഞ്ചായത്തിലുള്ളത്. അവരുടേതായ ലേബർ ബാങ്ക് സ്ഥാപിക്കുക.

7. വരവുചെലവുകണക്കുകൾ സുതാര്യമാക്കേണ്ടതുണ്ട്. അച്ചടിച്ചു പ്രസിദ്ധീകരിച്ച ശേഷം കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുക.

9. അനധികൃത പണമിടപാടുകാരെ ഒഴിവാക്കാനായി കൂടുതൽ ധനകാര്യസ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. നിലവിലുള്ള ബാങ്കുകളിൽ നിന്നും കൂടുതൽ വായ്പ നല്കാനുള്ള ക്രമീകരണം ഉണ്ടാക്കുക.

10. കൂടുതൽ പബ്ലിക് മാർക്കറ്റുകൾ ആരംഭിക്കുകയും ഉള്ളവയിലെ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്താൽ പുതിയ കണ്ടെത്താം.

11. ഗൾഫ് പണം ഉല്പാദനമേഖലകളിലേക്കു തിരിച്ചുവിടാൻ സംവിധാനം ഉണ്ടാക്കണം.

12. കമ്മ്യൂണിറ്റിഹാൾ, ഷോപ്പിംഗ് കോംപ്ലക്സ് ഇവ സ്ഥാപിക്കുക, ഇത് വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രായോഗിക മാർഗ്ഗമാണ്.



കവർ ഡിസൈൻ, ലേ-ഔട്ട്, പ്രിന്റിംഗ് : അശ്വതി, അഞ്ചൽ. ഫോൺ:273564
ടൈപ്പ് സെററിംഗ്: ശക്തിഗ്രാഫിക്സ്, അഞ്ചൽ & മാസ് കൊല്ലം.

## "സമഗ്ര ഗ്രാമവികസനത്തിന് ജനകീയാസൂത്രണം"

- കൃഷി–ജലസേചനം
- മൃഗസംരക്ഷണം
- വ്യവസായം
- ഊർജ്ജം – ഗതാഗതം
- പാർപ്പിടം – സാമൂഹ്യക്ഷേമം
- ആരോഗ്യം – കുടിവെള്ളം
- വിദ്യാഭ്യാസം
- സംസ്കാരം
- വനിതാക്ഷേമം
- പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം
- സഹകരണം
- വിഭവസമാഹരണം – വനം

സമസ്ത മേഖലകളിലും പുതിയ ഉണർവ്വ്
ഒൻപതാം പദ്ധതി – ജനകീയപദ്ധതി


ഓലിയരുക് വെള്ളച്ചാട്ടം